MYTHRI

നവഉദാരീകരണത്തിന്റെ പരിമിതികളും ബദൽ അന്വേഷണങ്ങളും

സിദ്ധിക്ക് റാബിയത്ത്

നവഉദാരീകരണത്തിന്റെ പരിമിതികളും ബദൽ അന്വേഷണങ്ങളും

സിദ്ധിക്ക് റാബിയത്ത്

Malayalam
NAVA UDAREEKARANATHINTE PARIMITHIKALUM BADAL ANWESHANANGALUM
Author:
Siddik Rabiyath

First Edition - 2022 June

Type setting & Prepress Work
Evergreen Communication

Cover Painting
Tomas Bittner, Czech Republic

Cover Design - Sagar Lal

Rights Reserved

Publishers
MYTHRI BOOKS
Annas Arcade, Spencer Jn,
M G Road, Statue, Trivandrum-1
Phone : 0471-4099087
f: Mythri Books | 8590962132
E-mail : mythribooks@gmail.com
Website : www.mythribooks.com

ISBN: 978-93-91089-05-4

Price: ₹ 290

നവഉദാരീകരണത്തിന്റെ പരിമിതികളും ബദൽ അന്വേഷണങ്ങളും

സിദ്ധിക്ക് റാബിയത്ത്

മൈത്രി ബുക്സ്
തിരുവനന്തപുരം

വായനയിലെ വിപ്ലവം

വില: 290

സിദ്ധിക്ക് റാബിയത്ത്

വിഴിഞ്ഞത്തുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബ ത്തിൽ ജനനം. മൂന്ന് സഹോദരിമാരും ഒരു സഹോദരനുമുള്ള കുടുംബത്തിലെ ഇളയവനാണ്. സ്കൂൾ വിദ്യാഭ്യാസം പോലും ലഭിച്ചിട്ടില്ലാത്ത മാതാപിതാക്കൾ ഉയർന്ന വിദ്യാഭ്യാസം കരസ്ഥ മാക്കുന്നതിനുള്ള എല്ലാ സഹായങ്ങളും നൽകി. സരസ്വതി വിലാസം LPസ്കൂൾ, വെങ്ങാനൂർ ബോയ്സ് ഹൈസ്കൂൾ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, യൂണിവേഴ്സിറ്റി ഓഫ് ഹൈദ്രബാദ്, ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠനം. പഠനകാലം മുതൽ സാമൂഹികവും സാമ്പത്തികവുമായ വിഷയ ങ്ങളിൽ നിരവധി പ്രബന്ധങ്ങൾ ദേശീയ അന്തർദേശീയ സെമി നാറുകളിൽ അവതരിപ്പിക്കുകയും നിരവധി ഓലൈൻ ഓഫ്ലൈൻ ഇടങ്ങളിൽ അവ പ്രസിദ്ധീകരിക്കുകയും ചെയ്തു. 2013 മുതൽ കേരളസർവകലാശാല സാമ്പത്തിക ശാസ്ത്ര വിഭാഗത്തിൽ അസിസ്റ്റന്റ് പ്രഫസറും 2018 മുതൽ കേരളസർവകലാശാലയുടെ സ്റ്റുഡന്റ് സർവീസസ് ഡയറക്ടറുമാണ്. 2020 മുതൽ ഇന്റർ യൂണി വേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സിന്റെ ഡയറക്ടർ കൂടിയാണ്. നിരവധി അക്കാദമികവും, നയപരവുമായ കമ്മിറ്റികളിലെയും സംഘടനകളിലെയും അംഗമാണ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2021ൽ പ്രസിദ്ധീകരിച്ച 'കടലാളരുടെ ജീവനവും അതിജീവനവും' മത്സ്യത്തൊഴിലാളികളെ സംബന്ധിക്കുന്ന സമഗ്രമായ പഠനമാണ്. ജീവിതപങ്കാളി ഹമീദ സി.കെ, കാലിക്കറ്റ് സർവകലാശാലയിലെ സ്ത്രീപഠന വിഭാഗത്തിൽ പഠിപ്പിക്കുന്നു. മകൾ വിഹ റഫത്സ്മിയ. അന്വേഷണങ്ങളും അഭിപ്രായങ്ങളും ഇമെയിൽ ചെയ്യാവുന്നതാണ്.

Email: siddikrabiyath@gmail.com;
siddikrabiyath@keralauniversity.ac.in

ഉള്ളടക്കം

അവതാരിക
- ഡോ. ടി.എം. തോമസ് ഐസക് 20

ഭാഗം ഒന്ന്
നവഉദാരവാദവും പ്രത്യയശാസ്ത്രവും

1. ഉദാര-നവഉദാരവാദങ്ങളെ
   നിരൂപണ വിധേയമാക്കുമ്പോൾ 32
2. നവഉദാരവാദം അഥവാ ധനമൂലധന വാദം 52

ഭാഗം രണ്ട്
നവഉദാരവാദം ഇന്ത്യയിൽ

3. നവഉദാരത ഇന്ത്യയിൽ 77
4. നവഉദാരവാദോത്തര ഇന്ത്യൻ സമ്പദ്വ്യവസ്ഥ 98

ഭാഗം മൂന്ന്
നവഉദാരവാദത്തിനു ബദലുകൾ

5. ആസൂത്രണവും വികസനവും ബദലാകുമ്പോൾ 156

അനുബന്ധം 188

അവലംബം 189

ആമുഖം

ഉദാരവാദത്തിന്റെ (ലിബറലിസത്തിന്റെ) ആശയങ്ങളോട് വളരെ അനുകൂലമായ സമീപനമാണ് സാമൂഹിക മണ്ഡലത്തിൽ പൊതുവിൽ നിലനിൽക്കുന്നത്. വ്യക്തികളുടെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഒരു നിലപാടായി ഇതിനെ അവതരിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ സമ്മതി ലിബറൽ ആശയങ്ങൾക്ക് നേടാൻ കഴിഞ്ഞത്. ഇതിന്റെ നിർമിതിയും പുതിയ രൂപമാറ്റങ്ങളും കാലാനുസൃതമായിരിക്കും എന്നതും ഇതിന്റെ സ്വാഭാവിക പരിണാമമായും യുക്തിയായും നമുക്ക് വിലയിരുത്താം. സാമാന്യ യുക്തിയിൽ നിന്നും നിരൂപണാത്മക യുക്തിയിലേക്ക് വരുമ്പോൾ ഇത്തരത്തിലുള്ള ഒരു പരിണാമ രൂപമാണോ നവഉദാരവാദം എന്ന ചോദ്യം ഉയർന്ന് വരും. അതിനാൽത്തന്നെ ഉദാരവാദത്തിൽ നിന്നും നവഉദാരവാദത്തിലേക്കുള്ള മാറ്റത്തിന്റെ രീതിശാസ്ത്രം ലളിതമാണോ എന്ന അന്വേഷണം പ്രസക്തമാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ജാതീയമായും മതപരമായും ലിംഗപരമായും പ്രാദേശികമായും കടുത്ത അസമത്വവും വിഭജനവും നിലനിൽക്കുന്ന, വ്യക്തി സ്വാതന്ത്ര്യങ്ങൾക്ക് മൂർത്ത രൂപത്തിൽ യാതൊരു മാനവും നൽകാത്ത, എന്നാൽ ഇത് നേടിത്തരുന്നതിന് വ്യക്തമായ ഒരു ഭരണഘടന നിലനിൽക്കുന്ന, അതിപ്പോഴും സാധ്യമാക്കുന്നതിൽ നിരന്തരം സമരസജ്ജരായ ജനതയുള്ള ഇന്ത്യയിൽ, എത്തരത്തിലാണ് ലിബറൽ ആശയങ്ങളുടെ വേരോടുന്നതെന്നതും അതിന്റെ പുതിയ രൂപങ്ങൾ സ്വീകരിക്കപ്പെടുന്നതെങ്ങനെയെന്നതും ഒരു സമസ്യയാണ്. മേൽ സൂചിപ്പിച്ച സാമൂഹിക/വ്യക്തി വിഭജനങ്ങൾ ഭരിക്കുന്ന, ഭരിക്കപ്പെടുന്ന, അവസ്ഥയിൽ നവഉദാര ഇന്ത്യയിലേക്ക് ഒന്നു കണ്ണോടിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്. ഉദാര-നവഉദാരവാദങ്ങളുടെ രൂപപരിണാമങ്ങൾ അതിനാൽത്തന്നെ ഇന്ത്യയുടെ സാഹചര്യത്തിൽ വിലയിരുത്തേണ്ടതാണ്. ഉദാര-നവഉദാരവാദങ്ങൾ അരങ്ങുതകർക്കുമ്പോൾ അതിന് ഏതെങ്കിലും തരത്തിലുള്ള ബദൽ

വികസന പ്രവർത്തനങ്ങൾ ഉണ്ടോ എന്നും നാം ചർച്ച ചെയ്യേണ്ടതുണ്ട്. നവഉദാരവാദത്തെ വിമർശനാത്മകമായി വിലയിരുത്തുകയും ബദൽ സമീപനങ്ങൾ സാധ്യമാണോ എന്ന് അന്വേഷിക്കുകയും ചെയ്യുന്നത് ഏറെ പ്രസക്തമാണ്.

നവഉദാരവാദം എന്ന പ്രത്യയശാസ്ത്രത്തെ നിർവചിക്കേണ്ടുന്നതിന്റെയും സംബോധനചെയ്യുന്നതിന്റെയും ഭാഗമായി പുസ്തകത്തിന്റെ ആദ്യ ഭാഗത്തിൽ അനാവരണം ചെയ്യുന്ന വിഷയം വ്യത്യസ്തങ്ങളായ നവലിബറൽ വീക്ഷണങ്ങളുടെ ഉൾക്കാഴ്ചയും പരിമിതികളുമാണ്. നവലിബറൽ ആശയം പ്രശ്നമുള്ളതല്ല, അതിനെ ഭയക്കുന്നതെന്തിന്, എന്ന ചോദ്യം ശാന്തകുമാറിനെ പോലെയുള്ളവർ നേരത്തെ ഉന്നയിച്ചിട്ടുണ്ട് (Shanthakumar 2007). ശാന്തകുമാർ താൻ എങ്ങനെ, എന്തുകൊണ്ട് ഒരു നവലിബറൽ ആയി എന്നുകൂടി വിശദീകരിക്കുകയും അതിൽ ഒട്ടും പരിഭവമില്ല എന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. എങ്കിലും എന്താണ് നവലിബറൽവാദമെന്നോ, അതിന്റെ ഘടനയോ പ്രത്യയശാസ്ത്രമോ എന്താണെന്നോ അത് സൈദ്ധാന്തികമായും പ്രവർത്തനപരമായും നൽകുന്നതെന്തെന്നോ ശാസ്ത്രീയമായി അദ്ദേഹം വിശദീകരിക്കുന്നില്ല. ആധുനിക ചിന്തയിൽ ലിബറൽ ആശയങ്ങളുടെ സ്വാധീനം വളരെ വലുതായതിനാൽ ആയിരിക്കാം നവലിബറൽ ആശയങ്ങളെ ഭയപ്പെടേണ്ടതില്ല എന്ന ഉദാരയുക്തിയിൽ ശാന്തകുമാർ എത്തിച്ചേർന്നത്. ഏതൊരു നയത്തിനും അനുകൂലമായും പ്രതികൂലമായും പിന്തുണ ലഭിക്കുന്ന സാഹചര്യത്തിൽ ഉദാര-നവഉദാരവാദത്തിന്റെ സൈദ്ധാന്തിക അടിത്തറയും അതിന്റെ പരിണാമവും മനസ്സിലാക്കുക എന്നത് അത്യാവശ്യമാണ്. വിമർശനങ്ങൾ പോലും ഇതിന്റെ അടിസ്ഥാനത്തിലാണ് രൂപംകൊള്ളുന്നത്.

നവഉദാരനയങ്ങളെ മൂർത്തതയോടെ നിർവ്വചിക്കുക ദുഷ്കരമാണെന്നാണ് പൊതുവിൽ നിരൂപകർ ചൂണ്ടിക്കാണിക്കുന്നത്. ഈ പദം ആദ്യമായി പ്രയോഗിക്കുന്നത് ഒരുകൂട്ടം സാമ്പത്തിക നയങ്ങളെ വിശദീകരിക്കുന്നതിനാണ്. സാമ്പത്തിക നയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള കാഴ്ചപ്പാട് എന്നതിനാൽ ആധുനിക മുതലാളിത്ത പ്രത്യയശാസ്ത്രവുമായി ഇതിന് ബന്ധമുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ രൂപഭാവങ്ങൾ എപ്രകാരമാണ് നവലിബറലിസത്തെ പരുവപ്പെടുത്തിയത് എന്നും മനസ്സിലാക്കേണ്ടതുണ്ട്. നവലിബറൽ ആശയം പ്രശ്നമുള്ളതല്ല, അതിനെ ഭയക്കുന്നതെന്തിന്, എന്ന യുക്തിയുടെയും ചർച്ചയുടെയും ഉറവിടം മുതലാളിത്തം തന്നെ സൃഷ്ടിക്കുന്ന 'അതൊരു (മുതലാളിത്തം) ചൂഷണവ്യവസ്ഥയല്ല' എന്ന വാദമാണ്. വിവിധ പഠനങ്ങളുടെ പരിശോധന പൊതുവിൽ

നമുക്ക് തരുന്നത്, നവലിബറലിസം ഒരിക്കലും മുതലാളിത്ത വുമായോ അതിന്റെ ചൂഷണ സ്വഭാവവുമായോ യാതൊരു ബന്ധവും പുലർത്താത്ത ഒരു സ്വാഭാവിക സാമ്പത്തിക പ്രതിഭാസമാണ് എന്ന പ്രതീതിയാണ്. സ്വാഭാവികതയുടെ മേലങ്കിയുടെ നിർമിതി സാധ്യമാക്കുന്നത് മുതലാളിത്തം, സ്വതസിദ്ധമായി ഉയർന്നുവരുന്ന ഉല്പാദന ഉപഭോഗ സമ്പ്രദായങ്ങളുടെ സമന്വയമാണ് എന്ന കാഴ്ചയാണ്.

ലളിതമായി പറഞ്ഞാൽ, നവലിബറൽ കാഴ്ചപ്പാടിന്റെ ഊടും പാവും നിലനിൽക്കുന്നത് ആധുനിക മുതലാളിത്തത്തിന്റെ പ്രത്യയശാസ്ത്ര മാനകങ്ങളിലാണെന്നാണ്. ആധുനിക മുതലാളിത്തത്തിന്റെ സൈദ്ധാന്തിക വ്യവഹാരങ്ങളിൽ പ്രധാനം വ്യക്തിസ്വാതന്ത്ര്യത്തിൽ ഊന്നിയുള്ള സ്വതന്ത്ര വാണിജ്യ-വ്യാപാര സാധ്യതകളാണ്. സ്വതന്ത്ര വാണിജ്യ-വ്യാപാര സാധ്യതകൾ ഉല്പാദിപ്പിക്കുന്ന മൂല്യങ്ങളെ (Constructed Consent) അടിസ്ഥാനപ്പെടുത്തിപ്പോകുന്ന ഭരണസ്ഥിതി കൂടിയാണ് നവലിബറൽ ഭരണകൂടം എന്ന് ഹാർവെയെപ്പോലുള്ള നിരൂപകർ ചൂണ്ടിക്കാണിക്കുന്നു (Harvey 2005). ഇതിലെ വ്യത്യസ്തങ്ങളായ വീക്ഷണങ്ങളും പരിമിതികളുമാണ് ഒന്നാം ഭാഗത്തിൽ അനാവരണം ചെയ്യുന്നത്.

നവഉദാരവാദികൾ പ്രത്യേകിച്ചും അതിന്റെ വക്താക്കളായ ഹായക്, ഫ്രീഡ്മാൻ മുതലായവരുടെ അവകാശവാദങ്ങളെ മുൻനിർത്തിയാണ് നവഉദാരവാദം വ്യക്തികളുടെ അന്തസ്സും സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്ന സാമൂഹിക-സാമ്പത്തിക ക്രമമാണ് എന്ന് വിശദീകരിക്കുന്നത് (Hayek, 1944; Hayek, 1948; Freedman, 1962). വ്യക്തിസ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായ കമ്പോള മുതലാളിത്ത ക്രമമാണ് ഇവരുടെ വാദങ്ങളിലൂടെ ഉരുത്തിരിയുന്ന അടിസ്ഥാന തത്ത്വം. മുതലാളിത്ത വ്യവസ്ഥയ്ക്ക് അനുകൂലമായ ചർച്ചകൾ തുറക്കുന്നതിന് ആഗോള മൂലധനത്തിന്റെ സഹായം അതിനാൽത്തന്നെ നിസ്സീമമായി ഒഴുകുന്നു എന്നതാണ് ഈ പ്രോജക്ടിന്റെ വിജയവും. ഈ പ്രക്രിയയുടെ ചരിത്രപരവും സത്താപരവുമായ അന്വേഷണത്തിലൂടെ മാത്രമേ നവഉദാര വാദത്തിന്റെ വ്യാപ്തിയും സ്വാധീനവും വിവരിക്കാനാകൂ.

എന്താണ് നവലിബറൽ സ്റ്റേറ്റ് എന്നതും അതിലെ സാമൂഹിക/ വ്യക്തി ബന്ധങ്ങൾ എങ്ങനെയാണ് നിലനിൽക്കുന്നതെന്നുമുള്ള വസ്തുതകൾ കൂടി ഇതിനോടൊപ്പം മനസ്സിലാക്കേണ്ടതാണ്. പല മുതലാളിത്ത രാഷ്ട്രങ്ങളും അവിടങ്ങളിലെ എഴുത്തുകാരും നവലിബറൽ എന്ന പദം ബോധപൂർവം ഉപയോഗിക്കാറില്ല എന്ന

വസ്തുത കൂടി മനസ്സിലാക്കിയാലെ ഈ പ്രോജക്റ്റിന്റെ സ്വാധീനം എത്ര എളുപ്പത്തിലാണ് നമ്മുടെ സാമാന്യ വ്യവഹാരങ്ങളിൽ ഇടംപിടിക്കുന്നതെന്ന് വ്യക്തമാകുകയുള്ളു. ഇതിന്റെ കൃത്യമായ പ്രതിഫലനം വേർതിരിച്ചെടുക്കുന്നതിന് ദൈനംദിന ജീവിതത്തിലും പ്രവർത്തനങ്ങളിലും നവഉദാരവാദം നടത്തുന്ന അടയാളപ്പെടുത്തലുകളുടെ വിശദീകരണം മതിയാകും. എന്താണ് നവഉദാരവാദം എന്നും ഇതിന്റെ സാമൂഹികവും, രാഷ്ട്രീയവും, സാമ്പത്തികവുമായ യുക്തി എന്തൊക്കെയാണ് എന്നും ഇന്ത്യയിൽ ഇത് എപ്രകാരമാണ് കടന്നു വരുന്നത് എന്നും അതിന്റെ ഇപ്പോഴത്തെ പ്രവർത്തന രീതി എങ്ങനെയൊക്കെയാണ് എന്നും ബദൽ യുക്തികൾ സാധ്യമാണോ എന്നുമാണ് ചുരുക്കത്തിൽ ഈ ചർച്ച മുന്നോട്ടു വയ്ക്കുന്നത്.

ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങളിൽ നവലിബറൽ ആശയങ്ങൾ എങ്ങനെയാണ് വേരൂന്നിയതെന്നും എപ്രകാരമാണ് നമ്മുടെ സാഹചര്യങ്ങളെ ഇത് അടിമുടി പരിവർത്തനം ചെയ്തതെന്നും വിശദമാക്കുന്നതാണ് രണ്ടാം ഭാഗം. ജന്മി-നാടുവാഴി വ്യവസ്ഥയിൽ ജാതിമേൽക്കോയ്മയായിരുന്നു ഇന്ത്യയെ നയിച്ചിരുന്നതെങ്കിൽ നവലിബറൽ കാലത്തെ ഇന്ത്യയെ നയിക്കുന്നതും ഇതേ ജാതിമേൽക്കോയ്മയുടെ പുതിയ രൂപങ്ങളാണ്. മുൻപുണ്ടായിരുന്ന ജാതിവ്യവസ്ഥയെ പരിപോഷിപ്പിച്ചത്, കൈക്കരുത്ത് കാണിച്ച ക്ഷത്രിയന്മാരായിരുന്നു എന്ന ഇർഫാൻ ഹബീബിന്റെ നിരീക്ഷണത്തിൽ നിന്നും (Habib 2007; 2013) വ്യത്യസ്തമായി, അതേ പ്രവർത്തനങ്ങളെ പ്രത്യേകിച്ചും, വർഗചൂഷണത്തെ പരിപോഷിപ്പിക്കുന്നത് അന്തർദേശീയ ധനമൂലധനമാണ്. അഥവാ ഇതിന്റെ വക്താക്കളായ വണിക്കുകളിലൂടെയാണ് ഇത് സാധ്യമാകുന്നത് എന്ന വ്യത്യാസമാണ് ഇന്ത്യയിലെ നവലിബറൽ വ്യവസ്ഥ. എപ്രകാരം നിലവിലെ സാമൂഹിക മണ്ഡലങ്ങളെ, നവലിബറൽ ഘടനയായി മാറ്റുന്നതിൽ ധനമൂലധനം വിജയിച്ചു എന്നതിന്റെ തുടർച്ച കൂടിയാണ് ഈ രൂപഭേദം സൂചിപ്പിക്കുന്നത്. ജന്മി നാടുവാഴി വ്യവസ്ഥയിൽ നിന്നും ധനമുതലാളിത്തത്തിലേക്ക് ഇന്ത്യ പരിണമിക്കുന്നു എന്നാണ് ഇതിന്റെ പൊരുൾ എന്നു വേറൊരു തരത്തിൽ മനസ്സിലാക്കാം. നവലിബറൽ ഇന്ത്യയിൽ നവഉദാരതയ്ക്ക് തീറെഴുതാത്ത മണ്ണും മനുഷ്യരും അവശേഷിക്കുന്ന ഏതൊരു ഇടത്തിന്റെയും ശ്വാസം മുട്ടിക്കുന്ന നിലപാടുകൾ ധനമൂലധനം സ്വീകരിക്കും. ഈ കാഴ്ച നഷ്ടപ്പെടാതിരിക്കണമെങ്കിൽ ഇന്ത്യയിലെ നവലിബറൽ നയങ്ങളെ ജാഗ്രതയോടെ വിശകലനം നടത്തേണ്ടതുണ്ട്.

ഇന്ത്യയിൽ ഭസ്മാസുരന് വരം നൽകി എന്നൊരു മിത്തുണ്ട്. അധികാരം നല്കിയവനുമേൽത്തന്നെ അത് പരീക്ഷിക്കുക എന്നതാണ് ഇതിന്റെ പൊരുൾ. മിത്തുകളെ അടിസ്ഥാനപ്പെടുത്തി കേന്ദ്രഭരണം നടക്കുന്ന ഇക്കാലത്ത് പ്രസ്തുത ചൊല്ലിനുള്ള പ്രസക്തി ചെറുതല്ല. അധികാരം നൽകിയ ജനത, തങ്ങൾ ഉപഭോഗം ചെയ്യുന്ന 'ഉപ്പു തൊട്ട് കർപ്പൂരം വരെയുള്ള' വസ്തുക്കൾക്ക് നികുതി നൽകി നിർമ്മിച്ചെടുത്ത പൊതുമേഖലാ സ്ഥാപനങ്ങളെ മുഴുവൻ, ചോർബസാറുകളിൽ മോഷണ ദ്രവ്യങ്ങൾ കിട്ടിയവിലയ്ക്ക് വിൽക്കുന്ന വണിക്കുകളുടെ ലാഘവത്തോടെയാണ് വിൽക്കാൻ ശ്രമിക്കുന്നത്. ചോർബസാറുകൾ നിയമാനുസൃതമാക്കുകയും രാജ്യത്തെ സാർവ്വജനീന സ്വത്തുക്കൾ ചുളുവിലയ്ക്ക് തങ്ങളുടെ അവരോധകരായ മുതലാളിമാർക്ക് നൽകുന്നതിൽ കുഴപ്പമില്ലാതാക്കുകയുമാണ് ഇതിലെ പ്രഹസനം. ഇവിടെ ജനങ്ങളുടേതായ സ്വത്തുവകകൾ കാവൽക്കാർ തന്നെ മറിച്ചുവിൽക്കുന്ന ഭസ്മാസുരത്വമാണ് ഇന്ത്യയിൽ അരങ്ങേറുന്നത്. ഈ അരങ്ങേറ്റത്തിന്റെ ഏറ്റവും പുതിയ മാർഗരേഖയായാണ്, 2019 മുതൽ 2022 വരെയുള്ള സാമ്പത്തിക സർവെയിലൂടെയും 2019-20 മുതൽ ബജറ്റ് രേഖയായും നിർമലമായി പുറത്തുവന്നത്.

സാമൂഹിക പുരോഗതി മുന്നിൽക്കണ്ട് പ്രവർത്തിക്കുന്ന സർക്കാരുകൾ അത് സാധ്യമാക്കുന്നതിനാണ് നികുതി ഈടാക്കുന്നത്. അല്ലാത്തപക്ഷം നികുതിക്കെതിരെ ശക്തമായ സമരങ്ങളും ഭരണകൂട മാറ്റങ്ങളുമാണ് ചരിത്രത്തിൽ കാണാനാവുക. അതിപ്പോൾ ബോസ്റ്റൺ ടീ പാർട്ടിയായാലും അമേരിക്കൻ സ്വാതന്ത്ര്യ സമരമായാലും ഫ്രഞ്ച് വിപ്ലവമായാലും ഇതാണവസ്ഥ. സീതാരാമൻ മുന്നോട്ടുവയ്ക്കുന്ന പുതിയ നികുതി സ്ലാബുകൾ പരിശോധിക്കുമ്പോൾ, കുറഞ്ഞ ശമ്പളമുള്ളവർ കൂടുതൽ നികുതി നൽകുകയും ഉയർന്നവരുമാനമുള്ളവരെ നികുതിയിൽ നിന്നും കൂടുതൽ ഒഴിവാക്കുന്നതുമാണ് കാണാൻ സാധിക്കുന്നത്. പുതിയ നികുതി സ്ലാബിൽ കിഴിവുകൾ ഒഴിവാക്കുമ്പോൾ താഴെ തട്ടിലുള്ള തൊഴിലാളികൾ കൂടുതൽ നികുതി നൽകേണ്ടി വരുന്നു. അവരുടെ എണ്ണം താരതമ്യേന കൂടുതലായതിനാൽ തന്നെ സർക്കാരിന് കൂടുതൽ വരുമാനം ലഭിക്കും. എന്നാൽ ഇതിനു ആനുപാതികമായുണ്ടാകേണ്ട ക്ഷേമപ്രവർത്തനങ്ങളൊന്നും ഇവർക്ക് നൽകുന്നുമില്ല എന്നാണ് നിർമ്മല സീതാരാമന്റെ നവലിബറൽ ബജറ്റുകളിൽ നിന്നും മനസ്സിലാക്കാനാകുന്നത്. ലാഭത്തിന് ആനുപാതികമായുള്ള നികുതി ഇളവുകൾ സർക്കാരിനു വൻ ധനനഷ്ടമാണ് ഉണ്ടാക്കുന്നത്. നികുതിവരുമാനം ഗണ്യമായി

വർദ്ധിക്കാതിരിക്കുമ്പോൾ ധനസമാഹരണത്തിന് പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുകയല്ലാതെ മാർഗ്ഗമില്ല എന്ന പൊതുബോധമാണ് ഇവർ കഴിഞ്ഞ കാലങ്ങളിൽ നിർമിച്ചിരിക്കുന്നത്. മാത്രവുമല്ല, നല്ലനിലയ്ക്ക് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളെ നിർബന്ധിച്ച് കടക്കെണിയിൽ വീഴ്ത്തുകയോ പ്രതിസന്ധിയിൽ എത്തിക്കുകയോ ചെയ്യുകയാണു നവലിബറൽ സർക്കാരുകൾ ചെയ്യുന്നത്. എസ്.ബി.ഐ, പഞ്ചാബ് നാഷണൽ ബാങ്ക് തുടങ്ങിയ ബാങ്കുകളുടെ കിട്ടാകടമായാലും, എൽ.ഐ.സി. പോലുള്ള സ്ഥാപനങ്ങളെക്കൊണ്ട് തകരുന്ന സ്ഥാപനങ്ങളെ, പിടിച്ചുനിർത്താനെന്ന വ്യാജേന പ്രതിസന്ധിയിലാക്കുന്നതോ, ബി.എസ്.എൻ.എൽ. പോലുള്ള സ്ഥാപനങ്ങൾക്ക് സ്പെക്ട്രം നിഷേധിക്കുന്നതോ എല്ലാം, ഇതേ ഇടപെടലുകളുടെ പരിണതിയാണ്. പൊതുമേഖലയുടെ സ്ഥാപിത ലക്ഷ്യമായ സാമൂഹിക ക്ഷേമവും എല്ലാ പൗരർക്കും സേവനം എന്ന നിലപാടിൽ നിന്നും കഴിവുള്ളവനുമാത്രം സേവനം എന്ന ലാഭാധിഷ്ഠിത യുക്തിയുമാണ് ഇപ്പോഴത്തെ നവഉദാര സർക്കാരിനെ നിയന്ത്രിക്കുന്നത്.

സാമ്പത്തികമായി കൂടുതൽ ഞെരുക്കത്തിലേക്ക് നീങ്ങുന്ന സമ്പദ്‌വ്യവസ്ഥയെ അഭിസംബോധന ചെയ്യാനുള്ള നേരിയശ്രമം പോലും കഴിഞ്ഞ കുറേ ബജറ്റുകളായി മുന്നോട്ടുവയ്ക്കുന്നില്ല. ഉദാഹരണത്തിന് കഴിഞ്ഞ മൂന്ന് പാദത്തിലും പ്രത്യക്ഷമായ പ്രതിസന്ധി കാണിച്ച ഓട്ടോമൊബൈൽ മേഖലയെ രക്ഷിക്കുന്ന ഒരു നടപടിയും തുടർന്നുള്ള ബജറ്റുകളിൽ കണ്ടില്ല. വ്യാവസായിക രംഗം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച ചോദ്യത്തിന് 'നിങ്ങളങ്ങ് (വ്യവസായികൾ) നിക്ഷേപിച്ചാൽ മതി' എന്നാണ് 2020-21ലെ ബജറ്റിനു ശേഷം ധനമന്ത്രി നൽകിയ മറുപടി. സമ്പദ്‌വ്യവസ്ഥയുടെ 'ആ ആ ഇ ഈ' അറിയുന്നവർ ഇത്തരം നിലപാടുകൾ സ്വീകരിക്കില്ല. കാരണം രാജ്യത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയെ അവഗണിക്കുക മാത്രമല്ല അങ്ങനെ ഒന്നില്ല എന്ന മൗഢ്യമാണ് ഇവർ ഇതുവഴി മുന്നോട്ടുവയ്ക്കുന്ന പുതിയ സാധാരണത്വം. തൊഴിലില്ലായ്മ പെരുകുമ്പോൾ 'പൊതുവാങ്ങൽ ശേഷി' ഇല്ലാതാകും. ഇത് രാജ്യത്തിന്റെ 75 ശതമാനത്തോളം വരുന്ന ഉപഭോഗ വരുമാനത്തിനെ നല്ലതോതിൽ ചുരുക്കും. അപ്പോൾ വീണ്ടും രാജ്യം കൂടുതൽ സാമ്പത്തിക ഞെരുക്കത്തിലേക്ക് പോകും. ഇത് നിലവിലുള്ള തൊഴിലിനെ കുറയ്ക്കുന്നതിലേക്ക് വഴിതെളിക്കും. അപ്രകാരം കൂടുതൽ ഞെരുക്കം എന്ന സാമ്പത്തിക സഞ്ചാരപഥമാണ് നവഉദാര നയങ്ങളുടെ ഇപ്പോഴത്തെ തിരുശേഷിപ്പ്. ഇവിടെ 'നിങ്ങളങ്ങ് നിക്ഷേപിച്ചാൽ മതി' എന്ന പ്രസ്താവന മുതലാ

ളിത്ത യുക്തിയെപ്പോലും നാണിപ്പിക്കുന്നതാണ്. ഒരു നിക്ഷേപകൻ എന്ന നിലയ്ക്ക് നിക്ഷേപിക്കാതെ കൂടുതൽ സമ്പത്ത് സൂക്ഷിക്കാൻ അവസരം തരുന്ന സാഹചര്യം, ബജറ്റുകൾ വഴി സർക്കാർ ഉറപ്പാക്കുമ്പോൾ സമീപ ഭാവിയിലെങ്കിലും നിക്ഷേപം നടത്താൻ യുക്തിയുക്തമായി ചിന്തിക്കുന്ന നിക്ഷേപകർ വിസമ്മതിക്കും. അത് കൂടുതൽ പ്രതിസന്ധിയിലേക്കാണ് നമ്മെ നയിക്കുന്നത്. ഇവിടെയാണ് സർക്കാർ നികുതിവരുമാനം വർദ്ധിപ്പിക്കേണ്ട തിന്റെയും അത് ക്രിയാത്മകമായി ചെലവഴിക്കേണ്ടതിന്റെയും കെയ്നീഷ്യൻ ആവശ്യകത തെളിയുന്നതും. മറിച്ച് നവലിബറൽ നയങ്ങൾ പൂർണ്ണമായും നടപ്പിലാക്കുമ്പോൾ ഇരുട്ടുകൊണ്ട് ഓട്ടയടക്കലാണ് സംഭവിക്കുക.

ഉപഭോഗവരുമാനത്തിൽ കൂടുതൽ ആശ്രയിച്ചും നേരിട്ടുള്ള വലിയ നികുതിവരുമാനം വേണ്ടന്നുവയ്ക്കുമ്പോൾ സ്വാഭാവികമായും സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്നുപോകുന്ന രാജ്യത്തിന്റെ പരോക്ഷ നികുതി വരുമാനം കുറയും. ഇതുതന്നെയാണ് കഴിഞ്ഞകാലങ്ങളിൽ ഉണ്ടായ പ്രതീക്ഷിത പരോക്ഷനികു തിവരുമാനത്തിന്റെ കുറവ്, സൂചിപ്പിക്കുന്നത്. ഈ കുറഞ്ഞ വരുമാനം സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ നൽകേണ്ട വരുമാനത്തിന്റെ ഭാഗവുമാണ്. സ്വാഭാവികമായും സംസ്ഥാനങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നല്കാൻ കേന്ദ്രസർക്കാരിനു കഴിയാത്ത സാഹചര്യമാണ് ഇത് സൃഷ്ടിക്കുന്നത്. അങ്ങനെ വരുമ്പോൾ ഇഷ്ടമില്ലാത്ത സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം വെട്ടിക്കുറയ്ക്കുന്ന തീരുമാനത്തിൽ കേന്ദ്രസർക്കാ രിനെ എത്തിക്കുന്നു. ഇതാണ് നവഉദാരവാദത്തിന്റെ ഇന്ത്യൻ പതിപ്പിന്റെ സവിശേഷത.

ഈ പ്രബന്ധം, നവഉദാര ഇന്ത്യൻ അവസ്ഥകൾ അന്വേ ഷിക്കുന്നതിനായി നവലിബറൽ സമ്പ്രദായം നടപ്പാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയ കാലഘട്ടം എന്നും അതിനെ ശക്തിയുക്തം മുന്നോട്ട് നയിക്കുന്ന വർത്തമാന കാലം എന്നും വിഭജിച്ചുള്ള ചർച്ചയാണ് മുന്നോട്ടുവയ്ക്കുന്നത്. നവഉദാര വ്യവസ്ഥ എപ്രകാരമാണ് ഇന്ത്യയിൽ നിലവിൽ വന്നതെന്നും, അതിനെ പിന്താങ്ങുന്നതിനു എത്തരത്തിലുള്ള രീതിശാസ്ത്രമാണ് സാമാന്യജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കപ്പെട്ടതെന്നും അത് എപ്രകാരമാണ് നാം സ്വാംശീകരിച്ചത് എന്ന് തുടങ്ങി നവഉദാരവാദത്തിന് ആഗോള തലത്തിൽ തിരിച്ചടിയായ അമേരിക്കൻ ബാങ്കുകളുടെ തകർച്ചയോടെ തുടങ്ങുന്ന എന്നാൽ യൂറോപ്യൻ കടപ്രതിസന്ധിവരെ നീളുന്ന പ്രശ്നങ്ങളും അതിനോട് ഇന്ത്യയുടെ

പ്രതികരണവുമാണ് ആദ്യമായി വിശകലന വിധേയമാക്കുന്നത്. ഇന്ത്യയിലെ നവലിബറൽ സംവിധാനത്തിന്റെ ഈ ഒന്നാം ഭാഗത്തിനെ യവനികയ്ക്കുള്ളിലാക്കുന്നതും ഈ ആഗോള പ്രതിസന്ധിയുടെ കാലഘട്ടമാണ്.

എന്നാൽ 2010-11 മുതൽ 2020-21 വരെ നീളുന്ന ഇന്ത്യയുടെ നവഉദാരനയങ്ങളെ നോക്കിക്കാണുന്നത് ഇന്ത്യ ഒരു പരിഷ്കരണ യജ്ഞത്തിൽ നിന്നും നവലിബറൽ ആശയങ്ങളുടെ വക്താക്കൾ ആയി മാറുന്നതായാണ്. അതിനാൽ 2010-11 മുതൽ, ഇന്ത്യയിലെ നവലിബറൽ കാലത്തെ 'നവഉദാരവാദോത്തര (post neoliberal) കാലം' എന്ന് വിളിക്കാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്. 2008ലെ യുഎസ് കേന്ദ്രീകരിച്ചുള്ള ആഗോള സാമ്പത്തിക പ്രതിസന്ധിയും തുടർന്നുണ്ടായ യൂറോപ്യൻ കടപ്രതിസന്ധിയും ഇന്ത്യൻ സമ്പദ്ഘടനയെ മെല്ലെ മന്ദീഭവിപ്പിച്ചു. 2008നു ശേഷം രാജ്യത്ത് അവലംബിച്ച ഉത്തേജന പദ്ധതികളാണ് ഈ പ്രതിസന്ധി ഇന്ത്യയെ ബാധിക്കുന്നതിൽ നിന്നും താമസിപ്പിച്ചത്. എന്നാൽ യൂറോപ്യൻ കടപ്രതിസന്ധിക്കു ശേഷം സാമ്പത്തികമായ മെല്ലെപ്പോക്ക് മാത്രമല്ല തുടർച്ചയായ വീഴ്ചയാണ് ഇന്ത്യയിലെ പലമേഖലകളും നേരിട്ടു കൊണ്ടിരിക്കുന്നത്. ഈ പ്രതിസന്ധികളുടെ പരമ്പരയിൽ നിന്നും മുക്തമാകാൻ എന്ന വ്യാജേന ജനപങ്കാളിത്തത്തോടെ ഇന്ത്യയിൽ ഇതുവരെ സ്വരൂപിക്കപ്പെട്ട സാർവജനീനവസ്തുക്കളെല്ലാം നവമുതലാളിമാർക്ക് ദാനം ചെയ്യുകയോ കിട്ടിയ വിലയ്ക്ക് തൂക്കിവില്ക്കുകയോ ചെയ്യുന്ന പ്രതിഭാസമാണ് അരങ്ങേറുന്നത്. 2014നു ശേഷമുള്ള ഓരോ ബജറ്റും ഇത്തരം വില്പനകളുടെ ബ്ലൂപ്രിന്റ്ആയിവേണം മനസ്സിലാക്കാൻ. നാം നിർവചിച്ച നവലിബറൽ സാമ്പത്തിക ശാസ്ത്രത്തിന്റെ പരിപൂർണമായ നടത്തിപ്പിലാണ് ഇന്ത്യ ഇപ്പോൾ. ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ വ്യത്യസ്ത മേഖലകളായിത്തിരിച്ച് പരിശോധിച്ചാൽ രണ്ടാം യു.പി.എ. കാലം തൊട്ട് രണ്ടാം നരേന്ദ്രമോഡി സർക്കാർ വരെയുള്ള ഒരുവ്യാഴവട്ടക്കാലം തികച്ചും ആശാവഹമല്ലാത്ത ഗതിയാണ് സമ്പദ് ഘടനക്ക് സമ്മാനിച്ചുകൊണ്ടിരിക്കുന്നത്. നവഉദാരവാദോത്തര കാലത്ത് വളർച്ചയുടെ വെന്നിക്കൊടിയല്ല മറിച്ച് കിതപ്പാണ് ഇന്ത്യയിലും ലോകത്തും കാണാൻ സാധിക്കുന്നത്.

കോവിഡ്19 എന്ന മഹാമാരി രാജ്യത്തും ആഗോളതലത്തിലും ഭീതിയും പ്രതിസന്ധിയും സൃഷ്ടിക്കുമ്പോൾ, എപ്രകാരമാണ് ഈ പ്രതിസന്ധിപോലും നവഉദാരമുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടിയോ അതിന്റെ പരിണതിയോ എന്ന സംശയം ബലക്കുകയാണ്. മുകളിൽ സൂചിപ്പിച്ചതു പോലെ ഓരോ

പ്രതിസന്ധിയും നവഉദാരവാദത്തിനും അതിന്റെ ആഗോള നടത്തിപ്പിനും ശക്തിനൽകുന്ന പശ്ചാത്തലത്തിൽ കൂടുതൽ ജാഗ്രതയോടെ അതിനെ വീക്ഷിക്കേണ്ടതുണ്ട്. നവഉദാരവാദോത്തര കാലത്ത് ഇന്ത്യൻ സമ്പദ്ഘടനയെ എപ്രകാരമാണ് ഈ പ്രത്യയശാസ്ത്രം ഗ്രസിച്ചതെന്നും ആഗോള സമ്പദ്വ്യവസ്ഥയെ തന്നെ എപ്രകാരമാണ് ഇതിന്റെ നടത്തിപ്പ് പിന്നോട്ടടിച്ച തെന്നതിനെക്കുറിച്ചും ഈ ഭാഗത്തിൽ വിശദമാക്കാം.

നവഉദാരതയുടെ അടിയൊഴുക്കിൽ, ലോകത്ത് മുതലാളി ത്തത്തിന് ബദലില്ല എന്ന ചർച്ചകളാണ് കഴിഞ്ഞ അഞ്ചു ദശാബ്ദ ക്കാലത്ത് നാം കണ്ടതും കേട്ടതും. ബദലുകൾ പ്രദർശന വസ്തുക്കളല്ല, മറിച്ച്, നമുക്കിടയിൽ പ്രാവർത്തികമാക്കപ്പെടുന്ന പ്രവർത്തനമാണ് എന്നതും പുസ്തകത്തിന്റെ മൂന്നാം ഭാഗത്തിൽ ചർച്ചചെയ്യുന്നു. 1991ലെ പുത്തൻ സാമ്പത്തിക നയത്തോടെ നവ ഉദാരവാദത്തിന്റെ വാതായനങ്ങളും രാജ്യത്ത് തുറന്നിട്ടു. ഘടനാപര മായ മാറ്റം തൊണ്ണൂറിലെ വിദേശ നാണ്യപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഐക്യഖണ്ഡ നയമായി 1991ൽ പാസ്സായി എങ്കിലും, നവഉദാരവാദത്തിന് തുടക്കം കുറിച്ചത് രാജീവ് ഗാന്ധി ആയിരുന്നു (Balakrishnan 1990; Basu 2001; Denoon 1998; Girdner 1987). ഇന്ത്യ നേരിട്ട വിവിധതരം ഘടനാപരമായ സാമ്പത്തിക സാമൂഹിക മാറ്റത്തിനെക്കുറിച്ച് കൗശിക് ബസുവും പ്രഭാത് പട്നായിക്കും വ്യത്യസ്തങ്ങളായ നിലപാടുകളാണ് പങ്കുവയ്ക്കുന്നത് (Basu 2008; Patnaik 2019). എന്നിരുന്നാലും 1991നു ശേഷം രാജ്യം നയപരമായിത്തന്നെ നവഉദാര മുതലാളിത്തത്തിന് എല്ലാ പിന്തുണയും പ്രഖ്യാപിച്ചു. ഈ പിന്തുണകളിൽ പ്രധാനമായി ഇതുവരെ നാം ചർച്ച ചെയ്തത് എല്ലാത്തരം നിക്ഷേപങ്ങളിൽ നിന്നും സർക്കാർ പിന്തിരിയണമെന്നും ആ സ്ഥാനം സ്വകാര്യ മേഖല നിർവഹിക്കും എന്നുമാണ്. കേന്ദ്ര സർക്കാരിന്റെ ധനനയം ഇതനുസരിച്ച് പുനർരൂപീകരിക്കുന്നതിനാണ് എഫ്.ആർ.ബി.എം. ആക്ട്. ഇതിന്റെ പരിണത ഫലം രാജ്യത്തെ സാമൂഹിക വികസന മേഖലയിൽനിന്നും ശക്തമായി സർക്കാർ ഉൾവലിയുന്ന സാഹചര്യമാണുണ്ടാക്കിയത്. മാത്രവുമല്ല, വർദ്ധിച്ച ധനക്കമ്മി പരിഹരിക്കുന്നതിനായി പൊതുമേഖല സ്ഥാപനങ്ങളെ ചുളുവിലയ്ക്ക് സ്വകാര്യ മുതലാളിമാർക്ക് വിറ്റഴിക്കുക എന്ന ഉപായവും ഇവിടെ നടപ്പാക്കി. എന്നാൽ പൊതുമേഖലയുടെ വിറ്റഴിക്കൽ ധനക്കമ്മി പരിഹരിക്കാനല്ല മറിച്ച് സർക്കാരിന്റെ മൂലധന അക്കൗണ്ടിൽ വരുമാനം വർദ്ധിച്ചതായി കാണിക്കുക വഴി അതത് വർഷങ്ങളിലെ കമ്മി കുറവാണ് എന്ന് തെറ്റിദ്ധരിപ്പിക്കാൻ സഹായിക്കുകയും

ചെയ്യും. യഥാർത്ഥ റവന്യൂ-ധന കമ്മികൾ ഇവിടെ കുറയുന്നുമില്ല. എഫ്.ആർ.ബി.എം. നിയമത്തിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ മൊത്തം ചെലവിനെ ചുരുക്കുമ്പോൾ ഉയർന്ന ഭരണ ചെലവുകളോ മറ്റ് അനുബന്ധ ചെലവുകളോ അല്ല പകരം സാമൂഹിക വികസന ത്തിന് ഉപയോഗിക്കുന്ന ചെലവുകളാണ് പലപ്പോഴും ബജറ്റിൽ കുറയ്ക്കുന്നത്. ഇത് തുടക്കത്തിൽ സൂചിപ്പിച്ച നവലിബറലിസ ത്തിന്റെ സകാരാത്മക-ആഖ്യാനാത്മക ഗുണങ്ങളെ അരക്കിട്ടുറപ്പി ക്കുന്ന ഒന്നാവുകയും അതുവഴി പ്രതിസന്ധികൾ സൃഷ്ടിച്ച് മുതലാളിത്തത്തിനനുകൂലമാക്കി അവരുടെ ലാഭം മെച്ചപ്പെടുത്തുക എന്ന നയത്തിലൂടെ നവഉദാരവാദം ശക്തിപ്പെടുന്നു; ഇതിന്റെ നേർസാക്ഷ്യമാണ് കോവിഡ് പോലുള്ള മഹാമാരി ക്കാലത്തും, 2008 ലെ സാമ്പത്തിക പ്രതിസന്ധി കാലത്തും, എന്നുവേണ്ട, മുതലാളിത്ത സംവിധാനം പ്രതിസന്ധിയിൽ എത്തുമ്പോഴെല്ലാം സാധാരണ ജനങ്ങളുടെ അധ്വാന മൂല്യമായ നികുതി വരുമാനവും മറ്റുതരത്തിലുള്ള സഹായങ്ങളും സർക്കാരുകളിലൂടെ ഇവരിലെത്തിക്കുന്നത്. കോവിഡ് കാലത്ത് മരുന്ന് വികസിപ്പിച്ച ഫൈസറിന്റെ നടപടിയും അവർക്കായി ആഗോള സർക്കാരുകളും സ്ഥാപനങ്ങളും നിലകൊള്ളുന്നതും ഇതിന്റെ തെളിവുകളാണ് (Nawrat 2021; Davies et.al. 2021). 2008ലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് അമേരിക്ക നടത്തിയ 'ബെയിൽ ഔട്ട്' നടപടിയിൽ ഏറ്റവും കൂടുതൽ ലാഭം കൊയ്തത് പതിവുപോലെ പ്രതിസന്ധി സൃഷ്ടിച്ചവർ തന്നെ (Marshall 2012; Welch 2012).

നവലിബറൽ ആശയങ്ങൾക്ക് ബദലായി ഏതെങ്കിലും തരത്തിലുള്ള നടപടികൾ ആർക്കെങ്കിലും ഇന്ത്യയിൽ എടുക്കാൻ സാധിക്കുമോ എന്ന ചോദ്യം ഈ സാഹചര്യത്തിലാണ് പ്രസക്തമാകുന്നത്. നവഉദാരവാദം എന്ന സുനാമിയിൽ നിന്നും തീരം തേടാൻ ശ്രമിക്കുന്ന ചെറുതോണികളാണ് അത്തരം ബദലുകൾ. ഇന്ത്യയിൽ തന്നെ മാനവ വികസന സൂചികയിലും മറ്റു വികസന മുന്നേറ്റങ്ങളിലും ഒന്നാമതായി രാജ്യത്തിനു മാതൃകയാകുന്ന കേരളം പോലെ ഒരു സംസ്ഥാനം എപ്രകാരമാണ് മുതലാളിത്ത താൽപര്യങ്ങളെ നേരിടുന്നത് എന്ന അന്വേഷണവും ഇവിടെ പ്രസക്തമാകുന്നുണ്ട്. കാരണം രാജ്യതാൽപര്യം നവഉദാരവാദത്തിനു കുടപിടിക്കുമ്പോൾ ഒരു സംസ്ഥാനമെന്ന പരിധിക്കകത്തുനിന്ന് നവലിബറൽ സുനാമിയെ എങ്ങനെയാണ് നാം അഭിമുഖീക രിക്കുന്നത് എന്നത് പ്രസക്തമാണ്. വിഭിന്നമായ ഒരു രാഷ്ട്രീയ ഇച്ഛാശക്തി ഇല്ലാതെ നവലിബറൽ നയങ്ങളെ ചെറുക്കുക പ്രയാസ മാകുമ്പോൾ, ധന-നയത്തിലും പൊതുമേഖല സ്ഥാപനങ്ങളോടുള്ള

നയത്തിലും വ്യത്യസ്ത നിലപാട് കേരളത്തിലെ ഇടത് സർക്കാരുകൾ വച്ചുപുലർത്തുമ്പോൾ, വലതു സർക്കാരുകൾ നവലിബറൽ നയങ്ങൾക്കനുകൂല നിലപാടാണ് സ്വീകരിച്ചത്. ഇതിന്റെ പശ്ചാത്തലത്തിൽ കേരളത്തിന് എന്തെങ്കിലും ബദൽ പൊതുവായി മുന്നോട്ടുവയ്ക്കാനുണ്ടോ എന്ന പരിശോധനയും അനിവാര്യമാണ്. നവലിബറൽ നയങ്ങളുടെ രണ്ടാമത്തെ പ്രതിഫലനമായ സാമൂഹിക ക്ഷേമ വികസന പ്രവർത്തനങ്ങളിൽ നിന്നും സർക്കാരുകളുടെ ഉൾവലിയലിനും, ആസൂത്രിത സമ്പദ്ഘടനയിൽ നിന്നുമുള്ള പിന്തിരിയലിനും രാജ്യം സാക്ഷ്യം വഹിച്ചപ്പോൾ, കേരളം വ്യത്യസ്തമായ നിലപാടുകളാണ് സ്വീകരിച്ചത്. കേരളത്തിന്റെ ഈ പ്രതികരണം എപ്രകാരമാണ് ഏത് കണ്ണാടിയിലൂടെയാണ് വിലയിരുത്താനാവുക എന്നീ ചോദ്യങ്ങളും പ്രസക്തമാണ്, അതെത്ര ചെറുതാണെങ്കിലും, സാധ്യമാണോ എന്ന അന്വേഷണം കൂടി ഇവിടെ പങ്കുവയ്ക്കുന്നു.

തുടക്കത്തിൽ സൂചിപ്പിച്ച സർക്കാരിന്റെ ക്ഷേമ വികസന പ്രവർത്തനങ്ങൾ വിശദീകരിക്കേണ്ടത് കേരളം പൊതുവായി കൈവരിച്ച വികസനം എങ്ങനെയാണ്, എന്നതിന്റെ അടിസ്ഥാനത്തി ലാണെന്നു നിരീക്ഷിച്ചിട്ടാകണം. കേരളത്തിന്റെ എക്കാലത്തെയും ശക്തി, കേരളം സാമൂഹിക വികസനത്തിൽ കൈവരിച്ച നേട്ടങ്ങളാണല്ലോ. ഈ നേട്ടങ്ങളെ സൂചകമായി പരിഗണിച്ചുകൊണ്ട് നവലിബറൽ കാലത്ത് കേരളത്തിന് ബദൽ സൃഷ്ടിക്കാനാകുമോ എന്ന ചോദ്യത്തിന്റെ ഉത്തരം തേടുക എന്ന രീതിശാസ്ത്രമാണ് സ്വീകരിച്ചിരിക്കുന്നത്. മുൻ ഭാഗങ്ങളിൽ സൂചിപ്പിച്ചതു പോലെ സർക്കാരിന്റെ ഇച്ഛാശക്തിയെ പൊതുവായി മനസ്സിലാക്കാൻ കഴിയുന്നത് ബജറ്റിലൂടെയാണല്ലോ; പ്രത്യേകിച്ചും അവർ മുന്നോട്ടുവയ്ക്കുന്ന വാഗ്ദാനങ്ങളുടെയും പദ്ധതികളുടെയും നടത്തിപ്പ് സംബന്ധമായ വിശദീകരണങ്ങളുടെയും അതിനായുള്ള ധനാഗമ മാർഗങ്ങളുടെയും വ്യക്തതയിൽ. വാഗ്ദാനങ്ങളുടെ കാര്യത്തിൽ പൊതുവായി ഒരുസർക്കാരും ബജറ്റുകളും പിശുക്ക് കാണിക്കാറില്ല എന്ന നിരൂപണം നിലനിൽക്കുമ്പോൾ തന്നെ ഏത് സർക്കാരിന്റെയും ബജറ്റ് അവരുടെ രാഷ്ട്രീയ ഇച്ഛാശക്തിയിലേക്കാണ് ടോർച്ചുതെളിക്കുന്നത്. ഈ സാഹചര്യത്തിൽ, കേരളത്തിലെ കഴിഞ്ഞകാല ബജറ്റുകളിലൂടെ കണ്ണോടിക്കുന്നതും ഉത്തമമായൊരു രീതിശാസ്ത്രമായിരിക്കും. കേരളത്തിന്റെ കാര്യത്തിൽ എപ്രകാരമാണ് ധനമന്ത്രിമാർ, ആരോഗ്യ സംരക്ഷണവും വിദ്യാഭ്യാസവും, ക്ഷേമ പ്രവർത്തനങ്ങളും ധന നയത്തിലെ ഭദ്രതയിലൂന്നി മുന്നോട്ടുവയ്ക്കുന്നത് എന്നതിനെ ആശ്രയിച്ചാണ്,

അവർ ബദലുകളാണോ ഉയർത്തുന്നത് എന്നത് കണ്ടെത്താനാകുന്നത്. യഥാർത്ഥത്തിൽ ഒരു നവലിബറൽ സാമൂഹിക സാമ്പത്തിക ലോകക്രമത്തിൽ സർക്കാരിന്റെ ഇടപെടലുകൾ സാമൂഹികവികസനമേഖലകളിൽ വേണ്ടെന്നു നിഷ്കർഷിക്കപ്പെടുമ്പോൾ, തങ്ങളുടെ മുഴുവൻ ശ്രദ്ധയും ക്ഷേമ വികസന പ്രവർത്തനങ്ങളിൽ ഊന്നുന്ന ഇടതു ബദൽ-ഈ കോവിഡ് മഹാമാരികാലത്ത് പ്രത്യേകിച്ചും-ശ്രദ്ധേയമാകുന്നു. ആസൂത്രണം അശാസ്ത്രീയമാണെന്നു വാദിച്ച്, നവലിബറൽ ഇന്ത്യയിൽ അതിനെ ഉപേക്ഷിക്കുമ്പോഴും, എന്തിനാണ് കേരളം മാത്രം അത് തുടരുന്നതെന്ന അന്വേഷണവും ശ്രദ്ധേയമാണ്. നവഉദാരവാദ കാലത്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കേണ്ടി വരുന്നവർ ദരിദ്രരും പാർശ്വവല്കരിക്കപ്പെട്ടവരുമാണല്ലോ; കേരളത്തിൽ സ്ത്രീകളെ സാമൂഹിക വികസനത്തിൽ പങ്കാളികളാക്കുന്ന നടപടികളും അതിനാൽ വിശദീകരിക്കേണ്ടതുണ്ട്. ബജറ്റ് ചർച്ചയിൽ വരുന്നതിനു മുമ്പ് കേരള വികസനത്തിന്റെ ഈ ആസൂത്രണ മുഖവും അതിൽ സ്ത്രീകൾ വഹിക്കേണ്ടുന്ന നിർണ്ണായക ദൗത്യവും വ്യക്തമാക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ നവഉദാരവാദത്തിന്റെ സിദ്ധാന്തവും പ്രയോഗവും പരിമിതികളും ബദലുകളും സംക്ഷിപ്തമായി വിശദീകരിക്കുകയും ബദലുകളെക്കുറിച്ചുള്ള മാതൃകകൾ അവതരിപ്പിക്കുകയും ചെയ്യുക എന്ന ലളിതമായ ഉദ്യമമാണ് ഈ പുസ്തകത്തിൽ നിർവഹിച്ചിരിക്കുന്നത്.

സിദ്ധിക്ക് റാബിയത്ത്

അവതാരിക

“നവഉദാരീകരണത്തിന്റെ പരിമിതികളും ബദൽ അന്വേഷണങ്ങളും” എന്ന സിദ്ധിക്ക് റാബിയത്തിന്റെ ലഘുഗ്രന്ഥം വളരെ സന്ദർഭോചിതമായി. നിയോലിബറൽ ആശയസംഹിത ഇന്നു രാജ്യത്ത് മേധാവിത്വം നേടിയിട്ടുണ്ട്. തുടങ്ങിവച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്. മുന്നോട്ടുകൊണ്ടുപോയത് ഭാരതീയ ജനതാ പാർട്ടിയാണ്. ആരംഭകാലത്ത് വേറിട്ടു നിന്നിരുന്ന പ്രാദേശിക പാർട്ടികളും ഇന്ന് ഏതാണ്ട് പൂർണ്ണമായും ഇതല്ലാതെ മറ്റു മാർഗ്ഗമില്ലായെന്ന ചിന്തയിലേക്ക് എത്തിയിട്ടുണ്ട്. ഇടതുപക്ഷം മാത്രമാണ് നിയോലിബറൽ ആശയസംഹിതയെ പൂർണ്ണമായും തള്ളിപ്പറയുന്ന രാഷ്ട്രീയപ്രസ്ഥാനം. എന്നാൽ ഇടതുപക്ഷം ഭരിക്കുന്ന കേരളം നിയോലിബറൽ നയങ്ങളെ പിന്തുടരുന്നുവെന്ന വിമർശനം കോൺഗ്രസും ബിജെപിയും ജമാഅത്തെ ഇസ്ലാമിയുമെല്ലാം ശക്തമായി ഉയർത്തുന്നു. ഇടതുപക്ഷത്തോട് അനുഭാവം പുലർത്തിവന്നിട്ടുള്ള ചെറിയൊരു വിഭാഗം ഇടതുപക്ഷക്കാരും ലിബറലുകളും ഇതിനോടൊപ്പം ചേരുന്നുമുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് ഈ ഗ്രന്ഥം വളരെയേറെ പ്രാധാന്യമർഹിക്കുന്നത്. സിദ്ധിക്ക് റാബിയത്ത് മൂന്നു കർത്തവ്യങ്ങളാണ് ഈ ഗ്രന്ഥത്തിൽ നിർവ്വഹിക്കുന്നത്. ഒന്ന്) നിയോലിബറൽ പ്രത്യയശാസ്ത്ര ചിന്താപദ്ധതിയെ നിരൂപണവിധേയമാക്കുന്നു. രണ്ട്) ഈ ചിന്താപദ്ധതി ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചത് എങ്ങനെയെന്നും അതിന്റെ പ്രത്യാഘാതങ്ങൾ എന്തെന്നും പരിശോധിക്കുന്നു. മൂന്ന്) നിയോലിബറലിസത്തിന് പ്രതിവിധി ഒന്നുമില്ലയെന്ന പൊതുധാരണയുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ വികസനാനുഭവത്തെ വിലയിരുത്തുന്നു. ഇന്ത്യയിലെ നിയോലിബറൽ ചട്ടക്കൂടിനു പുറത്തല്ല കേരളമെങ്കിലും അതിന്റെ ഉള്ളിൽ നിന്നുകൊണ്ട്, സാധ്യമായ പകരം നയങ്ങൾ ആവിഷ്കരിക്കുന്നതിനും ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും കഴിയുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ.

നിയോലിബറലിസത്തിന്റെ സൈദ്ധാന്തിക വിമർശനം

മുതലാളിത്ത വ്യവസ്ഥയുടെ വളർച്ചയിൽ ലിബറലിസം എന്ന ആശയസംഹിത സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. നാടുവാഴിത്ത സ്വേച്ഛാധിപത്യങ്ങൾക്കും നിയന്ത്രണങ്ങൾക്കും എതിരായി വ്യക്തിസ്വാതന്ത്ര്യത്തെയും സ്വതന്ത്രകമ്പോളത്തെയും അവർ ഉദ്ഘോഷിച്ചു. റൂസോ തുടങ്ങിയ ദാർശനികരും ക്ലാസിക്കൽ അർത്ഥശാസ്ത്രകാരന്മാരും മറ്റും ലിബറൽ ചിന്താഗതിക്കാരായിരുന്നു.

എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ മുതലാളിത്ത വ്യവസ്ഥ ഗുരുതരമായ വെല്ലുവിളികളെ നേരിടാൻ തുടങ്ങി. സോവിയറ്റ് യൂണിയന്റെ ആവിർഭാവത്തോടെ മുതലാളിത്തത്തിനു വിരുദ്ധമായ ഒരു സാമൂഹ്യവ്യവസ്ഥ നിലവിൽവന്നു. അതേസമയം മുതലാളിത്തം രൂക്ഷമായ സാമ്പത്തിക മുരടിപ്പിലേക്കു വഴുതിവീണു. ഈയൊരു പശ്ചാത്തലത്തിലാണ് മുതലാളിത്തക്കുഴപ്പത്തെ മെരുക്കുന്നതിന് കെയ്നീഷ്യൻ സിദ്ധാന്തങ്ങൾ രൂപംകൊള്ളുന്നത്. ലിബറൽ ചിന്താഗതിക്കാർ വാദിച്ചതുപോലെ സർക്കാർ സാമ്പത്തിക കാര്യങ്ങളിൽ നിന്നു പിൻവാങ്ങുകയല്ല, മറിച്ച് സാമ്പത്തിക ഗതിവിഗതികളെ സുസ്ഥിരമാക്കുന്നതിന് ശക്തമായി ഇടപെടുകയാണു വേണ്ടത് എന്നതായിരുന്നു കെയ്നീഷ്യൻ ചിന്താഗതി. ഇതോടൊപ്പം ശീതയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ക്ഷേമരാഷ്ട്ര നയങ്ങളും രൂപംകൊണ്ടു.

ഈ മാറ്റങ്ങളെ വളരെ ഭയാശങ്കയോടെ നോക്കിക്കണ്ട ഒരുകൂട്ടം ചിന്തകർ തുടക്കം മുതലേ ഉണ്ടായിരുന്നു. സ്വകാര്യസ്വത്ത് കമ്പോള മത്സരവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ശക്തിയും മുൻകൈയും ഇല്ലാതെ സ്വാതന്ത്ര്യം സംരക്ഷിക്കുക സാധ്യമല്ലായെന്നായിരുന്നു അവരുടെ നിലപാട്. ലിബറൽ ചിന്താഗതിയെ പുനരുജ്ജീവിപ്പിക്കണമെന്ന പക്ഷക്കാരായിരുന്നു അവർ. ഇവരിൽ അഗ്രഗണ്യൻ ഫ്രെഡറിക് വോൺ ഹയക്ക് ആയിരുന്നു. 1947-ൽ സ്വിറ്റ്സർലണ്ടിലെ മോണ്ട് പെലെരിൻ സുഖവാസകേന്ദ്രത്തിൽ സമാനചിന്താഗതിക്കാരായ സാമ്പത്തിക ശാസ്ത്രജ്ഞൻ മിൽറ്റൻ ഫ്രീഡ്മാൻ, തത്ത്വശാസ്ത്രകാരൻ കാൾ പോപ്പർ, രാഷ്ട്രമീമാംസകൻ ലുഡ് വിഗ് വോൺ മിസെസ്സ് തുടങ്ങിയ പ്രഗത്ഭർ അടങ്ങുന്ന ഒരു സംഘം പണ്ഡിതർ യോഗം ചേർന്ന് ഒരു മാനിഫെസ്റ്റോ പുറത്തിറക്കി. നിയോലിബറലിസത്തിന്റെ ഔപചാരികമായ ഉദ്ഘാടന

മായിരുന്നു ഇത്. ഈ ചിന്താഗതി എങ്ങനെയാണ് ലോക അധീശത്വത്തിലേക്ക് ഉയർന്നുവെന്നത് സിദ്ധിക്ക് വിശദീകരിക്കുന്നു. എന്തുകൊണ്ട് നിയോലിബറലിസം എന്ന പേര് വന്നു? പഴയ ലിബറലിസത്തിന്റെ തനിയാവർത്തനം ആയിരുന്നില്ല പുതിയ ആശയപ്രവാചകർ ഉയർത്തിയത്. കാലം അത്രയേറെ മാറിക്കഴിഞ്ഞിരുന്നു. ലിബറലിസത്തിന്റെ കാലം സർവസ്വതന്ത്ര മുതലാളിത്തത്തിന്റേത് ആയിരുന്നെങ്കിൽ ഇന്നത്തെ ലോകം കുത്തകാധിപത്യത്തിന്റേതാണ്. അതിനു മേധാവിത്വം വഹിക്കുന്നതാവട്ടെ ഫിനാൻസ് മൂലധനമാണ്. ഫിനാൻസ് മൂലധനത്തിന്റെ സർവസ്വാതന്ത്ര്യത്തിനായുള്ള ആശയസംഹിതയാണ് പുതിയ ലിബറലിസം. സർക്കാർ പിൻവാങ്ങുകയല്ല, മറിച്ച് മൂലധനത്തിന്റെ സർവസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനുവേണ്ടി നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിനും പൊതുസ്വത്തുക്കളെല്ലാം സ്വകാര്യവൽക്കരിക്കുന്നതിനും ഇടപെടുന്ന ശക്തമായ ഒരു നിയോലിബറൽ സ്റ്റേറ്റാണ് നിലവിൽ വരുന്നത്. ക്ലാസിക്കൽ അർത്ഥശാസ്ത്രം മാർക്സിസ്റ്റ് അർത്ഥശാസ്ത്രത്തിലേക്ക് നീങ്ങിയപ്പോൾ നിയോക്ലാസിക്കൽ സാമ്പത്തിക ശാസ്ത്രം രൂപം കൊണ്ടു. അതുപോലെ ലിബറലിസത്തിന്റെ പുനരുദ്ധാരണം നിയോലിബറലിസത്തിന്റെ രൂപത്തിലാണ്. സിദ്ധിക്ക് തന്റെ പുസ്തകത്തിൽ നവഉദാരവാദം എന്നാണ് ഉപയോഗിക്കുന്നത്. നവം എന്നു പറയുമ്പോൾ നല്ലത് തോന്നാൻ ഇടയുള്ളതുകൊണ്ടാണ് ഞാൻ നിയോലിബറലിസം എന്നുതന്നെ ഉപയോഗിക്കുന്നത്. സിദ്ധിക്കിന് അങ്ങനെ യാതൊരു തെറ്റിദ്ധാരണയും ഇല്ല എന്നു പറയേണ്ടതില്ലല്ലോ. ലിബറലിസം ഫ്യൂഡൽ സ്വേച്ഛാധിപത്യത്തിന് എതിരായ ആശയസമരത്തിന്റെ ഭാഗമായിരുന്നെങ്കിൽ നിയോലിബറലിസം ഫിനാൻസ് മൂലധനാധിപത്യം അരക്കിട്ടുറപ്പിക്കാനുള്ള അറുപിന്തിരിപ്പൻ ചിന്താപദ്ധതിയാണ്. സോഷ്യലിസ്റ്റ് ലോകത്തിന്റെ തകർച്ചയോടെ ഈ പുതിയ ചിന്താഗതി ആഗോള നയരൂപീകരണത്തിന്റെ അടിത്തറയായി മാറി. ഇത് എങ്ങനെ സംഭവിച്ചുവെന്നുള്ളത് സിദ്ധിക്ക് പരിശോധിക്കുന്നുണ്ട്.

നിയോലിബറലിസത്തെ സംബന്ധിച്ചുള്ള നിരൂപണം ഇന്നു മലയാളത്തിൽ ഞാൻ മുൻ ഖണ്ഡികകളിൽ ചെയ്തതുപോലെ മുഖ്യമായും രാഷ്ട്രീയ നിരൂപണമാണ്. എന്നാൽ ഒരു ആശയസംഹിതയെന്ന നിലയിൽ അത് രൂപംകൊണ്ട പ്രക്രിയ സങ്കീർണ്ണമായ ഒന്നാണ്. കെട്ടുപിണഞ്ഞുകിടക്കുന്ന ദർശന-നൈതികത ചരടുകളെ സിദ്ധിക്ക് ഇഴനീക്കി പരിശോധിക്കുന്നത്

മലയാളത്തിൽ പുതുമയേറിയ ഒരു കാര്യമാണ്. എന്നുമാത്രമല്ല, നിയോലിബറലിസത്തിന്റെ നിരൂപണത്തിന് അതിന്റെ പ്രയോഗത്തിന്റെ ഫലങ്ങൾ വിശദീകരിക്കുക മാത്രമല്ല നിയോലിബറൽ യുക്തികളുടെ ആന്തരിക വൈപരീത്യം അമർത്യാസെന്നിന്റെയും മറ്റും വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ അനാവരണം ചെയ്യുന്നു. ഗ്രന്ഥത്തിന്റെ ഒന്നാംഭാഗം അടിമുടി സൈദ്ധാന്തികമാണ്. വായനക്കാരനെയൊന്നു ജാഗ്രതപ്പെടുത്തിക്കൊള്ളട്ടെ. വളരെ ശ്രദ്ധിച്ചുവായിച്ചേ തീരൂ.

നിയോലിബറലിസം ഇന്ത്യയിൽ

സിദ്ധിക്ക് നിർവഹിക്കുന്ന രണ്ടാമത്തെ കർത്തവ്യം നവഉദാരവാദത്തിന്റെ ഇന്ത്യയിലെ പ്രയോഗത്തെക്കുറിച്ചുള്ള വിലയിരുത്തലാണ്. ആദ്യത്തെ പരിശോധനാവിഷയം സർക്കാരിന്റെ നേതൃത്വത്തിലുള്ള ആസൂത്രിത ഇറക്കുമതി ബദൽ വികസന തന്ത്രത്തിൽ നിന്ന് എങ്ങനെ ഇന്ത്യ നവഉദാരതയിലേക്കു നീങ്ങിയെന്നതാണ്. ഈ മാറ്റം സാമ്പത്തിക വളർച്ചയിൽ വലിയ കുതിപ്പ് സൃഷ്ടിച്ചിട്ടില്ലായെന്നപക്ഷക്കാരനാണ് സിദ്ധിക്ക്. ഉണ്ടായി എന്നു പറയുന്ന സാമ്പത്തിക കുതിപ്പിൽ നല്ലൊരുഭാഗം ജിഡിപി സങ്കൽപ്പത്തിൽ നിന്ന് ജിവിഎ സങ്കൽപ്പത്തിലേക്കുള്ള ദേശീയവരുമാന വളർച്ചയുടെ പരിവർത്തനവും 2011-12 അടിസ്ഥാനവർഷമായി സ്വീകരിച്ചതിന്റെയും ഫലമായി ഉണ്ടായിട്ടുള്ളതാണെന്നാണ് അദ്ദേഹത്തിന്റെ വാദം. കൊളോണിയൽ കാലഘട്ടത്തിൽ കേവലം ഒരു ശതമാനം വച്ചു വളർന്നിരുന്ന ദേശീയ സമ്പദ്ഘടന സ്വാതന്ത്ര്യാനന്തര കാലത്ത് 3.5 ശതമാനം വേഗതയിൽ വളർന്നു. വളർച്ചയുടെ ഗതിവേഗം വർദ്ധിപ്പിക്കാൻ ഉദാരവൽക്കരണനയം സ്വീകരിക്കാൻ തുടങ്ങി. അത് 1980-കളിൽ വളർച്ചയുടെ വേഗത ഏതാണ്ട് 5 ശതമാനത്തിലേക്ക് ഉയർത്തി. എന്നാൽ ഇതിനു സ്വീകരിച്ച ഇറക്കുമതി ഉദാരവൽക്കരണം 1991-ൽ വലിയ വിദേശവിനിമയ പ്രതിസന്ധി സൃഷ്ടിച്ചു. ഈ പ്രതിസന്ധിയുടെ കുരുക്കിൽപ്പെട്ട ഇന്ത്യയുടെ മുന്നിൽ കൂടുതൽ ഉദാരവൽക്കരണ നയം സ്വീകരിക്കുകയല്ലാതെ മറ്റു പരിഹാരമില്ലായെന്ന സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിൽ ഇന്ത്യയിലെ ഭരണവർഗ്ഗങ്ങളും വിദേശശക്തികളും വിജയിച്ചു. അങ്ങനെയാണ് 1991-ൽ മൻമോഹൻ സിംഗ് നവഉദാര സാമ്പത്തിക അഴിച്ചുപണിക്ക് തുടക്കം കുറിച്ചത്.

പിന്നീടുള്ള മൂന്നുപതിറ്റാണ്ടിനെ സിദ്ധിക്ക് രണ്ടായി തിരിക്കുന്നു. ആദ്യത്തെ രണ്ടുപതിറ്റാണ്ട് പടിപടിയായി എല്ലാ

മേഖലകളിലേക്കും നവഉദാര നയങ്ങൾ വ്യാപിപ്പിക്കുന്ന ദശയായിരുന്നു. എന്നാൽ മൂന്നാംദശകം പ്രത്യേകിച്ച് മോഡി അധികാരത്തിലേറിയകാലം മുതൽ നവഉദാരോത്തര കാലം അഥവാ നിയോലിബറൽ നയങ്ങളുടെ ചട്ടക്കൂട് പൂർണ്ണപ്രതിഷ്ഠ നേടിയതിനുശേഷമുള്ള കാലമെന്ന് വിശേഷിപ്പിക്കാം. പഞ്ചവത്സര പദ്ധതികൾ അവസാനിപ്പിച്ചു. ഈ കാലഘട്ടത്തിലെ ഓരോ ബജറ്റും പൊതുമേഖലയുടെയും പൊതുസ്വത്തിന്റെയും വിൽപ്പനയുടെകൂടി ബജറ്റുകളായിരുന്നു. തൊഴിൽ മേഖലയിൽ ട്രേഡ് യൂണിയനുകൾക്ക് കടിഞ്ഞാൺ ഇടുന്നതിനും ഇതുവരെ നേടിയ അവകാശങ്ങൾ പലതും തിരിച്ചു പിടിക്കുന്നതിനുമുള്ള ലേബർകോഡ് നിയമമായി. കാർഷിക മേഖലയിലെ കോർപ്പറേറ്റൈസേഷൻ പൂർത്തിയാക്കുന്നതിനുള്ള കാർഷിക നിയമങ്ങൾ പാസ്സാക്കി. ഫെഡറൽ സ്വഭാവത്തിന്റെ കടയ്ക്കൽ കത്തിവച്ചു. സംസ്ഥാനാധികാരങ്ങൾ കവർന്നു.

നിയോലിബറലിസത്തിന്റെ ഇന്ത്യയിലെ രണ്ടാമത്തെ പതിറ്റാണ്ടിൽ സാമ്പത്തിക വളർച്ചയിലുണ്ടായ കുതിപ്പിനു കാരണം ആഗോളപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ യുപിഎ സർക്കാർ സ്വീകരിച്ച ഉത്തേജക പാക്കേജുകളായിരുന്നു. ആ പതിറ്റാണ്ടിന്റെ അവസാനം സാമ്പത്തിക വളർച്ച 8 ശതമാനത്തിലേറെയായി തീർന്നു. എന്നാൽ മോദി സർക്കാർ കൂടുതൽ യാഥാസ്ഥിതിക ധനനയത്തിലേക്ക് നീങ്ങിയത് വളർച്ചയെ മുരടിപ്പിച്ചു. നോട്ടുനിരോധനമെന്ന ഹിമാലയൻ മണ്ടത്തരവും അവധാനതയില്ലാത്ത ജി.എസ്.ടിയുടെ നടത്തിപ്പും കൂടെച്ചേർന്നപ്പോൾ ഇന്ത്യയുടെ വളർച്ചാ നിരക്ക് ഓരോ പാദത്തിലും കുറഞ്ഞു കുറഞ്ഞ് കോവിഡിനു തൊട്ടുമുമ്പുള്ള പാദത്തിൽ 3.1 ശതമാനത്തിലെത്തി. കോവിഡുകാലത്താവട്ടെ ലോകത്തുതന്നെ ഏറ്റവും തീക്ഷ്ണമായ സാമ്പത്തിക തകർച്ച നേരിട്ട രാജ്യമായി മാറി. സിദ്ധിക്ക് വളരെ നിശിതമായി ദേശീയസാമ്പത്തിക വളർച്ചയിലെ കാർഷിക-വ്യവസായ-സേവന മേഖലകളെ പ്രത്യേകമായെടുത്തു വിശദമായി പരിശോധിക്കുന്നുണ്ട്. മേക്ക് ഇൻ ഇന്ത്യ പദ്ധതിയൊക്കെ പ്രഖ്യാപിച്ചെങ്കിലും വ്യവസായമേഖലയിലാണ് ഏറ്റവും വലിയ തിരിച്ചടിയുണ്ടായത്. കാർഷികമേഖലയിലും മുരടിപ്പാണ്. തന്മൂലം തൊഴിലവസര വർദ്ധന തുടർച്ചയായി കുറഞ്ഞുവന്നു. അവസാനം തൊഴിൽരഹിത വളർച്ചയിൽ എത്തിച്ചേർന്നു. ഇതിന്റെയൊക്കെ ഫലമായി ജനജീവിതം കൂടുതൽ ദുരിതമായിത്തീർന്നു.

നിയോലിബറലിസത്തിനു ബദലുകൾ

കേരളം എങ്ങനെ മേൽപ്പറഞ്ഞ നിയോലിബറൽ നയങ്ങൾക്കു ബദലായി തീരുന്നുവെന്നതാണ് ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് പരിശോധിക്കുന്നത്. ഇക്കാര്യത്തിൽ കേരളത്തിലെ എൽഡിഎഫ് - യുഡിഎഫ് സർക്കാരുകളുടെ പ്രവർത്തനങ്ങളിൽ പ്രകടമായ വ്യത്യാസം കാണാം. ഇതിന് അദ്ദേഹം അവലംബിക്കുന്ന രീതി നിയോലിബറൽ കാലഘട്ടത്തിലെ ഇ.കെ. നായനാർ (1996 2001), വി.എസ്. അച്യുതാനന്ദൻ (2006 2011), പിണറായി വിജയൻ (2016 2021) എന്നിങ്ങനെ മൂന്ന് ഇടതുപക്ഷ സർക്കാരുകളുടെയും ബജറ്റുകളെ പരിശോധിക്കുകയാണ്. ഒന്ന്) 1996-ൽ ആരംഭിച്ച ജനകീയാസൂത്രണം ജനപങ്കാളിത്തത്തോടുകൂടി ചെറുകിട മേഖലകളിലെ ഉൽപ്പാദനക്ഷമത ഉയർത്തുന്നതിനും സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള ബദൽ സമീപനമാണ്. സേവനങ്ങളുടെ സ്വകാര്യവൽക്കരണമല്ല, ജനപങ്കാളിത്തമാണ് പരിഹാരം. അതുപോലെതന്നെ കോർപ്പറേറ്റ് നിയന്ത്രണത്തിനു കീഴിലുള്ള കൃഷിക്കു പകരം പ്രാദേശികാസൂത്രണത്തെ അടിസ്ഥാനമാക്കിയുള്ള കാർഷിക മുന്നേറ്റമാണ് വിഭാവനം ചെയ്യുന്നത്. രണ്ട്) ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിൽ ഈ ഓരോ സർക്കാരുകളും ഒന്നിനുമേൽ മറ്റൊന്ന് മികച്ച മുദ്രപതിപ്പിച്ചു. കോവിഡുകാലത്ത് കേരളം അനുവർത്തിച്ച നയസമീപനം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും രാജ്യത്തു തന്നെയും സ്വീകരിച്ച സമീപനത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു. പൊതു ആരോഗ്യ സംവിധാനത്തിന്റെ മികവ് ഈ പ്രതിസന്ധിയെ മറികടക്കാൻ സഹായിച്ചു. അതോടൊപ്പം ജനങ്ങൾക്ക് ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തി. മൂന്ന്) പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികളാണു സ്വീകരിച്ചത്. കേന്ദ്രം വിൽപ്പനയ്ക്കുവയ്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനു സംസ്ഥാനം മുന്നോട്ടുവന്നു. വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ ലാഭത്തിലാക്കി. നാല്) പശ്ചാത്തലസൗകര്യ നിർമ്മാണത്തിന് ധനഉത്തരവാദിത്വ നിയമങ്ങൾ സൃഷ്ടിക്കുന്ന പരിധികളെ മറികടന്ന് പ്രത്യേക പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ വിഭവസമാഹരണം നടത്തി. പശ്ചാത്തലസൗകര്യ മേഖലയിലെ പിന്നോക്കാവസ്ഥ അങ്ങനെ സർക്കാരിന്റെ മുൻകൈയിൽ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. അഞ്ച്) മെച്ചപ്പെട്ട പശ്ചാത്തലസൗകര്യങ്ങളെ ഉപയോഗപ്പെടുത്തി

ഉൽപ്പാദനമേഖലകളുടെ സാങ്കേതികാടിത്തറ വിജ്ഞാന സാന്ദ്രമാക്കി മാറ്റി, ഉൽപ്പാദനക്ഷമത വർദ്ധനവും ഉയർന്ന വരുമാനവും ഉറപ്പുവരുത്തുന്ന തൊഴിലവസര സൃഷ്ടിക്കും ഒരു പരിപാടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യ നിക്ഷേപത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം സംസ്ഥാന ത്തിന്റെ പൊതുവികസന ചട്ടക്കൂടിനുള്ളിൽ സാമ്പത്തികവളർച്ച ദ്രുതഗതിയിലാക്കുന്നതിനാണു ശ്രമിക്കുന്നത്. ആറ്) മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾക്കുവേണ്ടി ആസൂത്രണത്തെ ശക്തി പ്പെടുത്തുകയാണു കേരളം ചെയ്യുന്നത്. സംസ്ഥാനതലത്തിൽ മാത്രമല്ല, പ്രാദേശികതലത്തിലും ആസൂത്രണം ശക്തിപ്പെടുത്തി.

പല വിമർശകരും നിയോലിബറലെന്നു കേരളത്തിന്റെ വികസനപരിപാടികളെ ആക്ഷേപിക്കുന്നത് പദ്ധതികളുടെ പുറംരൂപത്തെ നോക്കിക്കൊണ്ടാണ്. ഇതിനു നല്ല ഉദാഹര ണമാണ് ഈ ഗ്രന്ഥത്തിൽ മൈക്രോഫിനാൻസിനെക്കുറിച്ചുള്ള പ്രതിപാദനം. ആഗോളമായി ദാരിദ്ര്യനിർമാർജനത്തിന്റെ ഒറ്റമൂ ലിയായി ലോകബാങ്കും മറ്റും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് സ്വയംസഹായ സംഘങ്ങൾ വഴിയുള്ള മൈക്രോ ഫിനാൻ സാണ്. മൈക്രോഫിനാൻസ് കോർപ്പറേറ്റുകളുടെ കീഴിൽ ഈ സ്വയംസഹായ സംഘ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനാണ് അവർ ശ്രമിക്കുന്നത്. ഒറ്റവെടിക്കു രണ്ടു പക്ഷികൾ. കോർപ്പറേറ്റു കൾക്കു ലാഭവും ഉറപ്പുവരുത്താം. ദാരിദ്ര്യവും ഇല്ലാതാക്കാം. പക്ഷെ യഥാർത്ഥത്തിൽ പാവപ്പെട്ടവരെ കടക്കെണിയിലാക്കി ചൂഷണം ചെയ്യുന്നതിലേക്കാണ് ഇത് എത്തിച്ചേരുന്നത്. കേരളം മൈക്രോഫിനാൻസിനെ പ്രോത്സാഹിപ്പിക്കുന്നുവെന്നാണ് വിമർശനം. ജനകീയാസൂത്രണ വിവാദകാലത്ത് ഉയർന്നുവന്ന വിമർശനമായിരുന്നു ഇത്. എന്നാൽ കേരളത്തിൽ മൈക്രോഫി നാൻസിന്റെ സംഘാടനവും ഉള്ളടക്കവും മറ്റുപ്രദേശങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. കുടുംബശ്രീയുടെ അടിത്തറ സ്വയംസഹായ സംഘങ്ങളല്ല, അയൽക്കൂട്ടങ്ങളാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് അവയെ സ്പോൺസർ ചെയ്യുന്നത്. കുടുംബശ്രീ മിഷൻ വഴി സർക്കാരിന്റെ പൊതുനിയന്ത്രണ ചട്ട ക്കൂട്ടിലാണ് അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നത്. ഏറ്റവും താഴ്ന്ന പലിശയ്ക്കാണു വായ്പ നൽകുന്നത്. മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളിൽ നിന്നല്ല. സഹകരണ ബാങ്കുകളിൽ നിന്നോ ദേശസാൽകൃത ബാങ്കുകളിൽ നിന്നോ ആണ് വായ്പ കൾ ലഭ്യമാക്കുന്നത്. പലിശയ്ക്കു സർക്കാർ സബ്സിഡിയു മുണ്ട്. ലഘുവായ്പ മാത്രമല്ല, വരുമാനദായകമായ തൊഴിൽസൃ

ഷ്ടിയും കുടുംബശ്രീയുടെ ലക്ഷ്യമാണ്. ലഘുവായ്പ വഴി ദാരിദ്ര്യം ഇല്ലാതാക്കുമെന്ന അവകാശവാദവുമില്ല. കുടുംബശ്രീ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സംസ്ഥാന സർക്കാരിന്റെയും എല്ലാ ദാരിദ്ര്യനിർമാർജന പരിപാടികളും ഏകോപിപ്പിക്കുന്നതിനുള്ള പ്ലാറ്റ്ഫോമാണ്. സ്ത്രീശാക്തീകരണത്തിനുള്ള ഉപാധിയാണ്. നിയോലിബറൽ മൈക്രോഫിനാൻസിനു ബദലാണ് കുടുംബശ്രീ.

കേരളത്തിന്റെ വികസനാനുഭവത്തെ കണ്ണുമടച്ച് പ്രകീർത്തിക്കുകയല്ല സിദ്ധിക്ക് ചെയ്യുന്നത്. ഗ്രന്ഥം അവസാനിപ്പിക്കുന്നത് കേരള ബദലിന്റെ വളരെ പ്രധാനപ്പെട്ട ചില ദൗർബല്യങ്ങളിലേക്കു വിരൽചൂണ്ടിക്കൊണ്ടാണ്. പാർശ്വവൽക്കരിക്കപ്പെട്ട പട്ടികവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളെ ഇന്നും മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനു കഴിഞ്ഞിട്ടില്ല. മുകളിൽ സൂചിപ്പിച്ച പരിപാടികളിൽ ഓരോന്നിനും പരിഹരിക്കേണ്ട ദൗർബല്യങ്ങളുണ്ട്. മുന്നോട്ട് ഏറെ പോകാനുണ്ട്. ആ ദൂരം താണ്ടുന്നതിനുള്ള ആത്മവിശ്വാസം ഈ ഗ്രന്ഥത്തിലെ നിയോലിബറൽ വിമർശനവും കേരളത്തെക്കുറിച്ചുള്ള അവലോകനവും നൽകും.

ഡോ. ടി.എം. തോമസ് ഐസക്

കൃതജ്ഞത

ഒന്നരപ്പതിറ്റാണ്ടുകാലത്തെ വായനയുടെ, ചിന്തയുടെ, ക്രോഡീകരണമാണ് നവഉദാരീകരണത്തെക്കുറിച്ചുള്ള ഈ രചന. എഴുത്ത് അങ്ങേയറ്റം രസകരമെങ്കിലും അതിന് സഹായിച്ചവരെ വിടാതെ സ്മരിക്കുക എന്നത് ശ്രമകരമാണ്. അത്രമേൽ ലേഖനങ്ങളും പുസ്തകങ്ങളും ഈ കാലയളവിൽ ചിന്തയെ സ്വാധീനിച്ചിരിക്കുന്നു. പുസ്തകത്തിന്റെ നിർമ്മാണത്തിൽ നേരിട്ട് സഹായിച്ച അനവധി പേരിൽ ചിലരുടെയെങ്കിലും പേരുകൾ പറയേണ്ടതുണ്ട്. നവലിബറൽസംവിധാനം നല്ലതാണെന്ന വാദം ശാന്തകുമാർ ഉന്നയിച്ചപ്പോൾ മുതൽ, ഡേവിഡ് ഹാർവേയുടെ, പ്രഭാത് പട്നായിക്കിന്റെ മറു ആശയങ്ങളുടെ വായനയിൽ തുടങ്ങി, ഇർഫാൻ ഹബീബ്, ഐജാസ് അഹമദ്, പൊളാനി, സോംബർട്, ജെയിംസ, ഓർവെൽ, ബാരൻ, മാർക ്സ്, ഏംഗൽസ്, ലെനിൻ, ലക്സംബർഗ്, ബുഖാറിൻ, പ്രിയോബ്രേഷൻസ്കി, വിബർ, കൗട്സ്കി, ബെൻസ്റ്റൈൻ, കെയ്ൻസ്, മിൽ, സ്മിത്ത്, ഹായക്, ഫ്രീഡ്മാൻ, ആരോ, ലിൻഡ് ബോം, ഫ്രീഡൻ, റൂസ്സോ, സെൻ തുടങ്ങി നിരവധി സൈദ്ധാന്തികരുടെ അനവധി രചനകളുടെ ബൗദ്ധിക വിശകലനങ്ങൾ നൽകിയ ആനന്ദവും ആശയ കുഴപ്പങ്ങളും ഇതിൽ പ്രധാനമാണ്. ഇവരുടെ സ്വാധീനം എഴുത്തിലുടനീളം തിരയിളക്കമായി പ്രകടമാണ്. ഇന്ത്യയിൽ വിവിധ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച നവലിബറൽ നയങ്ങളും ബദലുകളും ചിന്തയുടെ, വിശകലനങ്ങളുടെ പുതിയ വാതായനങ്ങളാണ് തുറന്നുതന്നത്. ഓൺലൈൻ ഓഫ്ലൈൻ ഇടങ്ങളിൽ എനിക്ക് സംവദിക്കാൻ അവസരങ്ങൾ നൽകിയവർക്ക് ഒറ്റവാക്കിൽ, സ്നേഹം. ഇതിന്റെ പ്രൂഫ് വായിക്കുകയും തികഞ്ഞ ആത്മാർത്ഥതയിൽ അഭിപ്രായം പങ്കുവയ്ക്കുകയും ചെയ്ത ഡോ. ബാലചന്ദ്രൻ (സത്യൻ) മാഷിന് സ്നേഹവും കടപ്പാടും. ഇത് പ്രസിദ്ധീകരിക്കാൻ തയ്യാറായ മൈത്രിബുക്സിന്റെ ലാൽസലാമിന്

അഭിവാദ്യങ്ങൾ.ഇതിന്റെ പലശകലങ്ങൾ എഴുതുന്നതിന് പ്രേരിപ്പിച്ച സ്റ്റാൻലി ജോണി, സുധീഷ് കോട്ടേമ്പ്രം, രാജീവൻ കുന്നത്ത്, സുബിൻ ഡെന്നിസ്, ജിനോയ് ജോസ്, ശ്രീകുമാർ എന്നിവരും സാമ്പത്തിക ശാസ്ത്ര വിഭാഗത്തിലെ എന്റെ സഹപ്രവർത്തകരും എന്നെ കേൾക്കാനും പ്രോത്സാഹനം നൽകാനും ഒരുമടിയും കാണിക്കാത്ത പ്രിയപ്പെട്ട സഖാക്കളും, എല്ലാ അനുകൂല പ്രതികൂല സാഹചര്യങ്ങളിലും ശക്തിയായ ഹമീദയ്ക്കും വിഹയ്ക്കും, എന്റെ പ്രിയപ്പെട്ട നാസർഖാനും, ആയിഷയ്ക്കും, റഹിയയ്ക്കും, ഫാത്തിമയ്ക്കും ബദർ സമാനും, റലിയക്കും, ഖാദറിനും റഷാദിനും റഫ്ഖാനും ഇക്ബാലിനും, ഇർഫാനക്കും റയ്യമ്മിക്കും സഫിയത്തിനും ഷഹലക്കും മമറഞ്ഞുപോയ റഹീമിനും സക്കീറിനും അയിശബിയ്ക്കും ബക്കൂവിനും നന്ദിയും കടപ്പാടും.

എന്നെ ഞാനാക്കിയ എന്റെ റാബിയത്തിനും കരീമിനും ഗുരുജനങ്ങൾക്കും ഹൃദ്യമായി സമർപ്പിക്കുന്നു.

ഭാഗം ഒന്ന്

നവഉദാരവാദവും പ്രത്യയശാസ്ത്രവും

1

ഉദാര-നവഉദാരവാദങ്ങളെ നിരൂപണ വിധേയമാക്കുമ്പോൾ

നവഉദാരവാദം നിർവചിക്കുമ്പോൾ

രണ്ടാം ലോക യുദ്ധാനന്തരം ലോകത്താകമാനം സ്വീകരിച്ച സാമ്പത്തികനയം സർക്കാർ ഇടപെട്ടുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണല്ലോ. മുതലാളിത്ത വ്യവസ്ഥക്കും അതിന്റെ മൂർത്തസങ്കല്പമായ ലാഭത്തിനും വൻതോതിലുള്ള ഇടിവ് ഈ വികസന രീതി സമ്മാനിച്ചു എന്നത് ചരിത്രം. ഇതിനെ തരണം ചെയ്യുന്നതിന്, ആഗോള ധനമൂലധനം എന്ന ആശയം ആഗോള സാമ്പത്തിക സ്ഥാപനങ്ങളായ ലോക ബാങ്ക്, അന്താരാഷ്ട്ര നാണയ നിധി, അന്തർദേശീയ അമേരിക്കൻ വികസന ബാങ്ക് മുതലായവയുടെ സഹായത്തോടെ നടപ്പിലാക്കിയ, സാമ്പത്തിക രാഷ്ട്രീയ നയങ്ങളാണ് പിൽക്കാലത്ത് നവലിബറൽ ക്രമമായി പരിണമിച്ചത് (Martinez & Garcia, 1996). മാർട്ടിനിയും ഗാർഷ്യയും തങ്ങളുടെ പ്രബന്ധത്തിലൂടെ നവലിബറലിസത്തിന് ഒരു നിയതമായ നിർവചനം നൽകുന്നില്ലെങ്കിലും അതിന്റെ മുന്നൊരുക്കങ്ങളെയും ചാലക ശക്തികളെയും ചിത്രീകരിക്കുന്നുണ്ട്. എങ്ങനെയാണ് നവഉദാരവാദം പ്രവർത്തിക്കുന്നത് എന്നതിന്റെ ഒരു രൂപരേഖ ഇവർ അവതരിപ്പിക്കുന്നു. നവലിബറലിസത്തെക്കുറിച്ച് ഇവർ പരാമർശിക്കുന്ന ചില സവിശേഷതകൾ ചൂണ്ടിക്കാണിച്ച് ഇത് വ്യക്തമാക്കുന്നതാകും ഉചിതം.

കമ്പോള വ്യവസ്ഥയുടെ ആധിപത്യം, സാമൂഹിക സേവന മേഖലയിലെ സർക്കാർ ചെലവ് ചുരുക്കുക, എല്ലാത്തരം സാമ്പത്തിക ക്രയ-വിക്രയ നിയന്ത്രണങ്ങളും എടുത്തുകളയുക, പൊതുമുതൽ അഥവാ സാർവജനീന വസ്തുക്കൾ ഇല്ലാതാക്കുക, ഇതിലൂടെ സ്വകാര്യവത്കരണം സമ്പൂർണ്ണമാക്കുക തുടങ്ങിയവയാണ് നവഉദാരവാദത്തിന്റെ സവിശേഷതകൾ. ഈ സവിശേഷതകൾ നവലിബറലിസത്തിന്റെ സകാരാത്മക (positive) സവിശേഷതകളായാണ് ഇവിടെ അടയാളപ്പെടുത്തുന്നത്. എപ്രകാരമാണ് സകാരാത്മക ഗുണങ്ങൾ നമ്മൾ ഉൾക്കൊള്ളു

ന്നത് എന്ന് മനസ്സിലാക്കുമ്പോൾ നേരത്തെ സൂചിപ്പിച്ച സ്വാഭാവികത്വം നവലിബറൽ ക്രമം ഉത്പാദിപ്പിക്കുന്നത് എപ്രകാരമാണെന്നു വ്യക്തമാകും. എന്നാൽ സകാരാത്മക സ്വഭാവം മാത്രം കൊണ്ട് ഒരു പ്രത്യയശാസ്ത്രത്തിന് ഒരിടത്തും വേരൂന്നാൻ കഴിയില്ല, അതിനാൽ ഏതൊരു പ്രത്യയശാസ്ത്രത്തിന്റെ വളർച്ചക്കും ആഖ്യാനാത്മകമായ (normative) സാഹചര്യങ്ങളുടെ പിൻബലം അനിവാര്യമായിത്തീരുന്നു. പ്രഭാത് പട്നായിക്കിന്റെ അഭിപ്രായത്തിൽ നവലിബറൽ ക്രമം രണ്ട് കാര്യങ്ങളിലാണ് വ്യത്യാസം അടയാളപ്പെടുത്തുന്നത്: 'ഒന്ന്, ജനപക്ഷത്ത് നിന്നു കൊണ്ട് പ്രവർത്തിക്കേണ്ട സർക്കാർ-ഭരണ സംവിധാനങ്ങൾ അധ്വാനിക്കുന്ന ജനവിഭാഗം കല്പ്പിച്ചുനൽകിയ അധികാരത്തെ ധനമൂലധനത്തിന്റെ ഉന്നമനത്തിനുവേണ്ടി മാത്രം ഉപയോഗപ്പെടുത്തുന്നു. രണ്ട്, അതിർത്തികൾ ലംഘിച്ച് ഒഴുകുന്ന ധനമൂലധനം പ്രത്യക്ഷമായി ഒരു സാമ്രാജ്യത്വ ശക്തിയുടെ കീഴിലല്ലെങ്കിലും, യുഎസ്സിന് കീഴിലുള്ള ഏകധ്രുവ ലോകത്തെ പരിപോഷിപ്പിക്കുകയും, അതുവഴി മൂലധനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന സാമ്പത്തിക ക്രമത്തെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.' ഒന്നാമത്തേത്, ഒരു രാജ്യത്തിന്റെ ആഭ്യന്തര പ്രവർത്തനങ്ങളിൽ ധനമൂലധനം ചെലുത്തുന്ന സ്വാധീനവും രണ്ടാമത്തേത്, എത്തരത്തിൽ, ആരുടെയൊക്കെ താല്പപര്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നതിന്റെ കേന്ദ്രീകൃതമായ അജണ്ടയുമാണ് വ്യക്തമാക്കുന്നത് (Patnaik, 2006). ഈ വഴക്കത്തെ (praxis) നവലിബറലിസത്തിന്റെ ആഖ്യാനാത്മക (Normative) സവിശേഷതയായി നമുക്ക് അടയാളപ്പെടുത്താം. നവഉദാരവാദത്തിന്റെ സകാരാത്മക - ആഖ്യാനാത്മക സ്വഭാവങ്ങളെ മനസ്സിലാക്കുമ്പോഴാണ് എപ്രകാരമാണ് നവഉദാരവാദവുമായി നമ്മുടെ ദിനചര്യകൾ പോലും സംവദിക്കുന്നത് എന്ന് വ്യക്തമാകുന്നത്. ഇന്ത്യയുടെ സാഹചര്യത്തിൽ നവലിബറൽ വ്യവസ്ഥയുടെ വ്യാപ്തി മനസ്സിലാക്കാനും ഇത് നന്നായി സഹായിക്കുന്നതാണ്. ഇതിന്റെ ആദ്യപടി എന്ന നിലയ്ക്ക്, ഉദാരവാദത്തിന്റെ അടിസ്ഥാനമായ വ്യക്തിസ്വാതന്ത്ര്യത്തിന്റെ താത്ത്വികവും പ്രയോഗപരതയും എപ്രകാരമാണ് ലിബറൽ ചിന്താമണ്ഡലത്തിൽ ഉരുവാകുന്നതെന്നും എപ്രകാരമാണ് കമ്പോള വ്യവസ്ഥയിൽ ഇതിനു പ്രവർത്തിക്കുവാൻ ആകുന്നതെന്നും പരിശോധിക്കേണ്ടതുണ്ട്. എപ്രകാരമാണ് നവഉദാരവാദത്തിൽ വ്യക്തിസ്വാതന്ത്ര്യം പ്രതിപാദിക്കപ്പെടുന്നതെന്നും പരിശോധിക്കാം.

ഉദാരവാദത്തിലെ വ്യക്തിസ്വാതന്ത്ര്യം

ക്ലാസിക്കൽ ഉദാരവാദത്തിന്റെ പ്രധാന സവിശേഷത വ്യക്തി സ്വാതന്ത്ര്യമാണ്. ഇതിനെത്തന്നെ ചിത്തസ്വാതന്ത്ര്യം എന്നും മാനുഷിക സ്വാതന്ത്ര്യമെന്നും ഫ്രീഡൻ വിശേഷിപ്പിച്ചിരിക്കുന്നു (Freeden, 2015). രാജ്യവും ഭരണവും നിയമവാഴ്ചയിൽ അധിഷ്ഠിതമായി വ്യക്തി സ്വാതന്ത്ര്യത്തെ നയിച്ചാൽ മതി എന്നാണ് ഇവർ പറയുന്നത്. അന്തസ്സും സ്വാതന്ത്ര്യവും വ്യക്തികളെ സംബന്ധിച്ച് അങ്ങേയറ്റം പ്രലോഭനപരമായ കാഴ്ചപ്പാടാണ്. ഇത് ആധുനികതയുടെ വ്യക്തിമുദ്രകൂടിയാണ്; അഥവ ലിബറൽ (ഉദാര) വാദത്തിന്റെ കേന്ദ്രബിന്ദു. ഇവിടെ അന്തസ്സ് എന്ന പ്രയോഗത്തിന് പകരം തുല്യത എന്ന മാനദണ്ഡമാണ് ക്ലാസിക്കൽ ലിബറൽ വീക്ഷണത്തിൽ ഊന്നൽ നൽകുന്നത്. നവഉദാരവാദികളുടെ അഭിപ്രായത്തിൽ മാനുഷികമായ ഈ നന്മകളെ പ്രതിരോധത്തിലാഴ്ത്തുന്ന ഭരണവ്യവസ്ഥകളാണ് ഫാസിസ്റ്റ്-ഏകാധിപത്യ സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്നത്. മാത്രവുമല്ല, കേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന എല്ലാ സർക്കാർ നിയന്ത്രിത സംവിധാനങ്ങളും വ്യവസ്ഥകളും വ്യക്തി സ്വാതന്ത്ര്യത്തെ പ്രതിരോധത്തിലാഴ്ത്തും. ഇവയെല്ലാം വ്യക്തികളുടെ സ്വാതന്ത്ര്യത്തെയും അവരുടെ അന്തസ്സിനെയും നിരന്തരം അസാധുവാക്കാൻ സാധ്യതയുള്ളതാണ് എന്നതാണ് ഈ കാഴ്ചപ്പാടിന്റെ കാതൽ. സ്വാതന്ത്ര്യവും വ്യക്തികളുടെ അന്തസ്സും രണ്ട് പ്രധാന മൂല്യങ്ങളാണ് എന്നതിൽ തർക്കമില്ല. എങ്കിലും ഇവ സർക്കാരുകൾ ഇല്ലാതെ സാധ്യമാകുമോ എന്നതിനാണ് ഇവിടെ പ്രസക്തി. കാരണം, എക്കാലത്തും സ്വാതന്ത്ര്യബോധത്തിൽ നിന്നാണ് സാമൂഹികമാറ്റം സാധ്യമാകുന്നത് എന്നിരിക്കെ, സ്വാതന്ത്ര്യത്തിനായി സംഘടിക്കുന്നതോടുകൂടി സ്വാതന്ത്ര്യം എന്ന ആശയം സ്ഥാപനവത്കരിക്കപ്പെടുന്നു. സ്ഥാപനവൽക്കരണം അധികാരത്തിന്റെ പ്രയോഗമാണ് എന്ന് ലിബറലിസത്തിന്റെ ഉജ്ജ്വലനക്ഷത്രമായ റൂസ്സോ തന്നെ വാദിക്കുന്നുമുണ്ട് (Rousseau, 2006). കാൽ പൊളാനി തന്റെ 'മഹത്തായ മാറ്റം' (The Great Transformation) എന്ന ഗ്രന്ഥത്തിൽ പറയുന്നത് സ്വാതന്ത്ര്യത്തിന്റെ അർത്ഥം തന്നെ പരസ്പരവിരുദ്ധമാണ് എന്നാണ്. ആയതിനാൽ സ്വാതന്ത്ര്യം തന്നെ പാരതന്ത്ര്യത്തിനു കാരണമാകുന്ന പ്രതിഭാസമായി മാറാം എന്നതും ഇതിന്റെ വൈരുദ്ധ്യമാണ്.

സ്വാതന്ത്ര്യത്തിലെ നൈതികതയെ വ്യക്തമാക്കാൻ

പൊളാനി ശ്രമിക്കുന്നത് പരിശോധിക്കുമ്പോൾ: 'നല്ല സ്വാതന്ത്ര്യവും ചീത്ത സ്വാതന്ത്ര്യവും ഉണ്ട്; സഹജീവികളെ ചൂഷണം ചെയ്യുന്നത് സ്വാതന്ത്ര്യത്തിന്റെ ചീത്ത രൂപവും സഹജീവികൾക്ക് ഉപകാരപ്രദമാകുന്ന പ്രവർത്തനങ്ങൾ നല്ല സ്വാതന്ത്ര്യവും ആണ്' എന്ന് നിർവ്വചിക്കാം (Polani, 1957). ഇതേ ചിന്തയെ പ്രഹസനരൂപത്തിൽ സ്വാതന്ത്ര്യം അടിമത്വം എന്ന് ഓർവെൽ ചിത്രീകരിക്കുന്നു (Orwell, 2008). ഓർവെല്ലിന്റെ ഈ ഓർമ്മപ്പെടുത്തൽ റൂസ്സോതന്നെ അഭിപ്രായപ്പെട്ട സ്വാതന്ത്ര്യവും അടിമത്ത്വവും അധികാരത്തിന്റെ ഒരേ ഉൽപന്നം എന്ന വാദത്തെ അടിസ്ഥാനമാക്കി ഉരുത്തിരിയുന്നതായിരിക്കാം. കാരണം, സ്വാതന്ത്ര്യവും അടിമത്ത്വവും അധികാര വിനിയോഗത്തിന്റെ നൈതികതക്കയ്നുസരിച്ച് തകിടം മറിയാവുന്നതേ ഉള്ളുവെന്ന് റൂസ്സോ സോഷ്യൽ കോട്രാക്ടിൽ വ്യക്തമാക്കുന്നുണ്ട്. ഇവിടെ യുക്തിപരമായി നാം ഒരു പ്രതിസന്ധിയിൽ അകപ്പെടുകയാണ്. അധികാരത്തിൽ നിന്നുള്ള മോചനമായ സ്വാതന്ത്ര്യം പ്രാപ്തമാക്കുന്നതിന് അധികാരം പ്രയോഗിക്കേണ്ടി വരുന്നു എന്ന ആന്തരിക വൈരുധ്യമാണ് ആ യുക്തിവൈപരീത്യം. അടുക്കളയിലാണ് ഭക്ഷണം പാകം ചെയ്യുന്നതെങ്കിലും എന്ത് പാകം ചെയ്യണം എന്നത് അടുക്കളയിലല്ല തീരുമാനിക്കുന്നത് എന്നപോൾ ബാരന്റെ (Baran, 1957) അഭിപ്രായം പോലെയാണ് ഇതിന്റെ പ്രായോഗികത.

ലോകമെമ്പാടുമുള്ള സാമൂഹിക-രാഷ്ട്രീയ-വിദ്യാർത്ഥി പ്രസ്ഥാനങ്ങളും അവർ സംഘടിപ്പിക്കുന്ന പ്രക്ഷോഭങ്ങളുമെല്ലാം ലിബറലിസത്തിന്റെ അന്തസ്സത്തയായ സ്വാതന്ത്ര്യവും അന്തസ്സും തന്നെയാണ് ഉയർത്തിപ്പിടിക്കുന്നത് (Buono & Lara, 2007). മുഖ്യധാരാ ഭരണ-അധികാര ശക്തികൾക്ക് നേരെ അതതു കാലങ്ങളിൽ വിമത പ്രവർത്തനങ്ങൾക്ക് തിരിതെളിച്ചതും ഈ ആശയത്തിന്റെ ശക്തി തന്നെയാണ്. വ്യക്തികൾക്ക് സ്വതന്ത്രവും വ്യക്തിപരവുമായും തീരുമാനങ്ങൾ നിർദേശിക്കാൻ സാധിക്കുന്ന ഒരു സാമൂഹിക സാഹചര്യത്തിൽ, മേൽപ്പറഞ്ഞ മൂല്യങ്ങൾ സാമൂഹിക മാറ്റത്തിന്റെ ചാലകശക്തിയായി വർത്തിക്കും. ഇവിടെ സ്വാഭാവികമായി ഉയർന്നു വരുന്ന സംശയം ലിബറൽ ആശയവും നവലിബറൽ ആശയവും തമ്മിൽ സാമ്യമില്ലേ എന്നതാണ്. ഇതേ ചോദ്യം തന്നെ മറ്റ് സാമൂഹിക-സാമ്പത്തിക-ഭരണ പ്രത്യയശാസ്ത്രങ്ങളായ സാമൂഹിക ജനാധിപത്യത്തിലും (social democracy) കമ്മ്യൂണിസത്തിലുമൊക്കെ ഉന്നയിക്കാവുന്നതാണ്. എന്നാൽ ഇതിന്റെ അടിസ്ഥാനശില യൂറോപ്പിൽ

ഉത്ഭൂതമായ ആധുനിക ജനാധിപത്യ വാദമായ ലിബറലിസത്തി ലായതിനാൽ അതിനെ വിശദീകരിക്കാതെ ഈ പ്രശ്നം ചർച്ച ചെയ്യുക പ്രയാസമാണ്. മാത്രവുമല്ല, ഉദാരവാദത്തിന്റെ വിശദീ കരണങ്ങൾ തന്നെ വിഭിന്നമായ രീതിയിലാണ്, ബ്രിട്ടീഷ് അമേ രിക്കൻ അക്കാദമിക മണ്ഡലത്തിൽ നിലനിൽക്കുന്നത്.

ലിബറലിസം എന്ന പദം യുഎസിൽ അർത്ഥമാക്കുന്നത് സർക്കാർ ഇടപെടലോടുകൂടിയ സാമൂഹികക്ഷേമപ്രവർത്ത നങ്ങളാകുമ്പോൾ, ബ്രിട്ടണിൽ സർക്കാർ ഇടപെടലുകൾ വേണ്ടാത്ത സാമൂഹികക്ഷേമപ്രവർത്തനമാണെന്നാണ് അർത്ഥ മാക്കുന്നത് (Harvey 2005). നേരത്തെ നവഉദാരവാദത്തിന്റെ സകാരാത്മകവും-ആഖ്യാനാത്മകവുമായ സ്വഭാവജന്യതയെ വിശദീകരിച്ചതിൽ നിന്നും ഇത് ഉദാര-നവഉദാരവാദ പ്രയോഗ ങ്ങളിൽ ഒരുപരിധിവരെ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. ഈ ആശയക്കുഴപ്പം സാധാരണക്കാരെന്നോ ബുദ്ധിജീവികളെന്നോ വേർതിരിവില്ലാതെ തന്നെ നിലനിൽക്കുന്നുമുണ്ട്. അതിനാൽ തന്നെ നവലിബറൽ കാലം എന്ന് പൊതുവിൽ പറയുമ്പോൾ നാം നമ്മളെ എവിടെ പ്രതിഷ്ഠിക്കണം എന്നതും നിർധാരണം ചെയ്യേണ്ടതുണ്ട്.

ഉദാരവാദത്തിന്റെ തന്നെ പഠിതാക്കൾ സൂചിപ്പിക്കുന്നത് ഒരു പ്രത്യേകതരം ഉദാരവാദം മാത്രമായി നിലനിൽക്കുന്നില്ല എന്നാണ് (Freeden 1996; 2015). പ്രത്യേകതരത്തിലുള്ള വിശദീ കരണത്തിനു മാത്രം ഉദാരവാദത്തെ ഉൾക്കൊള്ളാനാവില്ല എന്ന ധ്വനിയും പരിമിതിയുമാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. ഇതിന് ഉദാഹരണമായി പലപ്പോഴും ചൂണ്ടിക്കാണിക്കുന്നത്, ക്ലാസിക്കൽ ലിബറലിസം, സോഷ്യൽ ലിബറലിസം, മുതലായവയാണ്. ഇവതന്നെയാണ് ഈ രചനയെ സംബന്ധിച്ചും പ്രസക്തമാകുന്ന വിഷയവും. തുടക്കത്തിൽ സൂചിപ്പിച്ച ഉദാരതയുടെ ഏതെ ങ്കിലും ഘടകങ്ങൾ, നിഴലുകളായി എല്ലാ ലിബറൽ വാദങ്ങളി ലുമുണ്ട്. ഈ വെല്ലുവിളികളെ തരണം ചെയ്തു മുന്നേറുക എന്ന ശ്രമകരമായ പ്രവൃത്തിയാണ് ഈ ഭാഗം മുന്നോട്ടുവയ്ക്കുന്നത്. അതിനാൽ ഉദാരവാദം എന്നു പ്രയോഗിക്കുമ്പോൾ വ്യക്തമാ ക്കേണ്ടത് ക്ലാസിക്കൽ ഉദാരവാദമാണോ അല്ലയോ എന്ന വസ്തു തയാണ്. യുഎസ്സിൽ വ്യാഖ്യാനിക്കപ്പെട്ട ലിബറലിസം യഥാർ ത്ഥത്തിൽ സോഷ്യൽ ഡെമോക്രസിയുമായി അടുത്തുനിൽക്കുന്ന യുക്തിയാകാനാണ് ഏറെയും സാധ്യത. എന്നാൽ ബ്രിട്ടണിൽ രൂപപ്പെട്ട ഉദാരവാദം അതല്ല വിശദമാക്കുന്നത്. ഇതിനെയാണ് ക്ലാസ്സിക്കൽ ഉദാരവാദം എന്ന് പരാമർശിച്ചത്. ഇതിന് അനു

ബന്ധമായി ചർച്ച ചെയ്യപ്പെടേണ്ട രണ്ട് ചോദ്യങ്ങളാണ്, എന്താണ് ഉദാരവാദം (ലിബറലിസം) എന്നതും, അതെങ്ങനെ നവഉദാരവാദവുമായി (നിയോലിബറലിസം) ബന്ധപ്പെട്ടിരിക്കുന്നു എന്നതും. ഈ ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ തന്നെ എന്തുകൊണ്ട് ഉദാരവാദത്തിൽ നിന്നും ലോകം സോഷ്യൽ ഡെമോക്രസിയിലേക്ക് മാറി; അഥവാ ക്ലാസിക്കൽ ഉദാരവാദത്തിൽ നിന്നും സാമൂഹിക ജനാധിപത്യത്തിലേക്ക് എന്തുകൊണ്ടാണ് പലരാജ്യങ്ങളും ചുവടുമാറ്റിയത്. നവഉദാരവാദം സാമൂഹിക ജനാധിപത്യത്തിൽ നിന്നും രാജ്യങ്ങളെ പിന്തിരിപ്പിക്കാൻ ശേഷിയുള്ള ആശയധാരയാണോ, അതോ നവലിബറലിസത്തിലൂടെ സാമ്രാജ്യത്വത്തിന്റെ തിരിച്ചുവരവാണോ സൃഷ്ടിക്കുന്നത്; തുടങ്ങി നിരവധി ചോദ്യങ്ങൾക്ക് നാം ഉത്തരം കണ്ടെത്തേണ്ടതായുണ്ട്. ഈ പശ്ചാത്തലത്തിൽ ഉദാരവാദം ധൈഷണികമായി എത്രകണ്ട് സ്വീകാര്യമാണ് എന്ന ചിന്തയ്ക്ക് പ്രായോഗിക തലത്തിലും വ്യാപ്തിയിലും ഇതിനെ മനസ്സിലാക്കുന്നത് അത്യാവശ്യമാണ്. അതിനാൽ ഉദാരവാദം, സാമൂഹിക ജനാധിപത്യം തുടങ്ങിയ ലിബറൽ ആശയങ്ങൾ എപ്രകാരമാണ് നവഉദാരവാദവുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്നതും വിവരിക്കുകയാണ്.

ഉദാരവാദവും അതിന്റെ സവിശേഷതകളും

വ്യക്തിസ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമാണ് ഉദാരവാദം എന്ന് പരാമർശിച്ചല്ലോ. ചിന്തിക്കുന്നതിനും സംസാരിക്കുന്നതിനും സ്വാതന്ത്ര്യം ആവശ്യമാണ് എന്ന കാഴ്ചപ്പാടിൽ നിന്നാണ് ഉദാരവാദത്തിന്റെ ചരിത്രം ഉരുത്തിരിയുന്നത് (Cranston 1967; Gaus 2003; Freeden 2015). അതുകൊണ്ടുതന്നെ ഉദാരവാദത്തിന്റെ അസ്തിത്വം നിലനിൽക്കുന്നത് പതിനേഴും പതിനെട്ടും നൂറ്റാണ്ടിലുണ്ടായ ബൗദ്ധിക വികാസത്തിലും വ്യക്തിത്വ വാദത്തിന്റെ പ്രസക്തിയിലുമാണ്. ഇത് സാധ്യമാക്കിയത് സ്വാതന്ത്ര്യ ബോധവും അതിന്റെ പ്രേരകമായി പ്രവർത്തിച്ച വ്യവസായവൽക്കരണവുമാണ്. വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്തിയ സാമൂഹികഘടകം കാർഷിക വിപ്ലവവും അതിനെ ത്വരിതപ്പെടുത്തിയത് അന്തർദേശീയ വ്യാപാരബന്ധങ്ങളിലുണ്ടായ മാറ്റങ്ങളുമാണ്. യൂറോ കേന്ദ്രീകൃത സാമൂഹിക സാമ്പത്തിക വികസനത്തിന്റെ രേഖാചിത്രം കൂടിയാണ് മേൽപറഞ്ഞ മാറ്റത്തിന്റെ സഞ്ചാരപഥം. യൂറോപ്പിൽ നടന്ന ഈ ബൗദ്ധികമാറ്റം അന്തർദേശീയമായുണ്ടായ സാംസ്കാരിക-രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥയുടെ ചലനാത്മക

തയും അതിന്റെ ഉൽപന്നവും ആണ്. ഉദാരവാദം പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളോടുകൂടി മാത്രമാണ് സൈദ്ധാന്തിക വൽകരിക്കപ്പെട്ടതെങ്കിലും വസ്തുതാപരമായി ഇത് നവോത്ഥാനത്തിന്റെ ഉല്പന്നമായി വേണം മനസ്സിലാക്കാൻ. നിരന്തരം മാറ്റത്തിനും പരിവർത്തനത്തിനും വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു സാമൂഹിക വ്യവസ്ഥയിൽ ഉത്ഭവിക്കുന്ന പ്രത്യയശാസ്ത്രങ്ങളും നിരന്തരം പരിവർത്തനത്തിന് വിധേയമാകും, ഉദാരവാദവും മറിച്ചല്ല. ഉദാരവാദത്തിന്റെ നൈസർഗികമായ ഗുണങ്ങളുടെ വിശദീകരണത്തിലൂടെ നമുക്ക് ഇതിനുവന്ന മാറ്റങ്ങളേയും വരച്ചിടാം.

സത്യത്തിൽ (Truth) അധിഷ്ഠിതമായ കാഴ്ചപ്പാടാണ് ഉദാരവാദം മുന്നോട്ടുവയ്ക്കുന്നത് എന്ന വാദം ഗൗസിനെപ്പോലുള്ള അക്കാദമിക്കുകൾ മുന്നോട്ടുവയ്ക്കുന്നുണ്ട് (Gaus 2003). ഉദാരവാദത്തെ അലംഘനീയമായ ഒരു പ്രത്യയശാസ്ത്രമാക്കുക മാത്രമാണ് ഇത്തരം പ്രയോഗങ്ങളിലൂടെ ചെയ്യുന്നത്. ഉദാരവാദമെന്ന തികഞ്ഞ മെറ്റീരിയലിസ്റ്റ് യാഥാർഥ്യത്തെ പറിച്ച് സങ്കൽപ്പരൂപമായി പ്രതിഷ്ഠിക്കുന്ന റിഡക്ഷനിസ്റ്റ് വാദമായേ നമുക്കിതിനെ കാണാൻ കഴിയു. ഉദാരവാദത്തിന്റെ യുക്തി അന്വേഷിച്ചാൽ ജോൺ മിൽട്ടണിലും ജെ എസ് മില്ലിലുമൊക്കെ (Milton 1925; Mill 1991) നമുക്ക് ഈ പ്രത്യയശാസ്ത്രത്തിന്റെ വേരുകൾ കാണാൻ സാധിക്കും. ആധുനികത ബഹുദൂരം മുന്നോട്ടുപോകുമ്പോൾ “സത്യം” എന്നത് ഒന്നല്ല എന്ന വാദം, ശാഖോപശാഖ പഠനങ്ങളിലൂടെ മുന്നോട്ടുവയ്ക്കുമ്പോൾ ഗൗസിനോട് യുക്തിയുക്തം വിയോജിക്കേണ്ടിവരും. അല്ലാത്ത പക്ഷം ഉദാരവാദത്തിന്റെ സാമാന്യ ജീവിതത്തിലെ വഴക്കം (praxis) ചോദ്യം ചെയ്യപ്പെടുന്ന അവസരമുണ്ടായേക്കാം. ചുരുക്കത്തിൽ ഉദാരവാദം യാഥാർഥ്യങ്ങളുടെ യുക്തിയുക്തമായ വിശദീകരണങ്ങളും ഇതിനായി സാമാന്യ ജീവിതത്തിൽ വഴങ്ങുന്ന യുക്തിഭദ്രതയുമാണ് മുന്നോട്ടുവയ്ക്കുന്നത്. അതല്ലാതെ സമഗ്ര-സത്യം എന്നത് മൗഢ്യവും, അത്തരം പരാമർശങ്ങളുടെ വിശദീകരണം വിഫലവുമാണ്. ഈ വൈരുദ്ധ്യങ്ങൾക്കപ്പുറത്തും എന്തുകൊണ്ടാണ് ഉദാരവാദം വലിയതോതിലുള്ള ബൗദ്ധിക പിന്തുണ നേടിയതെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്.

മിൽട്ടണും മില്ലും ഉദാരവാദത്തിന്റെ ആശയമാഹാത്മ്യം വാഴ്ത്തുകയും ഫുകുയാമ അതിന്റെ ആത്യന്തിക വിജയം 1990 കളിൽ വരിച്ചുവെന്ന് പ്രഖ്യാപിക്കുകയും (Fukuyama 1992)

ചെയ്യുമ്പോൾ തത്ത്വത്തിൽ ഉദാരവാദത്തിന്റെ സാർവത്രികത യാണ് ഈ പ്രചാരണങ്ങൾ മുന്നോട്ടുവയ്ക്കുന്നതെന്നുകാണാം. എന്നാൽ ഉദാരവാദം തന്നെ നിലനിൽക്കുന്ന, ഉദാര ജനാധിപത്യം (liberal democracy) സ്ഥാപനവല്കൃതമാ ണെന്നത് ഇതിന്റെ ആന്തരിക വൈരുദ്ധ്യത്തെ വെളിവാക്കുന്നു. ഇതിലെ ജനാധിപത്യം എന്ന പ്രയോഗം വ്യക്തികളുടെ തിരഞ്ഞെടുപ്പിനുള്ള അവകാശം സാധ്യമാക്കുന്നതുമൂലം ഉദാര സങ്കല്പങ്ങളെ നീതികരിക്കുന്നു. ഈ നീതീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ഉദാരജനാധിപത്യവാദികൾ ഉദാരവാ ദത്തെ സ്വാംശീകരിക്കുന്നത്. ഇതിലെ പ്രധാന പ്രശ്നം ജനാധിപത്യ പ്രക്രിയ ന്യായയുക്തവും (fair) നിയന്ത്രിതവും, ആസകലവും (inclusive), സ്വയം വിമർശനപരവും, സഹിഷ്ണു തയിലധിഷ്ഠിതവുമാണ് എന്ന പൊതു ഭാവനയാണ്, അല്ലാതെ ജനാധിപത്യം ഭൂരിപക്ഷ ഭരണമല്ല. ഉദാരവാദം ഈ മാനദണ്ഡ ത്തിൽ വിശ്വസിച്ചുകൊണ്ടാണ് 'ലിബറൽ ഡെമോക്രസി' എന്ന സാധ്യതയെ സ്വീകരിക്കുന്നത് (Ahmad 2017).

ഇന്നത്തെ ലോകത്ത്, പ്രത്യേകിച്ചും ഫുകുയാമ വിജയം കൈവരിച്ചുവെന്ന് അവകാശപ്പെടുന്ന ലോകക്രമത്തിൽ ഉദാര വാദമോ ഉദാരജനാധിപത്യമോ വഴങ്ങില്ല. കാരണം ജനാധിപത്യ ത്തിന്റെ പൊതുമൂല്യങ്ങളെ തിരസ്കരിക്കുന്ന സൈദ്ധാന്തിക-പ്രവർത്തന രീതിയാണ് ഫുകുയാമ അവകാശപ്പെടുന്ന ലോകക്രമം മുന്നോട്ടുവയ്ക്കുന്നത്. അത് ഉദാരവാദമല്ല എന്നത് വിശദീകരണങ്ങളില്ലാതെ തന്നെ വ്യക്തമാണ്. അതിനാൽ വർഗ്ഗീ കരിക്കപ്പെട്ട രാഷ്ട്രീയ ജീവിതത്തിൽ പരസ്പര ബഹുമാനത്തി ലൂന്നിയ ആധുനിക മൂല്യങ്ങളെയും നീതിയെയും വിവേകപൂർണ മായി അംഗീകരിക്കാൻ ഫുകുയാമയുടെ ഉദാരവാദത്തിന് കഴിയുമോ എന്നത് നിരൂപണാത്മകമായി ഉയർത്താവുന്ന ചോദ്യമാണ്. ഉദാരമായ മൂല്യങ്ങളേയും നീതിയേയും വിവേക പൂർണമായി വിനിയോഗിക്കണമെങ്കിൽ വിവിധ തരം പ്രതിമാന ങ്ങൾ (standards) ഇതിനായി അനുകരിക്കേണ്ടതോ പിന്തുടരേ ണ്ടതോ ഉണ്ട്. അത്തരം അനുകരണങ്ങൾ വ്യക്തിസ്വാതന്ത്ര്യ ത്തിനു കൂച്ചുവിലങ്ങായി മാറും എന്ന പ്രശ്നം, ഉദാരവാദത്തിന്റെ നൈതികതയെ ചോദ്യം ചെയ്തേക്കാം. അതിനാൽ തന്നെ ഉദാരവാദത്തിന്റെ സാർവലൗകികതയും വഴക്കവും സംശയാ സ്പദമാണ്. ഇത് വ്യക്തമാക്കുന്നതിന്, വ്യക്തിസ്വാതന്ത്ര്യത്തിൽ ഊന്നിയുള്ള തിരഞ്ഞെടുപ്പുകൾ (choice based on liberty) ഏതെങ്കിലും തരത്തിലുള്ള യുക്തിവൈപരീത്യം സൃഷ്ടിക്കുമോ

എന്ന് പരിശോധിക്കാം.

അമർത്യസെൻ തന്റെ ഉദാരതാ-വൈപരീത്യം (Liberal Paradox) എന്ന സൈദ്ധാന്തിക പ്രമേയത്തിൽ സ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായ തിരഞ്ഞെടുപ്പിൽ യുക്തിവൈപരീത്യം ഉണ്ട് എന്ന് വ്യക്തമാക്കുന്നുണ്ട് (Sen 1970a; 1970b). ഇതുപ്രകാരം കുറഞ്ഞത് രണ്ടുപേരുള്ള സമൂഹത്തിൽ രണ്ടുപേർക്കും തിരഞ്ഞെടുക്കാൻ ഒരുപോലെ സ്വാതന്ത്ര്യമുള്ള സാഹചര്യം നിലനിൽക്കുകയാണ് എന്ന് കരുതുക. എങ്കിൽ സമൂഹത്തിന്റെ തീരുമാനം എന്ന നിലപാട് വ്യക്തികളുടെ തിരഞ്ഞെടുക്കൽ സ്വാതന്ത്ര്യത്തെ ലംഘിക്കുമെന്നാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഉദാരതാവാദത്തിൽ വ്യക്തികൾ മാത്രമേ ഉള്ളൂ എന്നതിനാൽ വ്യക്തികളുടെ സ്വാതന്ത്ര്യം സമൂഹത്തിന്റെ സ്വാതന്ത്ര്യമോ വ്യക്തികളുടെ തിരഞ്ഞെടുപ്പുകൾ (choice) സമൂഹത്തിന്റെ തിരഞ്ഞെടുപ്പോ അല്ല എന്ന യുക്തിയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. വ്യക്തികളുടെ നല്ല പ്രവർത്തനങ്ങൾ സമൂഹത്തിന്റെ നന്മയിൽ കലാശിക്കും എന്ന ആഡംസ്മിത്തിന്റെ അനുമാനയുക്തി (inductive logic) പരാജയപ്പെടുന്നതായാണ് ഇവിടെ വ്യക്തമാകുന്നത് (Smith 1776/2008). ഇത് ലിബറലിസത്തിന്റെ തന്നെ ആന്തരിക വൈരുധ്യമായി ചൂണ്ടിക്കാണിക്കുന്നതിൽ തെറ്റുമില്ല. ഈ അവസ്ഥയെയാണ് ഉദാരവാദത്തിന്റെ സമുന്നതനായ വക്താവ് റൂസ്സോ വളരെ ശ്രദ്ധാപൂർവം ചൂണ്ടിക്കാട്ടിയത്. "ലിബറലിസം വളരെ പ്രസക്തമായ മാനുഷിക നൈതികതയായിരിക്കുമ്പോഴും അധികാരം എന്ന വ്യവസ്ഥ വ്യത്യസ്ത സ്ഥാപനങ്ങളുടെ രൂപത്തിൽ വ്യക്തിസ്വാതന്ത്ര്യം എന്ന നൈതികതയെ അസന്ദിഗ്ദ്ധമായി പിന്തുണയ്ക്കുകയും പ്രതിലോമമായ പ്രവർത്തനങ്ങളിലൂടെ ദുർബലപ്പെടുത്തുകയും ചെയ്യും" (Rousseau 2006). ഈ ഓർമ്മപ്പെടുത്തൽ റൂസ്സോയുടെ ദാർശനികമായ ഔന്നത്യം വ്യക്തമാക്കുന്നതാണ്. മാത്രവുമല്ല, വ്യക്തികളുടെ താല്പര്യങ്ങളുടെ സങ്കലനം സമൂഹത്തിന്റെ താല്പര്യമാണ് എന്നത് തെറ്റായ ദർശനവുമാണ്. മറിച്ച്, സമൂഹത്തിന്റെ ശരി എല്ലാ വ്യക്തികളുടെയും ശരിയാണ് എന്നതും തെറ്റായ ദർശനമാണ് (individual optimality leads social suboptimality and social optimality leads individual suboptimality). അതിനാൽ ഉദാരവാദം പ്രസംഗിക്കാൻ നല്ലതാണെന്നും പ്രാവർത്തികമാക്കാൻ അങ്ങേയറ്റം ദുഷ്കരമാണെന്നും ഫ്രീഡൻ തന്നെ അഭിപ്രായപ്പെടുന്നുണ്ട് (Freeden 2015).

നേരത്തെ സൂചിപ്പിച്ച സമഗ്ര സത്യമെന്ന നിലയുടെയോ,

ഫുകുയാമ വാദിച്ച ഉദാരവാദത്തിന്റെ അലംഘനീയതയുടെ മറുകാഴ്ചയോ ആണ് ഇവിടെ വ്യക്തമാകുന്നത്. ചുരുക്കത്തിൽ നിയന്ത്രിതമല്ലാത്ത ലിബറലിസം വെറും ആദർശവും സാധാരണ ജീവിതത്തിൽ വഴക്കമില്ലാത്തതുമാണ് എന്ന വസ്തുതയാണ് വ്യക്തമാക്കുന്നത്. അത് നേരത്തെ സൂചിപ്പിച്ച മെറ്റീരിയലിസ്റ്റ് കാഴ്ചപ്പാടിന്റെ സൗന്ദര്യമായി ആശ്വസിക്കാവുന്നതാണ്. അതിനാൽ യഥാർത്ഥ ജീവിതത്തിൽ പൂർണമായും ക്ലാസ്സിക്കൽ ഉദാരവാദത്തിന്റെ പ്രയോഗം അത്രകണ്ട് വിജയമല്ല എന്നിരിക്കെയാണ് അമേരിക്കയിലെ ഉദാരവാദത്തിന് സർക്കാരിന്റെ സഹായം ആവശ്യമാണ് എന്ന നിലപാടിൽ എത്തിച്ചേരാൻ കഴിയുന്നത്. എന്നാൽ സ്റ്റേറ്റ് ഇടപെടുന്ന ഉദാരവാദം ക്ലാസിക്കൽ ഉദാരവാദമേയല്ല. സോഷ്യൽ ഉദാരവാദം എന്നപേരിൽ ദശാബ്ദങ്ങൾക്കു മുൻപ് ബ്രിട്ടണിൽ ആരംഭിച്ചത് വ്യക്തിത്വത്തിന്റെ വളർച്ചയും വികസനവും സാധ്യമാക്കുന്നത് പരസ്പരധാരണയിലും പരസ്പരാശ്രയത്വത്തിലുമാണ് എന്ന മൂർത്തസങ്കൽപ്പത്തിലാണ്. ക്ലാസിക്കൽ ഉദാരവാദത്തിലെ മിക്കവാറും സവിശേഷതകളെ ഉൾക്കൊണ്ടാണ് സോഷ്യൽ ഉദാരവാദം (liberal socialism) അഥവാ ക്ഷേമരാഷ്ട്രം (welfare State) എന്ന ആശയം നിലനിൽക്കുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായാണ് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നിലവിൽ വന്ന നവഉദാരവാദം നിലയുറപ്പിക്കുന്നത്. ഇവിടെ കമ്പോള വ്യവസ്ഥ വ്യക്തി സ്വാതന്ത്ര്യം സാധ്യമാക്കും എന്ന വാദമാണ് (നവഉദാരവാദം) മുന്നോട്ടു വയ്ക്കുന്നത് (Freeden 2015). ഫുകുയാമയുടെ ഉദാരത, അതിനാൽത്തന്നെ ക്ലാസ്സിക്കൽ ഉദാരവാദമേ അല്ല. ഫുകുയാമയുടെ ഉദാരവാദം, എന്നപേരിൽ അവതരിപ്പിക്കപ്പെട്ടത് ചിലപ്പോൾ സോഷ്യൽ ഡെമോക്രസി വാദമോ, സോഷ്യൽ ഉദാരവാദമോ, ക്ഷേമരാഷ്ട്രവാദമോ അതുമല്ലെങ്കിൽ നവഉദാരവാദമോ ആയിരിക്കാം. ഇത് ക്ലാസ്സിക്കൽ ഉദാരവാദം അല്ല എന്നത് വിതർക്കമാണ്. അതിനാൽ ഉദാരവാദവും സാമൂഹികജനാധിപത്യവും തമ്മിലുള്ള വ്യത്യാസവും, ഉദാരവാദവും ക്ഷേമരാഷ്ട്രവും തമ്മിലുള്ള വ്യത്യാസവും, ഉദാരവാദവും നവഉദാരവാദവും തമ്മിലുള്ള വ്യത്യാസവും വിശദീകരിക്കേണ്ടതുണ്ട്.

സാമൂഹിക ജനാധിപത്യവും നവഉദാരവാദവും

രണ്ടാം ലോക യുദ്ധത്തിനു ശേഷം ലോകത്തു സ്വീകരിച്ച രാഷ്ട്രീയ സാമ്പത്തിക നയങ്ങൾ പൂർണമായും ഉദാരവാദത്തെ പിൻപറ്റിയോ സോഷ്യലിസത്തെ പിൻപറ്റിയോ അല്ല മറിച്ച്

സോഷ്യൽ ഡെമോക്രറ്റിക് പാതയെയാണ്. ഉദാഹരണത്തിന്, പൂർണമായ മുതലാളിത്തവും പൂർണ്ണമായ സോഷ്യലിസ്റ്റ് ആശയവും കൂടുതൽ സങ്കീർണമായ സാമൂഹിക ക്രമം സൃഷ്ടിക്കുമെന്നും, ഈ രണ്ട് ആശയങ്ങളിലെ കാതലായ ചില പൊതുമാനദണ്ഡങ്ങൾ സ്വീകരിച്ച് പുത്തൻ ലോക ക്രമം നിർമ്മിക്കണമെന്നും റോബർട്ട് ഡെയിലും ചാൾസ് ലിന്റ്ബോമും തങ്ങളുടെ 1953 ലെ "രാഷ്ട്രീയം, സാമ്പത്തികം, ക്ഷേമം: അടിസ്ഥാന സാമൂഹിക പദ്ധതികൾ രാഷ്ട്രീയ-സാമ്പത്തിക ആസൂത്രണത്തിലൂടെ" എന്ന പുസ്തകത്തിലൂടെ വ്യക്തമാക്കുന്നുണ്ട് (Dahl & Lindblom 1953). ഉദാരവാദത്തിന്റെ (liberalism) ആധുനിക രേഖയായാണ് ഈ ഗ്രന്ഥത്തെ രാഷ്ട്രതന്ത്രജ്ഞർ വിലയിരുത്തുന്നത്. എന്നാൽ സാമൂഹിക ജനാധിപത്യത്തിന്റെ സ്വാഭാവിക ഗുണഗണങ്ങളാണ് പൊതുവിൽ ഈ പ്രബന്ധം ചർച്ച ചെയ്യുന്നത്. ഈ പുസ്തകത്തിലൂടെ വിഭാവനചെയ്യുന്ന നല്ല നാളേയ്ക്കായി ജനാധിപത്യ സമ്പ്രദായങ്ങളെയും സർക്കാരുകളെയും, കമ്പോളത്തിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ ആഹ്വാനം ചെയ്യുന്നുണ്ട്. അതിനാൽ ഇത് സാമൂഹ്യ ജനാധിപത്യത്തിന്റെ സൈദ്ധാന്തിക രേഖയാണെന്നോ അമേരിക്കൻ ശൈലിയിലുള്ള ഉദാരവാദത്തിന്റെ രേഖയെന്നോ വിലയിരുത്തുന്നതാകും ശരി. ഇതിനോടൊപ്പം ജനഹിതത്തിലധിഷ്ഠിതമായ സാമൂഹികസുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ചുകൂടി ഈ പ്രബന്ധം ചൂണ്ടിക്കാണിക്കുന്നുണ്ട്. സമാധാനപൂർണവും സുസ്ഥിരവും ക്ഷേമപരവുമായ സാമൂഹിക സാമ്പത്തിക ക്രമം, കൂടുതൽ ആസകലമായ (inclusive) സാമൂഹിക ക്രമം സൃഷ്ടിക്കും എന്നതാണ് ഇതിലൂടെ ചുരുക്കിപ്പറയുന്നത്. സാമൂഹികജനാധിപത്യത്തിന്റെ സവിശേഷതയാണ് മേല്പറഞ്ഞ ഗുണങ്ങൾ. ഉദാരവാദം എന്ന പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹിക ക്രമം ഇതിൽനിന്നും വ്യത്യസ്തമാണ്. അതുപോലെയാണ് നവഉദാരവാദം എന്ന ധനമൂലധനത്തിന്റെ അധീശതയിൽ വിഭാവന ചെയ്യപ്പെടുന്ന പ്രത്യയശാസ്ത്രവും. അതിനാൽ തന്നെ ഇവ രണ്ടും വിഭിന്ന വാദങ്ങളും പ്രവർത്തന ശൈലിയുമാണ് എന്ന് ചുരുക്കം.

ഉദാരവാദത്തിന്റെ യുക്തിയും പ്രയോഗവും കഴിഞ്ഞ ഭാഗങ്ങളിൽ വിവരിച്ചതിൽ നിന്നും ജനാധിപത്യ നീതിയിൽ ഊന്നിയല്ലാതെ ഉദാരമായ സാമൂഹിക പരിപ്രേക്ഷ്യം സാധ്യമല്ല എന്നാണ് മനസ്സിലാക്കുന്നത്. ഇതിനുകാരണം സാമൂഹികനീതി എന്നത് വ്യക്തികളുടെ നീതിബോധത്തിന്റെ സംഗ്രഹമല്ലെന്നും പകരം പ്രതിമാനങ്ങൾ അനുസരിച്ചുള്ള നൈതിക ബോധ

ത്തിന്റെ ആവിഷ്കാരവും പ്രായോഗികതയുമാണെന്നുമുള്ള തിരിച്ചറിവാണ്. ലളിതമായി പറഞ്ഞാൽ എങ്ങനെയാണ് സമൂഹത്തിന്റെ തിരഞ്ഞെടുക്കൽ പ്രക്രിയ സാധ്യമാകുന്നത് എന്ന ചോദ്യത്തിന് ഉത്തരം അന്വേഷിക്കുമ്പോൾ, 'അത് ഒരു സമസ്യയാണ്', എന്ന് ഫ്രഞ്ച് സാമാജികനും ചിന്തകനും ഗണിതജ്ഞനുമായ കെണ്ടോഴ്സെ സമർത്ഥിക്കുന്നത് ഈ പശ്ചാത്തലത്തിൽ ഓർക്കാവുന്നതാണ്. നേരത്തെ പരാമർശിച്ച സെന്നിന്റെ കാഴ്ചപ്പാട് ഉൽഭവിക്കുന്നത് കൊണ്ടോഴ്സെയുടെ 'വോട്ടിംഗ് വൈപരീത്യ'ത്തിൽ നിന്നാണ്. വ്യക്തികൾക്ക് തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം ഉണ്ടാകുകയും അതിൽ നിന്നും സമൂഹത്തിന് അനുയോജ്യവും ഉത്തമവുമായ തിരഞ്ഞെടുപ്പ് (social choice) കണ്ടെത്താനാകും എന്ന സാധാരണ ബുദ്ധിയെ നിരാകരിക്കുന്നതാണ് ഈ വൈപരീത്യം.

എന്നാൽ മുതലാളിത്ത ഉത്പാദനപ്രക്രിയ സാർവത്രികമായി പിന്തുടരുമ്പോൾ, അല്ലെങ്കിൽ ആദ്യ-പിൽക്കാല മുതലാളിത്ത രൂപങ്ങൾ (Early Capitalism (Sombart 1928) and Late Capitalism (Jameson 1991)) യൂറോപ്യൻ രാജ്യങ്ങളിൽ ഉൽപാദന പ്രക്രിയ ആയി സ്വീകരിക്കപ്പെട്ടപ്പോൾ, ലിബറലിസത്തിന്റെ ആശയങ്ങളുമായി ഭിന്നത പുലർത്തിക്കൊണ്ടാണ് ഇതിന്റെ പ്രായോഗികത വളർന്നത്. ഉദാഹരണത്തിന് ഉദാരവാദത്തിലെ വ്യക്തിസ്വാതന്ത്ര്യം യൂറോപ്പിലെ സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിൽ അവതരിപ്പിക്കുന്നത് പ്രാതിനിധ്യ ജനാധിപത്യത്തിന്റെ രൂപത്തിലാണ്, ഉദാരവാദത്തിന്റെ രൂപത്തിലല്ല. ഇംഗ്ലണ്ടിലെ പാർലമെന്റ് സംവിധാനത്തിന്റെ ഉദയവും ഫ്രാൻസിലെ വിപ്ളവാനന്തര ജനാധിപത്യ ചർച്ചകളും ലിബറൽ ഡെമോക്രസി എന്ന പുതിയ ആശയത്തിന്റെ ആദിമരൂപങ്ങളാണ്. ഇത് പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി യൂറോപ്പിൽ വ്യാപകമായി. ഈ വ്യാപനത്തിനുകാരണം ക്ലാസ്സിക്കൽ ഉദാരവാദത്തിലെ പൂർണസ്വാതന്ത്ര്യം ജനാധിപത്യവ്യവസ്ഥയിൽ പോലും വൈപരീത്യത്തിലൂടെയല്ലാതെ പ്രായോഗികമല്ല എന്ന വസ്തുതയുടെ വെളിച്ചത്തിലാണ്. ഇതോടൊപ്പം മുതലാളിത്ത വ്യവസ്ഥയും ജനാധിപത്യവും നൈതികമായി ഒരുമിച്ചുപോകുന്ന വ്യവസ്ഥയല്ല എന്ന ആശയം കൂടി മുന്നോട്ടുവയ്ക്കുകയാണ്.

മുതലാളിക്കും മുതൽ സ്വരൂപിക്കുന്നവർക്കും മാത്രം മുൻഗണന നൽകുന്ന വ്യവസ്ഥയാണ് മുതലാളിത്തം. അവിടെ വർഗ വിഭജനം, വർഗങ്ങളുടെ അവകാശത്തേയും സ്വാതന്ത്ര്യ

ത്തേയും വിവേചനത്തിലൂടെ കാണുന്നു എന്നതാണ് മുഖ്യമായ വാദം. മുതലാളിത്ത വ്യവസ്ഥയിലെ വിവേചനങ്ങൾ ജനാധിപത്യത്തിലും ലിബറലിസത്തിലും വ്യക്തികൾക്ക് തുല്യ അവകാശമുണ്ട് എന്ന നിർദേശത്തെ അപ്രസക്തമാക്കുന്നു. ഈ വൈരുധ്യം മാർക്സിയൻ-സോഷ്യലിസ്റ്റ് വിശകലനങ്ങളിൽ തുറന്നു കാട്ടുന്നുണ്ട് (Marx 2010; Lenin 1969; Luxemburg 1972; Bukharin 1972; Bukharin and Preobrazhensky 1969). സോഷ്യലിസമാണ് ഇതിനുള്ള ബദൽ എന്നതുകൂടിയാണ് ഇവരുടെ വായന. എപ്രകാരമാണ് മുതലാളിത്തത്തിൽ നിന്നും സോഷ്യലിസത്തിലേക്ക് പരിവർത്തനം നടക്കുന്നത് എന്നത് ഈ കാലഘട്ടത്തിലെ ചൂടേറിയ ചർച്ച തന്നെയാണ്. സൈദ്ധാന്തികമായി സോഷ്യൽ ഡെമോക്രസി, മുതലാളിത്ത വ്യവസ്ഥയെ കീഴ്പ്പെടുത്തുന്നതിനനുഗുണമായ ഒരു തന്ത്രമാണ് എന്ന വീക്ഷണം എന്നും എംഗൽസ് വച്ചുപുലർത്തിയിരുന്നു. ജനാധിപത്യവ്യവസ്ഥ എന്ന സ്ഥാപനത്തിന് തൊഴിലാളികളുടെ ജനാധിപത്യ ബോധവും പങ്കാളിത്തവും അനിവാര്യമാണ് എന്നതിനാലാണ് എംഗൽസ് ഈ വീക്ഷണം മുന്നോട്ടു വയ്ക്കുന്നത് (Engels 1947). ഇതിന്റെ തുടർച്ചയായി കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ പോലും പരോക്ഷമായി സാമൂഹിക ജനാധിപത്യത്തിന്റെ പ്രസക്തി ചർച്ച ചെയ്യുന്നതായി കാണാം (Marx & Engels 1848). ഫ്രഡറിക് എംഗൽസിന്റെ സാമൂഹിക ജനാധിപത്യത്തോടുള്ള ആഭിമുഖ്യം യഥാർഥത്തിൽ നിലവിലുണ്ടായിരുന്ന സാമൂഹിക പ്രശ്നങ്ങൾ (തൊഴിലാളികളേയും മറ്റും ചൂഷണം ചെയ്യുന്നതും ഉൽപാദകർ അനധികൃതമായ സ്വത്ത് സമ്പാദിക്കുന്നതും) എങ്ങനെ പരിഹരിക്കും എന്നതിനുള്ള താൽകാലിക തന്ത്രമായാണ് മുന്നോട്ടു വച്ചത്. മുതലാളിത്തത്തിന്റെ ബദൽ സോഷ്യലിസമാണ് എന്ന ചർച്ചയിൽ ഏതുതരം സോഷ്യലിസമാണ് എന്ന ചോദ്യം അതുകൊണ്ടു തന്നെ എന്നും പ്രസക്തമായിരുന്നു. സോഷ്യലിസത്തിലേക്കുള്ള ചുവടുമാറ്റം സമരാസക്തമായ വിപ്ലവത്തിലൂടെ നിലവിൽ വരുന്ന തൊഴിലാളിവർഗ സർവാധിപത്യമാണോ അതോ രാജ്യത്തെ രാഷ്ട്രീയ സാഹചര്യങ്ങളെയും നിയമവ്യവസ്ഥയെയും ഉപയോഗപ്പെടുത്തി സ്വീകരിക്കേണ്ട സാമൂഹിക ബദലാണോ എന്ന ആശയ വ്യക്തതയാണ് ഈ ചർച്ചകളിൽ ഉയർന്നു വന്നതും ഇവിടെ ആവശ്യപ്പെടുന്നതും.

സാമൂഹിക ജനാധിപത്യത്തിന്റെ സൈദ്ധാന്തിക അടിത്തറ മനസ്സിലാക്കണമെങ്കിൽ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ രചിക്കുന്ന

തിനു മുൻപുള്ള സോഷ്യലിസ്റ്റ് വീക്ഷണവും അതിനു ശേഷമുള്ള സാമൂഹിക വിശകലനങ്ങളും പരിശോധന വിധേയമാക്കേണ്ടതുണ്ട്. ഫ്രഞ്ച് വിപ്ലവാനന്തര സോഷ്യലിസ്റ്റുകൾ വിശ്വസിച്ചിരുന്നത് തൊഴിലാളിവർഗത്തിന് സ്വയം വിമോചനം സാധ്യമല്ല എന്നാണ്. തൊഴിലാളികളേക്കാൾ ഉന്നത മൂല്യമുള്ള മനുഷ്യസ്നേഹികളാണ് ഈ പ്രവൃത്തിക്ക് നേതൃത്വം നൽകുന്നതെന്നാണ് അന്നത്തെ സോഷ്യലിസ്റ്റുകൾ പ്രചരിപ്പിച്ചത്. ഈ മധ്യവർഗത്തിന്റെ അഥവ ബൂർഷ്വാസിയുടെ തങ്ങളിൽ നിക്ഷിപ്തമായ/ആകേണ്ട അധികാരത്തിലൂടെ തൊഴിലാളിവർഗ വിമോചനം സാധ്യമാക്കുമെന്ന പക്ഷമാണ് പ്രസ്തുത വാദത്തിന്റെ അടിസ്ഥാനം. മധ്യവർഗത്തിന്റെ ഈ ആശയം വളരെ ചുരുങ്ങിയ കാലം കൊണ്ടുതന്നെ ഖണ്ഡിക്കപ്പെട്ടു. മറുമരുന്നായി തൊഴിലാളി വർഗത്തിന്റെ വിമോചനം അവരിലൂടെയാണ് എന്ന വാദവുമായാണ് മറുപക്ഷക്കാർ നിലയുറപ്പിച്ചത്. ഈ മറുവാദം ഉന്നയിക്കുമ്പോഴും ഇവർ അഭിസംബോധന ചെയ്ത തൊഴിലാളിവർഗം വളരെ ചെറിയ വിഭാഗം മാത്രമാണെന്ന ആക്ഷേപവും ശക്തമായിരുന്നു. ഇത് തൊഴിലാളിവർഗത്തിന്റെ ഏകോപനമോ സംഘാടനമോ സാധ്യമാക്കിയില്ല. ഇതേകാലയളവിൽ മറ്റൊരു കൂട്ടം സോഷ്യലിസ്റ്റുകൾ തൊഴിലാളിവർഗത്തെ സായുധവിപ്ലവത്തിലേക്ക് നയിക്കുകയാണുണ്ടായത്. അതുവഴി, അധികാരം പിടിച്ചെടുക്കുന്നതോടെ അധികാര വികേന്ദ്രീകരണവും സോഷ്യലിസവും നടപ്പാകും എന്ന മൗഢ്യമാണ് ഇവർ പുലർത്തിയിരുന്നത്. അവസാനത്തെ വിഭാഗം തൊഴിലാളിവർഗത്തിന് മാത്രമേ ജനാധിപത്യം സാധ്യമാക്കാൻ കഴിയൂ, അതിനായി തൊഴിലാളിവർഗം മുൻകൈയെടുത്ത് സാർവത്രിക സമ്മതിദാനത്തിലൂടെ ജനാധിപത്യവും അതുവഴി സോഷ്യലിസവും നടപ്പിലാക്കും എന്നു വിശ്വസിച്ച് പ്രവർത്തിച്ചിരുന്നവരുമാണ്. മേൽപ്പറഞ്ഞ സോഷ്യലിസ്റ്റ് വിശ്വാസധാരകളിലെല്ലാം സോഷ്യലിസ്റ്റ് പാതയിലേക്കുള്ള കാതലായ മാറ്റം സാധ്യമാക്കുന്നതിന് തൊഴിലാളി വർഗത്തിന്റെ പങ്കോ നിലനിൽപ്പോ അത്യന്താപേക്ഷിതമാണ് എന്ന് അടിവര ഇടുന്നുണ്ടെന്നതാണ് മർമ്മപ്രധാനം. തൊഴിലാളിവർഗത്തെ സാമൂഹിക മാറ്റത്തിന്റെ കേന്ദ്രമായി പ്രതിഷ്ഠിക്കുന്ന ധാരകളെല്ലാം സോഷ്യലിസ്റ്റ് ധാരകളാണെങ്കിലും ഇതിൽ തന്നെ ബൂർഷ്വാ സോഷ്യലിസവും (മദ്ധ്യവർഗ സോഷ്യലിസം) പ്രോലിറ്റേറിയൻ സോഷ്യലിസവും (അടിസ്ഥാനവർഗ സോഷ്യലിസം) ഉണ്ടെന്നത് വ്യക്തമാണ്. സോഷ്യലിസത്തിലേക്കുള്ള യാത്രയിൽ ഈ പക്ഷങ്ങളുടെ പ്രസക്തിയും ഇതിന്റെ

സ്വീകരണം എത്തരത്തിലുള്ള സമത്വവാദമാണ് പ്രദാനം ചെയ്യുന്നതെന്നും വ്യക്തമാക്കേണ്ടതുണ്ട്.

മുതലാളിത്തത്തിന്റെ ആസന്നമൃത്യുവിൽ വിശ്വസിച്ച മാർക്സിസ്റ്റ് വീക്ഷണത്തെ വെല്ലുവിളിച്ചുകൊണ്ടാണ് എജുവാർദ് ബെൻസ്റ്റീൻ സോഷ്യലിസ്റ്റ് പരിണാമം രചിച്ചത് (Die Voraussetzungen des Sozialismus und die Aufgaben der Sozialdemokratie (Evolutionary Socialism) 1899). മുതലാളിത്ത വ്യവസ്ഥയും അതുൽപാദിപ്പിക്കുന്ന ന്യൂനതകളായ അമിതോൽപാദനം, തൊഴിലില്ലായ്മ, സാമ്പത്തിക അസമത്വം മുതലായവ സ്വയം പരിഹരിച്ച് മുന്നോട്ടുപോകുമെന്നും; ഉൽപാദന ഉപാധികളുടെ ഉടമസ്ഥത കൂടുതൽ ആളുകളിലേക്ക് വ്യാപിപ്പിക്കുകയും അതുവഴി മുതലാളിത്തത്തോട് ജനങ്ങൾക്ക് കൂടുതൽ പ്രതിബദ്ധത നിലനിർത്തുകയുമാണ് മുതലാളിത്തവ്യവസ്ഥ സാധ്യമാക്കുന്നതെന്നും അതുകൊണ്ടുതന്നെ ഇതിന്റെ ആസന്നമൃത്യുവിൽ വിശ്വസിക്കേണ്ടതില്ല എന്നുമാണ് ബെൻസ്റ്റീൻ വാദിക്കുന്നത്. മാർക്സ് ചൂണ്ടിക്കാണിച്ച മുതലാളിത്തത്തിന്റെ തൊഴിലാളിവർഗ ചൂഷണം അസഹനീയമാകുന്നതിലൂടെ സംഘടിക്കപ്പെടുന്ന തൊഴിലാളിവർഗം മുതലാളിത്തത്തെ തൂത്തെറിയും എന്ന വാദം ശരിയല്ല എന്നു കൂടിയാണ് ഇത് അർത്ഥമാക്കുന്നത്. പീഡനങ്ങൾക്ക് ഇരയായി, മടുത്ത്, മനംനൊന്ത് പ്രതികരിക്കുന്ന അധ:സ്ഥിത വർഗത്തിന്റെ സമീപനമാണ് സോഷ്യലിസ്റ്റ് വിപ്ളവമെന്ന വാദത്തിന് കാത്തുനിൽക്കാതെ പ്രവർത്തിക്കുന്നതാണ് സാമൂഹിക പരിവർത്തനം. കാരണം, ഈ കാത്തുനിൽപ്പിലൂടെ അധ:സ്ഥിത വർഗത്തെ മുതലാളിത്ത പീഡനത്തിന് കയറൂരിവിടുകയാണ്; അഥവാ മുതലാളിത്ത പീഡനം മുറുകുന്നതുവരെ തൊഴിലാളിവർഗ സംഘാടനം ഒരുവലിയ വിഭാഗം തൊഴിലാളികളെ ദുരിതത്തിന്റെ ആഴക്കടലിൽ തള്ളിവിടും എന്നുപറയാൻ പ്രേരിപ്പിക്കുന്നത് അയുക്തമാണ്. മറിച്ച് സാമൂഹിക പരിവർത്തനം നടത്താൻ ആഗ്രഹിക്കുന്നവർ നിലവിലുള്ള രാഷ്ട്രീയ സാമൂഹിക നിയമങ്ങളുടെ പിൻബലത്തിൽ തൊഴിലാളിവർഗത്തിന്റെ കഷ്ടതകൾ കുറച്ചു കൊണ്ട് തൊഴിലാളിവർഗ ചൂഷണം ഇല്ലാതാക്കണം എന്ന പാഠം കൂടി മുന്നോട്ടു വക്കുന്നുണ്ട്. അത് സാമൂഹിക പരിണാമത്തിന്റെ ആക്കം കൂട്ടുകയും മുതലാളിത്തവ്യവസ്ഥയെ അതിജീവിച്ച് സോഷ്യലിസം സൃഷ്ടിക്കും എന്നുമാണ് ബെൻസ്റ്റീൻ തന്റെ സോഷ്യലിസത്തിന്റെ പരിണാമത്തിൽ വ്യക്തമാക്കുന്നത്. എന്നാൽ മുതലാളിത്തത്തിന്റെ സ്വയം തിരുത്തലിനെ മുതലാളിത്തത്തിൽ

വിശ്വസിച്ചിരുന്ന സാമ്പത്തിക വിദഗ്ദ്ധനായ കെയിൻസ് പോലും വിശ്വസിച്ചിരുന്നില്ല. കെയ്നീഷ്യൻ വാദവും സാമൂഹിക ജനാധിപത്യവാദവും ഇഴപിരിയുന്നതിന് കാരണമാകുന്നത് ബെൻസ്റ്റിന്റെ മുതലാളിത്തത്തിനോടുള്ള ഈ ശുഭാപ്തി വിശ്വാസമാണ്. ഇതിലേക്ക് പിന്നെ വരാം.

കാൽ കൗട്സ്കിയെ പോലുള്ള സോഷ്യലിസ്റ്റുകൾ മുന്നോട്ടുവച്ചത് മുതലാളിത്ത ഉൽപാദന പ്രക്രിയ നിലനിർത്തുന്നതിനായി ജനായത്തമായ സാധ്യതകളെ ഉപയോഗിച്ച് മുതലാളിത്തത്തെ നവീകരിച്ചാൽ മതിയെന്നാണ്. മുതലാളിത്തത്തിന്റെ നാശമല്ല പകരം അതിന്റെ സാവധാന പരിവർത്തനമാണ് കൂടുതൽ വിജയകരം എന്ന് നീളുന്നതാണ് ഈ വാദഗതി (Kautsky 1946). മുതലാളിത്ത ചൂഷണത്തെ പ്രായോഗികമായി എങ്ങനെ പരിവർത്തനപ്പെടുത്താം എന്ന് ശ്രമിക്കുകയാണ് ഇവിടെ കൗട്സ്കി. കൗട്സ്കിയുടെ ഈ നയത്തെ ലെനിൻ ഒരു തിരുത്തൽ (Revisionist) വാദമായാണ് കണ്ടത്. കാരണം ഇവർ (ബെൻസ്റ്റീനും കൗട്സ്കിയും) മുന്നോട്ടുവച്ച സോഷ്യൽ ഡെമോക്രസി, സോഷ്യലിസ്റ്റ് വിപ്ളവത്തിന്റെ കാലുവാരലാണ് സാധ്യമാക്കുന്നതെന്നും അതിനാൽ ഇവർ 'വിപ്ലവത്തിന്റെ കാലുവാരി'കളാണെന്നും ലെനിൻ ആരോപിക്കുന്നുണ്ട് (Lenin 1961; Lenin 1974). ഈ വ്യത്യസ്തതകൾ നിലനിൽക്കുമ്പോൾത്തന്നെ നമുക്ക് സാമൂഹിക ജനാധിപത്യം എന്താണ് എന്നതിനെക്കുറിച്ച് സംക്ഷിപ്തമായ ഒരു നിലപാട് സ്വീകരിക്കാവുന്നതാണ്. സോഷ്യൽ ഡെമോക്രസിയിൽ മുന്നോട്ടുവയ്ക്കുന്ന അടിസ്ഥാന വാദം, തൊഴിലാളിവർഗത്തിന്റെയോ മധ്യവർഗത്തിന്റെയോ കാർമികത്വത്തിൽ സാർവത്രികമായ അവകാശങ്ങളും പാലിക്കപ്പെടാൻ ഒറ്റക്കെട്ടായി, ഒരു ശക്തിയായി പ്രവർത്തിക്കുന്ന ഒരു ജനായത്ത വ്യവസ്ഥ എന്നതാണ്. ഇതിന് തൊഴിലാളിവർഗ സർവാധിപത്യമോ സായുധ വിപ്ളവമോ തന്നെ ആവശ്യമില്ല എന്നത് സോഷ്യൽ ഡമോക്രസിയുടെ പരീക്ഷണ നിരീക്ഷണങ്ങൾ വ്യക്തമാക്കുന്നുമുണ്ട്.

നിലവിലുള്ള ജനാധിപത്യ സമ്പ്രദായങ്ങളുടെയും ഭരണഘടന കല്പിക്കുന്ന അവകാശങ്ങളുടെയും വെളിച്ചത്തിൽ അരികുവത്കരിക്കപ്പെട്ടവരുടെ അവകാശങ്ങൾ നേടിയെടുക്കലാണ് ഈ പ്രക്രിയയിൽ പ്രധാനം. ഈ കാഴ്ചപ്പാടാണ് മധ്യ-ഉപരിവർഗ യൂറോപ്യൻ ബുദ്ധിജീവികൾക്കിടയിൽ സാമൂഹിക ജനാധിപത്യത്തിന് സമ്മതി നേടിക്കൊടുക്കുന്നത്. സ്ഥിരതയും അതുമൂലം സാമൂഹികമാറ്റവും സാധ്യമാകും എന്ന ശുഭാപ്തി

വിശ്വാസം കൂടിയാണ് സോഷ്യൽ ഡെമോക്രസിയിൽ ഇതിന്റെ പ്രയോക്താക്കൾ കണ്ടത്. ബലപ്രയോഗത്തിലൂടെയോ അക്രമത്തിലൂടെയോ നേടുന്ന സാമൂഹിക പരിണാമം ഒഴിവാക്കേണ്ടതാണെന്ന വാദഗതികൂടിയാണ് ഇവിടെ മുന്നോട്ടുവയ്ക്കുന്നത്. ബലപ്രയോഗം ജനാധിപത്യത്തിന്റെ തന്നെ കടയ്ക്കൽ കത്തി വയ്ക്കുന്നതിനാൽത്തന്നെ ഇതിന് ഭംഗം വരാത്ത സാമൂഹിക മാറ്റമാണ് സാമൂഹിക ജനാധിപത്യം അഥവാ സോഷ്യൽ ഡെമോക്രസിയിലൂടെ പ്രാവർത്തികമാക്കുന്നത്. അതിനാൽ വിപ്ളവാത്മക മാറ്റത്തിന്റെ വിജാതീയ ഗുണമായ പരിണാമവാദമാണ് സാമൂഹിക മാറ്റത്തിൽ സോഷ്യൽ ഡെമോക്രാറ്റുകൾ ഉപയോഗിക്കുന്ന അടിസ്ഥാന തത്ത്വം. അതിനായിരിക്കണം 1917 ലെ റഷ്യൻ ബോൾഷെവിക് വിപ്ലവത്തെ വിമർശനാത്മകമായി സോഷ്യൽ ഡെമോക്രാറ്റുകൾ പ്രത്യേകിച്ചും കൗട്സ്കി ചൂണ്ടിക്കാണിക്കുന്നത്. കാൽ കൗട്സ്കിയുടെ ഈ നിലപാടു കാരണമാണ് ലെനിൻ അദ്ദേഹത്തെ 'വിപ്ലവത്തിന്റെ വിശ്വാസ വഞ്ചകൻ' (Renegade) എന്ന് സംബോധന ചെയ്തത്.

ഉദാരവാദത്തിൽ നിന്നും സാമൂഹികജനാധിപത്യത്തിന്റെ വളർച്ചയുടെ ഘട്ടം സാധ്യമായിരിക്കുന്നത് സോഷ്യലിസ്റ്റ് ആശയങ്ങളുടെ വളർച്ചയുടെയും പ്രായോഗികതയുടെയും ഘട്ടത്തിലാണ്. പ്രത്യേകിച്ചും ദസ് ക്യാപിറ്റലിന്റെ ഒന്നാം വാല്യം പുറത്തിറങ്ങിയതിനു ശേഷമാണ്. സോഷ്യൽ ഡെമോക്രസി എന്ന ആശയം 1860 കളിൽതന്നെ ജർമ്മൻ രാഷ്ട്രീയ ചിന്തയിൽ ഇടംപിടിക്കുകയും ആഗസ്റ്റ് ബെബലും വില്യം ലിബിനിച്ചും ചേർന്ന് 1869-ൽ ജർമൻ സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി സ്ഥാപിക്കുകയുമുണ്ടായി. ലോകത്തിലെ തന്നെ സോഷ്യൽ ഡെമോക്രസിയുടെ ഉത്ഭവമാണ് ഈ പ്രസ്ഥാനം മുന്നോട്ടുവച്ചതെന്നും ആദ്യത്തെ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയാണിതെന്നും ബ്രിട്ടാനിക്ക സാക്ഷ്യപ്പെടുത്തുന്നു (Britannica 2009). ജനറൽ ജർമൻ വർക്കേഴ്സ് യൂണിയനുമായി ലയിച്ച് 1875-ൽ ജർമൻ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി (SPD) ആയി പരിണമിച്ചതും ഈ രാഷ്ട്രീയ സംഘടനയാണ്. 1912 വരെ ജർമൻ രാഷ്ട്രീയത്തിലെ പ്രധാന രാഷ്ട്രീയശക്തി തന്നെയായിരുന്നു SPD. ജർമ്മനിയിൽ ബിസ്മാർക്കിന്റെ പതനത്തിനു വഴിതെളിച്ച ജർമൻ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി മറ്റ് എല്ലാ യൂറോപ്യൻ രാജ്യങ്ങളിലും മാതൃകയായിക്കൊണ്ട് സോഷ്യൽ ഡെമോക്രറ്റിക് പ്രസ്ഥാനങ്ങൾക്ക് ഊർജമേകി. ബെബലിനെ കൂടാതെ ബെൻസ്റ്റീൻ (Bernstein 1993) കൗട്സ്കി (Kautsky 1946) മുതലായവരാണ് സോഷ്യൽ

ഡെമ്മോക്രസി എന്ന ആശയത്തിന്റെ പ്രയോക്താക്കളായി എക്കാലത്തും അറിയപ്പെടുന്നത് (Przeworski 1986; Berman 2006).

യുദ്ധാനന്തര (1st World War) യൂറോപ്പിൽ വ്യാപകമായ തോതിൽ മുതലാളിത്ത ഉത്പാദന പ്രക്രിയയിലേക്ക് രാജ്യങ്ങൾ തിരിയുകയും ക്ഷേമപ്രവർത്തനങ്ങളിൽ വൻതോതിൽ കുറവു വരുത്തുകയും ചെയ്തു. ഈ നയത്തിന്റെ പരിണത ഫലം ഉത്പാദനം അമിതോത്പാദനമായി മാറി എന്നതാണ്. ഇതുമൂലം തൊഴിലില്ലായ്മ രൂക്ഷമാകുകയും മാർക്സ് ചൂണ്ടിക്കാണിച്ച മുതലാളിത്തത്തിന്റെ കരാളഗുണങ്ങൾ യൂറോപ്പിനെയും യുഎസ്സിനെയും ബാധിക്കുകയും ലോകം വൻ സാമ്പത്തിക പ്രതിസന്ധിയിലേക്ക് വഴുതിവീഴുകയുമുണ്ടായി. സോഷ്യൽ ഡെമോക്രസിയുടെ യുക്തിയനുസരിച്ച് മുതലാളിത്തത്തിന് അത്തരം പ്രതിസന്ധി ഉണ്ടാകേണ്ടതില്ല. ഉണ്ടായാൽ അതിനെ തരണം ചെയ്യുക ശ്രമകരമായിരിക്കും. തൊഴിലാളികൾ ഈ സാഹചര്യത്തിൽ പ്രക്ഷോഭം നടത്തുകയും തൊഴിലാളിവർഗം മുതലാളിത്ത വ്യവസ്ഥയെ നിഷ്കാസനം ചെയ്യുകയും ഒരു പുത്തൻ സാമൂഹികക്രമം അതുവഴി നിലവിൽ വരുകയും ചെയ്യും എന്നുള്ളതാണ് സോഷ്യലിസ്റ്റ് ധാര. ബെൻസ്റ്റീൻ പ്രവചിച്ചതുപോലെ യൂറോപ്പ് വിപ്ലവത്തിന്റെ വക്കിലെത്തിനിൽക്കുമ്പോഴാണ് മുതലാളിത്ത ഉത്പാദന പ്രക്രിയയുടെ ആരാധകനായ കെയ്ൻസ്, കെയ്നീഷ്യൻ ഡിമാൻഡ് മാനേജ്മെന്റ് സിദ്ധാന്തം അവതരിപ്പിക്കുന്നതും അതുവഴി മുതലാളിത്തത്തിന് ആസന്നമായ പ്രതിസന്ധിയെ തരണം ചെയ്യാൻ വഴികാണിക്കുന്നതും. സമ്പദ്‌വ്യവസ്ഥയിലെ ചോദനം (demand) പരിപാലിക്കുന്നതിനു വേണ്ടി സർക്കാർ സംവിധാനം പ്രതിസന്ധിഘട്ടങ്ങളിൽ നിർവ്യാജം ഇടപെട്ട് പ്രവർത്തിക്കണം എന്നുപറയുന്നതാണ് കെയ്ൻസിന്റെ 'ചോദന പരിപാലനം സിദ്ധാന്തം' (Demand Management Theory) കൊണ്ട് അർത്ഥമാക്കുന്നത്. ധന-പണ നിയന്ത്രണ വ്യവസ്ഥ ഉപയോഗിച്ചാണ് (Fiscal and Monetary Control Mechanism) സമ്പദ് വ്യവസ്ഥയിലെ ചോദനത്തെ നിയന്ത്രിക്കുന്നത്. ഉദാഹരണത്തിന്, പ്രതിസന്ധി സമയങ്ങളിൽ ജനങ്ങൾക്ക് നികുതി ഇളവുകൾ നൽകുകയും, തൊഴിലില്ലായ്മയും മറ്റ് സാമ്പത്തിക ജഡത്വവും പരിഹരിക്കുന്നതിനായി സർക്കാർ ചെലവ് വർദ്ധിപ്പിക്കുകയോ, ജനങ്ങളെ നിക്ഷേപങ്ങൾക്ക് പ്രോത്സാഹിപ്പിക്കുന്നതിനായി വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുകയോ, ബാങ്കുകൾ വായ്പ നൽകുന്നതിന് വിമുഖരാകുന്ന പക്ഷം അവരുടെ പക്കലുള്ള പണം കുറഞ്ഞ പലിശയ്ക്ക് ദീർഘകാല ബോണ്ടുകളായി സർക്കാർ സമാഹരിക്കുകയും ആ പണം സമ്പദ്ഘടനയുടെ വികസനത്തിന് ഉപ

യോഗിക്കുകയും ചെയ്യുന്നു. ഇതിലൂടെ, ആസന്നമാകേണ്ട വർഗ സമരം നീട്ടിവയ്ക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുന്നു. ഇതോടെ മുതലാളിത്ത വ്യവസ്ഥയുടെ രക്ഷകനായാണ് വളരെ പെട്ടെന്ന് കെയ്ൻസ് സാമ്പത്തിക രംഗത്ത് ഇടംപിടിക്കുന്നത്. ഈ ആശയം ലോകത്താകമാനം അതിനാൽത്തന്നെ വളരെപ്പെട്ടെന്ന് വേരൂന്നിയതും ചരിത്രമാണ്.

മുതലാളിത്ത വ്യവസ്ഥ നിർമിക്കുന്ന ആന്തരിക വൈരുധ്യങ്ങളെ സംരക്ഷിക്കുന്ന ഷോക്ക് അബ്സോർബറായാണ് കെയ്നീഷ്യൻ ഡിമാണ്ട് മാനേജ്മെന്റ് പ്രവർത്തിക്കുന്നത്. അതിനനുഗുണമായ അവസ്ഥയാണ് സാമൂഹികജനാധിപത്യത്തിലൂടെ മുതലാളിത്തത്തിന് കെയ്ൻസ് സമ്മാനിച്ചത്. ഇത് ബെൻസ്റ്റീൻ ആവിഷ്കരിച്ച സാമൂഹിക ജനാധിപത്യമല്ല എന്നതും ശ്രദ്ധേയമാണ്. സമഗ്രാധിപത്യവും ഏകാധിപത്യവും യൂറോപ്പിനെ രണ്ടാംലോക യുദ്ധത്തിൽ എത്തിച്ചെങ്കിലും ഇതിൽ നിന്നുള്ള മോചനത്തിനായി ജനാധിപത്യ വ്യവസ്ഥയെ മുറുകെപ്പിടിച്ചുകൊണ്ടുള്ള മുതലാളിത്ത വ്യവസ്ഥയുടെ പുത്തൻ പരിപ്രേക്ഷ്യമാണ് യുദ്ധാനന്തര ലോകത്ത് പിന്തുണ നേടിയ യൂറോപ്യൻ സോഷ്യൽ ഡെമോക്രാറ്റിക് (കെയ്നീഷ്യൻ) പ്രസ്ഥാനങ്ങളും സർക്കാരുകളും. ഈ സാമൂഹിക ജനാധിപത്യ പ്രസ്ഥാനങ്ങളുടെ പ്രത്യേകത നേരത്തെ സൂചിപ്പിച്ച ജനക്ഷേമ പദ്ധതികളുടെ നടത്തിപ്പിനായുള്ള പ്രതിബദ്ധതയാണ്. എന്നാൽ ജനക്ഷേമത്തിനോടുള്ള പ്രതിജ്ഞാബദ്ധതയിൽ മുതലാളിത്തത്തിനോടുള്ള കൂറ് ഇല്ലാതാകുന്നില്ല, മറിച്ച് മുതലാളിത്ത ചൂഷണത്തിന്റെ നിരക്ക് കുറയ്ക്കുന്നു എന്നുമാത്രം. ജനക്ഷേമത്തിനായി ചുമതലപ്പെട്ടതിനാൽ യുദ്ധാനന്തരം സർക്കാർ നിയന്ത്രണങ്ങൾ ഉത്പാദന വിനിമയ ഉപഭോഗ മേഖലകളിൽ കർശനമാക്കി. സർക്കാർ നിയന്ത്രണങ്ങളും ഇടപെടലുകളും സാധാരണ ജനങ്ങൾക്കും മദ്ധ്യവർഗ്ഗത്തിനും താല്പര്യമുള്ളതാണെങ്കിൽക്കൂടി ഉദാരവാദികളായ വരേണ്യബുദ്ധിജീവികൾ അനുകൂലിച്ചില്ല. കാരണം സർക്കാർ ഇടപെടൽ എന്നത് സോഷ്യലിസ്റ്റ് പാതയിലേക്കുള്ള യാത്രയാണെന്നു സംശയിക്കുകയും സോവിയറ്റ് പാളയത്തിൽ യൂറോപ്പ് എത്തിപ്പെടും എന്ന നിഷേധ പ്രചാരണം (negative campaign) ഇവർ നടത്തുകയും ചെയ്തു. സർക്കാർ നിയന്ത്രണങ്ങളിലൂടെ മുലധനത്തിന്റെ ലാഭം നിയന്ത്രിക്കപ്പെട്ടത് മൂലധനത്തിന് ഈ സാമൂഹിക വ്യവസ്ഥയോടുള്ള പ്രതിബദ്ധതയെ കുറച്ചുകൊണ്ട് വന്നു. ഇതിന്റെ അനുരണനമാണ് വരേണ്യബുദ്ധിജീവികളുടെ സ്വഭാവത്തിലും പ്രതിഫലിച്ചത്.

സോഷ്യൽ ഡെമോക്രസി മുതലാളിത്ത ഉത്പാദന സാമൂഹിക ബന്ധങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുമ്പോഴും കമ്പോളത്തിന്റെ പൂർണമായ നിയന്ത്രണത്തെ കെയ്നീഷ്യൻ സാമൂഹിക ജനാധിപത്യധാര അംഗീകരിക്കുന്നില്ല. കൂടാതെ മുതലാളിത്തത്തിന്റെ പൂർണമായ കയറൂരിവിടലുകളെയും അതിന്റെ അമാനവികതയെയും ഇവർ അംഗീകരിക്കുന്നില്ല. ഇതിനെയാണ് പലപ്പോഴും സാമൂഹിക മുഖമുള്ള മുതലാളിത്തം (Welfare Capitalism) എന്ന രീതിയിൽ പലരും അവതരിപ്പിക്കുന്നത്. എന്നാൽ അത് ബെൻസ്റ്റീനോ കൗട്സ്കിയോ മുന്നോട്ടുവച്ച സാമൂഹിക ജനാധിപത്യമല്ല. കെയ്നീഷ്യൻ സാമൂഹിക ജനാധിപത്യമാണ്. സാമൂഹിക ക്ഷേമരാഷ്ട്രങ്ങളായി അറിയപ്പെടുന്ന വെൽഫയർ സ്റ്റേറ്റുകളിൽ (അവിടത്തെ സർക്കാരുകളും അധികാരികളും അത് അംഗീകരിച്ച് തരുന്നില്ലെങ്കിൽ കൂടി) സാധ്യമാക്കുന്നത്. വെൽഫയർ സ്റ്റേറ്റിലെ ഭരണാധികാരികൾ ഇത് അംഗീകരിക്കാത്തത് ഒരുപക്ഷേ മുതലാളിത്തത്തിന്റെ അപ്രീതി ലഭിക്കാതിരിക്കാൻ വേണ്ടിയാകാം. സാമൂഹിക ജനാധിപത്യത്തിന്റെ ഈ വ്യത്യസ്ത പതിപ്പുകൾ ഒരു പരിധി വരെ (1970കൾ വരെ എങ്കിലും) മുതലാളിത്തത്തിനും മുതലിന്റെ പരിധിവിട്ട വളർച്ചയ്ക്കും തടയിടുന്നതായി കാണാം. ഈ തടസ്സം മാറ്റുന്നതിനുള്ള ശ്രമങ്ങളാണ്, നവഉദാരവാദം എന്നപേരിൽ അവതരിപ്പിക്കപ്പെട്ട ഉഗ്രമുതലാളിത്തത്തിലൂടെ (violent capitalism) അഥവാ ധനമുതലാളിത്തത്തിലൂടെ (finance capitalism) മുന്നോട്ടു വയ്ക്കുന്നത്. 1980-കളിലും തൊണ്ണൂറുകളിലും ഉണ്ടായ അക്കാദമിക ചർച്ചകൾ സാമൂഹിക ജനാധിപത്യത്തിനെ ഇകഴ്ത്തുന്നതിന്റെ യുക്തി ഉഗ്രമുതലാളിത്തത്തിനെ ഇത് സംരക്ഷിക്കുന്നില്ല അഥവാ അതിനുള്ള സാധ്യത നൽകുന്നില്ല എന്നതാണ്. കെയ്നീഷ്യൻ സോഷ്യൽ ഡെമോക്രസി എന്ന സാമൂഹിക മുഖമുള്ള മുതലാളിത്തം മുതലാളിത്തത്തിന്റെ വളർച്ചയെത്തന്നെ പ്രതികൂലമായി ബാധിക്കും എന്നതിനാലാണ് ഇതിനെ തിരുത്തി പ്രയോഗിക്കുന്ന നവഉദാരവാദത്തിന്റെ ഉദയത്തിനു വഴിതെളിച്ചത്.

2

നവഉദാരവാദം അഥവാ ധനമൂലധന വാദം

നവഉദാരവാദത്തിന്റെ നിർമിതി

മുതലാളിത്ത വ്യവസ്ഥയുടെ കെട്ടുറപ്പിന് കേടുണ്ടാക്കാത്ത പ്രവൃത്തികളിൽ ഒന്നാണ് കെയ്നീഷ്യൻ ഡിമാൻഡ് മാനേജ്മെന്റ് എന്ന് സൂചിപ്പിച്ചല്ലോ. കെയ്നീഷ്യൻ ഡിമാന്റ് മാനേജ്മെന്റ് മുതലാളിത്തത്തിന്റെ ഉഗ്രരൂപത്തിലുള്ള ധനസമ്പാദനത്തിന് പ്രാമുഖ്യം നല്കിയിരുന്നുമില്ല എന്നും വിശദീകരിച്ചുകഴിഞ്ഞു. മുതലാളിത്തത്തിനുള്ളിൽ നിന്നുകൊണ്ട് ധനമൂലധനത്തിന്റെ വർധിച്ച സമ്പാദനത്തെ അംഗീകരിക്കേണ്ടതില്ല എന്ന കെയ്നീഷ്യൻ വാദത്തെ അംഗീകരിക്കേണ്ടതില്ല എന്നും നേരേമറിച്ച് ധനമൂല ധനത്തിന്റെ സാധ്യതയെ പൂർണമായും ഉപയോഗപ്രദമാക്കണം എന്നും ഒരുകൂട്ടം വരേണ്യ മുതലാളിത്ത ബുദ്ധിജീവികൾ വാദിക്കുകയുണ്ടായി. ഇതിന്റെ പ്രയോക്താക്കളായിരുന്ന ചിലരാണ് കെയ്ൻസ് തന്നെ കേംബ്രിഡ്ജിലേക്ക് കൊണ്ടുവന്ന ഫ്രെഡറിക്ക് ഹായക്കും അദ്ദേഹത്തിന്റെ ആശയങ്ങളിൽ ആകൃഷ്ടനായ മിൽട്ടൻ ഫ്രീഡ്മാനും, ആസ്ട്രിയയിലെ ലുട്വിംഗ് മൈസും, ഉദാരവാദത്തിനെ അനുകൂലിക്കുന്ന മറ്റു സാമ്പത്തിക വിദഗ്ദ്ധരും. കാൾപോപ്പറെ പോലുള്ള ദാർശനികരും ഈ കൂട്ടത്തിൽ പങ്കുചേർന്നപ്പോൾ ഇവരുടെ നേതൃത്വത്തിൽ ഒരു പുത്തൻ സാമൂഹിക യുക്തി ഉരുത്തിരിയുകയായി. മേൽപ്പറഞ്ഞ വ്യക്തികൾ ഹായക്കിന്റെ കൂടെയുള്ള ചായകുടിയിൽ പങ്കുചേരാൻ സ്വിറ്റ്സർലന്റിലെ മോൺപെലറിൽ എന്ന പാർലറിൽ ഒരുമിച്ചുകൂടിയിരുന്നു. ഈ ഒരുമിച്ച് ചേരലാണ് നവലിബറൽ ചിന്താധാരക്ക് ജന്മം നൽകിയത്. ഇപ്പോഴും ഈ പാർലറിന്റെ പേരിൽ പ്രവർത്തിക്കുന്ന സൊസൈറ്റിയാണ് നവലിബറൽ ആശയങ്ങളുടെ പ്രചാരകരായി പ്രവർത്തിക്കുന്നത് എന്നും ഹാർവെ രേഖപ്പെടുത്തുന്നു (Harvey 2005). തുടക്കത്തിലെ തന്നെ കെയ്ൻസിന്റെ ഉഗ്രമുതലാളിത്തത്തിന്റെ വളർച്ചക്ക് തടയിടുന്ന നയങ്ങളോട് വിയോജിപ്പ് പ്രകടിപ്പിച്ച വ്യക്തിയാണ്

ഹായക്. മുതലാളിത്തത്തിന്റെ, ഉദാരവാദത്തിന്റെ അടിസ്ഥാന ശിലയായ വ്യക്തിതാല്പര്യങ്ങളും ലാഭേച്ഛയെയും സ്വതന്ത്ര മായി വിടണമെന്നും സാധാരണക്കാർക്ക് എത്ര സാമ്പത്തിക ക്ളേശം ഉണ്ടായാലും മുതലാളിത്തം ഉണ്ടാക്കുന്ന വളർച്ച സമഗ്രമായി (In the long run) ഇതിനെ പരിഹരിക്കാനാകും എന്നുമാണ് ഇവർ ഉയർത്തിയ വാദം. ഇതിനെ സാന്ദർഭികമായി പരിഹസിച്ചുകൊണ്ടാണ് "ഇൻ ദി ലോങ്ങ് റൺ വീ ഓൾ ഡൈ" എന്ന് കെയ്ൻസ് പറഞ്ഞത്. വ്യക്തിതാൽപര്യത്തെയും ലാഭേച്ഛയെയും സ്വതന്ത്രമായി വിട്ടാൽ എല്ലാം ശരിയാകും എന്ന നവലിബറൽ യുക്തി, യഥാർഥത്തിൽ മുതലാളിത്തത്തിന്റെ താല്പര്യം എല്ലാവരുടെയും താല്പര്യമാണ് എന്ന സാമാന്യ യുക്തിയാണ്. മോപെലറിൻ സൊസൈറ്റിയുടെ പ്രത്യയശാസ്ത്ര നിലപാട് പരിശോധിച്ചാൽ ഇത് കൂടുതൽ വ്യക്തമാകും:

...'വ്യക്തികളുടെ സ്വതന്ത്രമായ നിലപാടുകൾക്ക് വിഘ്നം വരുത്തുന്ന നടപടികളാണ് 'സംഘശക്തി'യിലധിഷ്ഠിതമായ കേന്ദ്രീകൃത (സർക്കാരുകളുടെ) നിലപാടുകൾ സൂചിപ്പിക്കുന്നത്. പടിഞ്ഞാറൻ പരിഷ്കൃത സ്വതന്ത്ര വ്യക്തിമൂല്യങ്ങളെ തകിടം മറിക്കുന്നതാണ് ഈ സമീപനം. സ്വതന്ത്രവ്യാപാരത്തിലും, കമ്പോളത്തിലും വിശ്വാസം ഊന്നാത്ത സ്വകാര്യസ്വത്തവകാശ ങ്ങളെ വിലമതിക്കാത്ത ഭരണകൂടം നടത്തുന്ന വ്യക്തി സ്വാതന്ത്ര്യ ഹത്യ, യഥാർഥത്തിൽ ഹനിക്കുന്നത് അവരുടെ തന്നെ സ്വാതന്ത്ര്യത്തെയാണെന്ന് അധികാരം വിനിയോഗി ക്കുന്നവർ മനസ്സിലാക്കുന്നില്ല"...

ഈ പ്രഖ്യാപനത്തിലൂടെ മോൺപെലറിൻ കൂട്ടായ്മ അവകാശപ്പെടുന്നത് തങ്ങൾ ക്ലാസിക്കൽ ബ്രിട്ടീഷ് ഉദാരവാദി കളാണെന്നാണ്. അങ്ങനെയാണെങ്കിൽ ഇവരുടെ ലിബറലിസം നേരത്തെ സൂചിപ്പിച്ചതുപോലെ ബ്രിട്ടീഷ് ലിബറലിസവുമായി താദാത്മ്യമുള്ളതാകണം. ഇതിന്റെ അടിസ്ഥാനത്തിലാണ്, ഇവരുടെ വ്യക്തിസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള മുറവിളി യെയും നിയോക്ലാസ്സിക്കൽ സാമ്പത്തിക മൂല്യങ്ങളോടുള്ള പ്രതിബദ്ധതയെയും മനസ്സിലാക്കേണ്ടത്. എന്നാൽ വരേണ്യ ബുദ്ധിജീവികൾ ആഘോഷമാക്കിയ ഉദാരവാദം ഇവരുടെ ആശയവാദയാന്ത്രികതയെ ശക്തിപ്പെടുത്തുന്നതു മാത്രമാ ണെന്ന് മുൻഭാഗങ്ങളിൽ നിന്നും വ്യക്തമാണ്. വരുംഭാഗങ്ങളിൽ ഇതിന്റെ 'മഹത്തായ' സാമ്പത്തിക ബൗദ്ധിക അടിത്തറയുടെ ശൂന്യത കൂടി വ്യക്തമാക്കാം.

കമ്പോളം എല്ലാ പ്രശ്നത്തിന്റെയും പരിഹാരമാണ് എന്ന

വാദം ആഡംസ്മിത്തിന്റെ ക്ലാസ്സിക്കൽ വാദമായ "ക്രയവിക്രയത്തിലെ അദൃശ്യ കരങ്ങൾ" എല്ലാം ശരിയാക്കും എന്ന അനുമാനത്തിൽ നിന്നാണ് ഇവർ കടം കൊണ്ടിരിക്കുന്നത്. അദൃശ്യകരങ്ങളോടുള്ള ഇവരുടെ അമിതസ്നേഹം മുതലാളിത്ത സമൂഹത്തിന്റെ പ്രൊട്ടസ്റ്റന്റ് എത്തിക്സുമായി ബന്ധപ്പെട്ട മനോഭാവം മാത്രമാണ് എന്ന് മാക്സ് വിബ്ബർ താരതമ്യം ചെയ്യുന്നുണ്ട് എന്നത് സാന്ദർഭികമായി ഇവിടെ ഓർക്കാവുന്നതാണ് (Weber 2002). കാരണം, വിശ്വാസത്തിലധിഷ്ഠിതമായ നൈതിക സങ്കല്പമാണ് വ്യക്തികളുടെ ക്രയ-വിക്രയങ്ങളെ നയിക്കുന്നത്. എന്നാൽ നൈതികതയെ വസ്തുനിഷ്ഠമാക്കുക ദുഷ്കരമാണ്. അതിനെ അദൃശ്യവല്കരണത്തിലൂടെ സാമാന്യ വ്യവഹാരത്തിന്റെ ഭാഗമാക്കുകയാണ് നവഉദാരവാദികൾ ചെയ്തത്. ഇതിന് പിൻബലമേകാനാണ് ക്ലാസിക്കൽ വാദത്തിലെ സ്മിത്തിനെ നവഉദാരവാദികൾ മുറുകെപ്പിടിക്കുന്നതും മറ്റുള്ളവരെ തള്ളിക്കളയുന്നതും. എന്നാൽ നൈതികതയില്ലാത്ത സ്മിത്ത് അമാനവീയമായ സാമൂഹിക ക്രയ-വിക്രയങ്ങളാണ് നമുക്ക് പ്രദാനം ചെയ്യുന്നത്. യഥാർത്ഥ സാമ്പത്തിക ഇടപാടുകൾ മാനവീയമായാണ് സാധാരണ നടക്കുന്നതെങ്കിലും ഈ അമാനവിക ക്രയവിക്രയമാണ് ഉഗ്രമുതലാളിത്തത്തിന്റെ നട്ടെല്ല്. ഇവിടത്തെ ബൗദ്ധിക വ്യായാമം മുന്നോട്ടുവയ്ക്കുന്ന യുക്തി, വ്യക്തിതാല്പര്യങ്ങൾ മാത്രം സംരക്ഷിച്ചാൽ മതിയാകും എന്ന ആശയമാണ്. എന്നാൽ എത്തരത്തിലുള്ള വ്യക്തികളുടെ താൽപര്യങ്ങളെക്കുറിച്ചാണ് ഇവർ വ്യാകുലപ്പെടുന്നതെന്ന ചോദ്യങ്ങളെ ഇവരൊരിക്കലും സംബോധന ചെയ്യുന്നില്ല. അതിനാൽ വ്യത്യസ്തത കല്പിക്കാത്ത മൂർത്തമായ സമൂഹത്തിൽ മാത്രമേ ഈ ചിന്താധാര പ്രസക്തമാകൂ എന്നതാണ് ഇതിന്റെ ആദർശം. എല്ലാത്തരം വിശിഷ്ട നിർമിതിയാലും ഘടനയാലും (ജാതി, മത, വർഗ്ഗ, ലിംഗ, സാമ്പത്തിക...) ബന്ധിതമായ സമൂഹത്തിൽ ഈ ആദർശ പരികല്പനകൾ എത്രകണ്ട് സംശുദ്ധമായി നടപ്പാക്കാനാകും എന്നത് ജാഗ്രതയോടെ സമീപിക്കേണ്ടതും വിശദീകരിക്കേണ്ടതുമാണ്.

ഉദാരവാദത്തിന്റെ ആത്യന്തികലക്ഷ്യം എല്ലാവിധ സർക്കാർ നിയന്ത്രണങ്ങളും ഇല്ലാതാക്കുക എന്നതാണെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. 1930 കളിലുണ്ടായ കെയ്നീഷ്യൻ ചിന്തയോടുള്ള സമരസപ്പെടലുകളെ പൂർണമായും തുടച്ചുനീക്കുകയാണ് ഇവരുടെ ലക്ഷ്യം. ഉദാരവാദത്തിന്റെ പേരിൽ ആരംഭിച്ച പുത്തൻ ക്രമം കേന്ദ്രീകൃതമായ സർക്കാർ നയങ്ങളെയും അസൂത്രണ

ങ്ങളെയും പൂർണമായും തള്ളുന്ന ഇവർ ആസൂത്രണം അശാസ്ത്രീയമാണെന്നു പോലും വാദിച്ചു. കാരണം, നിക്ഷേപത്തിനും (വിദേശ നിക്ഷേപമെന്നാണ് അവർ വിവക്ഷിക്കുന്നത്) മൂലധന സ്വരൂപീകരണത്തിനും രാജ്യത്തിൽ കേന്ദ്രീകൃത തീരുമാനങ്ങൾ ഗുണപരമാകില്ല. അത് വിപണി സൂചകങ്ങളെ പ്രതികൂലമായി ബാധിക്കുകയും വിപണിയുടെ സ്വാഭാവിക പ്രതികരണങ്ങളെ നിർജീവമാക്കുമെന്നാണ് ഇവർ വാദിക്കുന്നത്. ഫെഡ്രിക് ഹായക് 'റോഡ് ടു സെർഫ്ഡം' (Friedrich Hayek, Road to Serfdom) എന്ന കൃതിയിൽ ഇതിന്റെ രൂപരേഖ നൽകുന്നു. വിപണി വ്യവസ്ഥക്കുതന്നെ സൂചനയാകുന്ന തരത്തിൽ വേണം ഭരണകൂടം പ്രവർത്തിക്കേണ്ടതെന്നു ചുരുക്കം. പ്രഭാത് പട്നായിക്ക് നിർവചിക്കുന്ന നവലിബറൽ ഭരണകൂടത്തിന്റെ ഉൽപത്തി ഇതിൽ നിന്നും വ്യക്തമാണ്.

നവഉദാരവാദം എത്തരത്തിലാണ് നമ്മുടെയൊക്കെ ചിന്താമണ്ഡലങ്ങളിലും രാജ്യങ്ങളുടെ സാമ്പത്തിക രാഷ്ട്രീയ സാമൂഹിക നയങ്ങളിലും പ്രതിഫലിക്കേണ്ടത് എന്നതിനെക്കുറിച്ചും നവലിബറൽ ബുദ്ധിജീവികൾക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നു. ആശയപരമായ യുദ്ധത്തിലൂടെ മാത്രമേ ഒരു സംസ്ക്കാരത്തെയോ, ദേശത്തെയോ പൂർണ്ണമായും കീഴടക്കാൻ കഴിയുകയുള്ളുവെന്ന് ഹായക്ക് വ്യക്തമാക്കുന്നുണ്ട്. ഇതിനായി ചിലപ്പോൾ ഒരു തലമുറ തന്നെ വേണ്ടി വന്നേക്കുമെന്നും, ആശയപരമായി മാത്രമേ പൂർണമായ സാമൂഹികമാറ്റം സാദ്ധ്യമാകുകയുള്ളുവെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. ഇതിനായി അഹോരാത്രം പണിയെടുക്കുന്നവരായി മോൺപെലറിൻ കൂട്ടായ്മ. ഇത് ഒരു പരിധിവരെ ശരിവെച്ചുകൊണ്ടാണ് നവഉദാരവാദം പ്രവർത്തിച്ചതും, സാമൂഹികവും രാഷ്ട്രീയവുമായ പിടിമുറുക്കൽ സാമ്പത്തിക അജണ്ടയിലൂടെ സാദ്ധ്യമാക്കിയതും. നോബൽ കമ്മിറ്റി രൂപപ്പെടുത്താത്തതും എന്നാൽ സ്വീഡിഷ് സെൻട്രൽബാങ്ക് (സ്വെറിജിസ് റിക്സ്ബാങ്ക്) ഏർപ്പെടുത്തുന്നതുമായ സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ബൗദ്ധികമണ്ഡലത്തിൽ നവലിബറൽ ആശയത്തെ അംഗീകരിക്കുവാൻ ഗവേഷകരെ ഒരു പരിധി വരെ പ്രേരിപ്പിച്ചു. നവഉദാരവാദത്തിന് പിന്തുണ ലഭിച്ചുതുടങ്ങിയ 1970 കളിൽ തന്നെ പ്രത്യേകിച്ചും ഹായക്കിന് 1974 ലും ഫ്രീഡ്മാന് 1976 ലും സ്ടിഗ്ലർന് 1982 ലും ബുക്കാനന് 1986 ലും എലയാസിനു 1988 ലും കോസിന് 1991 ലും ബെക്കറിന് 1992 ലും നോബൽ സമ്മാനം നൽകുന്നത് നവഉദാരവാദത്തിന്റെ പിടിമുറുക്കലായി വേണം മനസ്സിലാ

ക്കേണ്ടത്. നവഉദാരവാദത്തിന്റെ നൈതികതയും ബൗദ്ധിക വശങ്ങളും മനസ്സിലാക്കണമെങ്കിൽ നോബൽ സമ്മാന ജേതാക്കളുടെ പട്ടിക മാത്രം പരിശോധിച്ചാൽ മതിയാകും. സാഹിത്യത്തിൽ പെറുവിന്റെ ശബ്ദമായിമാറിയ മരിയോ വർഗാസ് ലോസക്ക് 2010 ൽ നോബൽ സമ്മാനം ലഭിച്ചതും കമ്പോളത്തിന്റെ സൂക്ഷ്മ പ്രവർത്തനങ്ങൾ നിരീക്ഷിച്ച വെർനൻ സ്മിത്തിനു 2002 ൽ നോബൽ സമ്മാനം നല്കിയതും മോൺപെലറിൻ അംഗങ്ങളുടെ ചിന്തയുടെ സാധുതയ്ക്ക് പരക്കെ അംഗീകാരം ലഭിക്കാനിടയായി. കൂടുതൽ വ്യക്തതയ്ക്കായി ഈ മേഖലയിൽ ഗവേഷണങ്ങൾക്കായി നൽകുന്ന ഗ്രാന്റുകളും ധനവിനിയോഗ മാതൃകകളും പരിശോധിച്ചാൽ ലിബറൽ-നവലിബറൽ ആശയങ്ങളെ പിൻതാങ്ങാത്ത ആർക്കും നോബൽ സമ്മാനം സാമ്പത്തിക ശാസ്ത്രത്തിൽ ലഭിച്ചിട്ടില്ല എന്നും വ്യക്തമാകും.

ആഗോളതലത്തിൽ നവഉദാരത പിടിമുറുക്കുമ്പോൾ

കടുത്ത പണപ്പെരുപ്പവും വളർച്ച മുരടിപ്പും നിൽക്കുന്ന കാലത്ത് (stagflation) "നിയന്ത്രണ വിമുക്തമാക്കൽ" (deregulation) നടപടിക്ക് കൂടുതൽ പ്രാമുഖ്യം ലഭിച്ചു. ഇതിന്റെ പരിണത ഫലമാണ്, ബ്രിട്ടണിലും യുഎസ്സിലും മറ്റ് പല വികസിത-വികസ്വര രാഷ്ട്രങ്ങളിലും പിൽക്കാലത്ത് അനുവർത്തിച്ച നവലിബറൽ നയങ്ങൾ. കെയ്നീഷ്യൻ ഡിമാണ്ട് മാനേജ്മെന്റ് തന്ത്രത്തിൽ നിന്നും സപ്ലൈ സൈഡ് മെച്ചപ്പെടുത്തുകയാണ് "വളർച്ച മുരടിപ്പിന് പ്രതിവിധി" എന്നും ഇവർ വിധിച്ചു. ഇതിന്റെ തുടർച്ചയായി ബ്രിട്ടനിൽ 1945 നുശേഷം രൂപപ്പെട്ട സോഷ്യൽ ഡെമോക്രാറ്റിക് രാഷ്ട്രീയരൂപത്തെ ഇല്ലായ്മചെയ്യാൻ ഉദാരീകരണം അനിവാര്യമാണെന്ന് മാർഗരറ്റ് താച്ചർ വാദിച്ചു. രാജ്യത്തിന്റെ ധന-കട സ്ഥിതി കൂടുതൽ പരുങ്ങലിലാണ് എന്ന ആശയാവതരണത്തിലൂടെയാണ് തങ്ങളുടെ അജണ്ടയായ നവഉദാരവാദത്തിന്റെ ആദ്യപടി ഇവരിലൂടെ നടപ്പിലാക്കിയത്. ഈ നയം രാജ്യ-ദേശ ഭേദമന്യേ പ്രാവർത്തികമാക്കാൻ പിന്നീട് ഇവർക്ക് കഴിഞ്ഞു. ജനങ്ങളിൽ ഉദാരീകരണം ഒരു പരിഹാര മാർഗ്ഗമായിക്കൂടിയാണ് നവലിബറൽ ചിന്തകർ അവതരിപ്പിച്ചത്. 1970-80 കാലഘട്ടത്തിൽ പ്രശസ്തമായ ബദലില്ല (There Is No Alternative - TINA)) എന്ന മുദ്രാവാക്യം പോലും നവലിബറൽ ആശയാവിഷ്കാരമാണ്. ഇവരുടെ സ്വാധീനത്തിന്റെ ലളിതമായ ഉദാഹരണം: തൊഴിലാളികളെയും മധ്യവർഗക്കാരെയുംകൊണ്ട് തങ്ങളുടെ തന്നെ യഥാർഥ വേതനം കുറയ്ക്കുന്നതിൽ കുഴപ്പമില്ല

എന്ന് പറയിപ്പിക്കാൻ നവലിബറൽ ബ്ളതിനായുള്ള അടിത്തറ "ഇല്ലാത്തതിനേക്കാൾ നല്ലത് കുറച്ചെങ്കിലും ഉള്ളതാണ്" എന്ന സാമാന്യയുക്തിയുടെ പിൻബലമാണ്. നവഉദാരവാദത്തിന്റെ സാമൂഹിക പിൻബലത്തിന്റെ വേരോട്ടം ഇതിൽ വ്യക്തമാണ്. ഇത്തരം ഇഴുകിച്ചേരൽ യുക്തിയുടെ (logic of inclusiveness) അടിസ്ഥാനം 'വേതനം ഇല്ലാതാകുന്നതിനേക്കാൾ നല്ലത് കുറഞ്ഞ വേതനമാണ്' എന്ന പ്രചാരണമാണ്. ഇത് നടപ്പാക്കു ന്നതിനായി എല്ലാത്തരം സാമൂഹിക ഏകീകരണ വ്യവസ്ഥയും യൂണിയനുകളും ഇവർ അടിച്ചമർത്തി. യൂണിയനുകളുടെ പ്രവർത്തനങ്ങളെ അശ്ലീലവൽക്കരിക്കുകയോ പൈശാചിക വൽക്കരിക്കുകയോ ചെയ്തുകൊണ്ടാണ് അവരിത് നേടിയെടു ത്തത്. ഇതിന്റെ മറുവശമായി, ക്ഷേമപ്രവർത്തനത്തിൽ നിന്നും സർക്കാരുകളെ പിന്തിരിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തന ങ്ങളും പൊതുമുതൽ വ്യാപകമായി സ്വകാര്യവൽക്കരിക്കു ന്നതിനുള്ള ഉപദേശങ്ങളും പ്രവർത്തനങ്ങളും, മുതലിന്മേലുള്ള മിക്കവാറും നികുതികളും ഇളവു ചെയ്യുന്നതും, ബിസിനസ് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനു ഏതറ്റം വരെ പോകാ നൊരുങ്ങുകയും ചെയ്യുന്ന പരിതഃസ്ഥിതിയും ഇവർ ഉണ്ടാക്കി. താച്ചറിന്റെ വാക്കിൽ, "സമൂഹം എന്നൊന്നില്ല, എല്ലാം പുരുഷ-സ്ത്രീ വ്യക്തികൾ മാത്രമാണ്". ആയതിനാൽ വ്യക്തികേന്ദ്രീ കൃതമായ പരിഷ്കരണങ്ങളെ സ്വാഗതം ചെയ്യുന്ന നടപടികളാണ് ഇതിനെത്തുടർന്ന് ലോകത്താകമാനം വ്യാപിക്കേണ്ടതെന്നും, അത് സാധ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കു ന്നതിനു നിസ്തുലമായ ഇടപെടലുകളും ഇവർ നടത്തി. താച്ചറിസം എന്ന് അറിയപ്പെട്ടിരുന്ന ഈ മാറ്റം യഥാർത്ഥത്തിൽ നവലിബറലിസം തന്നെയായിരുന്നു.

ഇതേ കാലയളവിൽ യുഎസ് ഫെഡറൽ റിസർവ്വ് ബാങ്ക് അധ്യക്ഷനായ പോൾ വോക്കർ കെയ്നീഷ്യൻ ധന-നയത്തെ പുറന്തള്ളി പണ വ്യവസ്ഥക്കുമാത്രം മുൻതൂക്കം നൽകുന്ന രീതി 1979ൽ സ്വീകരിച്ചു. പണപെരുപ്പം തടയാൻ നെഗറ്റീവ് ഇന്റെറസ്റ്റ് (പലിശ) റേറ്റായിരുന്നത് ഒറ്റരാത്രികൊണ്ട് ഉയർന്ന നിരക്കിലെ ത്തിക്കുകയും അടുത്ത രണ്ട് വർഷം കൊണ്ട് ഇതിന്റെ നിരക്ക് ക്രമേണ കൂട്ടി 20 ശതമാനത്തിലെത്തിക്കുകയും ചെയ്തു. വോക്കറുടെ ഈ ഷോക്ക് ചികിത്സയിൽ യൂണിയനുകളും സർക്കാർ സ്ഥാപനങ്ങളും കടുത്ത പ്രതിസന്ധി നേരിടുകയും രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള വായ്പ സ്വീകരിച്ചവർ ഘടനാപരമായ മാറ്റത്തിന് നിർബന്ധിതമാകുകയും ഉണ്ടായി.

ഇത് നവഉദാരവാദത്തിന്റെ അനിവാര്യ ഘടകമായി വർത്തിച്ചു. ഇവിടെ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം, 'കമ്പോളം ബാഹ്യശക്തികളുടെ പ്രേരണ ഇല്ലാതെ പ്രവർത്തിക്കുന്ന സംവിധാനമാണ്' എന്ന ലിബറൽ സാമ്പത്തിക യുക്തിയിൽ നിന്നും, കമ്പോളത്തിന്റെ ആവശ്യപ്രകാരമല്ല ഈ പണ നയത്തിലെ മാറ്റം എന്നും, മറിച്ച് സർക്കാരിന്റെ നേരിട്ടുള്ള ഇടപെടൽ മൂലമാണ് എന്നുമുള്ള വസ്തുതയാണ് ഇതിനെ നവഉദാരമാക്കുന്നത്. നേരത്തെ സൂചിപ്പിച്ച താച്ചറിസവും തത്ത്വത്തിൽ ചെയ്തത്, സർക്കാർ സംവിധാനം ഉപയോഗിച്ചുകൊണ്ട് സർക്കാർ സംവിധാനത്തെയും അതിന്റെ പ്രഖ്യാപിത ഉദ്ദേശ്യങ്ങളെയും നിരാകരിക്കുന്ന നയം സ്വീകരിക്കലാണ്. പ്രഭാത് പട്നായിക്കിന്റെ നവലിബറൽ ഭരണകൂടത്തിന്റെ ഗുണമാണിതെന്നത് ഇതിലും വ്യക്തമാക്കുക പ്രയാസമാണ്. ഇന്ത്യയിലും പണനയം നിർണ്ണയിക്കുന്നത് കമ്പോള ശക്തിയല്ല മറിച്ച് സർക്കാർ നിയന്ത്രണത്തിലാണ് എന്നതും ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. കമ്പോളത്തിലെ നിക്ഷേപങ്ങളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയാണ് സൈദ്ധാന്തികമായി കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ പ്രദാനം ചെയ്തത്/ചെയ്യുന്നത്. എന്നിട്ടും നിക്ഷേപങ്ങൾ നടക്കാത്ത സാഹചര്യത്തിലാണ് സർക്കാരുകൾ തങ്ങളുടെ ധനനയമായി പല വികസന പ്രവർത്തനങ്ങൾക്കും വേണ്ട നിക്ഷേപങ്ങൾ സ്വീകരിക്കുന്നത്. എന്നാൽ ഈ നിക്ഷേപങ്ങളുടെ പലിശനിരക്ക് കുത്തനെ കൂട്ടിയത് സർക്കാരുകളെ കടപ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണു ചെയ്തത്.

പണപ്പെരുപ്പത്തെ പ്രതിരോധിക്കുന്നതിന് പണനയം (മോണിറ്ററി പോളിസി) സ്വീകരിക്കുന്നത് ചരിത്രത്തിൽ ആദ്യമായല്ല. 1920കളിൽ വീമാർ റിപ്പബ്ലിക്കും പിന്നീട് അന്താരാഷ്ട്ര നാണയ നിധിയും (IMF) ഈ അടവ് തന്നെയാണ് പ്രയോഗിച്ചത്. ഈ കാലഘട്ടത്തിൽ യൂണിയൻ പ്രവർത്തനങ്ങളെയും ക്ഷേമ രാഷ്ട്ര കാഴ്ചപ്പാടിനെയും പണനയത്തിന്റെ കാഴ്ചയിൽ കൊണ്ടുവന്നു. അവിടെ സർക്കാർ ജനക്ഷേമത്തെ മുൻനിർത്തിയാണ് പണനയത്തെ തങ്ങളുടെ അധീനതയിൽ കൊണ്ടുവന്നത്. നവഉദാരവാദത്തിലെ പണനയം ഈ രണ്ട് ആശയങ്ങളേയും അപ്രസക്തമായി കണ്ടു എന്നുമാത്രമല്ല സർക്കാരുകളുടെ പണനയമുപയോഗിച്ച് ജനദ്രോഹ നടപടികളാണ് അഴിച്ചുവിട്ടത്. ഇതിന്റെ ഫലമായി 1980-ൽ തിരഞ്ഞെടുക്കപ്പെട്ട റീഗൻ ഭരണം വോക്കാറിന്റെ ഉപദേശം സ്വീകരിച്ചു കൊണ്ട് തൊഴിലാളി വിരുദ്ധ

സമീപനങ്ങളെടുത്തു. തൊഴിലാളി വിരുദ്ധ നയത്തിന്റെ ഉദാഹരണമായി 'ദാരിദ്ര്യ രേഖ'യായി നിജപ്പെടുത്തിയ കുറഞ്ഞ കൂലിയുടെ (മിനിമം വേതനം) പരിധി നിലവിലുണ്ടായിരുന്ന വേതനത്തിൽ നിന്നും മുപ്പത് ശതമാനം കുറച്ചു. ഇതുവഴി തൊഴിലാളികൾ കൂടുതൽ ദരിദ്രരായി മാറുന്ന അവസ്ഥ സംജാതമായി. അടുത്തകാലത്ത് ഇന്ത്യയിൽ നടപ്പാക്കിയ നോട്ട്നിരോധനവും, അതിനെ തുടർന്ന് സാധാരണ ജനങ്ങളെ ക്രൂശിക്കുന്ന ബാങ്കിംഗ്-പണ നയങ്ങൾ സ്വീകരിക്കുന്നതും, തൊഴിൽ നിയമങ്ങളിൽ വ്യാപകമായ അഴിച്ചുപണി നടത്തുന്നതും, നവലിബറൽ നയങ്ങളുടെ വ്യാപനമാണ്. അമേരിക്കയിലും ഇന്ത്യയിലും ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന അസംഘടിത തൊഴിൽ മേഖലയെയാണ് ഇത്തരം നയങ്ങളിലൂടെ കൂടുതൽ ബാധിക്കുന്നത്. നവ ഉദാരവാദത്തിൽ ഇതിനെ കണ്ടില്ലെന്ന് നടിക്കുകയോ തമസ്കരിക്കുകയോ ആണ് പൊതുനയം. ഇന്ത്യയെ സംബന്ധിച്ചും നവഉദാരവാദത്തിന്റെ പശ്ചാത്തലത്തിൽ ഏറ്റവും രൂക്ഷമായ പ്രശ്നങ്ങൾ അനുഭവിക്കേണ്ടി വരുന്നതും ദുർബലരായ തൊഴിലാളികളാണ്. ഇതിന്റെ കൂടുതൽ വിശദീകരണങ്ങൾ വരുംഭാഗങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

രാജ്യത്തിനകത്തു മാത്രം കേന്ദ്രീകരിച്ചു നടന്ന ഉത്പാദന പ്രക്രിയയെ ഉപേക്ഷിച്ച് രാജ്യാന്തരമായി മൂലധന ശക്തികൾ തങ്ങളുടെ ഉത്പാദന പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നത് ഈ മാറിയ സാഹചര്യത്തിലാണ്. മൂലധനത്തിന്റെ നോട്ടം സ്വാഭാവികമായും ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുന്നതിൽ ആയതിനാൽ അവർ വികസ്വര രാഷ്ട്രങ്ങളെ തങ്ങളുടെ പുത്തൻ ഉത്പാദനരംഗമായി കണ്ടു. 1990 കളുടെ വാമഭാഗം വരെ അമേരിക്കയിൽ യഥാർത്ഥ വേതനം കുത്തനെ കുറയുന്ന സ്ഥിതിയാണ് ഉണ്ടായത്. ഈ കാലഘട്ടത്തിലെ ഉല്പാദനക്ഷമത കുത്തനെ കൂടുന്നതും യുഎസ്സിൽ ദൃശ്യമായി. ഇന്ത്യയിലെ മാനുഫാക്ച്ചറിംങ് മേഖലയിൽ ഏകദേശം ഇതേ അവസ്ഥയാണ് എന്ന് വിനോജ് എബ്രഹാമിന്റെ പഠനങ്ങളിൽ പ്രതിപാദിക്കുന്നുണ്ട് (Abraham 2017; Abraham & Sasikumar 2017). യുഎസ്സിൽ അതുവരെ സർക്കാർ നിയന്ത്രണത്തിലായിരുന്ന സ്ഥാപനങ്ങളെ ഉദാരവല്ക്കരിക്കുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്തുകൊണ്ട് മൂലധനശക്തികളെ കൂടുതൽ ശക്തിപ്പെടുത്തി. ഇതിന്റെ അന്തർദേശീയ അനുരണനങ്ങളാണ് പിന്നീടുണ്ടായത്. ഇന്ത്യയിൽ നടന്നതും ഇതിൽനിന്നും വിഭിന്നമായ ഒരു പ്രവർത്തന

മായിരുന്നില്ല. വികസനത്തിന് വിദേശ മൂലധനം അത്യാവശ്യം എന്ന പുത്തൻ പ്രചാരണം ഇതിനൊപ്പം നമ്മുടെ വികസന സാമ്പത്തിക രാഷ്ട്രീയത്തിൽ കൂട്ടിച്ചേർക്കപ്പെട്ടു. ഇതോടെ വികസ്വര രാഷ്ട്രങ്ങളും തങ്ങളുടെ ദേശീയ അന്തർദേശീയ നയങ്ങളിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരാൻ നിർബന്ധിതരായി.

വിദേശ നിക്ഷേപത്തിനായി പണം എവിടുന്നെന്ന ചോദ്യം ഇതോടെ പ്രസക്തമായി. പെട്രോ-ഡോളർ എന്ന പുതിയ അന്താരാഷ്ട്ര മിച്ചമൂല്യം ഇതിലേക്കായുള്ള പ്രേരക ശക്തിയായി. സൗദി, കുവൈറ്റ്, യുഎഇ മുതലായ അറബ് രാഷ്ട്രങ്ങളുടെ പെട്രോളിയം കച്ചവടത്തിന്റെ ലാഭം (പ്രത്യേകിച്ചും പ്രിമിറ്റീവ് അക്യുമുലേഷനിലൂടെ) ന്യൂയോർക്ക് നിക്ഷേപ ബാങ്കിൽ നിക്ഷേപിക്കുവാൻ ധാരണയായതിനെ തുടർന്നാണ് അന്താരാഷ്ട്ര ധന നിക്ഷേപത്തിനും ധനമൂലധന വികാസത്തിനും പുതിയ അദ്ധ്യായമായത്. എന്നാൽ ഇത് സാധ്യമാക്കിയ രാഷ്ട്രീയത്തിൽ കണ്ണോടിക്കുകയാണെങ്കിൽ മദ്ധ്യ-പൂർവ്വേഷ്യൻ രാജ്യങ്ങളെ ഇപ്പോൾ എണ്ണക്കായി ആക്രമിക്കുന്നതുപോലെ ഒരു കടന്നാക്രമണം 1970 കളോടെ നടത്താൻ യുഎസ് പദ്ധതി ഇട്ടിരുന്നതായി ബ്രിട്ടീഷ് രഹസ്യാന്വേഷണ വിഭാഗം അടുത്തിടെ വെളിപ്പെടുത്തിയിരുന്നു. മധ്യ-പൂർവേഷ്യൻ രാജ്യങ്ങൾ തങ്ങളുടെ മിച്ചമൂല്യം ന്യൂയോർക്ക് നിക്ഷേപ ബാങ്കിൽ ഇട്ടത് അമേരിക്കയെ നിയന്ത്രിക്കുന്ന അന്താരാഷ്ട്ര പണമൂലധനത്തിന്റെ താല്പര്യ സംരക്ഷണാർഥവും യുദ്ധമെന്ന ഭീകരത ഒഴിവാക്കുന്നതിനുമാണ് എന്ന് വ്യക്തം. ധനമൂലധനത്തിന്റെ പ്രാരംഭ ദശയിൽ രാഷ്ട്രീയ സ്ഥിരത അത്യാവശ്യമായിരുന്നു. ധനമൂലധനം രാജ്യങ്ങളുടെ സാമ്പത്തിക രാഷ്ട്രീയ ഘടനയെ നിയന്ത്രിച്ചു തുടങ്ങുന്നതു മുതൽ (1979) യുദ്ധം ധനമൂലധനത്തിന്റെ വാഹകരായി മാറി. മധ്യ-പൂർവേഷ്യൻ രാജ്യങ്ങളിൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന ഭൗമ-രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധി യഥാർത്ഥത്തിൽ ധനമൂലധന ശക്തികളുടെ ആവശ്യമാണ്. അതിനാൽത്തന്നെ ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലും 21-ാം നൂറ്റാണ്ടിന്റെ ദക്ഷിണാർധത്തിലും നടക്കുന്ന പുത്തൻ സാമ്രാജ്യത്വ നയമാണ് നവഉദാരവാദം എന്നതിൽ തർക്കമില്ല. പരമ്പരാഗത സാമ്രാജ്യത്വവാദത്തിൽ നിന്നും വിഭിന്നമായ ഈ വ്യവസ്ഥയെ മനസ്സിലാക്കേണ്ടതും മാറിയ പശ്ചാത്തലത്തിലാണ്. ചുരുക്കത്തിൽ "പ്രത്യക്ഷത്തിൽ കോളനികളല്ലാതിരിക്കുകയും പരോക്ഷമായി സാമ്പത്തികമായ അടിമത്ത്വത്തിലൂടെ ധനമൂലധന സാമ്രാജ്യത്വത്തിന്റെ പരിധിക്കുള്ളിലാക്കുകയും ചെയ്യുന്ന തന്ത്രമാണ് നവഉദാരവാദത്തിലെ

സാമ്രാജ്യത്വം".

രണ്ടാം ലോക യുദ്ധത്തിനു ശേഷം നേരിട്ടുള്ള കോളനി വല്കരണം പരാജയമാണ് എന്ന് നിക്കരാഗ്വൻ അനുഭവം അമേരിക്കയെ പഠിപ്പിക്കുന്നുണ്ട്. ആയതിനാൽ അതിർത്തിക്കപ്പുറത്തെ സാമ്രാജ്യത്വ വിപുലീകരണത്തിൽ നാടൻ രണോത്സുകരെ (local warlords) അണിനിരത്തിക്കൊണ്ടുള്ള പുത്തൻതന്ത്രമാണ് പിൽക്കാലത്ത് യുഎസ് കേന്ദ്രീകരിച്ച്, ധനമൂലധനം ആവിഷ്കരിച്ചത്. ഈ തന്ത്രമാണ് സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയപരവുമായി ധനമൂലധത്തിന്റെ അടിത്തറ. ബിൻലാദനും സദ്ദാം ഹുസൈനും ഗദ്ദാഫിയുമൊക്കെ ഇതേ നാടകത്തിന്റെ അണിയറ സൃഷ്ടികളാണ് എന്നതും ചരിത്രം. ഇറാനിൽ ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ സർക്കാരായ 'മൊസാദിക്ക് ഭരണത്തെ' അട്ടിമറിക്കുകയും സി.ഐ.എ.യുടെ പാവ സർക്കാരായ ഷാ രാജഭരണത്തെ ഇവർ അവരോധിക്കുകയും ചെയ്തു. 1953ലാണ് ഇത് സംഭവിക്കുന്നത്. അക്കാലത്ത് ഇത്തരം നിരവധി വിഷയങ്ങളിൽ സി.ഐ.എ.യുടെ പങ്ക് കുപ്രസിദ്ധമായിരുന്നു. ഇത്തരം ഭരണ അട്ടിമറികൾ മദ്ധ്യ-പൂർവേഷ്യൻ രാജ്യങ്ങളിൽ മാത്രമല്ല, ആഫ്രിക്കൻ രാജ്യങ്ങളിലും ലാറ്റിൻ അമേരിക്കയിലും അരങ്ങേറി. ഇവിടെയൊക്കെ എണ്ണയോ മറ്റ് അമൂല്യങ്ങളായ ധാതു മൂലകങ്ങളോ ആണ് ഇവരുടെ സാമ്പത്തിക സാമ്രാജ്യത്വത്തിന്റെ ലക്ഷ്യം. മധ്യ-പൂർവേഷ്യയിലെ അമേരിക്കൻ മൂലധന ശക്തികളുടെ കാവലാളായി പ്രവർത്തിക്കുകയാണ് ഷാ ഭരണകൂടം ചെയ്തത്. ഇതേ അവസ്ഥ തന്നെയാണ് സൗദി പോലുള്ള രാജ്യങ്ങളും ഇന്നും നിർവഹിക്കുന്നത്. ഇവരുടെ പിണക്കങ്ങൾക്ക് വലിയ വില കൊടുത്തുകൊണ്ടാണ് മധ്യ-പൂർവേഷ്യൻ രാജ്യങ്ങൾ ഇന്ന് കടന്നുപോകുന്നത്.

കമ്യൂണിസ്റ്റ് പാളയത്തിൽ വരാത്ത ഏകദേശം രാഷ്ട്രങ്ങളും യുഎസ്സിന് തങ്ങളുടെ രാജ്യത്തെ സാമ്പത്തിക മേഖല തുറന്നു കൊടുത്തുകൊണ്ട് നിയോലിബറൽ പരിഷ്കരണത്തിന് 1980 കളിൽത്തന്നെ വിധേയമായി. ലോകത്ത് പടരുന്ന ഇടതുപക്ഷ കമ്യൂണിസ്റ്റ് ആശയങ്ങളെ തടയാൻ എന്ന വ്യാജേനയാണ് നവഉദാരവാദ ക്യാമ്പേനുകൾ ലോകത്താകമാനം വ്യാപിച്ചത് എന്നത് ഇതിന്റെ പ്രയോക്താവായ ഹായകിന്റെ പുസ്തകങ്ങളിൽ നിന്നും വ്യക്തമാണല്ലോ. ഇടതുപക്ഷം പരാജയമാണെന്ന് സ്ഥാപിക്കാനാണ് ഇതിന്റെ ഭാഗമായി TINA ക്യാമ്പേൻ ഉപയോഗിച്ചത്. ധനമൂലധന താല്പര്യങ്ങളെ സംരക്ഷിക്കുന്നതിന് ഏതറ്റംവരെ പോകാനും ഇവർ ഒരുക്കമായിരുന്നു. ഒരു

സാമ്പത്തിക കൊലയാളിയുടെ കുമ്പസാരം (Confession of an Economic Hitman) എന്ന കൃതിയിൽ ജോൺപെർക്കിൻ ഇതിനെക്കുറിച്ച് കൂടുതൽ വിശദീകരണം നൽകുന്നുണ്ട്. കമ്യൂണിസ്റ്റ് ആശയത്തെ നേരിട്ട് തകർക്കുക സാധ്യമല്ലാത്തതിനാൽ നാട്ടുപ്രമാണിമാരെ യുദ്ധോത്സുകരാക്കി അവരെ തങ്ങളുടെ അനുയായികളാക്കി ആഭ്യന്തര പ്രതിസന്ധി സൃഷ്ടിക്കുന്ന ട്രോജൻ യുദ്ധതന്ത്രമാണ് അമേരിക്കയുടെ ധനമൂലധന കേന്ദ്രങ്ങൾ കമ്യൂണിസ്റ്റുകളുടെ വേരറുക്കുന്നതിന് നടപ്പാക്കിയത്. ഇതിനാവശ്യമായ ഫണ്ടാണ് നേരത്തെ സൂചിപ്പിച്ച പെട്രോ-ഡോളർ മിച്ചമൂല്യം. ഇതിനെ വെളുപ്പിക്കുന്ന പ്രക്രിയ കൂടിയാണ് അന്തർദേശീയ യുദ്ധ ഫണ്ടിംഗ്. 1973 വരെയും യുഎസിന്റെ ഇടപാടുകൾ നേരിട്ടായിരുന്നെങ്കിലും (ബൈലാറ്ററൽ) ഇതിനു ശേഷം മൂലധന സഹായത്തിലാണ് വികസിത വികസ്വര രാഷ്ട്രങ്ങളെ അവർ നിയന്ത്രിച്ചത്. ഇത് സുഗമവും സുതാര്യവും ആക്കുന്നതിനാണ്, ഉദാരീകരണവും സ്വകാര്യവല്കരണവും നവഉദാരവാദത്തിന്റെ സൂചക പദാവലികളാകുന്നത്. വികസ്വര രാജ്യങ്ങളിൽ 1980 കളിലുണ്ടായ സാമ്പത്തിക പ്രതിസന്ധി, ധനമൂലധനം വിഭാവന ചെയ്തതാണ് എന്ന് കാണിക്കാൻ മറ്റൊരു ഉദാഹരണം കൂടി മതിയാകും.

1970 കളിൽ കുറഞ്ഞ പലിശയിൽ ധാരാളം വായ്പകൾ ലഭ്യമായ സാഹചര്യത്തിൽ പലരാജ്യങ്ങളും നിർലോഭം വായ്പ സ്വീകരിക്കുകയുണ്ടായി. വായ്പ നൽകൽ ചടങ്ങിൽ വായ്പ സ്വീകരിച്ച രാജ്യമാണ് മെക്സിക്കോ. ഇപ്രകാരം വായ്പ സ്വീകരിച്ച മെക്സിക്കോയ്ക്ക് നേരത്തെ സൂചിപ്പിച്ച "വോക്കർ ഷോക്ക്" കാരണം (യുഎസ്സ് ഡോളറിന് പെട്ടെന്നുണ്ടായ മൂല്യവർദ്ധനവ്) ഡോളറിൽ നിശ്ചയിക്കപ്പെട്ടിരുന്ന വായ്പ നിരക്കുകളുടെ തിരിച്ചടവുതുക ഭീമമായി വർദ്ധിച്ചു. ഇതിന്റെ ഫലമായി വികസ്വര രാഷ്ട്രങ്ങൾക്ക് അടച്ചുതീർക്കാവുന്നതിനുമപ്പുറമായി വായ്പ കുടിശ്ശികകൾ. ഇത് വായ്പയുടെ അടവുതന്നെ തടസ്സപ്പെടുത്തി. അങ്ങനെ 1982-84 കാലയളവിൽ മെക്സിക്കോവിന് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥിതിവിശേഷം വന്നു ചേർന്നു. ഇതിനെ മുതലെടുത്തുകൊണ്ട് അന്താരാഷ്ട്ര ധനമൂലധനം ഐ.എം.എഫ്.നെ ഉപയോഗിച്ച് മെക്സിക്കോയിൽ ഘടനാപരമായ മാറ്റങ്ങൾ മുന്നോട്ടുവച്ചു. മിക്കവാറും വികസ്വര സമ്പത്ത് വ്യവസ്ഥയിലൊക്കെയും ഈ നയം തന്നെയാണ് യുഎസ് തങ്ങളുടെ ഉദാരവാദത്തിന്റെ വാഹക വണ്ടിയായ ഐ.എം.എഫിലൂടെ മുന്നോട്ടുവച്ചത്.

വികസ്വര-വികസിത രാഷ്ട്രങ്ങൾ എന്ന വ്യത്യാസമില്ലാതെ എല്ലാ രാജ്യങ്ങളും ഇതിനെ അനുകൂലിക്കാൻ നിർബന്ധിതരാകുന്ന സാമൂഹിക രാഷ്ട്രീയം ഇതിനകം രൂപപ്പെട്ടു. ഇതിനു മുന്നോട്ടു വയ്ക്കപ്പെട്ട പ്രധാന നയങ്ങൾ, എല്ലാത്തരം കെയ്നീഷ്യൻ ഇടപെടലുകളും നിർത്തണമെന്നാണ്. ഐ.എം.എഫും ലോക ബാങ്കും എൺപതുകൾക്കു ശേഷം തങ്ങളുടെ താല്പര്യങ്ങളെ അന്താരാഷ്ട്ര ധന മൂലധനത്തിന്റെ താല്പര്യവുമായി അങ്ങനെ ഉരുക്കിച്ചേർത്തു. ഇതിനായി "സ്വതന്ത്ര വിപണി നവഉദാരവാദ ത്തിലൂടെ" എന്ന മുദ്രാവാക്യം സ്പഷ്ടമായി ഇവർ മുന്നോട്ടുവച്ചു. ഗത്യന്തരമില്ലതെ വായ്പസ്വീകരിച്ച രാഷ്ട്രങ്ങൾ തങ്ങളുടെ ആഭ്യന്തര വിപണി വിദേശ മൂലധനത്തിനായി തുറന്നു കൊടുക്കേണ്ട ഘടനാപരമായ മാറ്റങ്ങൾക്കായി തങ്ങളുടെ സമ്പദ്വ്യവസ്ഥകളെ പൊളിച്ചെഴുതി. ഇന്ത്യ പോലും ഇതിന്റെ ഇരയാണെന്നാണ് സഞ്ജയ് ബാരു തന്റെ "യാദൃച്ഛിക പ്രധാന മന്ത്രി" (The Accidental Prime Minister: The Making and Unmaking of Manmohan Singh) യിലൂടെയും ജോസി ജോസഫിന്റെ "ആർത്തിക്കാരുടെ പെരുന്നാളിലൂടെയും" (The Feast of Vultures: The Hidden Business of Democracy in India) വ്യക്തമാക്കുന്നത്. മെക്സിക്കോയിൽ അനുവർത്തിച്ച സാമ്പത്തിക നയം എപ്രകാരമാണ് ഉദാരവാദത്തിൽ നിന്നും നവഉദാരവാദ ത്തിലേക്ക് ലോകത്തെ മാറ്റിയതെന്നു വ്യക്തമാക്കുന്നു. എന്നാൽ ഏതുതരം സാമ്പത്തിക ദാർശനികതയാണ് ഉദാര-നവഉദാര വാദങ്ങളെ വ്യത്യസ്തമാക്കുന്നത് എന്നുകൂടി പരിശോധി ക്കേണ്ടതുണ്ട്.

മോശമായ ഒരു വായ്പയാണ് (ലോൺ നൽകുന്നതിന് വേണ്ട പ്രാഥമിക പരിശോധനകളും എടുക്കേണ്ട മുൻകരുതലി ല്ലാതെ) വായ്പ നൽകുന്നയാൾ വായ്പ എടുക്കുന്നയാൾക്ക് പ്രദാനം ചെയ്യുന്നതെങ്കിൽ നഷ്ടം വിതരണക്കാർ തന്നെ വഹിക്കേണ്ടി വരും എന്നതാണ് ഉദാരവാദത്തിൽ അനുവർത്തിച്ചു പോന്നി രുന്ന നയം. എന്നാൽ നവഉദാരവാദത്തിൽ വരുമ്പോൾ വായ്പ സ്വീകരിക്കുന്ന ആൾ തന്നെ മോശമായ വായ്പയുടെ ദൂഷ്യഫല ങ്ങളും അനുഭവിക്കേണ്ടിവരുമെന്നതാണ് പ്രത്യക്ഷമായ മാറ്റം. പ്രഥമദൃഷ്ടിയാൽ ഇങ്ങനെ തന്നെയല്ലേ വേണ്ടത് എന്ന് തോന്നുമെങ്കിലും ഇത് അന്യായമാണ് എന്നതാണ് വസ്തുത. അതായത് ഈ നയ വ്യതിയാനത്തിൽ വായ്പ എടുക്കുന്നയാളിന് വായ്പ നല്കുന്നവരേക്കാൾ വായ്പയിൽ അടങ്ങിയിരിക്കുന്ന റിസ്കുകളെക്കുറിച്ചും മറ്റുമുള്ള അറിവ് കുറവായിരിക്കും.

മാത്രവുമല്ല ഇവർ ആവശ്യക്കാരായതിനാൽ പലപ്പോഴും ബോധിപ്പിക്കപ്പെടാത്ത റിസ്ക് ഇവരിൽ അടിച്ചേൽപ്പിക്കുന്ന അവസ്ഥ സർവസാധാരണമാകും. വീണ്ടും എന്താ കുഴപ്പം, എന്ന് തോന്നുമെങ്കിൽ നാം ഓർക്കേണ്ട ഒരു ഉദാഹരണം ഡോക്ടറും രോഗിയും തമ്മിലുള്ള ഇടപാടിനു തുല്യമാണ് ഇതെന്നു മാത്രമാണ്. രാജ്യാന്തര അടിസ്ഥാനത്തിൽ എടുക്കുന്ന ഇത്തരം വായ്പകൾ മൂലം ബാധ്യതപ്പെട്ടവർ കൂടുതൽ ആശങ്കപ്പെടേണ്ടതുണ്ട്.

മെക്സിക്കോയിൽ സംഭവിച്ചത് പരിശോധിക്കാം: ഒരു മുൻധാരണ പ്രകാരം വായ്പ എടുക്കുകയും അതിലെ പലിശ നിരക്ക് ഡോളറിൽ തിരിച്ചടയ്ക്കാം എന്ന ധാരണയാകുകയും എന്നാൽ ഒരുതരത്തിലുള്ള മുന്നറിയിപ്പും കൂടാതെ ഡോളർ നിയന്ത്രിക്കുന്ന രാജ്യം പലിശ നിരക്കു വർദ്ധിപ്പിക്കുകയും പ്രത്യേകിച്ചും 20 ശതമാനത്തോളം പലിശയിൽ ഉണ്ടായ മാറ്റം മെക്സിക്കോയുടെ സാമ്പത്തിക ഭദ്രത തന്നെ തകർത്തുകളഞ്ഞു. അനവധി സൗത്ത് അമേരിക്കൻ രാജ്യങ്ങളും ഏഷ്യൻ രാജ്യങ്ങളും ഈ ഷോക്കിൽ സാമ്പത്തിക ഭദ്രത തകർന്ന ചരിത്രമാണ് 80-90 കളിൽ തെളിഞ്ഞുവന്നത്. വായ്പയുടെ തിരിച്ചടവിനെ സംബന്ധിക്കുന്ന വിവരങ്ങളുടെ രാജ്യാന്തര തലത്തിൽ നിലനില്ക്കുന്ന ഇത്തരം അസന്തുലിതാവസ്ഥയാണ് നവഉദാരവാദത്തിന്റെ ജീവരക്തം. രാജ്യം തന്നെ വൈദേശിക ശക്തികൾക്ക് തീറെഴുതിയാലും അതാണു ശരി എന്ന വാദവുമായാണ് പല നവഉദാരവാദികളും തങ്ങളുടെ പ്രത്യയശാസ്ത്രത്തെ മുന്നോട്ടുവയ്ക്കുന്നത് (Santhakumar 2007). ഇതുതന്നെയാണ് ഐ.എം.എഫിലൂടെയും ലോകബാങ്കിലൂടെയും മറ്റും ധനമൂലധനം നടപ്പിലാക്കുന്നതിനു നിരന്തരം ശ്രമിക്കുന്നത്. രാജ്യങ്ങളുടെ ഭരണ സംവിധാനങ്ങളെയും സർക്കാരുകളെയും നിരന്തരം ഇതിനായി പരുവപ്പെടുത്തുകയാണ് ഇത്തരം ഏജൻസികളുടെ പ്രധാന ദൗത്യം. ഉദാരവാദത്തിന്റെ പ്രഖ്യാപിത/സൈദ്ധാന്തിക അടിത്തറയിൽ നിന്നും വിഭിന്നമാണ് നവഉദാരവാദത്തിന്റെ ഈ അന്തർദേശീയ പ്രവർത്തന യുക്തി. ചിന്തയിലും പ്രവൃത്തിയിലും അന്തരം വച്ചുപുലർത്തുന്ന വ്യത്യസ്തമായ സിദ്ധാന്തവും പ്രയോഗവും നവഉദാരവാദത്തിന്റെ പേരിൽ അന്താരാഷ്ട്ര വ്യാപാര മിച്ചമൂല്യത്തെ ധനമൂലധനം, ഒരു സ്പോഞ്ചുപോലെ അമേരിക്കയിൽ എത്തിക്കുന്നു എന്നാണ് ഡുമിനിയും ലെവിയും തങ്ങളുടെ 'The Economics of US Imperialism at the Turn of the 21st Century'

എന്ന പഠനത്തിലൂടെ അനാവരണം ചെയ്യുന്നത്. നവഉദാരവാദ ത്തിന്റെ വാഹകരായി പ്രവർത്തിച്ച, മത്സരത്തിലൂന്നിയുള്ള സ്വതന്ത്ര കമ്പോള വ്യവസ്ഥ എന്ന സാമ്പത്തിക സൈദ്ധാന്തിക അടിത്തറ കൂടി ഇവിടെ മനസിലാക്കിയാൽ നവഉദാരവാദ ത്തിന്റെ പൊള്ളത്തരങ്ങൾ പരിപൂർണമായും സുതാര്യമാകും.

സ്വതന്ത്ര വിപണിയിലെ മത്സരത്തിന്റെ മൂല്യബോധം

ഒരു സാമ്പത്തിക രംഗത്തും ഒരു രാഷ്ട്രത്തിലും ഇതു വരെയും പൂർണമായി അനുവർത്തിക്കാത്ത കച്ചവട സിദ്ധാന്ത മാണ് സ്വതന്ത്ര വിപണിയിൽ അധിഷ്ഠിതമായ സാമ്പത്തിക ശാസ്ത്രം. വ്യക്തികൾ പണം എന്ന വിനിമയ മാധ്യമം ഉപയോ ഗിച്ച് ഉൽപ്പാദന ഉപഭോഗ വസ്തുക്കളും സേവനങ്ങളും ക്രയ-വിക്രയം നടത്തുന്നതിനാണ്, സ്വതന്ത്ര വിപണി എന്ന് വിളി ക്കുന്നത്. ഇവിടെ സാധന-സേവനങ്ങളുടെ കൈമാറ്റം മൂന്നാം കക്ഷികൾ, അല്ലെങ്കിൽ സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നില്ല. ക്രയ-വിക്രയം ചെയ്യുന്ന രണ്ട് വ്യക്തികൾ, അല്ലെങ്കിൽ സ്ഥാപ നങ്ങൾ, അല്ലാതെ മൂന്നാമതൊരാൾ ഈ പ്രക്രിയയെ നിയന്ത്രി ക്കുന്നില്ല. ഈ മൂന്നാമതൊരാൾ എന്ന പ്രയോഗം ചോദനവും പ്രദാനവും ചെയ്യുന്നവർക്ക് പുറമേ ആരെങ്കിലും ക്രയവിക്രയ ത്തിനെ നിയന്ത്രിക്കുന്ന സാഹചര്യമാണ്. സർക്കാരുകൾ, നിയ മാവലികളിൽ അധിഷ്ഠിതമായ വിനിമയം, തുടങ്ങി സൂക്ഷ്മ യൂണിറ്റുകളുടെ ഇടപാടുകളെ മറ്റ് സ്ഥാപനങ്ങളാൽ (with different institutions) നിയന്ത്രിക്കാത്ത സാഹചര്യം എന്ന് ചുരുക്കം. വ്യക്തികൾ തമ്മിലുള്ള ക്രയവിക്രയമായതിനാൽ ക്രയവിക്രയ ങ്ങളിലെ അധിക ചെലവ് (ട്രാൻസാക്ഷൻ കോസ്റ്റ്) ഇവിടെ പൂജ്യം ആകുകയും ക്രയവിക്രയങ്ങൾ കാര്യക്ഷമമായി മുന്നോട്ടു നയിക്കപ്പെടുകയും ചെയ്യുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാന പ്രമാണം. ഇത്തരം കൈമാറ്റ സംവിധാനത്തെ മത്സരോത്സു കമായ സാഹചര്യത്തിന് വിട്ടുകൊടുക്കുകയാണെങ്കിൽ ക്രയ വിക്രയങ്ങളുടെ കാര്യക്ഷമത ഇത് വർധിപ്പിക്കുന്നെന്നും, മത്സരോത്സുകമായ സാഹചര്യത്തിൽ വിപണി നീതിപൂർവമായി പെരുമാറുന്നുവെന്നും 'സ്വതന്ത്രവിപണി സാമ്പത്തിക ശാസ്ത്ര ജ്ഞർ' അഥവാ നവലിബറലുകൾ നിരന്തരം വാദിക്കുന്നുണ്ട്. നേരത്തെ സൂചിപ്പിച്ച നവഉദാരവാദത്തിന്റെ ആണിക്കല്ലും ഈ വാദമാണ്. എന്നാൽ, എന്താണ് മത്സരത്തിന്റെ മൂല്യബോധമെന്ന വഴിക്കു ചിന്തിക്കുമ്പോൾ ഉയർന്നുവന്നേക്കാവുന്ന ഏതാനും ചോദ്യങ്ങൾ നമുക്കു പരിശോധിക്കാം. വിപണി സമ്പദ്വ്യവസ്ഥ യുടെ മൂലക്കല്ലായ മത്സരം ക്രയവിക്രയങ്ങളുടെ കാര്യക്ഷമത

വർധിപ്പിക്കുന്നു എന്ന വാദത്തിൽ എത്രമാത്രം കഴമ്പുണ്ട്? അസമത്വത്തെ ശാശ്വതീകരിക്കലാണോ ഇതിന്റെ യുക്തി എന്ന് തുടങ്ങുന്നതാണ് ഈ പ്രശ്നങ്ങൾ.

'യുക്തിയുള്ള വ്യക്തികൾ' ക്രയവിക്രയം നടത്തുന്നതിനു അവരെ സഹായിക്കുന്നത് അവരുടെ യുക്തിയും (rationality), വിവരവും (information) ലാഭേച്ഛയും (profit motive) ആണെന്നാണ് നിയോക്ലാസ്സിക്കൽ സാമ്പത്തിക ശാസ്ത്രം വാദിക്കുന്നത്. ഹായക്കും ഫ്രീട്മാനും സ്ടിഗ്ലെറും തങ്ങളുടെ നവലിബറൽ ആശയത്തിൽ സ്വാംശീകരിച്ചതും ഇതുതന്നെ. ഈ മൂന്നു കാര്യങ്ങളിൽ രണ്ടെണ്ണം (യുക്തിയും വിവരവും) ഓരോ വ്യക്തിക്കും ആപേക്ഷികമായിരിക്കും. എന്നാൽ ലാഭേച്ഛ എന്നത് നവഉദാരവാദികളെ സംബന്ധിച്ച് അഖണ്ഡമായ മാനകമാണ്. ഈ അനുമാനം എത്രത്തോളം പരമമാണെന്നതാണ് പലപ്പോഴും നിയോക്ലാസ്സിക്കൽവാദത്തെ സംശയദൃഷ്ടിയിൽ നോക്കാനും അതിനെ വിമർശന വിധേയമാക്കാനും പ്രേരിപ്പിക്കുന്നത്.

ഉദാഹരണത്തിന് മരണക്കിടക്കയിൽ കിടക്കുന്നവൻ/വൾ ആവശ്യപ്പെടുന്നതും അത് നിറവേറ്റപ്പെടുന്നതും ബാലിശമാണോ എന്നത് അമർത്യസെൻ തന്നെ നിരൂപണ വിധേയമാക്കുന്നുണ്ട്. കൂടാതെ ഓൾഡ് ഇൻസ്റ്റിറ്റ്യൂഷനൽ സാമ്പത്തിക ശാസ്ത്രജ്ഞർ നാൽപ്പതുകളിലും അൻപതുകളിലും തന്നെ ഇതിന്റെ അഖണ്ഡതയെ വിമർശിച്ചിരുന്നു. എന്നാൽ അറുപതുകളിൽ ഈ ശാസ്ത്രശാഖയ്ക്കുണ്ടായ പുനരുജ്ജീവനം എല്ലാ സാമൂഹിക ക്രയവിക്രയങ്ങളെയും പരിമാണം (measure) ചെയ്യാം എന്നുള്ള ബെക്കേറിയൻ മോഡലിലൂടെയാണ് സാധ്യമാക്കിയത്. ഗാരി ബെക്കറുടെ ഈ സമീപനം അദ്ദേഹത്തിന്റെ 1955ലെ പി.എച്ച്.ഡി പ്രബന്ധമായ "വിവേചനത്തിന്റെ സാമ്പത്തിക ശാസ്ത്രം" മുതൽ ആരംഭിക്കുന്നു (Becker 1971). ഈ കാലഘട്ടത്തുണ്ടായ മറ്റനേകം പ്രബന്ധങ്ങളും ഇത്തരത്തിലുള്ള വീക്ഷണങ്ങളെ സഹായിച്ചിരുന്നു. ഉദാ:

നിർവ്വഹണ ചെലവ് (transaction cost) എന്നത് വിനിമയ മാർഗത്തിലൂടെ ഉണ്ടാകുന്ന ചെലവുകളാണ്. ഇത് യഥാർത്ഥത്തിൽ ഉല്പാദന ചെലവിന്റെ ഭാഗമല്ല. A standard definition of transaction cost is "the cost of bargaining, marketing and enforcing the exchange of produce". Transaction costs are therefore the resources loss incurred due to imperfect information, (Dahlman, 1979) opportunism (Williamson, 1985) and running of economic system (Arrow, 1969).

ഹെൻട്രി സൈമന്റെ 1955ലെ "എ ബിഹേവിയറൽ മോഡൽ ഓഫ് റേഷണൽ ചോയിസ്'', കെന്നത്ത് ആരോയുടെ 1951ലെ "സോഷ്യൽ ചോയിസ് ആൻഡ് ഇൻഡിവിജുവൽ വാല്യൂസ്" മുതലായ പഠനങ്ങളും, അതിനു പില്കാലത്ത്, നവലിബറൽ സാമ്പത്തിക ശാസ്ത്രജ്ഞർ ഏർപ്പെടുത്തിയ നോബൽ സമ്മാനം ലഭിച്ചതും ഈ പ്രോജക്റ്റിന്റെ ശക്തിയാണ്. എന്നാൽ എല്ലാ ക്രയവിക്രയങ്ങളും പരിമാണ വിധേയമാക്കാമെങ്കിലും ഇത് മേൽപ്പറഞ്ഞ മൂന്നു കാര്യങ്ങൾ ഒരുമിച്ചു സാധ്യമാക്കി ക്കൊണ്ടാവില്ല എന്നും അങ്ങനെയെങ്കിൽ മരണക്കിടക്കയിൽ വെച്ചുനല്കുന്ന വാഗ്ദാന പാലനവും മറ്റും വിഡ്ഢികൾ മാത്രമേ ചെയ്യുകയുള്ളൂ എന്നുനമുക്ക് അമർത്യസെൻ സൂചിപ്പിച്ചതിന്റെ വെളിച്ചത്തിൽ ചുരുക്കിപറയേണ്ടിവരും (Sen, 1977). ഇത് പറയാൻ ശ്രമിക്കുന്നത് ക്രയവിക്രയങ്ങളെല്ലാം ലാഭേച്ഛയിലടിസ്ഥാനമാക്കിയ യുക്തിയിലല്ല എന്ന തത്ത്വമാണ്. മൂന്നാം കക്ഷികൾ/സ്ഥാപനങ്ങൾ ഇല്ലാത്ത ക്രയവിക്രയങ്ങൾ എത്രകണ്ട് ഉചിതമെന്നതാണ് രണ്ടാമതായി പരിശോധിക്കുന്ന പ്രശ്നം.

നിയന്ത്രണമില്ലാത്ത അഥവാ സ്വതന്ത്രമായ ക്രയവിക്രയം സാധ്യമാക്കുന്നത് വിലപേശലിലൂടെയാണ് (ബാർഗൈനിങ്ങി ലൂടെയാണ്). നേരത്തെ സൂചിപ്പിച്ചതുപോലെ ബാർഗൈനിംങ് സാധ്യമാക്കുന്ന ലോജിക് മത്സരത്തിന്റേതാണ്. എന്നാൽ മത്സര ത്തിന്റെ മൂല്യ ബോധം എത്രത്തോളം സമത്വം നിറഞ്ഞതാ ണെന്ന് നമുക്ക് പരിശോധിക്കാം. ഇതിൽ ഒരുപക്ഷേ ആദ്യമായി ചോദിക്കേണ്ട പ്രധാനപ്പെട്ട ചോദ്യം മത്സരങ്ങൾ തുല്യരായവർ തമ്മിലാണോ നടക്കുന്നത് എന്നതാണ്. തുല്യർ എന്ന ആശയവും മത്സരവും എങ്ങനെയാണ് നമ്മെ അമ്പരപ്പിക്കുന്നത് എന്നതും പരിശോധിക്കപ്പെടേണ്ടതുണ്ട്. കാരണം, നവലിബറൽ ചിന്തയിൽ നാം ചർച്ച ചെയ്ത സ്വാതന്ത്ര്യം ഒരു മാതൃകാ കാഴ്ചപ്പാടിൽ (ഐഡിയൽ സെൻസിൽ), വിശേഷിച്ച് സമത്വത്തിന്റെ പശ്ചാത്തലത്തിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ മറുവശം സൂചിപ്പിക്കുന്നത് തുല്യതയല്ല, അസമത്വമാണ് സാധാരണ മത്സരത്തെ നിർണയിക്കുന്നത് എന്ന സാമാന്യ യുക്തിയാണ്. ഇത് വിശദീകരിക്കുന്നതിനു നമുക്കൊരു സൈദ്ധാന്തിക യുക്തി പരിശോധിക്കാം.

സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഒളിമ്പ്യയയിൽ മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നതായി നമുക്കെല്ലാവർക്കും അറിയാം. അന്നത്തെ പ്രധാന ഇനം ഓട്ടമത്സരമായിരുന്നല്ലോ. മത്സരം

എന്ന ആശയം തന്നെ അന്ന് ഉടലെടുക്കുന്നത് തുല്യത ഇല്ലാത്തവരുടെ തുല്യതയിലേക്കുള്ള ദൂരം മനസ്സിലാക്കാനായിരിക്കുമെന്നു വെറുതെ ഊഹിക്കാം. കാരണം, 'എ' യും 'ബി' യും തുല്യരാണെങ്കിൽ, ഓട്ടം തുടങ്ങുമ്പോൾ ഒരുമിച്ചാണ് തുടങ്ങിയതെങ്കിൽ അവസാനിക്കുന്നതും ഒരുമിച്ചായിരിക്കും. ലോജിക്കലി 'എ' 'ബി'ക്കു തുല്യമാണെങ്കിൽ 'ബി'യുടെ സവിശേഷതകളെല്ലാം 'എ'ക്കുണ്ടായിരിക്കും. അങ്ങനെയാണെങ്കിൽ 'എ' യും 'ബി' യും തുല്യരാണ്. ഈ അവസ്ഥയിൽ 'എ'ക്കു 'ബി'യേയോ മറിച്ചോ പരാജയപ്പെടുത്താൻ കഴിയില്ല. സാമ്പത്തിക ശാസ്ത്രത്തിൽ കാര്യക്ഷമതയുടെ മാനദണ്ഡമായ 'പാരറ്റോ എഫിഷൻസി'യുടെ വീക്ഷണത്തിലാണെങ്കിൽ പോലും 'എ'യോ, 'ബി'യോ തിരഞ്ഞെടുക്കപ്പെടുന്നില്ല. കാരണം തന്നിരിക്കുന്ന ഒരു വിതരണ സമ്പ്രദായം കാര്യക്ഷമമാണെങ്കിൽ പുനർവിതരണത്തിലൂടെ 'എ'യുടെ മെച്ചപ്പെടൽ 'ബി'യെ മോശമാക്കാതെ അസാധ്യമാണ് (Vilfredo Pareto, 1896) എന്നതാണ് പരേറ്റോ എഫിഷൻസി കൊണ്ട് അർത്ഥമാക്കുന്നത്. അതായത് 'എ' യുടെ തിരഞ്ഞെടുക്കൽ 'ബി' യുടെ ഒഴിവാക്കലാണ്. ഇങ്ങനെ സംഭവിക്കണമെങ്കിൽ 'എ', 'ബി' യെക്കാളും മെച്ചപ്പെട്ടതായിരിക്കണം. എന്നാൽ തുല്യരാണെങ്കിൽ ഇവരിൽ ആരും മറ്റേയാളേക്കാൾ മെച്ചമല്ല. അവർ രണ്ടും തിരഞ്ഞെടുക്കപ്പെടേണ്ടവരാണ്. അതിനാൽ ഇവിടെ 'എ' യും 'ബി' യും ഒരു തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പിലെ പരമാവധി ഘടകങ്ങളാണ് (മാക്സിമൽ എലെമെന്റ്സ്). അങ്ങനെയെങ്കിൽ ആര് ആരെക്കാളുമാണ് മെച്ചം എന്ന് തീർപ്പാക്കുക സാധ്യമല്ല. കാരണം എല്ലാവരും എല്ലാവരെക്കാളും മെച്ചമാണ്!

ഓട്ടത്തിന്റെ കണക്ക് അവതരിപ്പിച്ചതിന്റെ ഉത്തരം ലളിതം- മത്സരത്തിൽ രണ്ടുപേർ തുല്യരാണെങ്കിൽ മത്സരം നടക്കുന്നില്ല; അഥവാ നടന്നാൽ അതിൽ വിജയികളോ പരാജിതരോ ഇല്ല. ഈ അവസ്ഥയിൽ പൂർണമായും മത്സരസിദ്ധാന്തത്തിലെ ഒന്നാമത്തെ തൂവൽ പറിച്ചു മാറ്റാം. കാരണം, മത്സരത്തിന്റെ ഫലം മത്സരം നടക്കാത്ത സാഹചര്യത്തെക്കാളും മെച്ചമല്ലാത്ത സ്ഥിതിക്ക് യുക്തിയുള്ള മനുഷ്യർ മത്സരത്തിനു മുൻപും പിൻപുമുള്ള അവസ്ഥയിൽ ഉദാസീനരായിരിക്കും (ഇന്റിഫറന്റ്). മത്സരത്തിൽ ചെലവ് കൂട്ടിച്ചേർത്താൽ മത്സരം നടക്കാത്ത സാഹചര്യത്തെ പരേറ്റോ എഫിഷന്റ് ആയി കാണാം. മത്സരസിദ്ധാന്തത്തിലെ പ്രധാനമായ അവ്യക്തതയായ 'തുല്യരുടെ മത്സരം' എന്ന ആശയത്തെ പൂർണമായും ഇത് തള്ളിക്കളയുന്നു.

സമത്വമെന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ മത്സരം സംഘടിപ്പിക്കാൻ സാധ്യമല്ല എങ്കിൽ നമുക്ക് മുന്നിലുള്ളത് അസമത്വം മാത്രമാണ്. അതായത്, ഒരു മത്സരം കണ്ടെത്തുന്നത് 'എ', 'ബി'യിൽ നിന്നും എങ്ങിനെ വ്യത്യസ്തയാണെന്നാണ്. സാമ്പത്തിക ശാസ്ത്രത്തിന്റെ (പ്രത്യേകിച്ചും നവലിബറൽ/ നിയോക്ലാസിക്കൽ ഇക്കണോമിക്സിന്റെ) കാതലായ കിടമത്സരം എന്ന സങ്കല്പം തന്നെ ശക്തരായവരെ ഉത്പാദനത്തിൽ നിലനിർത്തുകയും അശക്തരെ പുറത്താക്കുകയും (അർഹതയുള്ളവരുടെ അതിജീവനം) എന്ന ബോധനമാണ്. ഇനി ഉപഭോഗത്തിന്റെ ഘടന പരിശോധിച്ചാലും കഴിവുള്ളവർ (വാങ്ങാനുള്ള കഴിവും മനസുമുള്ളവർ) മാത്രം ഉപഭോഗം നടത്തുകയും അല്ലാത്തവർ പുറത്താക്കപ്പെടുകയും ചെയ്യുന്ന വ്യവസ്ഥ. കഴിവിന്റെ തുലനം നടത്തിയാൽ, വീണ്ടും നമുക്ക് ലോജിക്കിന്റെ സഹായം തേടാം. കമ്പോളത്തിൽ വരുന്ന ഉത്പന്നത്തിന്റെ അളവു പോലുമറിയാത്ത ഒരു ഉപഭോക്താവിന് എങ്ങിനെയാണ് യഥാർത്ഥ വിലയെക്കുറിച്ചുള്ള വിവരം ലഭ്യമാകുക? അതായത് ഒരുത്പന്നത്തിന് ഉപഭോക്താവ് നൽകുന്ന ഏറ്റവും വലിയ വിലയായ 'റിസർവേഷൻ' വില പോലും അവർക്ക് അവ്യക്തമായിരിക്കും. ഈ അവ്യക്തതയുടെ ഫലം പലപ്പോഴും വിലനിർണയത്തിന്റെ കുത്തകവത്കരണമാണ് സാധ്യമാക്കുന്നത്. മൊണോപ്പൊളി പ്രൈസ്, അഥവാ കുത്തകവിലയാണ് ഇതിന്റെ പരിണിത ഫലമായി പല ഉപഭോക്താക്കളും സ്വതന്ത്ര വിപണിയിൽ ഉത്പന്നങ്ങൾക്ക് നൽകുന്നത് എന്ന യുക്തി വൈപരീത്യമാണ് ഇതിൽ നമുക്ക് സംഗ്രഹിക്കാനാകുന്നത്.

സാമ്പത്തിക ശാസ്ത്രത്തിൽ, അറുപതുകളിലും എഴുപതുകളിലും ഉണ്ടായ ഇൻഫർമേഷൻ ഇക്കണോമിക്സിന്റെ വളർച്ച യഥാർത്ഥത്തിൽ ഓർത്തഡോക്സ് നിയോക്ലാസിക്കൽ (Marsha-llian Price Theory) ഇക്കണോമിക്സിന്റെ പുനർവായനയാണ് നടത്തുന്നത്. ഇതുപ്രകാരം കമ്പോളത്തിന്റെ വിലനിലവാരം വിവരങ്ങളുടെ തുല്യമായ വിതരണം (information symmetry) സാധ്യമാക്കാതെ ഉപഭോക്താവ് അറിയുന്നില്ല. അതിനാൽ ഉപഭോക്താക്കൾ അവരുടെ കഴിവിനനുസൃതമായ റിസർവേഷൻ പ്രൈസ് എന്ന് കരുതുന്നത് കമ്പോളത്തിന്റേതല്ലാത്ത വിലയാണെന്നു വിവക്ഷിക്കുന്നുണ്ട്. കമ്പോളത്തിനു മാത്രമായി ഒരു സന്തുലിത വില (competitive equilibrium price), വിവരങ്ങളുടെ അതുല്യമായ (unequal) വിതരണാവസ്ഥയിൽ

സാധ്യമല്ല എന്നു സാരം; പ്രത്യേകിച്ചും ഒരു മത്സരക്കമ്പോള വ്യവസ്ഥയിൽ സാധ്യമല്ല എന്ന് ചുരുക്കം. ഈ സാഹചര്യത്തിൽ ഇൻഫർമേഷൻ സിമ്മട്രിയുടെ വെളിച്ചത്തിൽ മാത്രമേ ഉത്പാദകർക്കുപോലും മത്സരവില എന്ന അനുമാനം അവലംബിക്കാനാകൂ.

ഉത്പാദന ഉപാധികളുടെ വിതരണവും അതുപയോഗിക്കുന്ന സാങ്കേതികത്വവും (കാപിറ്റൽ-ലേബർ-റിസോർസ്-കോമ്പോസിഷൻ) വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ റിസർവേഷൻ പ്രൈസ് തിയറി പറയുന്നതു പോലെ ഒറ്റ വില (സിംഗിൾ പോയിന്റ് പ്രൈസ്) ആയിരിക്കില്ല കമ്പോളത്തിലുണ്ടായിരിക്കുക. സിംഗിൾ പോയിന്റ് പ്രൈസ് നിർണയിക്കുന്നത് സീമന്ത ചെലവും സീമന്ത വരുമാനവും തുല്യമാകുന്ന ബിന്ദുവിലാണ് (MC = MR). പകരം പോൾ എം സ്വീസി ആവിഷ്കരിച്ച കിങ്കി (kinky) പ്രൈസ് (ഇതൊരു കൂട്ടം വിലകളുടെ റേഞ്ച് ആണ്) ആയിരിക്കും ഇത്തരം വിപണി വ്യവസ്ഥയിൽ അവലംബിക്കുക (Sweezy 1939). അവിടെ അതുല്യമായ വിവര വിതരണത്താൽ MC യും MR ഉം തുല്യമാകണമെന്നില്ല. ആയതിനാൽ വിലയെപ്പോഴും ഒരു റേഞ്ചിനുള്ളിൽ കുടുങ്ങിയിട്ടാണ് ഉണ്ടാകുക എന്നുചുരുക്കം. ഇത്തരം വിലയെ മത്സര വില എന്നു പറയാൻ കഴിയില്ല. മാത്രവുമല്ല പൂർണ്ണ മത്സര വിപണിയുടെ വില നിലവാരത്തിൽ പറയുന്നതു പോലെ ഈ വില ഫ്ളെക്സിബിൾ അല്ല. അതിനാലാണ് ഇത് മത്സര സിദ്ധാന്തത്തിന്റെ പ്രൈസ് അല്ല എന്നു നേരത്തെ സൂചിപ്പിച്ചത്. അസമത്വപരമായ ഈ ഉത്പാദക-ഉപഭോക്തൃ സംഗമം മത്സരമായി കണ്ടാൽ എങ്ങനെയാണ് കാര്യക്ഷമതയും, സമത്വവും സാധ്യമാകുക എന്ന ചോദ്യം ഇവിടെ ബാക്കിയാകുന്നു.

മുകളിലത്തെ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ മത്സരത്തിന്റെ നീതിശാസ്ത്രം തേടിയാൽ എന്തുത്തരമായിരിക്കും ലഭിക്കുക? സമത്വാധിഷ്ഠിത സാഹചര്യത്തിൽ നടക്കാത്തതും, അസമത്വ സാഹചര്യങ്ങളിൽ നടക്കുന്നതുമായ ഒരു പ്രവർത്തനം സമത്വം സൃഷ്ടിക്കുമെന്നും അത് കാര്യക്ഷമതയുണ്ടാക്കുമെന്നും ഉറക്കെ പ്രഖ്യാപിക്കുന്നതിന്റെ അജൻഡയെന്താണ്? ഉത്തരം ഒന്നു മാത്രം, അസമത്വം കാര്യക്ഷമമാണെന്ന നീതിബോധമാണ് നവലിബറൽ മത്സരത്തിന്റെ മൂല്യബോധം സൃഷ്ടിക്കുന്നത്. സമത്വത്തിന്റെ നീതിശാസ്ത്രമായി മുന്നോട്ടുവയ്ക്കുന്ന ബാർഗൈനിങ്ങും മത്സരവും ചർച്ചചെയ്യുന്നത് ശക്തരും അശക്തരും തമ്മിലാണ് ബാർഗൈനിങ് എന്ന വസ്തുതയാണ്. ഇതിന്റെ പരിണത ഫലം ഒട്ടും ദുർഗ്രഹവുമല്ല. ഇതിന്റെ ചുരുക്കം

ഒരു ലിബറൽ ആശയത്തിന്റെ പരിണത ഫലം വിലപേശലിന്റെ (ബാർഗൈനിങ്ങിന്റെ) വെളിച്ചത്തിൽ പോലും അസമത്വ പങ്കില മാണ് എന്നതാണ്. മറ്റൊരു സംഗതി ഉദാര കമ്പോളം മുന്നോട്ടു വയ്ക്കുന്ന ക്രയവിക്രയമോ, തിരഞ്ഞെടുക്കലോ മേൽപ്പറഞ്ഞ മൂന്നു ഉപാധികളും അനുസരിച്ച് സാധ്യമാക്കുന്നത് ഒരു വിപരീത സത്യമാണ് (paradox). എങ്ങനെയാണ് ഇതൊരു വിപരീതസത്യ മാകുന്നതെന്ന് ഉദാഹരണത്തിന്റെ സഹായത്തോടെ വ്യക്ത മാക്കാം.

നമ്മൾ ഇപ്പോൾ കണക്കിലെടുക്കുന്ന സമൂഹത്തിൽ മൂന്നു വ്യക്തികൾ (എ, ബി, സി) മാത്രമുണ്ടെന്നുവെക്കുക; അവർക്ക് തിരഞ്ഞെടുക്കാൻ മൂന്നു സ്റ്റോക്കുകളും (കമ്പനി ഓഹരികൾ) (അ, ഇ, ഉ) ഉണ്ടെന്നിരിക്കട്ടെ. മൂന്ന് വ്യക്തികളുടെയും തിരഞ്ഞെ ടുക്കലുകൾ ക്രമത്തിൽ 'എ'യ്ക്കു 'അ'യും, 'ബി'ക്കു 'ഇ'യും, 'സി'ക്കു 'ഉ'ഉം ആണെങ്കിൽ മൂന്നും സമൂഹത്തിന്റെ കാഴ്ചപ്പാടിൽ നല്ല (ബെസ്റ്റ്) സ്റ്റോക്കുകളാണ്. ഇതേ യുക്തിയുടെ വികസി തമായ തിരഞ്ഞെടുക്കൽ ക്രമം അവലംബിച്ചാൽ ഒരാൾക്കു തന്നെ മൂന്നും ഇഷ്ടപ്പെടാനും അത് തിരഞ്ഞെടുക്കാനും കഴി ഞ്ഞാൽ ഓരോരുത്തരുടെയും തിരഞ്ഞെടുക്കൽ ഇങ്ങനെ വർഗീ കരിക്കാം; 'എ': അ-ഇ-ഉ, 'ബി': ഇ-ഉ-അ, 'സി': ഉ-അ-ഇ. ഇവിടെയും ഇഷ്ടം ജോഡികളായി പരിശോധിച്ചാൽ 'അ' ഇ-നെ റിജക്ട് ചെയ്യുന്നു, 'ഇ' ഉ-നെ റിജക്ട് ചെയ്യുന്നു, 'ഉ' അ-നെ റിജക്ട് ചെയ്യുന്നു എന്ന് മനസ്സിലാക്കാം. കാരണം ഇതിന്റെ അടിസ്ഥാനം നാം നേരത്തെ സൂചിപ്പിച്ച കൊണ്ടോർസേയുടെ തിരഞ്ഞെടുപ്പ് വൈപരീത്യത്തിലാണ് നിലനിൽക്കുന്നത്. മറ്റൊരു വശം യുക്തി പരമായും, ലഭ്യേച്ഛയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളു ടെയും വെളിച്ചത്തിലെടുക്കുന്ന തീരുമാനം ഒരിക്കലും വ്യക്തികളെ സംബന്ധിച്ചു മോശമായ തിരഞ്ഞെടുക്കലല്ല പകരം വ്യക്തമായതും ഏറ്റവും മികച്ചതുമായ തീരുമാനം തന്നെയാണ്. എന്നാൽ ഈ മൂന്നു ബെസ്റ്റ് സ്റ്റോക്കുകളും സ്വീകരിക്കുക സാധ്യമാകുന്നത് ഒരു വിഭവ ദൗർലഭ്യത ഇല്ലാത്ത അവസ്ഥയിൽ മാത്രമാണ്. വിഭവങ്ങളുടെ ദൗർലഭ്യതയാണ് എക്കണോമിക് ബിഹേവിയറിനെ നയിക്കുന്ന പ്രധാന ഘടകമാകുമ്പോൾ എങ്ങനെയാണ് ഈ മൂന്നു സ്റ്റോക്കുകളും സമൂഹം തിരഞ്ഞെടുക്കുന്നതെന്ന ചോദ്യം അപ്പോഴും ബാക്കിയാകുന്നു. ഏതെങ്കിലും ഒന്നിന്റെയോ രണ്ടിന്റെയോ സ്വീകരണം മറ്റൊന്നിന്റെ തിരസ്കരണമാവുകയും അതുമൂലം വ്യക്തിയുടെ ഇഷ്ടത്തിന്റെ തിരസ്കരണമാവുകയുമാണ് ചെയ്യുന്നത്. ഈ

പ്രശ്നത്തെക്കുറിച്ച് പ്രധാനമായും ചർച്ചചെയ്യുന്നത് അമർത്യ സെന്നിന്റെ 1970-ലെ “ദി ഇമ്പോസിബിലിറ്റി ഓഫ് എ പരേറ്റിയൻ ലിബറൽ” എന്ന ലേഖനത്തിലും അതിനു ശേഷം അതിനു വിശദീകരണം നൽകുന്നത് 1976-ലെ “ലിബർടി, യുനാനിമിറ്റി ആൻഡ് റൈറ്റ്സ്” എന്ന ലേഖനത്തിലുമാണ്. തത്ത്വത്തിൽ ലിബറൽ തിരഞ്ഞെടുക്കൽ പ്രക്രിയയിൽ പോലും ദൗർലഭ്യ തയുടെ നീതിശാസ്ത്രം മുന്നോട്ടുവെക്കുന്നത് വ്യക്തികളുടെ ഇഷ്ടത്തിലധിഷ്ഠിതമായ തിരഞ്ഞെടുക്കലുകളുടെ തിരസ്ക്ക രണം തന്നെയാണ്.

കൂടുതൽ വ്യക്തമാക്കുകയാണെങ്കിൽ, സാമ്പത്തിക ശാസ്ത്രം അനുവർത്തിക്കുന്ന തിരഞ്ഞെടുക്കൽ മാനദണ്ഡം എന്നത് പരേറ്റോ കാര്യക്ഷമതയാണ് എന്ന് നേരത്തെ സൂചിപ്പി ച്ചല്ലോ. മേൽപ്പറഞ്ഞതുപോലെ മൂന്നു ഓപ്ഷനുകളും ബെസ്റ്റ് ആയി തിരഞ്ഞെടുത്തിരിക്കുന്ന സാഹചര്യത്തിൽ ഇതിലെ ഏതൊന്നിന്റെയും തിരസ്കരണം കാര്യക്ഷമതാ മാനദണ്ഡമായ പരേറ്റോ കാര്യക്ഷമത ഇല്ലായ്മയെയാണ് സൂചിപ്പിക്കുന്നത്. അതായത് മൂന്നു വ്യക്തികളുടെയും തിരഞ്ഞെടുക്കൽ സമൂ ഹത്തെ സംബന്ധിച്ച് ഉത്തമമായി തിരഞ്ഞെടുത്തിട്ടുള്ള സാഹ ചര്യത്തിൽ ഒന്നിന്റെ സ്വീകരണം സൂചിപ്പിക്കുന്നത് മറ്റു രണ്ടി ന്റെയും തിരസ്കരണമാണ്. എന്നാൽ മൂന്നും ഉത്തമമായിരിക്കു മ്പോൾ ഒന്നിന്റെ സ്വീകരണവും മറ്റുള്ളവയുടെ തിരസ്കരണവും നൽകുന്ന താർക്കിക വിവക്ഷ തിരഞ്ഞെടുത്തത് ഉന്നതവും തിരസ്കരിച്ചത് മോശവുമാണ് എന്ന പരികൽപനയാണ്. എന്നാൽ വ്യക്തികളുടെയും സ്വതന്ത്ര കമ്പോളത്തിന്റെയും വ്യവസ്ഥയനു സരിച്ച് എല്ലാവരെയും പരിഗണിക്കുകയും അവരുടെ എല്ലാ വരുടെയും തിരഞ്ഞെടുക്കൽ സാമൂഹികത്തിന്റെ തിരഞ്ഞെടു പ്പായി മാറുകയും ചെയ്യും എന്നാണല്ലോ തുടക്കത്തിൽ ഉന്നയിച്ച നവഉദാരവാദത്തിന്റെ അവകാശവാദം. എന്നാൽ ഇത് അസാധ്യ മാണെന്നുള്ളതാണ് മുകളിലത്തെ ഉദാഹരണത്തിൽ നിന്നും തെളിയിക്കാൻ കഴിയുന്നത്. ചുരുക്കിപ്പറഞ്ഞാൽ സ്വതന്ത്ര വിപണി മുന്നോട്ടുവക്കുന്ന ആശയം ആന്തരികമായിത്തന്നെ വൈപരീത്യം പ്രകടിപ്പിക്കുന്നു എന്ന വസ്തുതയാണ്.

ഉദാഹരണത്തിനു ഏതെങ്കിലും ഒരു സ്റ്റോക്കിനെ മാത്രം തിരഞ്ഞെടുത്ത് ഒരു മാപനമാർഗമായി (standard) തീരുമാനി ക്കുകയും മറ്റു സ്റ്റോക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നതു വഴി (ഒരു മാപനമാർഗം എന്നനിലയിൽ) മാത്രമേ സ്റ്റോക്കുകൾ തമ്മിലുള്ള ഊഹക്കച്ചവടവും അതിന്റെ ഊഹവിലയുടെ വ്യത്യാ

സവും ഉയർത്തിക്കാണിക്കാനാകൂ. അത് നേരെത്തെ ചൂണ്ടിക്കാണിച്ച ഉദാഹരണത്തിന്റെ വെളിച്ചത്തിൽ ഉദാര വിപണിയുടെ വൈപരീത്യമായി മാറുന്നതുകാണാം. കാരണം സ്വതന്ത്ര കമ്പോളതത്ത്വം മുന്നോട്ടുവക്കുന്നത് എല്ലാ വ്യക്തികളുടെയും സ്വാതന്ത്ര്യമാണ്! എന്നാൽ ഇത് ആന്തരികമായിത്തന്നെ പ്രശ്നമുള്ള സാമൂഹിക വ്യവസ്ഥയാണ് എന്നു മനസ്സിലാക്കാം. ഇത്തരം സാഹചര്യത്തിലാണ് റെഗുലേറ്ററി സംവിധാനമായ മൂന്നാം കക്ഷിയുടെ ഇടപെടലുകളുടെ ആവശ്യകത സാധൂകരിക്കപ്പെടുന്നതും, സ്വതന്ത്ര കമ്പോളം എന്ന ആശയം തികച്ചും സ്വതന്ത്രമല്ല എന്ന വാദം ബലപ്പെടുന്നതും. ഈ സാഹചര്യത്തിൽ നാം മനസ്സിലാക്കേണ്ടത് സമത്വാധിഷ്ഠിതമെന്നു നമ്മെ വിശ്വസിപ്പിക്കുന്ന (സിദ്ധാന്തത്തിന്റെ വെളിച്ചത്തിലെങ്കിലും) ഒരു ശാസ്ത്രം ആത്യന്തികമായി മുന്നോട്ടുവയ്ക്കുന്നത് അസമത്വത്തിന്റെ ബോധമാണ്. അതിനാൽ സ്റ്റോക്ക് മാർക്കറ്റിന്റെ രീതിശാസ്ത്രം മുന്നോട്ടുവയ്ക്കുന്നത് വിവരങ്ങളുടെ അസന്തുലിതാവസ്ഥയെ ഉപയോഗപ്പെടുത്തിയുള്ള ലാഭമുണ്ടാക്കലാകുമ്പോൾ, യഥാർത്ഥത്തിൽ ഫിനാൻഷ്യൽ ക്യാപ്പിറ്റലിസം നമുക്കു മുന്നിൽ നിവർത്തിവക്കുന്ന പ്രത്യയശാസ്ത്രം സാമൂഹിക അനീതിയുടേതാണെന്നും ഉറപ്പിച്ചു പറയേണ്ടിവരും.

വാൽകഷണം

നവഉദാരവാദത്തിന്റെ ആവിഷ്കരണവും പ്രസരണവും സാധ്യമാക്കിയത് ബ്രിട്ടൺ വുഡ് കരാറിന്റെ ഭാഗമായി ഉണ്ടായ ലോകബാങ്കിന്റെയും അന്താരാഷ്ട്ര നാണയ നിധിയുടേയും ആഭിമുഖ്യത്തിലാണെന്ന് സൂചിപ്പിച്ചല്ലോ. എന്നാൽ ബ്രിട്ടൺ വുഡിന്റെ തന്നെ പിൽക്കാല സന്തതിയായ ലോക വ്യാപാര സംഘടനയും നവലിബറൽ ലക്ഷ്യപ്രാപ്തിക്ക് ആക്കം കൂട്ടി. മേൽ പറഞ്ഞ സ്ഥാപനങ്ങളെല്ലാം മുഖമുദ്രയാക്കിയ ആസൂത്രണവും, സർക്കാരും, ജനാധിപത്യ വാദവുമെല്ലാം (അത് മാനവ വികസന റിപ്പോർട്ടിലൂടെ ആയാലും ഐഎംഎഫ് വേൾഡ് ബാങ്ക് പഠന റിപ്പോർട്ടുകളിലൂടെ ആയാലും) യഥാർഥത്തിൽ ലക്ഷ്യം വയ്ക്കുന്നത് സ്വതന്ത്ര വ്യാപാരത്തെയും കമ്പോളത്തിൽ അധിഷ്ഠിതമായ സാമൂഹിക ഘടനയെയും മെച്ചപ്പെടുത്തുക എന്നതിൽ കവിഞ്ഞ് മറ്റൊരു ഉദ്ദേശവും ഇല്ല എന്നതാണ്. സാമൂഹിക ക്ഷേമത്തിനായുള്ള ജനാധിപത്യപരമായ സർക്കാർ നിയന്ത്രണങ്ങളെ പോലും കമ്പോളത്തിന്റെ പ്രവർത്തനങ്ങളിലെ ബലഹീനതയെ തരണം ചെയ്യാൻ ഉപയോഗിക്കുന്ന മാർഗം മാത്രമായാണ് മനസ്സിലാക്കേണ്ടത്. സാമൂഹികക്ഷേമം എന്നത്

ഇവർക്ക് ഒരജണ്ടയല്ല മറിച്ച് കമ്പോള-ധന-മൂലധന നയങ്ങളെ സംരക്ഷിക്കുന്ന ഒരു ഉപാധി മാത്രമാണ്. ഇതിനെയാണ് പ്രഭാത് പട്നായിക് നവലിബറൽ ക്രമത്തിന്റെ നോർമേറ്റീവ് സ്വഭാവമായി ആവിഷ്കരിച്ചത്. ഇതിന്റെ ആദിമ രൂപം മാത്രമാണ് കെയ്നീഷ്യൻ ആശയം എന്നതും ഇവിടെ പ്രസക്തമാണ്.

ലിബറൽ ആശയം ചെറിയ ഭേദഗതിയോടെ മൂലധന സ്വരൂപീകരണത്തിന് മാത്രമാക്കി വിഭാവന ചെയ്യുന്നതിലൂടെയാണ് നവഉദാരവാദമായി പരിണമിക്കുന്നത്. ഈ സാഹചര്യത്തിൽ ഓർക്കേണ്ട മറ്റൊരു സംഗതി, വലിയ തോതിൽ സോഷ്യൽ ഡമോക്രാറ്റുകളും ക്രിസ്തീയ ജനാധിപത്യവാദികളും കേന്ദ്രീകൃത ജനാധിപത്യത്തിൽ അധിഷ്ഠിതമായ രാഷ്ട്രങ്ങളും ഈ കാലയളവിലാണ് രൂപം കൊണ്ടത്. വൈവിധ്യമാർന്ന ഭരണകൂടങ്ങളാണ് ഈ കാലഘട്ടത്തിൽ നിലവിൽ വന്നതെങ്കിലും ബ്യൂറോക്രാറ്റിക്ക് ജനാധിപത്യമായിരുന്നു ഈ വൈവിധ്യമാർന്ന ഭരണകൂടങ്ങളെ നയിച്ചിരുന്നത്. ഭരണസംവിധാനങ്ങളിൽ നവലിബറൽ ആശയങ്ങൾ വേഗം എത്തിക്കുന്നതിന് ഇവരെ സ്വാധീനിച്ചാൽ മതി എന്ന നില മനസ്സിലാക്കിയ ധനമൂലധനം ഇവരെ തങ്ങളുടെ നിയന്ത്രണത്തിൻ കീഴിലാക്കുക എന്ന ശ്രമമാണ് നടത്തിയത്. ഇതിനുപിന്നിൽ പ്രവർത്തിച്ചത് ധനമൂലധനത്തിന്റെ യുഎസ്സ് കേന്ദ്രീകൃതമായ നീക്കങ്ങളായിരുന്നു എന്ന് പല നിരീക്ഷകരും പലയിടത്തും പരാമർശിക്കുന്നുണ്ട്. എങ്കിലും പ്രത്യക്ഷത്തിൽ ഈ രാജ്യങ്ങൾ തൊഴിലുറപ്പിനും സാമ്പത്തിക വളർച്ചയ്ക്കും പൗരക്ഷേമത്തിനും മുൻതൂക്കം നൽകുമ്പോൾ എങ്ങനെയാണിത് യുഎസ്സ് അജണ്ട ആകുന്നതെന്ന സംശയം ഉയർന്നേക്കാം. കെയ്നീഷ്യൻ 'ധന-പണ' ആശയങ്ങൾ ഉപയോഗിച്ച് കമ്പോള വ്യവസ്ഥയിലെ ചാക്രികസന്ധികളെ പരിഹരിക്കുന്നതിന് ശ്രമിക്കുമ്പോൾ ഭരണകൂടങ്ങളെ പ്രതിക്കൂട്ടിലാക്കുന്നതിൽ കഴമ്പുണ്ടോ എന്ന ചോദ്യവും നവലിബറൽ ചിന്തകർ ഉദാര യുക്തിയായി ഉയർത്തുന്നതും ഈ പശ്ചാത്തലത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

ഉദാഹരണത്തിന്, ആഭ്യന്തര സുസ്ഥിരതയുടെ പേരിൽ മൂലധനത്തിനുവേണ്ടി തൊഴിൽ നിയമങ്ങളും തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളും അതുവഴി പൗരക്ഷേമവും തന്നെ സന്ധി ചെയ്യപ്പെടുന്ന അവസ്ഥയാണ് ഇന്ന് സംജാതമായിരിക്കുന്നത്. ഇത് ആരുടെ അജണ്ടയാണെന്നാണു വ്യക്തമാകുന്നത്? വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമസഹായങ്ങൾ മുതലായവയിൽ നിന്നുള്ള പിന്മാറ്റങ്ങളിലൂടെ, ഭരണകൂടവും മൂലധനവും ജന

ഹിതമല്ലാത്ത സന്ധിയിൽ ഏർപ്പെടുന്നു എന്നതിന് മറ്റെന്തു തെളിവാണ് വേണ്ടത്. ഉദാരവാദത്തിൽ ഊന്നിയ സർക്കാരുകളിൽ നിന്നും (പലപ്പോഴും സോഷ്യൽ ഡമോക്രറ്റിക് സ്വഭാവമുള്ള) നവഉദാരവാദത്തിലേക്ക് എത്തുമ്പോഴുള്ള അന്തരം അതിനാൽ തന്നെ പ്രകടമാണ്. എന്നിരുന്നാലും ഉദാരവാദത്തിന്റെ വ്യത്യസ്ത സ്പിരിറ്റുകൾ നിലനിൽക്കുമ്പോൾ സോഷ്യൽ ഡമോക്രറ്റിക് രീതിയിലുള്ള ഇടപെടൽ സാമൂഹിക പുരോഗതിക്ക് വേണമെന്ന് യുഎസും ബ്രിട്ടണും മറ്റ് സ്കാൻഡിനേവിയൻ രാഷ്ട്രങ്ങളും അനുവർത്തിക്കുന്ന നയങ്ങളിൽ നിന്നും വ്യക്തമാണ്. ഇതിന്റെ പശ്ചാത്തലത്തിലാണ് നാം നവഉദാരവാദത്തിനെ മനസ്സിലാക്കുന്നതെങ്കിൽ നവഉദാര സാമ്പത്തിക ക്രമം പരിപൂർണമായും ജനക്ഷേമ വിരുദ്ധമാണെന്നുതന്നെ പറയേണ്ടിവരും. സാമൂഹികജനാധിപത്യത്തിലും ക്ഷേമരാഷ്ട്ര സങ്കല്പത്തിലും മൂലധന വളർച്ചയെ ഒരു പരിധിവരെ സർക്കാർ നിയന്ത്രണ സംവിധാനങ്ങളിൽ തളച്ചിരുന്നുവെങ്കിൽ, അതിനെ പുറന്തള്ളുന്നതിനാവശ്യമായ സഹായങ്ങളാണ് നവഉദാരവാദത്തിലൂടെ ആഗോള മൂലധനം പ്രത്യേകിച്ചും ധനമൂലധനം ലക്ഷ്യം വയ്ക്കുന്നത്. ബ്രിട്ടൺവുഡ് കരാറും ഡെയിൽ-ലിന്റ്ബോം സമവാക്യങ്ങളും മോപെലറിൻ സഖ്യവും എല്ലാം അതിന്റെ സാന്നിധ്യം അറിയിച്ചത് ഇതിന്റെ പശ്ചാത്തലത്തിലാണ്.

ഇന്ത്യയിൽ നവഉദാരവാദത്തിന്റെ ആവിർഭാവവും പ്രചാരണവും അന്തർദേശീയ അവസ്ഥകളെക്കാൾ ശക്തവും ജനോപദ്രവകരവും ആണെന്നത് ഇന്ത്യയിലെ നവലിബറൽ നയങ്ങളുടെ ആവിർഭാവം മുതൽ വ്യക്തമാണ്. ഇന്ത്യയിലെ ഇപ്പോഴത്തെ കേന്ദ്ര ഭരണകൂടത്തിന്റെ നയങ്ങൾ നവഉദാരതയുടെ പുത്തൻ രൂപമായി വേണം വിലയിരുത്താൻ. ആസൂത്രണ കമ്മിഷനെ പിരിച്ച് വിട്ട് നീതി അയോഗ് എന്ന ക്ലിപ്തത ഇല്ലാത്ത വ്യവസ്ഥ കൊണ്ടു വന്നതും, അതിന്റെ തലപ്പത്ത് ഇപ്പോഴും പ്രവർത്തിക്കുന്ന മോൺപെലറിൻ സൊസൈറ്റിയുടെ അംഗങ്ങളാണ് (അരവിന്ദ് പനഗാരിയയെ പോലുള്ളവർ) എന്നതും ഇന്ത്യയിലെ നവഉദാരവാദം എന്ന പ്രൊജക്റ്റ് എത്ര കണക്കുകൂട്ടലുകളിലൂടെയാണ് കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങൾ പിന്നിട്ടതെന്നത് തുടർന്നുള്ള ഭാഗങ്ങളിൽ വ്യക്തമാക്കുന്നതാണ്.

ഭാഗം രണ്ട്

നവഉദാരവാദം ഇന്ത്യയിൽ

3

നവഉദാരത ഇന്ത്യയിൽ

ആയിരത്തി തൊള്ളായിരത്തി മുപ്പതുകളിൽ ഉണ്ടായ സാമ്പത്തിക മാന്ദ്യത്തിനു ശേഷം ലോകം കണ്ട ഏറ്റവും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയാണ് രണ്ടായിരത്തി എട്ടിലുണ്ടായ ആഗോള മാന്ദ്യം. ഇതിനു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് "ക്രെഡിറ്റ് ക്രഞ്ച്" എന്ന സാമ്പത്തിക കീറാമുട്ടിയാണ്. രണ്ടായിരത്തി പതിനൊന്നിൽ ലോകം ഉൽകണ്ഠപ്പെട്ടത് "ഡെബ്റ്റ് ക്രൈസിസ്" എന്ന സാത്താനെയാണ്. അതിനു ശേഷം ഇപ്പോൾ ഉയർന്നുവന്ന പ്രശ്നം കോവിഡ്19 എന്ന മഹാമാരി സമ്പദ്ഘടനകളെ തകർക്കുന്നതാണ്. അന്തർദേശീയ തലത്തിൽ വിപ്ലവകരമായ മാറ്റം അനിവാര്യമാകുന്നത് സാമ്പത്തിക മേഖലയെ താറുമാറാക്കുന്ന ഇത്തരം പ്രശ്നങ്ങൾ കാരണമാണ് എന്നൊരു വാദമുണ്ട്. ചരിത്രം പരിശോധിക്കുകയാണെങ്കിൽ നവഉദാരനയങ്ങൾ ഏതെല്ലാം രാജ്യങ്ങൾ നടപ്പിലാക്കിയോ, അവടങ്ങളിലെല്ലാം അത് സാധ്യമാക്കുന്നത് വിവിധങ്ങളായ സാമ്പത്തിക പ്രതിസന്ധിയുടെ പശാചാത്തലത്തിലാണ് എന്നത് ഒട്ടും യാദൃശ്ചികമല്ല. സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് ഇന്ത്യയിലും നവഉദാരത പിടിമുറുക്കുന്നത് ഇത് മനസിലാക്കാൻ ഏറ്റവും ഉചിതമെന്ന് തോന്നുന്നത് ബജറ്റ് രേഖകളുടെ വിശകലനത്തിന്റെ പശ്ചാത്തലമാണ്. കാരണം ഇന്ത്യയുടെ സാമ്പത്തിക നയങ്ങളുടെ ആധികാരിക രേഖയായി കാണാവുന്നത് ബജറ്റ് പ്രമേയങ്ങളാണ്. ഒരു രാജ്യത്തിന്റെ ബജറ്റ് ആ ഭരണകൂടത്തിന്റെ ഇച്ഛാശക്തികൂടിയാണ് കാട്ടിത്തരുന്നതെന്ന് ഓർക്കേണ്ടതുണ്ട്. അതിനാൽ ബജറ്റ് കേവലമായ വരവുചെലവ് കണക്കിനപ്പുറത്ത് സർക്കാരിന്റെ അഭിലാഷങ്ങളുടെയും മൂല്യങ്ങളുടെയും പൂർത്തീകരണത്തിനുള്ള രൂപരേഖയാണ്. ബജറ്റ് രേഖയിലെ സർക്കാർ നിലപാടുകൾ പരിശോധിക്കുന്നതിലൂടെ എപ്രകാരമാണ് ഇന്ത്യയിൽ നവഉദാരത കടന്നുവന്നതെന്നു വ്യക്തമാകും.

ഇന്ത്യൻ സമ്പദ്ഘടനയെ നവഉദാരവാദത്തിന് തുറന്നു കൊടുക്കുന്നതിനു മുൻപ് പ്രത്യേകിച്ചും എസ് ബി ചവാൻ, തന്റെ 1989-90 ലെ ബജറ്റ് പ്രസംഗത്തിൽ പറയുന്നത്: "ഒരു ആസൂത്രിത സമ്പദ്ഘടനയുടെ വികസനം, വളർച്ച, ആധുനികീകരണം, സ്വയം പര്യാപ്തത, സാമൂഹികനീതി എന്നിവയുടെ പ്രകാശനമാണ് ബജറ്റ്"; ഇന്ത്യ ഈ മേഖലകളിൽ കാര്യമായ പുരോഗതി നേടി. കൃത്യതയാർന്ന നയരൂപീകരണവും നടത്തിപ്പും രാജ്യത്തെ മെച്ചപ്പെട്ട ഒരു സമ്പദ്ഘടനയാക്കി മാറ്റിയിരിക്കുന്നു. അടിസ്ഥാന സൗകര്യം, വ്യവസായം, വാണിജ്യം, കൃഷി, കയറ്റുമതി-ഇറക്കുമതി എന്നീ മേഖലകളിലും വ്യക്തമായ, സ്വയംപര്യാപ്തമായ മുന്നേറ്റമാണ് ഇന്ത്യ കൈവരിച്ചത് എന്നും ഈ രേഖ വ്യക്തമാക്കുന്നു. 1989-90ലെ സാമ്പത്തിക സർവേയും ഇന്ത്യൻ സമ്പദ്ഘടനയുടെ ദൃഢതയെ ശരിവയ്ക്കുന്നതാണ്. എന്നാൽ തൊട്ടടുത്ത വർഷം കേന്ദ്ര ധനമന്ത്രിയായ മധു ദന്ധാവതെ അവതരിപ്പിച്ച 1990-91വർഷത്തെ ബജറ്റിൽ രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് എന്ന നിലപാടാണ് മുന്നോട്ടുവച്ചത്. ഇതിനായി ചൂണ്ടിക്കാണിച്ച സൂചകം രാജ്യത്തിന്റെ വർധിച്ചുവരുന്ന ബജറ്റ്കമ്മിയാണ്. എന്നാൽ ആസൂത്രണം ചെയ്തു മുന്നോട്ടുപോകുന്ന സമ്പദ്ഘടനകളിൽ ധനകമ്മി സർവ സാധാരണമാണ്. തങ്ങളുടെ നിയന്ത്രണ പരിധിക്കുള്ളിലെ കമ്മി സമ്പദ്ഘടനയെ സംബന്ധിച്ച് സ്വാഭാവികവുമാണ്. എന്നാൽ നവലിബറൽ തന്ത്രങ്ങൾ രാഷ്ട്രീയമായി ഇറക്കുമതിചെയ്യുന്ന തരത്തിലാണ് പിന്നീടങ്ങോട്ട് ബജറ്റ് രേഖകളായി പുറത്തുവന്നത്. സമ്പദ്ഘടനയിലെ വിവിധ മേഖലകളുടെ വളർച്ച മുൻവർഷങ്ങളെ പോലെ തുടരുന്ന സാഹചര്യത്തിലും, ചിലപ്പോഴൊക്കെ പദ്ധതി ടാർഗെറ്റിനെക്കാൾ മെച്ചമായ സ്ഥിതിയിൽ, പ്രത്യേകിച്ചും ഏഴാം പഞ്ചവത്സര പദ്ധതി കാലത്ത് ഇന്ത്യയുടെ വളർച്ച വ്യക്തമായും മെച്ചപ്പെട്ടതായിരുന്നു എന്നത് യാദൃച്ഛികമല്ല. ഇതേ തുടർന്നുണ്ടായ രാഷ്ട്രീയ അസ്ഥിരത രാജ്യത്ത് സൃഷ്ടിക്കപ്പെട്ടതാണ്. അതിന്റെ ബാക്കിപത്രമായാണ് യശ്വന്ത് സിൻഹ തന്റെ 1991 ലെ ബജറ്റിൽ ഇന്ത്യ പരിപൂർണമായും തകർന്നു എന്ന് വ്യക്തമാക്കുന്നത്. രാജ്യം അന്തർദേശീയ മൂലധന ശക്തികൾക്കു തുറന്നു കൊടുക്കണം എന്നുകൂടി രേഖപ്പെടുത്തുന്നതാണ് ഈ ചെറിയ ബജറ്റിലൂടെ സിൻഹ ചെയ്യുന്നത്. വാജ്പേയിയുടെ നേതൃത്വത്തിലുള്ള 1998 ലെ എൻഡിഎ സർക്കാരിന്റെ ധനമന്ത്രി പിന്നീട് യശ്വന്ത് സിൻഹ എന്ന മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ

ആകുന്നത് നേരത്തെ സൂചിപ്പിച്ച നവഉദാരതയുടെ നാൾവഴികൾ ഇന്ത്യയിൽ എത്തുന്നത് ബ്യൂറോക്രാറ്റുകൾ വഴിയാണ് എന്ന തിനുള്ള ആദ്യ ഉദാഹരണം മാത്രം. രാഷ്ട്രീയമായി അസ്ഥിരമായ പരിതഃസ്ഥിതിയിൽ 'ജനതാപാർടി' പോലുള്ള ദുർബലമായ രാഷ്ട്രീയ സംവിധാനത്തിൽ നവലിബറൽ ആശയവാദികളുടെ നുഴഞ്ഞുകയറ്റം സുഗമമാക്കുകയും കോൺഗ്രസ്സിൽ ഇതേ കാലത്ത് ഇവർ പിടിമുറുക്കുകയും പ്രാദേശിക നേതൃത്വങ്ങളെ ബ്യൂറോക്രസിയിൽ നിന്നും വന്നവർ പതുക്കെ ഓരം ചേർക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി 1990-91 കാലത്ത് അന്താരാഷ്ട്ര നാണയ നിധിയിൽ നിന്നും ഇന്ത്യ ഘട്ടം ഘട്ടമായി വായ്പഎടുത്തു. കഴിഞ്ഞ ഭാഗത്തിൽ സൂചിപ്പിച്ച ബാഡ്‌ലോണാണ് ഐ.എം.എഫി.ൽ നിന്നും ഇന്ത്യ സ്വീകരിച്ചത്. അങ്ങനെ നവ ഉദാരവാദത്തിന്റെ കുടുക്കിൽ കുടുങ്ങില്ല എന്ന ഇന്ദിരാഗാന്ധി യുടെ നയത്തിൽ നിന്നും വിപരീതമായി 1991 ജൂലൈ 24ലെ ബജറ്റിലൂടെ നവലിബറൽ വാതിൽ ഔപചാരികമായി ഇന്ത്യയിൽ തുറക്കപ്പെട്ടു. രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധി അനു ഭവിക്കുകയാണെന്നും ഈ വിഷമസന്ധിയിൽ നിന്നും കരകയറു ന്നതിനു മൂലധന ശക്തികൾക്ക് രാജ്യം തുറന്നു നൽകുന്നതിൽ മടിക്കേണ്ടതില്ലെന്നും ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി മൻമോഹൻ സിങ് അടിവരയിട്ടു. പുത്തൻ സാമ്പത്തിക നയം (New Economic Policy) എന്ന് അറിയപ്പെടുന്ന ഈ ആശയമാണ് ഇന്ത്യയിലെ നവഉദാരവാദത്തിന്റെ ഊടും പാവും.

പുതിയ സാമ്പത്തിക നയത്തിലെ പ്രധാനപ്പെട്ട വാഗ്ദാനം, ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ച വലിയതോതിൽ മാറ്റപ്പെടും അഥവാ ഇരട്ട സംഖ്യയിൽ എത്തുമെന്നതായിരുന്നു. രണ്ടാമത്തെ വാഗ്ദാനം നേരത്തെ സൂചിപ്പിച്ച ധനകമ്മിയിൽ തുടർച്ചയായ കുറവുണ്ടാകുമെന്നതാണ്. ഇത് രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി സുഭദ്രമാക്കും എന്ന് ഘടനാമാറ്റത്തിനായി ബജറ്റിലൂടെ മൻമോഹൻസിങ് മുറവിളി കൂട്ടി. വളർച്ചയുടെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ ചുവടെ പട്ടികയിൽ നിന്നും മനസ്സിലാകുന്നത് നവഉദാര നയങ്ങളുടെ വെളിച്ചത്തിലും ഇന്ത്യയിൽ വിവിധ മേഖലകൾക്കുണ്ടായ വളർച്ച മുൻ പദ്ധതി വർഷങ്ങളോട് ചേർന്നുനിൽക്കുന്നതു തന്നെയാണ്. എന്നാൽ ചെറിയതോതിലുള്ള ഒരു മാറ്റം കാണുന്നത് വ്യവസായ മേഖലയിൽ മാത്രമായിരുന്നുവെന്നതും ശ്രദ്ധേയമാണ്. അതിന്റെ ആയുസ് നീണ്ടില്ല എന്നതാണ് ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നത്.

പട്ടിക - 1
ഉത്പാദന മേഖല തിരിച്ചുള്ള ജിഡിപി വളർച്ച നിരക്കുകൾ

പഞ്ചവത്സരപദ്ധതികൾ	ജിഡിപി	കാർഷികം	വ്യാവസായികം	സേവനം
ആറാം പദ്ധതി (1980 – 84)	5.5	6.3	5.2	5.5
ഏഴാം പദ്ധതി (1985 – 89)	5.7	3.1	6.3	7.2
എട്ടാം പദ്ധതി (1992 – 96)	6.5	4.9	9.5	6.8
ഒമ്പതാം പദ്ധതി (1997 – 2001)	5.7	2.5	3.6	8.0

കാർഷിക, വ്യാവസായിക, സേവന മേഖലകളുടെ വളർച്ച; ഇന്ത്യൻ റിസർവ് ബാങ്ക് കണക്കുകൾ ക്രോഡീകരിച്ചത്

നവലിബറൽ സംവിധാനം വലിയ തോതിലുള്ള സാമ്പത്തിക വളർച്ച കൊണ്ടുവരും എന്ന വാദത്തിന് കാര്യമാത്ര പ്രസക്തി ഉണ്ടോ എന്നത് ഈ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ വായനക്കാർക്ക് തീരുമാനിക്കാവുന്നതാണ്. രണ്ടാമത്തെ പ്രശ്നമായി നവലിബറലുകൾ ഉന്നയിക്കുന്ന ധനക്കമ്മി കുറയ്ക്കുന്നതിനെക്കുറിച്ച് പരിശോധിക്കുകയാണെങ്കിൽ, ഇന്ത്യയിൽ ധനക്കമ്മി ഒരിക്കലും ജിഡിപിയുടെ 4.5 ശതമാനത്തിനും 7ശതമാനത്തിനും താഴെ എത്തിക്കുവാൻ സാധിച്ചിട്ടില്ല. ഇത് സാധ്യമാക്കുന്നതിനായി രാജ്യത്ത് ധന-ബജറ്റ് മാനേജ്മെന്റ് നിയമം (Fiscal Responsibility and Budget Management Act) 2003 ൽ കൊണ്ടുവന്നിട്ടുകൂടി ധനക്കമ്മി കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ഇന്ത്യയുടെ ധനനയം പരിശോധിക്കുകയാണ് എങ്കിൽ ധനക്കമ്മിയെക്കാൾ സർക്കാർ നേരിടുന്ന പ്രശ്നം റവന്യൂ കമ്മിയാണ്. രാജ്യത്തെ അതിസമ്പന്നരെയും മുതലാളിമാരെയും നികുതിയിൽ നിന്നും കൂടുതൽ ഒഴിവാക്കിക്കൊണ്ടിരിക്കുകയും അവർക്കുനൽകുന്ന ആനുകൂല്യങ്ങൾ ക്രമമായി വർദ്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ റവന്യൂ കമ്മി വർദ്ധിക്കും. ഇതുമൂലം, രാജ്യം പുരോഗമിക്കുമ്പോഴും അതിദരിദ്രർ തങ്ങളുടെ നില മെച്ചപ്പെടുത്താത്ത സാഹചര്യമാണ് രാജ്യത്ത് സംജാതമാകുന്നത്. ഇത് പരിതാപകരമായ അവസ്ഥയാണ് എന്നതിൽ തർക്കമില്ല. അന്തർദേശീയ ധനമൂലധനം നിയന്ത്രിക്കുന്ന ആയുധ കച്ചവടത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള വർധിച്ചു വരുന്ന പ്രതിരോധ ചെലവ്, മറ്റ് വികസന ആവശ്യങ്ങളെ പ്രത്യേകിച്ചും സാമൂഹികവികസന മേഖലയിൽ ചെലവാക്കേണ്ടുന്ന

തുകയെയാണ് യഥാർത്ഥത്തിൽ ചുരുക്കുന്നത്. മൊത്തത്തിലുള്ള വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമാണ് ഇത് ഉണ്ടാക്കുക. ഇതിലേക്ക് വെളിച്ചം വീശുന്ന വിശദീകരണങ്ങൾ വരുംഭാഗങ്ങളിൽ വ്യക്തമാക്കാം.

നവലിബറലുകൾ ഉന്നയിക്കുന്ന മറ്റൊരു വാദം, സർക്കാർ മൂലധന ചെലവ് ഗണ്യമായി കുറക്കണം എന്നതാണ്. ഇതിനായി ഇവർ ഉയർത്തുന്നത്, "സർക്കാർ നടത്തുന്ന മൂലധന നിക്ഷേപം സ്വകാര്യ മൂലധന നിക്ഷേപത്തെ ഇല്ലാതാക്കും" എന്ന (Barro 1990; 1991) നിരീക്ഷണമാണ് ചില വികസിത രാജ്യങ്ങളിൽ പൊതുമൂലധന നിക്ഷേപംമൂലം, സ്വകാര്യ മൂലധന നിക്ഷേപം കുറഞ്ഞതായി പഠനങ്ങൾ വന്നിട്ടുണ്ട് (Aschauer 1989; Easterly & Rebelo 1993; and Argimon et.al 1995) എന്നാൽ ഇത് തെറ്റാണ് എന്ന് 125 രാജ്യങ്ങളുടെ ഡാറ്റ ഉപയോഗിച്ച് ഇവാൻസ് വാദിച്ചിട്ടുണ്ട് (Evans 1985). വികസ്വര രാജ്യങ്ങളിൽ ഇത്തരത്തിൽ ഒരു പ്രതിഭാസം ഇല്ലെന്നാണ് മിക്ക പഠനങ്ങളും തെളിയിക്കുന്നത്. (Ahmed & Miller 1999; Hussain et.al 2009) എന്നാൽ ചില പഠനങ്ങൾ (Kulkarni & Erickson 1995; Mitra 2006) ഇതുണ്ടെന്ന് തെളിയിക്കാൻ ശ്രമിക്കുന്നുവെങ്കിലും അവരുടെ ഫലങ്ങൾ കൃത്യതയാർന്ന ഒരു ചിത്രം നൽകുന്നില്ലെന്നതും ശ്രദ്ധേയമാണ്. നവലിബറൽ നയങ്ങളുടെ വരവോടെ ഉണ്ടായ മറ്റൊരു പ്രശ്നം രാജ്യത്ത് തൊഴിലും ദാരിദ്ര്യവും കുറഞ്ഞില്ല എന്നതാണ്. തൊഴിലിനെ കുറിച്ച് പറയുകയാണെങ്കിൽ എൺപതുകളിൽ ഉണ്ടായ തൊഴിൽ വളർച്ച തൊണ്ണൂറുകളിലോ രണ്ടായിരത്തിനു ശേഷമോ ഉണ്ടായിട്ടില്ല. മാത്രവുമല്ല തൊഴിലില്ലാത്ത വളർച്ച എന്ന ഈ കാലഘട്ടത്തിലെ പ്രയോഗം നവഉദാരവാദോത്തര ഇന്ത്യയിൽ തൊഴിൽ രഹിത വളർച്ച മുരടിപ്പിലേക്കാണ് നയിക്കുന്നത്. ഇക്കാര്യം വരുംഭാഗങ്ങളിൽ വിശദീകരിക്കാം.

ദാരിദ്ര്യത്തെ, കണക്കിലെ കളികൊണ്ട് കുറച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസവും നവഉദാരതയിലൂടെ വന്നുചേർന്നിട്ടുണ്ട്. ദാരിദ്ര്യ നിർമാർജനത്തിനു സാമൂഹിക സഹകരണ മാർഗ്ഗങ്ങൾ ബദലായി ഉയർന്നുവന്നപ്പോൾ ആ ബദലിനെയും നവഉദാരതയുടെ കമ്പളം പുതച്ച് ജനദ്രോഹമാക്കുന്ന 'സൂക്ഷ്മവായ്പാസംവിധാന'മാക്കിമാറ്റിയത് നവഉദാരീകരണത്തിന്റെ അന്തർലീനമായ സാമൂഹികവിരുദ്ധതയുടെ ജനവിരുദ്ധതയുടെ തുറന്നുകാട്ടലിനായി പരിശോധിക്കേണ്ടതുണ്ട്. നവഉദാരതയ്ക്ക് ബദലായി വരുന്ന എല്ലാ വികസന പരിപ്രേക്ഷ്യങ്ങളെയും

അന്തർദേശീയ ധനമൂലധനത്തിന്റെ ചായ്പിൽ കെട്ടുന്നതിനെ കേവലയുക്തിയായല്ല, മറിച്ച് മനുഷ്യത്വരാഹിത്യത്തിന്റെ തെളിവായി, നീതിരാഹിത്യത്തിന്റെ തെളിവായി തുറന്ന് കാട്ടാം.

മൈക്രോഫിനാൻസ്: നവഉദാര ചൂഷണത്തിന്റെ സ്ഥാപനവത്കരണം

ഗ്രാമീൺ ബാങ്ക് എന്ന സംരംഭത്തിനു മുഹമ്മദ് യൂനുസിന് സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചതിന്റെ പശ്ചാത്തലത്തിലാണ് സൂക്ഷ്മ വായ്പയുടെ സാധ്യത ലോകത്തും, പ്രത്യേകിച്ച് ഇന്ത്യയിലും ചർച്ചാ വിഷയമാകുന്നത്. സൂക്ഷ്മ പണ-വായ്പാ ഇടപാടുകൾ സമൂഹത്തിലെ താഴെത്തട്ടിലുള്ള ദരിദ്രർക്ക് ഉപകാരപ്രദമാകുന്നതിനും അവരുടെ സംരംഭങ്ങളെ ചെറിയതോതിൽ മെച്ചപ്പെടുത്താനും ഉതകുന്നതിനുള്ള ഉപാധിയായാണ് അഖ്തർ ഹമീദ് ഖാനെ പോലുള്ളവരുടെ ഇടപെടലുകളെ തുടർന്ന് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മൈക്രോ ഫിനാൻസ് ശക്തിപ്പെടുന്നത്. ഇന്ത്യയിലെ സേവ (SEWA) ബംഗ്ലാദേശിലെ ബ്രാക്ക് (BRAC) എന്നിവ അഖ്തർ ഹമീദ് ഖാന്റെ ഗ്രാമീണ മേഖലയെയും അവിടത്തെ തൊഴിൽ സംരംഭങ്ങളെയും മെച്ചപ്പെടുത്തുന്ന തരത്തിൽ പ്രവർത്തിക്കുന്ന കോമില മോഡൽ (1959) പ്രവർത്തനത്തിന്റെ പിന്തുടർച്ചയാണ്. ഇതിന്റെ ഭാഗമായാണ് ഏറ്റവും ദരിദ്രർക്ക് പ്രത്യേകിച്ചും ഔപചാരിക രീതിയിൽ ബാങ്ക് വായ്പകൾ നേടുന്നതിനുള്ള ആസ്തി ഇല്ലാത്തവർക്ക് വായ്പാ സൗകര്യം പ്രദാനം ചെയ്യുന്ന സൂക്ഷ്മ പണവായ്പ സംവിധാനം നിലവിൽ വരുന്നത്. എസ്.കെ.എസ്. മൈക്രോഫിനാൻസ് എന്ന കമ്പനിയുടെ ഐ.പി.ഒ. (initial public offering) വൻവിജയമായതിനു ശേഷമാണ് ഇന്ത്യയിലെ മൈക്രോഫിനാൻസിങ് രംഗത്ത് എന്തുസംഭവിക്കുന്നു എന്ന് കാര്യമായ അന്വേഷണം നടക്കുന്നത്. ഗ്രാമ പ്രദേശങ്ങളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, ദാരിദ്ര്യനിർമാർജനത്തിൽ സഹായിക്കുക എന്നീ പേരിൽ പ്രവർത്തിക്കുന്ന പല മൈക്രോ ഫിനാൻസിങ് സ്ഥാപനങ്ങളും നവലിബറൽ മൂല്യങ്ങളുടെ പ്രോക്താക്കളായി വട്ടിപ്പലിശക്കാരെക്കാൾ കഴുത്തറപ്പ നാണെന്ന വാദങ്ങളും ശക്തമാണ്. മൈക്രോഫിനാൻസ് എങ്ങിനെ അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നും മാറി സ്വതന്ത്രവിപണി സിദ്ധാന്തത്തിന്റെ കുരുക്കിൽപെട്ട് പൂർണമായും ലാഭവ്യവസ്ഥയുടെ അപ്പോസ്തലരായി മാറുന്നു എന്നാണ് വിശദീകരിക്കുന്നത്

നിലവിലുള്ള വായ്പാ സമ്പ്രദായങ്ങൾ സാധാരണക്കാരെയും മൂലധനം ഇല്ലാത്തവരെയും സഹായിക്കാതിരിക്കുകയും, സാമ്പത്തിക ഇടപാടുകളിൽ നിന്ന് അവരെ പുറത്താക്കുകയും ചെയ്യുന്ന അവസരത്തിലാണ് മൈക്രോഫിനാൻസ് എന്ന സങ്കല്പം കടന്നു വരുന്നത്. 1974ലെ ക്ഷാമത്തിനുശേഷമാണ് സൂക്ഷ്മവായ്പാ സമ്പ്രദായത്തിന്റെ ആവശ്യവും, അതുമൂലമുണ്ടാകുന്ന സാമൂഹിക പുരോഗതിയും മനസിലാക്കി ബംഗ്ലാദേശിലെ മുഹമ്മദ് യൂനുസ് ഗ്രാമീൺ ബാങ്ക് എന്ന ആശയം അക്തർ ഹമീദ് ഖാനോടൊപ്പം ചേർന്ന് മുന്നോട്ടു വച്ചത്. ഈ വായ്പാ പദ്ധതി പിന്നീട് ഒരു സാർവദേശീയ മാതൃകയായി മാറുകയും, അതുവഴി സാമ്പ്രദായിക വായ്പാ സമ്പ്രദായങ്ങളെ പൊളിച്ചെഴുതാൻ സഹായിക്കുകയും ചെയ്തു.

ബാങ്കിംഗ് സമ്പ്രദായത്തിൽ ലോൺ കിട്ടണമെങ്കിലോ നിക്ഷേപം നടത്തണമെങ്കിലോ വേണ്ടുന്ന സാങ്കേതിക പ്രശ്നങ്ങൾ ചില്ലറയൊന്നുമല്ല. ഈ സാഹചര്യത്തിൽ സ്വന്തമായി ഭൂമിയോ, സ്ഥിരവരുമാനമോ ഇല്ലാത്തവർക്കും, മൂലധനം ഇല്ലാത്തതിനാൽ കഷ്ടപ്പെടുന്നവർക്കും നിലവിലുള്ള (കൊമേഴ്സ്യൽ ബാങ്കിങ് ആൻഡ്നോ-ബാങ്കിംഗ് ഫൈനാൻഷ്യൽ സ്ഥാപനങ്ങൾ) വായ്പാ രീതികൾ സ്വപ്നം കാണാൻ മാത്രം പറ്റുന്നവയായിരുന്നു. ഈ സാഹചര്യത്തിലാണ് തൊഴിൽ ചെയ്യാൻ കഴിവുള്ളവർക്ക് വായ്പ എന്ന സംരംഭം മുന്നോട്ടു വയ്ക്കപ്പെടുന്നത്. കൂട്ടുത്തരവാദിത്വത്തിന്റെ ചുവടുപിടിച്ചുള്ള ഇത്തരം സംരംഭങ്ങൾ 'വായ്പ'യെ സാധാരണക്കാരന്റെ നടുവൊടിക്കുന്ന സാമ്പത്തികോപകരണം എന്ന സാമ്പ്രദായിക സങ്കല്പത്തിൽ നിന്നും വിമോചിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് തുടങ്ങിയതെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല.

ദാരിദ്ര്യവും തൊഴിലില്ലായ്മയും ഒരു ഭാഗത്ത് രൂക്ഷമാകുകയും, മറുഭാഗത്ത് ഭരണകൂടത്തിന്റെ കൂറ് വരേണ്യവർഗത്തിനോട് മാത്രമായിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ഇത്തരത്തിലുള്ള സാമൂഹികവും മാനുഷികവുമായ വായ്പാ സാധ്യതകൾ അനിവാര്യവും സ്വീകാര്യവുമായിരുന്നു. എന്നാൽ 1980കളിലും തൊണ്ണൂറുകളിലും ഇത് ബംഗ്ലാദേശിൽ തഴച്ചു വളർന്നപ്പോൾ ലോകം പിന്നീട് ഇതിനെ വളരെ ആകർഷകവും ഫലപ്രദവുമായ ഒരു വായ്പാ രീതിയായി കാണാൻ തുടങ്ങി. കാരണം, മൈക്രോഫിനാൻസിൽ നിന്നും ഊറ്റിയെടുക്കാവുന്ന ലാഭം സാധാരണ കൊമേഴ്സ്യൽ ബാങ്കിങ്ങിനെക്കാൾ എത്രയോ വലുതാണ് എന്നതുതന്നെ. അങ്ങനെ മൈക്രോ

ക്രെഡിറ്റ് ഒരു ആഗോള വായ്പാ വിതരണ സംരംഭമായി (പ്രത്യേകിച്ചും വികസിത രാജ്യങ്ങളിൽ) സ്വീകരിക്കപ്പെട്ടു. 2006ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ഈ സംരംഭത്തിന് ലഭിച്ചതോടെ ഇതൊരു സാമൂഹിക സാമ്പത്തിക വ്യവസ്ഥയിൽ നിന്നും അക്കാദമിക് ചർച്ചകളിൽ പ്രഥമ സ്ഥാനം നേടി. 2008ലെ ആഗോള പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇതിനെ പരിശോധിക്കുകയാണെങ്കിൽ ചില കണക്കുകൾ നമുക്ക് ഈ മേഖലയെക്കുറിച്ചുള്ള വ്യക്തമായ ചിത്രം തരും.

മൈക്രോഫിനാൻസ് ഇൻഫോർമേഷൻ പ്ലാറ്റ്ഫോം ആയ mixmarket ന്റെ വിവരം പരിശോധിക്കുകയാണെങ്കിൽ ദക്ഷിണേഷ്യയിൽ മാത്രം 2009 വരെ നൽകപ്പെട്ട മൊത്തം ലോൺ പോർട്ഫോളിയോ 7.5 ബില്യൻ യുഎസ്ഡോളർ (ഏകദേശം 33,500 കോടി രൂപ) ആയി കണക്കാക്കപ്പെടുന്നു. ഇതിൽ ഇന്ത്യയുടെ വിഹിതം ഏകദേശം 4.6 ബില്യൻ യുഎസ്ഡോളറും ബംഗ്ലാദേശിന്റേത് 2.3 ബില്യൻ യുഎസ് ഡോളറും വരും. ദക്ഷിണേഷ്യയിലെ മൊത്തം 4.94 കോടി ആക്റ്റീവ് ബോറോവേഴ്സിൽ ഇന്ത്യയുടെ വിഹിതം 54 ശതമാനമാണ് (2.66 കോടി). എന്നാൽ ഇത് ഇന്ത്യയുടെ മൊത്തം ജനസംഖ്യയുടെ 2.31 ശതമാനമേ ആകുന്നുള്ളൂ. ബംഗ്ലാദേശിലെ കണക്കെടുത്താൽ ഇത് 41 ശതമാനവും മൊത്തം ജനസംഖ്യയുടെ 12.9 ശതമാനവും ആണെന്നു കാണാം. കടം നൽകുന്നത് താഴേത്തട്ടിലുള്ളവർക്കാണ് എന്ന് വിലയിരുത്തുമ്പോൾ ബംഗ്ലാദേശിൽ സൂക്ഷ്മവായ്പ ഇന്ത്യയേക്കാൾ വ്യാപകമായി അടിത്തട്ടിലെ ജനങ്ങളിൽ എത്തിച്ചേരുന്നു എന്നും അനുമാനിക്കാം. എന്നാൽ പാകിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ ഇത് തുലോം തുച്ഛമാണ്.

കണക്കുകളനുസരിച്ച് 2009 അവസാനത്തോടെ വായ്പ എടുത്തയാളുടെ ശരാശരി വാർഷിക മിച്ചം ഏഷ്യയിൽ 145.4 യുഎസ് ഡോളർ (6,250 രൂപ) ആണ്. ഇന്ത്യയിൽ ഇത് 6,200 രൂപയും ബംഗ്ലാദേശിൽ 5,080 രൂപയുമാണ്. ഇനി നിക്ഷേപത്തിന്റെ കണക്കു പരിശോധിച്ചാൽ ഏഷ്യയിലെ മൊത്തം 2.5 ബില്യൻ യുഎസ് ഡോളറിന്റെ 72 ശതമാനവും (1.8 ബില്യൺ യുഎസ് ഡോളർ) ബംഗ്ലാദേശിൽ നിന്നാണെന്നു കാണാം. ഇന്ത്യയുടേത് വെറും 8.16 ശതമാനം മാത്രമാണ്. അതുപോലെ ഏഷ്യയിലെ മൊത്തം 3.28 കോടി നിക്ഷേപകരിൽ ഇന്ത്യക്കാർ വെറും 6.09 ശതമാനമാണെങ്കിൽ (20 ലക്ഷം), അതിന്റെ 83.53 ശതമാനവും (2.74 കോടി) ബംഗ്ലാദേശികളാണ്. ഈ രണ്ടു കണക്കുകളും സൂചിപ്പിക്കുന്നത് ഇന്ത്യയിൽ മൈക്രോ ക്രെഡിറ്റ്

സ്വീകരിക്കുന്നവർ തികച്ചും ദരിദ്രരല്ലെന്നുള്ളതാണ്. ഇത് ലാഭേച്ഛയോടെ ഈ മേഖലയിൽ കടന്നുവരുന്ന ബാങ്കിങ് ഭീമന്മാരെ ച്ചൊല്ലി ആശങ്കപ്പെടുന്നതിൽ ഒട്ടും അസ്വാഭാവികത കലർത്തുന്നില്ല. ഇതിലേക്ക് നമുക്ക് അല്പം കഴിഞ്ഞു കടക്കാം.

കണക്കുകൾ നിരത്തിയത് മൈക്രോഫിനാൻസിന്റെ സ്വാധീനവും അതിന്റെ വളർച്ചയും സൂചിപ്പിക്കാനും ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന ഉയർന്ന പലിശയോടനുബന്ധിച്ചു ലാഭരഹിത സങ്കല്പത്തിൽ നിന്നും ലാഭാധിഷ്ഠിത വ്യവസ്ഥയിലേക്കുള്ള കൂടുമാറ്റം എത്രത്തോളം ഇന്ത്യയിലെ ദാരിദ്ര്യനിർമാർജനത്തിന് ഹേതുവാകും എന്നതുമാണ്. എന്താണ് ഈ വായ്പാ സമ്പ്രദായത്തിന്റെ പ്രത്യേകതകൾ? എങ്ങനെയാണ് ഇത് പ്രവർത്തിക്കുന്നത്? ഇതിനെ താങ്ങി നിർത്തുന്ന സാമ്പത്തികവും സാമൂഹികവുമായ തത്ത്വം എന്താണ്? സൂക്ഷ്മ വായ്പയിലെ ഉയർന്ന പലിശ നിരക്കിനെച്ചൊല്ലിയുള്ള ആശങ്കകളും വൻകിട വായ്പാ ബാങ്കുകളായ സിറ്റി ഗ്രൂപ്പ് തുടങ്ങിയ ഫോർ-പ്രോഫിറ്റ് ബാങ്കുകൾ വരുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളും മൈക്രോ ക്രെഡിറ്റിന്റെ ഭാവിയും നമുക്ക് അതിനാൽ തന്നെ പരിശോധിക്കാം.

ആദ്യമായി എന്താണീ വായ്പാ സമ്പ്രദായത്തിന്റെ പ്രത്യേകതകൾ എന്നുകാണാം: നേരത്തെ സൂചിപ്പിച്ചതുപോലെ, സാധാരണക്കാർക്കും, വിഭവ സമാഹരണത്തിനു ശേഷിയില്ലാത്തവർക്കും മൂലധനം സ്വരൂപിക്കുന്നതിനായി ചെറുകിട ലോണുകൾ, വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും പേരിലും ബന്ധത്തിലും നൽകുന്ന വായ്പാ സമ്പ്രദായമാണ് മൈക്രോ ക്രെഡിറ്റിംഗ്. പൊതുവായി ഫിക്സഡ് മൂലധനമോ മറ്റു സ്ഥാവര ജംഗമങ്ങളോ മൈക്രോക്രെഡിറ്റിനു ആവശ്യമില്ല എന്നതു തന്നെയാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. ഉദാഹരണമായി, ബംഗ്ലാദേശും ക്യൂബയും പോലുള്ള രാജ്യങ്ങളിലെ മൈക്രോക്രെഡിറ്റും, കേരളത്തിലെ കുടുംബശ്രീ പോലുള്ള സംരംഭങ്ങളും ഈ കൂട്ടുത്തരവാദിത്വത്തിന്റെ വിജയമായാണ് കണക്കാക്കപ്പെടുന്നത്. സാധാരണ വിപണി വ്യവസ്ഥയുടെ സിദ്ധാന്തങ്ങളോ ബാന്ധവങ്ങളോ ഇത്തരം പ്രസ്ഥാനങ്ങൾ ഉൾക്കൊള്ളുന്നില്ലെന്നുള്ളതും ശ്രദ്ധേയമാണ്. കേരളത്തിന്റെ വിജയം ഒരു സർക്കാരധിഷ്ഠിത ഇടപെടലാണെന്നുള്ളതു നമുക്കറിയാവുന്നതാണല്ലോ രണ്ടാമതായി, സാമ്പ്രദായിക വായ്പയുടെ സങ്കീർണതകളൊന്നും ഇതിനുണ്ടാവേണ്ടതില്ല എന്നതാണ്. പ്രധാനമായും ഇത് ഒരു കൂട്ടായ്മയുടെ വിജയമാ

യാണ് ബംഗ്ലാദേശിലും മറ്റും പ്രവർത്തനം തുടങ്ങിയതും അത് വിജയിച്ചതും. കൂട്ടായ വായ്പ നൽകലിന്റെ (collective lending) വിജയമായിട്ടാണ് ഇതിന്റെ പ്രസക്തി ഉയർത്തിക്കാട്ടപ്പെടുന്നത്. എന്നാൽ, സൂക്ഷ്മവായ്പയുടെ പ്രധാന പോരായ്മയായ് ചൂണ്ടിക്കാണിക്കപ്പെടുന്നത് നേരത്തെ പറഞ്ഞ ഉയർന്ന പലിശനിരക്കുതന്നെയാണ്. ഇപ്പോഴത്തെ വിവാദങ്ങളിൽ ഏറെയും ഇതിനെ ചുറ്റിപ്പറ്റിയുള്ളതായതിനാൽ ഈ വിഷയം ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്.

എങ്ങനെ, ഏതൊക്കെ തരത്തിലാണ് സാമൂഹിക സാമ്പത്തിക തത്ത്വങ്ങൾ മൈക്രോക്രെഡിറ്റിനെ സ്വാധീനിക്കുന്നതെന്നും, പലിശ നിരക്ക്, ലാഭരഹിത, ലാഭേച്ഛിത വാദങ്ങളിൽ ഇടംപിടിക്കുന്നതെന്നും, അതുവഴി മൈക്രോഫിനാൻസിന്റെ പ്രാധാന്യം മാറുന്നുണ്ടോ എന്നും നോക്കാം. മൂലധനത്തിന്റെ അഭാവത്തിൽ കൊടുക്കുന്ന വായ്പയായതിനാൽ എന്തെങ്കിലും തരത്തിലുള്ള പിൻബലം ഈ ലോൺ വ്യവസ്ഥക്കാവശ്യമായിരുന്നു. ഇതിനു മൈക്രോക്രെഡിറ്റ് സ്വീകരിച്ചത് ധാർമികതയിലധിഷ്ഠിതമായ ഉത്തരവാദിത്വ മൂല്യങ്ങളാണ്, അല്ലാതെ വിപണി വ്യവസ്ഥയുടെ മൂലധനാധിഷ്ഠിത ലോൺ സമ്പ്രദായമല്ല. ഇതിന്റെ ഗുണങ്ങൾ രണ്ടു തരത്തിൽ നമുക്ക് വിവരിക്കാം. ഒന്ന്, അധ്വാനിക്കാൻ തയ്യാറായ ആർക്കും മൂലധനം ലഭ്യമാക്കലും, അതുവഴി സംഘടിത സാമ്പത്തിക, സാമൂഹിക ശാക്തീകരണവുമാണ് ലക്ഷ്യം വയ്ക്കുന്നത്. രണ്ടാമതായി ഇതുനൽകുന്ന, അല്ലെങ്കിൽ ലക്ഷ്യമിട്ട വായ്പാ പദ്ധതി തൊഴിലധിഷ്ഠിതവും, പുതിയ തൊഴിലുകൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന (ചെറുകിട, അസംഘടിത) രീതിയുമാണ്. എന്നാൽ, ഇന്ത്യയിലെ മൈക്രോഫിനാൻസ് വ്യവസായം ഈ ലക്ഷ്യങ്ങളിൽ നിന്നൊക്കെ ഏറെ അകലെയാണെന്ന് ഇവിടുത്തെ നിക്ഷേപ നിരക്കു നോക്കിയാൽ മനസിലാകും. ഇത് സൂചിപ്പിക്കുന്നത് വിഭവ സമാഹരണത്തിന് വായ്പ വിജയകരമായി ഉപയോഗിക്കപ്പെട്ടില്ല എന്നും, സംഘടിത സംരംഭകത്വം എന്ന പ്രധാന ലക്ഷ്യം നിറവേറ്റാനായില്ല എന്നുമാണ്. ഇതിനൊരപവാദമാണ്, അല്ലെങ്കിൽ കൂട്ടുത്തരവാദിത്വത്തിന്റെ വിജയമാണ്, കേരളത്തിലെ കുടുംബശ്രീയുടെ പ്രവർത്തനം. ഇവിടെയാണ് ഗ്രൂപ്പ് ലെൻഡിങ്ങിന്റെ പ്രാധാന്യവും അത് മുന്നോട്ടു വയ്ക്കുന്ന തത്ത്വങ്ങളും പ്രസക്തമാകുന്നത്.

ഈ സമ്പ്രദായത്തിനു കടകവിരുദ്ധമായാണ് മൈക്രോഫിനാൻസിങ് ഏജന്റുമാർ ഇന്ത്യൻ വിപണിയിലേക്ക് കടന്നു

വരുന്നത്. ആദ്യം ഗ്രൂപ്പ് ലെൻഡിങ് മാതൃക ഉപയോഗിച്ചിരുന്നുവെങ്കിലും പലപ്പോഴും ഇക്കൂട്ടർ സ്വീകരിച്ചത് വിപണിവ്യവസ്ഥയുടെ കാതലായ വ്യക്തികേന്ദ്രീകൃത വായ്പാ സമ്പ്രദായം തന്നെയാണ്. രണ്ടാമതായി, ഗ്രാമീൺ ബാങ്ക് മാതൃകയിലുള്ള സ്ഥാപനങ്ങൾ ഉയർന്ന പലിശ നിരക്ക് ഈടാക്കിയിരുന്നെങ്കിലും അവരുടെ പ്രധാനലക്ഷ്യങ്ങൾ തൊഴിൽ സൃഷ്ടിക്കലും, കൂട്ടുത്തരവാദിത്വം കെട്ടിപ്പടുത്തുകൊണ്ട് ദാരിദ്ര്യനിർമാജനം നടത്തലുമാണ്. പലിശ വഴി കിട്ടുന്ന തുക നിലവിലുള്ള കൂട്ടായ്മകളിലോ, പുതിയ ഒരു കൂട്ടായ്മ സൃഷ്ടിക്കുന്നതിനോ വേണ്ടിയാണ് ഉപയോഗിച്ചിരുന്നത്. അങ്ങിനെ വരുമാനം പുനർനിക്ഷേപം നടത്തി സമ്പദ് വ്യവസ്ഥയെ പ്രവർത്തനക്ഷമമാക്കുന്ന ഇന്ധനമായാണ് ഈ സംവിധാനത്തെ ഉപയോഗിക്കപ്പെട്ടത്. ഇതിലെ സാമ്പത്തിക ശാസ്ത്ര മൂല്യം പഠിപ്പിക്കുന്നത്, സാമൂഹിക സമഗ്രവികസനത്തിനായി വ്യക്തികൾ വിട്ടുവീഴ്ചകൾ നടത്തേണ്ടതുണ്ട്. അഥവാ, എല്ലാ വ്യക്തികളും സമൂഹത്തിന്റെ പൊതു ഉന്നമനമാണ് ആഗ്രഹിക്കുന്നതെങ്കിൽ എല്ലാ വ്യക്തികളുടെയും പൂർണ ഉന്നമനം നേടുമെന്നോ, എല്ലാ വ്യക്തികളും പൂർണ ഉന്നമനത്തിൽ എത്തിയാൽ, സമൂഹം പൂർണ ഉന്നമനത്തിൽ എത്തിയെന്നോ വാദിക്കുക യുക്തിപരമായി പരിപൂർണമല്ല എന്നതാണ്. അഥവാ സാമൂഹിക പുരോഗതി ലക്ഷ്യം വയ്ക്കുമ്പോൾ വ്യക്തികളും സാമൂഹവും പരസ്പരപൂരകമായും സദുദ്ദേശപരമായും വർത്തിക്കേണ്ടതുണ്ട് എന്ന് ചുരുക്കം.

പലിശനിരക്ക് നൽകുന്ന ഉയർന്ന ലാഭം മുൻനിർത്തി, വ്യക്തി കേന്ദ്രീകൃത വായ്പയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ലാഭരഹിത വ്യവസ്ഥയിൽ നിന്നും ലാഭേച്ഛിത വ്യവസ്ഥയിലേക്കുള്ള മൈക്രോഫിനാൻസിന്റെ കൂടുമാറ്റം, ആ മുന്നേറ്റം തന്നെ മുന്നോട്ടു വച്ച ആശയത്തിന്റെ വിപണിവത്കരണമായാണ് കാണേണ്ടത്. അതുകൊണ്ടു തന്നെ, ഇതിൽ മറ്റു വിപണി വായ്പാ സമ്പ്രദായത്തിന്റെ (banking and non-banking financial) ദോഷങ്ങൾ സ്വാഭാവികമായും കടന്നുവരും. അതായത്, ഉയർന്ന പലിശ നിരക്ക് ലാഭേച്ഛിത മൈക്രോഫിനാൻസിന്റെ ഊർജമായി മാറുമെന്നു സാരം. ഇവിടെ, ഉത്പാദിപ്പിക്കപ്പെടുന്ന അമിത ലാഭം മൈക്രോഫിനാൻസിൽ തന്നെ പുനർനിക്ഷേപം ചെയ്യപ്പെടണമെന്നില്ല. ഇങ്ങനെ ഉണ്ടാകുമ്പോൾ ഉത്പാദനത്തോടനുബന്ധിച്ച് ഉത്പാദിപ്പിക്കപ്പെടുന്ന വിഭവങ്ങളുടെ സിംഹഭാഗവും അത് ഉത്പാദിപ്പിക്കുന്നവർക്ക് ലഭ്യമല്ലാത്ത തരത്തിൽ നഷ്ടപ്പെടുന്ന (drain of resources) സാഹചര്യം സംജാതമാകുന്നു. ഉദാഹരണത്തിന്,

സിറ്റി ഗ്രൂപ്പ് പോലുള്ള ബാങ്കിങ് ഭീമന്മാർ കൃത്യമായ ചൂഷണ മാണ് ഉയർന്ന പലിശ ഈടാക്കുന്നതിലൂടെ ചെയ്യുന്നത് (അവരുടെ കൊമേഴ്സ്യൽ ലെൻഡിങ് നിരക്ക് മൈക്രോ ക്രെഡിറ്റ് നിരക്കിനെ ക്കാൾ വളരെ കുറവാണെന്നോർക്കുക!). ഇന്ത്യയിലെ ഏറ്റവും വലിയ മൈക്രോഫിനാൻസ് കമ്പനികളിലും ആദ്യമായി സ്റ്റോക്ക് മാർക്കറ്റിൽ ഐ.പി.ഒ. നടത്തിയ എസ്.കെ.എസിന്റെ ലാഭക്കണ്ണും വ്യത്യസ്തമല്ല.

സാമ്പത്തിക ശാസ്ത്രത്തിന്റെ കണ്ണിലൂടെ നോക്കിയാൽ ലാഭേച്ഛിത സംഘടനകൾ പ്രവർത്തിക്കുന്നത് നവലിബറൽ വിപണി സിദ്ധാന്തങ്ങൾക്കനുസരിച്ചാണെന്നും, ഗ്രൂപ്പ് ലെൻഡിങും മറ്റും മുന്നോട്ടുവയ്ക്കുന്നത് ഒരു ഇൻസ്റ്റിറ്റ്യൂഷൻ (വിശ്വാസത്തിലും കൂട്ടുത്തരവാദത്തിലും) അടിസ്ഥാനമാ ക്കിയുള്ള വായ്പാ സമ്പ്രദായവുമാണെന്നും കാണാം. രണ്ടാ മത്തേതിന്റെ മേന്മയാണ് ഗ്രാമീൺ ബാങ്ക് മാതൃകയിൽ നമുക്ക് കാണാൻ കഴിയുക. ചുരുക്കിപ്പറഞ്ഞാൽ, സാമൂഹിക ധാർമിക സാമ്പത്തിക നയം, വിപണി വ്യവസ്ഥയ്ക്കധിഷ്ഠിതമായ വിഭവ സമാഹരണത്തിനു വഴിമാറുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളാണ് മൈക്രോഫിനാൻസ് രംഗത്ത് ഉണ്ടായിട്ടുള്ളത്. ഇത് എസ്. കെ.എസ്. പോലുള്ളവരുടെ നയത്തോടനുബന്ധിച്ച് കൂട്ടി വായിക്കേണ്ടതുണ്ട്. ഇതിന്റെ പാത പിന്തുടരുന്ന വൻകിട ബാങ്കിങ് കുത്തകകൾക്കും ലക്ഷ്യം മറിച്ചല്ല. നവലിബറൽ സാമ്പത്തിക ക്രമത്തിന്റെ ലാഭക്കണ്ണുകൾ ദാരിദ്ര്യത്തെ ഒന്നടങ്കം കച്ചവടവത്കരിക്കുമ്പോൾ, ദരിദ്രരുടെ നില കൂടുതൽ പരുങ്ങലി ലായിക്കൊണ്ടിരിക്കുന്നു എന്ന ചരിത്രപരമായ പാഠം നാം ഇനിയും കണ്ടില്ലെന്നു നടിക്കരുത്.

അതായത്, കൂട്ടുത്തരവാദിത്വത്തിന്റെയും സംരംഭകത്വ പ്രോത്സാഹനത്തിന്റെയും മറവിൽ, ഉയർന്ന പലിശ ഈടാക്കി ഗ്രാമീണ, ദരിദ്ര ഇന്ത്യയെ ഞെക്കിപ്പിഴിഞ്ഞ് കൂടുതൽ ലാഭമുണ്ടാ ക്കുക എന്ന ലളിതമുതലാളിത്ത യുക്തിയാണ് നവമൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെയും നയിക്കുന്നതെന്നു കാണാം. അവിടെ മൈക്രോഫിനാൻസിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായ വിഭവസമാഹരണവും, തൊഴിലുത്പാദനവും പുറംപോക്കി ലേക്ക് വലിച്ചെറിയപ്പെടുന്നു. പകരം, ലാഭവും ഓഹരിവിപ ണിയും ഐ.പി.ഒ.യും മറ്റും മൈക്രോക്രെഡിറ്റിംഗ് രംഗത്തെ ഭരിക്കുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു. വ്യക്തികളുടെ ക്ഷേമം എന്ന വലിയ ബാനറുയർത്തിപ്പിടിച്ചിട്ടാണ് ഈ ഇരട്ട ചൂഷണം നടക്കുന്നതെന്നോർക്കണം. ചൂഷണത്തിന്റെ

സ്ഥാപനവത്കരണം നവലിബറലിസത്തിന്റെ ആശയാടിത്തറയാണെന്ന സത്യം മനസിലാക്കിയാലേ, യഥാർത്ഥ പ്രശ്നങ്ങൾ മനസിലാക്കാൻ കഴിയൂ. അല്ലാതെ, ഇതു വെറും മൈക്രോക്രെഡിറ്റിങ്ങിന്റെ പരാജയമായി കേവലവത്കരിച്ചുകൂടാ.

പ്രതിസന്ധിയുടെ സാമ്പത്തിക ശാസ്ത്രം

1991ൽ രാജ്യത്തെ രക്ഷിക്കാൻ എന്ന വ്യാജേന കൈക്കൊണ്ട നവഉദാരവാദ നടപടിയാണ് സൂക്ഷ്മ വായ്പയിലൂടെ പുതിയ ചൂഷണത്തിന്റെ വാതിലുകൾ ഇന്ത്യയിൽ തുറന്നത്. എന്നാൽ മുൻപ് സൂചിപ്പിച്ചതുപോലെ 1991ൽ ആരംഭിച്ച് രണ്ടായിരത്തിയെട്ടുവരെ നീണ്ടുനില്ക്കുന്ന ഫസ്റ്റ് വേവ് നവഉദാരതയെ തള്ളിപ്പറഞ്ഞുകൊണ്ടാണ് 2010-21 കാലഘട്ടത്തെ ഉദാരവാദത്തെ മനസ്സിലാക്കേണ്ടത്. ഈ ഘട്ടത്തെ ഉദാരവാദോത്തര ഇന്ത്യ എന്നാണ് ഇവിടെ അവലോകന വിധേയമാക്കുന്നത്.

ഈ മാറ്റം എങ്ങനെ സാധ്യമായി എന്ന് അടുത്ത ഭാഗത്തിൽ വിശദീകരിക്കും. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ നവഉദാരവാദം ഇന്ത്യയിൽ എത്തുന്നത് 1990-91ലെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണല്ലോ. അതുപോലെതന്നെയാണ് ഭവനവായ്പാ പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് നവഉദാരവാദോത്തര ഇന്ത്യ ആവിർഭവിക്കുന്നത്. ഓരോ പ്രതിസന്ധിയും സാധാരണക്കാരുടെയും തൊഴിലാളികളുടെയും ചെലവിൽ നവഉദാരവാദത്തേയും നവമുതലാളിത്തത്തേയും മെച്ചപ്പെടുത്തുന്നതാണ് ഇവിടെ കാണാൻ സാധിക്കുന്നത്. ഈ പ്രതിസന്ധിയുടെ സാമ്പത്തിക ശാസ്ത്രം അതിനാൽ ത്തന്നെ കൂടുതൽ ഗൗരവതരമായ വിശദീകരണം, 2008 ലെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇതിനെ വിശദീകരിക്കുന്നതാകും ഉത്തമം.

2008 ലെ പ്രതിസന്ധി ഒരവലോകനം

ലേമാൻ ബ്രദേഴ്സും മറ്റു ബാങ്കുകളും പാപ്പർ (ബാങ്ക്രപ്സി) ഫയൽ ചെയ്യുന്നതിന് മുൻപുതന്നെ - കൃത്യമായി പറഞ്ഞാൽ 2007 വർഷാവസാനത്തോടെ ഊഹക്കച്ചവടത്തിന്റെ കുമിളകൾ ഇന്ത്യയിൽ വളരെ ശക്തിപ്രാപിച്ചിരുന്നു. എന്നാൽ ജനുവരി 21 2008 ൽ ബി.എസ്.ഇ. സെൻസെക്സ് അന്നുവരെയുള്ള ചരിത്രത്തിലെ ഏറ്റവും കൂടിയ വീഴ്ചയായ 1406.35 പോയിന്റ് രേഖപ്പെടുത്തുകയും തൊട്ടടുത്ത ദിവസങ്ങളിൽ അത് ആവർത്തിക്കുകയും

ചെയ്തുകൊണ്ട് 2002 മുതൽ നിർമ്മിക്കപ്പെട്ട സ്റ്റോക്ക് ബബിൾ പൊട്ടിത്തുടങ്ങി (താഴെ ചിത്രം കാണുക). എന്നാൽ ഇത് 2009 ഓഗസ്റ്റ്ആകുമ്പോഴേക്കും 2005ൽ ബിഎസ്ഇ ട്രേഡിങ് നിർത്തിയ പോയിന്റിലേക്ക് ചുരുങ്ങിക്കഴിഞ്ഞു. സർക്കാരിന്റെ അശ്രാന്ത പരിശ്രമവും പൊതുമുതൽ കോർപറേറ്റുകൾക്കായി തീറെഴുതിയും ഈ വിഷമ സ്ഥിതിയിൽ നിന്നും സ്വകാര്യ സ്റ്റോക്ക്വ്യാപാര മേഖലയെ സർക്കാർ രക്ഷിക്കുന്ന സാഹചര്യവുമാണ് ഇതോടനുബന്ധിച്ച് ഇന്ത്യയിൽ ഉണ്ടായത്. എന്നാൽ ഇത് വീണ്ടും ഇന്ത്യയിൽ സ്റ്റോക്ക് മാർക്കറ്റിന്റെ ബബിൾ നിർമാണത്തിന് വഴിതെളിച്ചു. ഇതിനെയാണ് നവലിബറൽ സാമ്പത്തിക ശാസ്ത്രജ്ഞർ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി അവസാനിച്ചുവെന്നും സാമ്പത്തിക മേഖലയ്ക്ക് പ്രത്യുധാനം സംഭവിച്ചു എന്നും പറഞ്ഞുപരത്തിയത്. എന്നാൽ ഹ്രസ്വമായ ഈ ഉണർവിനുശേഷവും കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തോളം ഇന്ത്യയിലും ആഗോള സമ്പദ്ഘടനയിലും കാര്യമായ പുരോഗമനം ഉണ്ടായിട്ടില്ല എന്നത് ആശങ്കാജനകമാണ്. ഇതിന് ഉദാഹരണമാണ്, 2011 സെപ്റ്റംബർ 22 ന് ബോംബെ സ്റ്റോക് എക്സ്ചേഞ്ചിലുണ്ടായ തളർച്ചയുടെ പുതിയ രേഖാചിത്രം

ചിത്രം - 1



നവഉദാരവാദ പ്രചരണങ്ങൾക്ക് തടയിടുന്ന ഒന്നായി വേണം അന്നുണ്ടായ ഈ വീഴ്ചയെ മനസ്സിലാക്കാൻ. ഇതേ സമയം, അന്താരാഷ്ട്ര സാമ്പത്തിക രംഗത്ത് വളർച്ച പൂർണമായും നിലച്ച അവസ്ഥകൂടിയായിരുന്നു എന്നത് മറുവശം. ഇതിൽ നിന്നുള്ള പ്രത്യുധാനമാണ് നവഉദാരവാദോത്തര കാലമായി ഇന്ത്യയിൽ തുടർന്നുള്ള ഒരു ദശാബ്ദമായി അരങ്ങേറുന്നത്.

ഇവ ഓരോന്നും നമുക്കുമുന്നിൽ പറഞ്ഞുതരാൻ ശ്രമിക്കുന്നത് സാമ്പത്തിക മാന്ദ്യം നാൾക്കുനാൾ ശക്തമായിക്കൊണ്ടിരിക്കുന്നു എന്നുതന്നെയാണ്. 2008ലേത് നേരത്തെ സൂചിപ്പിച്ച 'വായ്പാപ്രതിസന്ധിയുടെ' പശ്ചാത്തലത്തിലാണെങ്കിൽ 2011ൽ 'കടപ്രശ്നങ്ങളെ' ചുറ്റിപ്പറ്റിയാണ്. ധനമൂലധനത്തോടുള്ള അമിതമായ കൂറും അടിമത്തവും രാജ്യങ്ങളെ സാമ്പത്തിക പ്രതിസന്ധി എന്ന അഴിക്കുംതോറും കുരുങ്ങുന്ന കെട്ടിൽ ബന്ധിക്കുകയാണ്. ഇതാണ് നവലിബറൽ യുക്തിയുടെയും അതിജീവനത്തിന്റെയും ജീവരക്തമെന്ന് മുൻ ഭാഗങ്ങളിൽ വ്യക്തമാക്കിയത്. വായ്പാ-കട പ്രതിസന്ധി എങ്ങനെയുണ്ടാകുന്നു എന്നും അവ എങ്ങനെ മൊത്തത്തിലുള്ള സാമ്പത്തിക പ്രതിസന്ധിക്ക് ഹേതുവാകുന്നു എന്നും മനസ്സിലാക്കാനുള്ള ശ്രമമാണ് ഇനി മുന്നോട്ടു വക്കുന്നത്.

സ്റ്റോക്ക് മാർക്കറ്റിന്റെ ചാലക ശക്തികളാണ് കടവും (ഡെബിറ്റ്) വായ്പയും (ക്രെഡിറ്റ്). പലിശ നിരക്കാണ് ഈ രണ്ടു പ്രവർത്തനത്തെയും തീരുമാനിക്കുന്നതും നിയന്ത്രിക്കുന്നതും. പൂർണമായ ലിബറൽ വ്യവസ്ഥ സാധ്യമല്ലാത്ത സാഹചര്യത്തിൽ പോലും നവലിബറലുകൾ മുന്നോട്ടുവക്കുന്നത് മോണിറ്ററി പോളിസിയിൽ ഊന്നിയ ക്രയവിക്രയങ്ങളാണ്. പണത്തിന്റെ പ്രദാനം നിയന്ത്രിക്കുക വഴി, രാജ്യത്തിലെ സാമ്പത്തിക രംഗത്ത് ഉണ്ടാകുന്ന പണപ്പെരുപ്പം/പണച്ചുരുക്കം ഉപകരണമാക്കിക്കൊണ്ട് തൊഴിൽ മേഖലയും വില നിയന്ത്രണവും സുതാര്യമാക്കുന്ന സാമ്പത്തിക നയമാണ് മോണിറ്ററിപോളിസി. ഇവ എത്ര കണ്ട് കാര്യക്ഷമമാണെന്നുള്ളത് ഒരു ചോദ്യചിഹ്നമാണ്. എന്നാൽ മോണിറ്ററിപോളിസി ഒരിക്കലും സ്വതന്ത്രമല്ല എന്നു മാത്രമല്ല പലപ്പോഴും സർക്കാരിന്റെ നയങ്ങൾക്ക് സമാന്തരവുമായിരിക്കും എന്ന് മോണിറ്ററിപോളിസി നിർവചിക്കുമ്പോൾ ത്തന്നെ മനസ്സിലാകും. അതിനാൽ, സ്ഥൂല സാമ്പത്തിക പ്രശ്നങ്ങൾ ചർച്ചചെയ്യുമ്പോൾ സൂക്ഷ്മ സാമ്പത്തിക ശാസ്ത്രത്തിന്റെ മൂല്യങ്ങൾ പലപ്പോഴും കാണിക്കുന്ന സ്വാധീനം ഒരു കാറും അതിന്റെ സ്പെയർപാർട്സും പോലെയാണ്. രണ്ടും പരസ്പരം

അത്യാവശ്യമാണ്, എന്നാൽ രണ്ടിന്റെയും സ്വഭാവം ഒന്നല്ല എന്നുള്ള തിരിച്ചറിവും, രണ്ടിനെയും രണ്ടായിത്തന്നെ പരിചരിക്കണം എന്നുള്ള വസ്തുതയുമാണ് നമുക്കുമുന്നിൽ തുറന്നുവയ്ക്കുന്നത്.

പലിശ നിരക്കിനെക്കുറിച്ച് പറയുമ്പോൾ, കുറഞ്ഞ പലിശ നിരക്ക് സൂചിപ്പിക്കുന്നത് സർക്കാരിന്റെ ലൂസ് മോണിറ്ററിനയങ്ങളാണ്. ഇത് അനുവർത്തിക്കുന്നതിലൂടെ സാധ്യമാക്കുന്നത് രാജ്യത്ത് പണത്തിന്റെ പ്രദാനം വർദ്ധിപ്പിച്ചുകൊണ്ട് നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും അതുമൂലം തൊഴിലില്ലായ്മ കുറയ്ക്കുകയും ചെയ്യാം എന്നതാണ്. മറിച്ച് കൂടിയ പലിശനിരക്ക് പണപെരുപ്പത്തിന്റെ ആഴം കുറക്കുന്നതിനും അതുവഴി സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുമാണ് ഉപകരിക്കുക. ഈ രണ്ടു പ്രവർത്തനങ്ങളും വിഭാവന ചെയ്യുന്നത് വിലനിയന്ത്രണത്തിലൂടെ രാജ്യത്തിലെ സാമ്പത്തിക, തൊഴിൽ രംഗങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാം എന്ന തത്ത്വമാണ്. ഇത് സാധ്യമാക്കുന്നത് കൂടുതൽ/കുറവ്വായ്പാ സൗകര്യം ലഭ്യമാക്കിക്കൊണ്ടും കൂടുതൽ/കുറവ് സാമ്പത്തിക ക്രയവിക്രയങ്ങൾ സാധ്യമാക്കുക എന്ന യുക്തിയുടെയും അടിസ്ഥാനത്തിലാണ്. അങ്ങനെയെങ്കിൽ ഇതെങ്ങനെയാണ് ക്രെഡിറ്റ് ക്രഞ്ച് - ടെബ്റ്റ് ക്രൈസിസ് തുടങ്ങിയവയെ സ്വാധീനിച്ചതെന്നു മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

പരമ്പരാഗത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉപഭോക്താക്കൾക്കോ, വ്യാപാരികൾക്കോ, നിക്ഷേപകർക്കോ പ്രദാനം ചെയ്യപ്പെടുന്നതോ ലഭ്യമാകുന്നതോ ആയ വായ്പകളുടെ അളവിലുണ്ടാകുന്ന ഗണ്യമായ കുറവിനെയാണ് വായ്പാ പ്രതിസന്ധിയെന്ന് അറിയപ്പെടുന്നത്. ഇതിന്റെ ഫലമായി വായ്പാ സൗകര്യം ലഭ്യമാകുന്നത് ഉയർന്ന പലിശനിരക്കിൽ മാത്രമാവുകയും നിക്ഷേപകരും ഉപഭോക്താക്കളും കുറഞ്ഞതോതിലുള്ള നിക്ഷേപവും ഉപഭോഗവും മാത്രം നടത്തുകയും ഇത് മൊത്തം സാമ്പത്തിക ഇടപാടിനെ ചുരുക്കുകയും അതൊരു സാമ്പത്തിക പ്രത്യർപ്പണത്തിനു കാരണമാകുകയും ചെയ്യുന്നു. ഉദാഹരണമായി നമുക്ക് സബ്-പ്രൈം വായ്പാസൗകര്യങ്ങൾ വഴിതെളിച്ച പ്രതിസന്ധിയിലൂടെ ഇത് പരിശോധിക്കാം.

താരതമ്യേന നല്ല പലിശനിരക്കും സുരക്ഷിതവുമായ ഒരു നിക്ഷേപ ഉപാധിയായിരുന്നു യുഎസ് ട്രഷറിബിൽ. എന്നാൽ അലൻ ഗ്രീൻസ്പാൻ പലിശനിരക്ക് ഒരു ശതമാനമായി കുറച്ച

പ്പോൾ ട്രഷറിബിൽ വാങ്ങുന്നതിൽ വൻ കുറവുണ്ടായി. മറുഭാഗത്ത് പൊതു പലിശനിരക്ക് ഒരു ശതമാനമായപ്പോൾ ബാങ്കുകൾക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കും കുറഞ്ഞതോതിൽ കൂടുതൽ വായ്പാസൗകര്യങ്ങൾ ലഭ്യമായി. ഇതിനെ തുടർന്ന് ധനകാര്യ സ്ഥാപനങ്ങളും നിക്ഷേപകരും കുറഞ്ഞ തോതിലുള്ള ഈ വായ്പ സ്വീകരിക്കുകയും ജപ്പാൻ, ചൈന, വെസ്റ്റ് ഏഷ്യ മുതലായ രാജ്യങ്ങളിലുള്ള കുറഞ്ഞ പലിശനിരക്കിലെ വായ്പകൾ സ്വരൂപിക്കുകയും അത് ലിവറേജ് എന്നപേരിലറിയപ്പെടുന്ന നിക്ഷേപ സാംഗത്യത്തിനു വഴിതെളിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി പതിനായിരം രൂപയുള്ള നിക്ഷേപകൻ നിക്ഷേപകരായ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഒൻപത് ലക്ഷത്തി തൊണ്ണൂറായിരം രൂപ ഒരുദിവസത്തേക്ക് വായ്പയെടുക്കുന്നു എന്നുകരുതുക; അയാളുടെ പക്കലെ തുകയും ചേർത്ത് പത്തുലക്ഷത്തിനു ഷെയർ (മോർട്ട്ഗേജ്) വാങ്ങുന്നു. അത് പതിനൊന്നു ലക്ഷത്തിനു മറ്റൊരാൾക്ക് വില്ക്കുന്നു (10 % ലാഭം). ബാങ്കിനു തിരിച്ചടയ്ക്കുന്നത് (1 % പലിശ) 9900 രൂപയും തന്റെ കൈവശമുള്ള രൂപയുടെ പലിശ 100 രൂപയും ആണ്. ബാക്കി വരുന്ന തൊണ്ണൂറായിരം രൂപ ലാഭം! ഇങ്ങനെയാണ് ബാങ്കുകളും നിക്ഷേപകരും ലാഭം കുന്നുകൂട്ടുന്നത്. അതു തന്നെയാണ് ഇതിന്റെ മൂല്യബോധവും ആകർഷണവും. ഈ സൂപ്പർ ലാഭമാണ് സ്റ്റോക്ക് വിപണിയുടെ ആകർഷണത്തിനും കുതിപ്പിനും കാരണം.

ഇത്തരം സാഹചര്യത്തിൽ, നേരത്തെ സർക്കാർ ട്രഷറി ബില്ലിൽ നിക്ഷേപിക്കാതിരുന്നവരെ ആകർഷിക്കുന്ന മോർട്ട് ഗേജസുകളെ പ്രധാനമായും മൂന്നായി വിഭജിക്കുന്നു. അതിൽ ഏറ്റവും റിസ്ക് കുറഞ്ഞതിനു കുറവ് റിട്ടേൺണും (മൂന്നോ നാലോ ശതമാനം), മീഡിയം റിസ്കും, പിന്നെ കൂടിയ റിസ്കുമുള്ള ഷെയറുകൾക്ക് തരാതരം വലിയതോതിലുള്ള റിട്ടേണും ലഭ്യമാക്കുന്നു. ഇതിൽ സേഫ് ഇൻവെസ്റ്റേഴ്സ് ആദ്യത്തേതും ഹെഡ്ജ് ബ്രോക്കേഴ്സിന്റെ താൽപര്യം 'റിസ്കി' ഷെയേഴ്സിലുമാണ്. ഇതെല്ലാം ബാങ്കും മറ്റു ധനകാര്യ സ്ഥാപനങ്ങളും സാധ്യമാക്കുന്നത് രണ്ടു കാര്യങ്ങളുടെ വെളിച്ചത്തിലാണ്. അവയിൽ-ഒന്ന്) ഭവന ഉടമകളുടെ വായ്പ തിരിച്ചടക്കലുകളുടെ കൃത്യത; രണ്ട്) കൂടിക്കൊണ്ടിരിക്കുന്ന ഭവന വിലയുടെ മേലുള്ള പ്രതീക്ഷ. എന്നാൽ, വലിയതോതിലുള്ള ലാഭം നിക്ഷേപകരെ കൂടുതൽ ഹൗസിങ് ചോദനം ഉണ്ടാക്കാൻ

പ്രേരിപ്പിക്കുന്നു. സേഫ് ആയ മോർട്ട്ഗേജ് നൽകുന്നവർ (പ്രൈം മോർട്ട്ഗേജേഴ്സ്) ഈ അവസ്ഥ ആകുമ്പോഴേക്കും ഇല്ലാതാകും; അപ്പോൾ അവർ പുതിയ തരത്തിൽ ലെണ്ടിങ് സാധ്യമാക്കും. ഇത് സാധ്യമാക്കുന്നത് പലപ്പോഴും ഒരു സെക്യൂരിറ്റിയും (കരുതൽ ധനമോ മറ്റു സ്ഥാവര ജംഗമങ്ങളോ)ഇല്ലാതെ വീടു വായ്പ നൽകുന്നതിലൂടെയാണ് (സബ് പ്രൈം മോർട്ട്ഗേജേഴ്സ്). അതിനാൽ ഇതിന്റെ റിസ്കും കൂടിയിരിക്കും. എന്നാൽ ഇതിന്റെ റിട്ടേൺ വളരെ കൂടുതലായതിനാൽ അസന്തുലിത വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉയർന്ന വിലയ്ക്ക് ഊഹക്കച്ചവടം ചെയ്യാൻ ഈ കമ്മിഷൻ-ബ്രോക്കർ കൂട്ടായ്മയ്ക്ക് സാധിക്കുന്നു. അങ്ങനെ ഒരു മോർട്ട്ഗേജ് ബബിളിന് ഇവർ രൂപം നൽകുന്നു.

എന്നാൽ വായ്പയിലുള്ള തിരിച്ചടവ് മുടങ്ങുന്നത് പരിഹരിക്കുന്നതിന് ഒരുപരിധിവരെ ബാങ്കുകളിൽ ഈ ആസ്തികൾ നഷ്ടോത്തരവാദിത്വം (ഇൻഷ്യൂർ) ചെയ്തിരിക്കും. എന്നാൽ കൂടുതൽ മുടക്കം ബാങ്കുകൾക്കു പലിശ രൂപത്തിലുള്ള രൊക്കം പണത്തിന്റെ (ലിക്യുട് ക്യാഷിന്റെ) ഒഴുക്കില്ലാതാക്കുകയും അതുവഴി ബാങ്ക് നൽകേണ്ട പലിശനിരക്ക് മുടങ്ങുന്ന സാഹചര്യവും ഉണ്ടാവുകയും ചെയ്യുന്നു. ഹൗസിംഗ് ചോദനത്തിന് പ്രശ്നമില്ല എങ്കിൽ ഒരു പ്രതിസന്ധിയും ഇത് സൃഷ്ടിക്കുന്നില്ല. എന്നാൽ ബാങ്കുകളുടെ പക്കലിൽ കുന്നുകൂടുന്ന വീടുകളുടെ പ്രദാനം കൂടുകയും ചോദനം കുറയുകയും ചെയ്യുന്നതോടെ രണ്ടാമത്തെ പ്രതീക്ഷയും അസ്തമിക്കുന്നു. ഇത് വീടുകളുടെ വില കുത്തനെ ഇടിക്കുന്നു. അങ്ങനെ വരുമ്പോൾ ഒരു നിക്ഷേപകനും ലാഭം ഉണ്ടാക്കാൻ കഴിയാതാകുകയും, അവർക്കു തങ്ങളുടെ പക്കലുള്ള വീടുകൾ വിൽക്കാൻ കഴിയാതാകുകയും, കിട്ടേണ്ട ലാഭ/പലിശ തുക പോലും കിട്ടാതാകുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നതോടെ ഇവരുടെ കാര്യങ്ങൾ കൂടുതൽ പരുങ്ങലിലാവുകയും ചെയ്യുന്നു. ഇത് വായ്പയുടെ പ്രതിസന്ധിക്ക് കാരണമാവുന്നു. ഒടുവിൽ ബാങ്കുകൾ പാപ്പരായെന്ന് കേസ് ഫയൽ ചെയ്യുന്നതോടെ നേരത്തെ നിർമ്മിക്കപ്പെട്ട ബബിൾ പൊട്ടുന്നു. അങ്ങനെ വലിയതോതിലുള്ള സാമ്പത്തിക (Economic Recession) പ്രത്യർപ്പണത്തിനു കാരണമാകുകയും, ഫലവത്തായ ഇടപെടലുകളുടെ അഭാവത്തിൽ (ഒരു സ്വതന്ത്ര കമ്പോള വിപണിയുടെ കാര്യത്തിൽ) വൻ സാമ്പത്തിക പ്രതിസന്ധിക്ക് വഴിതുറക്കുകയും ചെയ്യുന്നു. ഇവിടെയാണ്, നേരത്തെ പറഞ്ഞ സ്വതന്ത്ര

വിപണിവ്യവസ്ഥ തകരുന്നതും, നിയോക്ലാസ്സിക്കൽ/നവലിബറൽ വീക്ഷണം പൂർണ്ണമായും പ്രശ്ന പങ്കിലമായ ഒരു രീതിശാസ്ത്രമാകുന്നതും. ഇത്തരം സന്ദർഭങ്ങളിലാണ് പ്രഭാത് പട്നായിക് പറയുന്നതുപോലെ ഒരു 'കെയ്നീഷ്യൻ ഉദ്ദീപനം' (സ്ടിമുലസ്) വേണ്ടിവരുന്നത്. ലിബറൽ കമ്പോളങ്ങൾ സ്വതന്ത്രമായി പ്രവർത്തിക്കാൻ ശ്രമിക്കുമ്പോൾ അതിന്റെതന്നെ ആന്തരികമായ പ്രശ്നങ്ങൾ കാരണം ഇത് പ്രവർത്തനക്ഷമമാകാതെ പോകുന്നു എന്ന പാഠമാണ് ഇവിടെ തെളിയുന്നത്.

ഇനി നമുക്ക് 'കട' പ്രതിസന്ധിയിലേക്ക് വരാം. സാധാരണയായി 'കടപ്രതിസന്ധി' (ഡെബ്റ്റ് ക്രൈസിസ്) സാധ്യമാവുന്നത് സർക്കാരിന്റെ ഡെബ്റ്റ് ഫിനാൻസിങ്ങിലൂടെയും അതിന്റെ സർവീസിങ്ങിലുണ്ടാകുന്ന മുടക്കങ്ങളിലൂടെയുമാണ്. എന്നാൽ 2011ലെ കടപ്രതിസന്ധി ഉണ്ടാകുന്നത് സർക്കാരുകളുടെ കോർപ്പറേറ്റ്/ലിബറൽ കമ്പോള വ്യവസ്ഥിതിയെ പിടിച്ചു നിർത്താൻ കയറൂരിവിട്ട സാമ്പത്തിക നയങ്ങളുടെ ബാക്കിപത്രമായാണ്. ഇതിലേക്കുള്ള ചർച്ചക്കായി അമേരിക്കയിലെ ഡെബ്റ്റ് സീലിങ് ക്രൈസിസ് നമുക്ക് പരിശോധിക്കാം.

യുഎസ്സിന്റെ കടത്തിന്റെ ചരിത്ര രേഖ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത്, രണ്ടാം ലോക യുദ്ധത്തിനു ശേഷം ഉണ്ടായ ഡെബ്റ്റ് ഫിനാൻസിംഗ് വരുത്തിവച്ച കടക്കെണി എൺപതുകളുടെ ആദ്യമാകുമ്പോഴേക്കും വളരെയധികം കുറയ്ക്കുവാൻ സാധിച്ചു എന്നാണ്. റീഗന്റെ കാലം മുതൽ കോർപ്പറേറ്റ് നിക്ഷേപകർക്കും വൻകിടസംരംഭകർക്കും സഹായകമായ സാമ്പത്തികനയം സ്വീകരിച്ചത് രാജ്യത്തിന്റെ കടക്കെണി വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റീഗൻ നടപ്പിലാക്കിയ സപ്ലൈ സൈഡ് സാമ്പത്തികശാസ്ത്ര നയത്തിന്റെ ഒരു പരിണത ഫലമാണ്. ഇതിനെ തുടർന്ന് വന്ന ബുഷ് ഭരണകൂടവും തങ്ങളുടെ അന്താരാഷ്ട്ര യുദ്ധങ്ങൾക്കും മറ്റും കണ്ടെത്തിയ സമ്പത്ത് യുഎസ് കടം വർദ്ധിപ്പിച്ചു. എന്നാൽ ക്ലിന്റൻ ഭരണകൂടം അനുവർത്തിച്ച ധനമാനേജ്മെന്റ് ഈ കടക്കെണിയിലേക്കുള്ള കൂപ്പുകുത്തലിനു ഒരു തടവയ്ക്കലായിരുന്നു. രണ്ടാം ബുഷിന്റെ കാലത്തുണ്ടായ കൂടുതൽ ലിബറൽ കോർപറേറ്റ് പ്രീണനങ്ങളും രാജ്യാന്തര യുദ്ധങ്ങളും അമേരിക്കയുടെ കടക്കെണി പതുക്കെ ഉയർത്തി. എന്നാൽ ഒബാമ-ട്രമ്പ് കാലഘട്ടത്തിൽ കടത്തിന്റെ ഒരു കുതിച്ചുചാട്ടം തന്നെ അമേരിക്കൻ സമ്പദ്ഘടനയിൽ കാണാൻ സാധിക്കും (താഴെ ചിത്രം - 2 കാണുക).

ചിത്രം - 2



(ചിത്രത്തിന്റെകടപ്പാട്: http://en.wikipedia.org/wiki/ File:USDebt.png).

എന്നാൽ ഈ തുറന്നുവിടൽ സാമ്പത്തിക സമീപനവും ഗ്രീൻസ്പാന്നിന്റെ വായ്പാ നയവും ഫിനാൻസ് മാർക്കറ്റിൽ ഒരു അരാജകത്വത്തിന്റെ പ്രതീതിയോടെ ഊഹക്കച്ചവടം പൊടി പൊടിപ്പിച്ചു. തുടർച്ചയായിട്ടുള്ള പണപെരുപ്പത്തിൽ, സാമ്പ ത്തിക ക്രമം തൊഴിലുറപ്പ് കൊണ്ടുവരുമെന്ന്, ഇവർ ഉറപ്പിച്ചുപറഞ്ഞു. എന്നാൽ, തുടർച്ചയായിട്ടുള്ള മോർട്ട്ഗേജ് പണഅടവ് മുടങ്ങിയതോടെ പല കമ്പനികളുടെയും താളംതെറ്റി. ഇത് സാമ്പത്തിക പ്രത്യർപ്പണത്തിലേക്കും ഒരു പ്രതിസന്ധിയി ലേക്കും സമ്പദ്വ്യവസ്ഥയെ തള്ളിവിട്ടു.

ഇവിടെ ശ്രദ്ധേയമാകുന്നത് ഉത്തേജന പദ്ധതികൾ എന്ന പേരിൽ സർക്കാർ ഇടപെട്ടത് മുതലാളിമാരെ രക്ഷിക്കാനായി രുന്നു. ഇവർ ജനങ്ങളുടെ പണം ഉപയോഗിച്ച് നിക്ഷേപം നടത്തി എഫെക്ടീവ് ഡിമാണ്ട് ഉണ്ടാക്കുന്നതിനു പകരം, നിക്ഷേപകരുടെ നികുതി കുറയ്ക്കുകയും അതുവഴി സർക്കാരിന്റെ ബാധ്യത കൂട്ടുകയും ഫലത്തിൽ എഫെക്ടീവ് ഡിമാണ്ട് ഉണ്ടാക്കുന്ന നിക്ഷേപങ്ങൾ സാധ്യമാകാതാകുകയും ചെയ്തു. ഇതിന്റെ ഫലമായി സാമ്പത്തിക പ്രതിസന്ധിയെ കീഴടക്കാനല്ല പകരം

സർക്കാർ പ്രതിരോധത്തിലാകുന്നതുവഴി ഒരു ഭീകരമായ സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് അവർ ചെന്നുപെട്ടത്. ഒബാമയുടെ കോർപറേറ്റ് സംരംഭകരുടെ നേർക്കുള്ള നികുതി ഒരു പരിധിവരെ ഈ സാഹചര്യത്തിനു വഴിത്തിരിവുണ്ടാക്കി. എങ്കിലും യുഎസ് കടക്കെണി ആരെക്കാളും ഒബാമ കൂട്ടി എന്നത് മുകളിലെ ചിത്രത്തിൽ നിന്നും വ്യക്തമാണ്.

ഇന്ത്യയിൽ പ്രതിരോധച്ചെലവ് ഈ കാലഘട്ടത്തിൽ കുത്തനെ ഉയർന്നത് ആയുധ മുതലാളിത്തത്തിന്റെ നില മെച്ചപ്പെടുത്താനാണെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. ക്ലിന്റൻ നാം നേരത്തെ പറഞ്ഞതുപോലെ ഇതു രണ്ടിനെയും നേരിട്ടത് ധന മാനേജ്മെന്റ് വഴിയാണ് എന്നുള്ളത് ശ്ലാഘനീയം തന്നെ. എന്നാൽ രണ്ടാം ബുഷ് ഭരണം വീണ്ടും കട-ഫിനാൻസിങ്ങും കോർപറേറ്റ് കയറൂരിവിടലും നടത്തി കടബാധ്യത അതിന്റെ പരകോടിയിൽ എത്തിച്ചു. ഇതേ പ്രതിഭാസം തന്നെയാണ് അമേരിക്കൻ യുദ്ധനയങ്ങളെ പിന്തുണച്ചുകൊണ്ട് യൂറോപ്യൻ രാജ്യങ്ങളും അനുവർത്തിച്ചത്. ഇത് രണ്ടിൽ നിന്നും വ്യക്തമാകുന്നത് അന്തർദേശീയ ധനമൂലധനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനാണ് രാജ്യങ്ങൾ പ്രവർത്തിക്കുന്നതെന്നും അവരുടെ നയങ്ങളിൽ ഇതിനനുസൃതമായി മാറ്റം വരുത്തുന്നു എന്നുമാണ്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി ഉണ്ടാക്കിയ കടപ്രതിസന്ധി തെളിയിക്കുന്നത് രണ്ടുകാര്യങ്ങളാണ്; ഒന്ന്, ധനമൂലധനം നമുക്കു മുന്നിൽ തുറന്നു വയ്ക്കുന്ന അപ്പക്കഷണങ്ങൾ ചൂഷണത്തിന്റെയും അത്യാഗ്രഹത്തിന്റെയും നീതിശാസ്ത്രമായ നവഉദാരതയുടെ പ്രത്യയശാസ്ത്രമാണ് എന്നതും, രണ്ട്, ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നത് ഇല്ലാത്തവനെ കൂടുതൽ ഇല്ലാത്തവനാക്കുന്നതിനും ഉള്ളവനെ കൂടുതൽ ഉള്ളവനാക്കുന്നതിനുമുള്ള കുബുദ്ധിയെന്നതുമാണ്. സാമ്പത്തിക പ്രത്യർപ്പണത്തിനും കൂടുതൽ ഊതിവീർപ്പിക്കപ്പെട്ട വികസന ചർച്ചകൾക്കും എപ്രകാരമാണ് നവഉദാരവാദോത്തര ഇന്ത്യ സാക്ഷ്യം വഹിച്ചത് എന്ന് ഇനി പരിശോധിക്കാം.

4

നവഉദാരവാദോത്തര ഇന്ത്യൻ സമ്പദ് വ്യവസ്ഥ

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പ്രതിസന്ധി ഏറെക്കുറെ സ്പഷ്ടമാക്കുന്ന തരത്തിലാണ് അതിന്റെ വളർച്ചയെ ആസ്പദ മാക്കിയുള്ള നിരീക്ഷണങ്ങളും വിലയിരുത്തലുകളും നിലകൊ ള്ളുന്നത്. സമ്പദ്‌വ്യവസ്ഥയുടെ ജിഡിപി വളർച്ച നിരക്ക് ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ അഞ്ച് ശതമാന മായി കുറഞ്ഞു, ഇത് ആറ് വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിരക്കാണ്. ഓട്ടോമൊബൈൽ മേഖലയുടെ സമീപകാല തകർ ച്ചയോ നിഷ്‌ക്രിയ ആസ്തികളുടെ (എൻപിഎ) വർദ്ധനവോ, ഉപഭോക്തൃ ആവശ്യങ്ങൾ മന്ദഗതിയിലായതോ, ഉൽപാദന മേഖല പരാജയപ്പെടുന്നതോ എന്നുവേണ്ട സമസ്ത മേഖല യിലും ആശങ്കകൾ സൃഷ്ടിക്കുന്നതാണ് പുതിയ റിപ്പോർട്ടുകൾ. കോവിഡ്19 മഹാമാരിക്ക് മുൻപുള്ള (2018-19) സാമ്പത്തിക വർഷത്തെ അധികരിച്ച് റിസർവ് ബാങ്കിന്റെ വാർഷിക റിപ്പോർട്ട് വ്യക്തമാക്കുന്നതും തികച്ചും ആശാവഹമല്ലാത്ത പോക്കാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥക്കുള്ളതെന്നുതന്നെയാണ്. നിതി ആയോഗിന്റെ മുഖ്യ സാമ്പത്തിക ഉപദേശകനായ രാജീവ് കുമാറും അമിതാഭ് കാന്തും ഇന്ത്യയുടെ മുഖ്യ സാമ്പത്തിക ഉപദേശകനായ കൃഷ്ണമൂർത്തി സുബ്രമണ്യവും പങ്കുവയ്ക്കുന്ന ആശങ്ക ഇതിന്റെ വ്യാപ്തി വ്യക്തമാക്കുന്നു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ കുതിപ്പ് എന്നത് കേവലം ഇഴഞ്ഞ് നീങ്ങ ലാണെന്ന വസ്തുതകേന്ദ്ര ബജറ്റ് കഴിഞ്ഞ് ഒരു മാസം പിന്നിട്ട പ്പോൾ പുറത്തുവന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കോവി ഡിന്റെ അടച്ചിടൽ പ്രശ്നങ്ങൾക്കും മുൻപുതന്നെ താളം തെറ്റിയ പോക്കാണ്ഇന്ത്യൻ സമ്പദ്ഘടനയുടേത് എന്നത്, വളരെ സൂക്ഷ്മമായിത്തന്നെ പരിശോധിക്കേണ്ടതുണ്ട്. കാരണം, ഇന്ത്യൻ സമ്പദ്ഘടനയുടെ ഉന്നതമായ വളർച്ച നിരക്കൊക്കെ ചരിത്രമായിട്ട് നാളേറെയായി. മുഖ്യധാരാ മാധ്യമങ്ങളോ നമ്മുടെ ചായച്ചർച്ചകളിലോ അതല്ലെങ്കിൽ ഗഹനമായ ഒരുചർച്ചയിലോ

ഇത്തരം വിഷയങ്ങൾ കടന്നുവരാറില്ല. ഉദാഹരണത്തിന്, കാർഷിക മേഖല അങ്ങേയറ്റം തകർച്ചയിലാകുമ്പോഴും ജന ങ്ങൾ ഇപ്പോഴും ഈ മേഖലയെ ആശ്രയിക്കുന്നു എന്നതിനാൽ ഒരു തരത്തിൽ ജീവസന്ധാരണം അരിഷ്ടിച്ചായാലും നടക്കുന്നു എന്നതാണ് യാഥാർഥ്യം. തൊഴിലെടുക്കുന്നവർക്ക് പൂർണ മായും വിവേചനം നേരിടുന്ന ജാതി മത ലിംഗ കാഴ്ചപ്പാടുകൾ ആഴത്തിൽ പ്രയോഗിക്കുമ്പോൾ, സമൂഹം നേരിടുന്ന വളർച്ചാ ചുരുക്കം അധികാരികളും മറ്റും പ്രസിദ്ധപ്പെടുത്തേണ്ടവയല്ല എന്ന ധാരണ കൂടിയാണ് നൽകുന്നത്. ഇതുതന്നെയാണ് വലിപ്പത്തിലും വൈവിധ്യത്തിലും ബൃഹത്തായ ഒരു സമ്പദ് ഘടന നേരിടുന്നത്. അതിനാലാണ് നാം മുരടിപ്പ് തിരിച്ചറിയാ ത്തത്. മാത്രവുമല്ല ഇന്ത്യയെ സംബന്ധിച്ചിടത്തോളം നെഗറ്റീവ് വളർച്ച എന്ന പ്രതിഭാസം തന്നെ അവസാനം ഉണ്ടാകുന്നത് 1979ലാണ്. എന്നാൽ സുസ്ഥിരമായ ഒരു കാലഘട്ടത്തിൽ, പതി വിലും മന്ദഗതിയിലാണ് ഇന്ത്യ ഇപ്പോൾ,എന്നതാണ് നമ്മെ കൂടുതൽ ആശങ്കാകുലരാക്കുന്നത്.

ഇന്ത്യയുടെ മുൻ റിസർവ് ബാങ്ക് ഗവർണറും, മുഖ്യ സാമ്പ ത്തിക ഉപദേഷ്ടാവുമായിരുന്ന രഘുറാം രാജൻ 2019 മാർച്ച് 26 ന് നൽകിയ അഭിമുഖം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ച് വളരെ നിർണ്ണായകമായ പ്രസ്താവനയാണ് (NDTV 2019). കഴിഞ്ഞ സാമ്പത്തിക പാദത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കൈ വരിച്ചു എന്ന് സർക്കാർ അവകാശപ്പെടുന്ന 7.2 ശതമാനം വളർ ച്ചയാണ് രാജൻ സംശയിക്കുന്നത്. ഇതിനും ഏതാനും ദിവസ ങ്ങൾക്ക് മുൻപാണ് അമർത്യാസെന്നിനെ പോലുള്ള സാമ്പത്തിക വിദഗ്ധർ, സമകാലിക ഇന്ത്യൻ സമ്പദ്ഘടനയുടെ അധോഗമന ത്തെക്കുറിച്ച് കേന്ദ്ര സർക്കാരിന് കത്തെഴുതുന്നത് (Kazmin 2019). ഇതിന് ഉപോൽബലകമായതും വ്യത്യസ്തമായതുമായ കാര്യ കാരണങ്ങൾ ഇവർ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇതിന് മറുപടി നൽകുവാൻ മുന്നോട്ടുവന്നിട്ടുള്ളത് പലപ്പോഴും സാമ്പത്തിക ശാസ്ത്രജ്ഞർ അല്ലെന്നസ്ഥിതിയാണ്, മേല്പറഞ്ഞ വാദഗതി ക്കാരുടെ നിരീക്ഷണത്തിന് ശക്തി പകരുന്നത്. ലോക്സഭാ തിരഞ്ഞെടുപ്പ് അടുത്തതിനാൽ ശത്രുക്കൾ പടച്ചുവിടുന്ന നിരൂപണങ്ങളാണിതെന്നുള്ള വാദമായിരുന്നു അന്ന് സർക്കാർ തലത്തിൽ ഇതിനെതിരായി പ്രതിരോധമാക്കിയത്. എന്നാൽ കോവിഡ് പ്രതിസന്ധിക്ക് ശേഷവും ഈ വാദഗതിയിൽ മാറ്റ മില്ലാതെ തുടരുന്നത് സർക്കാരിന്റെ സംശുദ്ധിയെ ചോദ്യം ചെയ്യുന്നതാണ്. ഇത്തരം മറുവാദങ്ങൾ ഉന്നയിക്കുമ്പോഴും നില വിലുള്ള സർക്കാരിനെ സേവിച്ച സാമ്പത്തിക ഉപദേഷ്ടാക്കളായ

രഘുറാം രാജനും അരവിന്ദ് സുബ്രമണ്യവും ഒന്നും തന്നെ കേവലം തിരഞ്ഞെടുപ്പ് കാലം മുന്നിൽ കണ്ട് സർക്കാരുകളെ ആക്രമിക്കുന്ന പാർലമെന്ററി രാഷ്ട്രീയക്കാരല്ല എന്നതും നാം മനസ്സിലാക്കണം. ഇവരുടെ പലതരത്തിലുള്ള സാമ്പത്തിക കാഴ്ചപ്പാടും നിലവിലെ കേന്ദ്ര സർക്കാർ കാഴ്ചപ്പാടുകളുമായി സമരസപ്പെടുന്നതാണ്. അതിനാൽ ഇത്തരം നിരീക്ഷണങ്ങളെ കേവലം രാഷ്ട്രീയമായ ലക്ഷ്യത്തോടെ മാത്രം നോക്കിക്കാണുക അക്കാദമികമായി യുക്തിസഹമല്ല. ഇതിന്റെ പശ്ചാത്തലത്തിൽ ഇത്തരം വാദഗതികൾ മനസിലാക്കുകയും അതുവഴി ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ സമകാലിക പ്രകടനം എപ്രകാരമാണ് ഭൂതകാലവുമായി ബന്ധപ്പെട്ടിരിക്കുന്നതെന്നു വിശദീകരിക്കുകയാണ് ഈ ഭാഗത്തിൽ.

സമ്പദ്ഘടനയുടെ പൊതുവായ വളർച്ച, വിവിധ മേഖലകളുടെ വളർച്ചയിലെ സംഭാവന, തൊഴിൽ മേഖലയിൽ സംഭവിക്കുന്ന മാറ്റങ്ങൾ, തുറന്ന സമ്പദ്ഘടന ആയിരിക്കുമ്പോൾ അന്തർദേശീയ വിനിമയ നിരക്കുകൾ എപ്രകാരമാണ് ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയെ നിർണയിക്കുന്നതും മുന്നോട്ടു നയിക്കുന്നതും തുടങ്ങി വിവിധങ്ങളായ വിഷയങ്ങളാണ് നവഉദാരവാദോത്തര ഇന്ത്യയിൽ വിശകലനവിധേയമാക്കേണ്ടത്. സമ്പദ് വ്യവസ്ഥയുടെ പൊതു ആരോഗ്യത്തെക്കുറിച്ച്ചെറിയൊരു രേഖാചിത്രമാണ് ആദ്യ ഭാഗത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

നവലിബറൽകാലത്തെ ആഭ്യന്തരോത്പാദന വളർച്ച

മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (ജിഡിപി) മാറ്റം പരിശോധിച്ചാണല്ലോ ഒരു സമ്പദ്ഘടന നേരിടുന്നത് വളർച്ചയാണോ തളർച്ചയാണോ എന്ന് മനസ്സിലാക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ സർക്കാരിന്റെ കണക്കിൽ നേരിട്ട് ഉപയോഗിച്ചിരുന്ന പദമാണ് ജിഡിപി; ഇപ്പോൾ അത് മൊത്തം മൂല്യോത്പാദനം (ജിവിഎ) ആണ്. ഈ രണ്ടു ധാരണകളും തമ്മിൽ എന്ത് വ്യത്യാസമാണ് എന്ന് പലപ്പോഴും നാം സംശയിക്കാറുണ്ട്. കൂടാതെ ഇതിൽ ഏതാണ് മെച്ചം എന്നതും പലപ്പോഴും സാധാരണക്കാർക്ക് അവ്യക്തമാണ്. വളർച്ചയെ സംബന്ധിക്കുന്ന ചർച്ച വ്യക്തമാകണമെങ്കിൽ ഇതിൽ ഒരു വ്യക്തത ഉണ്ടാകേണ്ടതുണ്ട്. "ഒരു പ്രദേശത്ത് ഉത്പാദിപ്പിക്കുന്ന മൊത്തം സാധന-സേവനങ്ങളുടെ ആകെ തുകയാണ് ജിഡിപി". എന്നാൽ "സർക്കാർ പിരിച്ചെടുക്കുന്ന നികുതിവരുമാനവും സർക്കാർ പ്രദേശവാസികൾക്ക് നൽകുന്ന സഹായവും

തമ്മിലുള്ള വ്യത്യാസം ജിഡിപി തുകയോട് ചേർത്താൽ ലഭിക്കുന്നതാണ് ജിവിഎ (ഗ്രോസ് വാല്യൂ അടെഡ്)".

ജിഡിപി+നികുതി (പ്രത്യക്ഷ+പരോക്ഷ) വരുമാനം - സബ്സിഡി = ജിവിഎ

സാധാരണഗതിയിൽ സർക്കാർ ഇടപെടുന്ന സമ്പദ് വ്യവസ്ഥയിൽ ജിഡിപി യുടെ വളർച്ചാ തോത് ജിവിഎ യുടെ വളർച്ച തോതിനെക്കാൾ കുറവായിരിക്കും. എന്നാൽ ജിവിഎ എന്നത് സർക്കാർ നികുതിയും ധനസഹായവുമായി നേരിട്ട് ബന്ധം ഉള്ളതിനാൽതന്നെ സർക്കാർ നയങ്ങളുമായി ബന്ധപ്പെട്ടതാണ് ജിവിഎയുടെ ഏറ്റക്കുറച്ചിലുകൾ എന്ന് ചുരുക്കം. നേരെമറിച്ച് ജിഡിപി അപ്രകാരമല്ല. ഉയർന്ന വളർച്ച നിരക്ക് കാണിക്കുന്നതിനാലാണ് പൊതുവിൽ ജിവിഎയെ പല ഏജൻസികളും തങ്ങളുടെ വളർച്ചാ മാനകമായി കൂട്ടുപിടിക്കുന്നത്. ജിഡിപി മാനദണ്ഡം ഇത്തരത്തിലുള്ള പെരുപ്പിച്ചു കാട്ടലുകളെ ക്രമീകരിച്ച് കുറച്ചുകൂടി ഉചിതമായ മാനകമായാണ് പരക്കെ അംഗീകരിക്കപ്പെട്ടതും ഇന്ത്യയിൽ അനുവർത്തിച്ചിരുന്നതും. എന്നാൽ ഈ സാമാന്യ സങ്കല്പമാണ് ജനുവരി 2015ൽ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് സ്വീകരിച്ച പുതിയ ഗണനാരീതിയിൽ വഴിമാറ്റപ്പെട്ടത്. ഇതിന്റെ പശ്ചാത്തലത്തിലാണ് 2011-12 പുതിയ അടിസ്ഥാനവർഷമായി അവലംബിച്ചതും ഇന്ത്യൻ വളർച്ചയെ ജിവിഎ എന്ന മാനകത്തിൽ രേഖപ്പെടുത്തുന്നതും. തത്വത്തിൽ ഈ മാറ്റം കുത്തനെ താഴ്ന്നുകൊണ്ടിരുന്ന വളർച്ചയെ സ്ഥിതിവിവരക്കണക്കുകളുടെ പുനർനിർവചനത്തിലൂടെ ഉയർത്താനോ സ്ഥായിയായി നിർത്താനോ സഹായിക്കുന്നതിനാണ് എന്ന് ചുരുക്കം. ഈ വളർച്ച മാനദണ്ഡം ഉപയോഗിക്കുമ്പോൾ സ്വാഭാവികമായും ജിഡിപിയെക്കാൾ ഉയർന്ന വളർച്ച നൽകും എന്ന സാമാന്യബുദ്ധിയിൽനിന്നും ഈ മാറ്റം സ്ഥിരമായി ഇന്ത്യൻ സമ്പദ്‌വ്യവസ്ഥക്ക് ഗുണകരമാകുമോ എന്ന നിരൂപണാത്മക വിലയിരുത്തലുമാണ് നാം ഉന്നയിക്കുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനം. അതുകൊണ്ടുതന്നെ ഇതിന്റെ പശ്ചാത്തലത്തിലാണോ മേല്പറഞ്ഞ സാമ്പത്തിക വിദഗ്ധർ തങ്ങളുടെ സംശയം പ്രകടിപ്പിച്ചത് എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. കൂട്ടിച്ചേർത്ത മൊത്ത മൂല്യത്തിന്റെ ഗതി സൂചിപ്പിക്കുന്ന ഗ്രാഫ് ഇതിനായി പരിശോധിക്കാം.

ചിത്രം - 3



ഗ്രാഫിലെ നീലവര (മുകളിലെ) സൂചിപ്പിക്കുന്നത് അതതു വർഷത്തിലെ വിലനിലവാരം അടിസ്ഥാനപ്പെടുത്തിയുള്ള ജിവിഎയും (ജിവിഎ - കറന്റ് പ്രൈസ്) ബ്രൌ (താഴത്തെ) വര സൂചിപ്പിക്കുന്നത് 2011-12 അടിസ്ഥാന വർഷമാക്കിയ സ്ഥിര വിലനിലവാരത്തെയുമാണ് (ജിവിഎ- കോൺസ്റ്റന്റ് പ്രൈസ്). 2005-06 സാമ്പത്തിക വർഷം മുതൽ 2010-11 വരെയുള്ള ജിവിഎ കറന്റ് - കോൺസ്റ്റന്റ് മൂല്യത്തിന്റെ വ്യത്യാസം 8 മുതൽ 9 ശതമാനം വരെയാണ്. ഉൽപാദനമൂല്യം റെക്കോർഡ് വളർച്ചയിലെത്തിയ 2010-11ൽ ഈ അന്തരം 10.6 ശതമായിരുന്നു. ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ആവിഷ്കരിച്ച ഉത്തേജന പദ്ധതികളുടെ പരിണതഫലമാണിതെന്ന് മുൻ ആർബിഐ ഗവർണർമാരായ വൈ വി റെഡ്ഡിയും സുബ്ബറാവുവും തങ്ങളുടെ പുസ്തകങ്ങളിൽ വിവരിച്ചിട്ടുണ്ട്. പ്രഭാത് പട്നായിക്കിനെപ്പോലുള്ളവർ ഇതിന്റെ ആവശ്യകത കാലേക്കൂട്ടിത്തന്നെ അവതരിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നുള്ള പിൻവലിയലും യൂറോപ്പിൽ ഈ കാലഘട്ടത്തിൽ ഉണ്ടായ കടപ്രതിസന്ധിയും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയെ മന്ദീഭവിപ്പിച്ചു. എന്നാൽ പുതിയതായി അവലംബിച്ച ജിവിഎ പ്രകാരം കറന്റ് -കോൺസ്റ്റന്റ് എന്നതിന്റെ അന്തരം ഇല്ലാതാകുന്നത് നമുക്ക് ഗ്രാഫിലൂടെ കാണാൻ സാധിക്കും. അതായത് 18.6 ശതമാനം കറന്റ് പ്രൈസിലെ ജി.വി.എ ആയിരിക്കുമ്പോൾ കോൺസ്റ്റന്റ് പ്രൈസിൽ അത് 8 ശതമാനവും, എന്നാൽ കറന്റ് പ്രൈസിന്റെ വളർച്ച ക്രമമായി 2015-16 ൽ അതിന്റെ റെക്കോർഡ്

കുറവിലെത്തി നിൽക്കുമ്പോൾ കോൺസ്റ്റന്റ് പ്രൈസ് 8 ശതമാനത്തിലെത്തുന്ന മായാജാലമാണ് നേരത്തെ സൂചിപ്പിച്ച സ്ഥിതിവിവരക്കണക്കുകളുടെ പുനർവായന അഥവാ കൃത്രിമപ്പണി. ഇതാണ്, നേരത്തെ ഉപയോഗിച്ചിരുന്ന കണക്കുകളുടെ പശ്ചാത്തലത്തിൽ അപഗ്രഥിക്കുമ്പോൾ അമർത്യാ സെന്നിനെപോലുള്ളവർ പറയുന്ന ''സമ്പദ് വ്യവസ്ഥയെ പിന്നിലേയ്ക്കടിച്ച'' വർഷങ്ങളാണ് കടന്നുപോയതെന്ന പ്രസ്താവനയുടെ കാതൽ. അതായത് 2010-11 മുതൽ ആരംഭിച്ച റിസഷൻ രാജ്യത്ത് കൂടുതൽ ശക്തമായി തുടരുന്നു എന്നുസാരം. കഴിഞ്ഞ വർഷങ്ങളിൽ രാജ്യത്ത് ഉണ്ടായിട്ടുള്ള യഥാർത്ഥ വളർച്ച ശരാശരി മൂന്നോ-നാലോ ശതമാനത്തിനും താഴെ എന്നാണ് യുക്തിയുക്തമായും നിർവചനാടിസ്ഥാനത്തിലും കണക്കാക്കാൻ കഴിയുന്നത്. ഈ വളർച്ച, പണ്ട് "ഹിന്ദു വളർച്ച നിരക്ക്" എന്ന് കൃഷ്ണരാജ് വിളിച്ച അതേ കാലത്തെയാണ് ഓർമ്മിപ്പിക്കുന്നത്. അതായത് നാം പിന്നിട്ടവഴികളിലൂടെയുള്ള പിൻനടത്തം നാം നടന്നു കഴിഞ്ഞു. സൈദ്ധാന്തികമായി ഇതിനെ കണ്ടാൽ ഫ്യൂഡൽ കൊളോണിയൽ അടിച്ചമർത്തലുകളെ ഭേദിച്ച് വളരുന്നതിനായി നാം സ്വീകരിച്ച സാമൂഹികജനാധിപത്യ - ഉദാര നയങ്ങൾക്ക് ബദലായി കൊണ്ടുവന്ന നവലിബറൽ നയം അതിന്റെ ഹണിമൂൺ കാലം കഴിഞ്ഞപ്പോൾ നൽകുന്ന വളർച്ചാവാഗ്ദാനലംഘനമാണ് ഇതെന്ന് ചുരുക്കം. ഇത് മനസ്സിലാക്കിയാണ് അമർത്യസെന്നും രഘുറാം രാജനും അരവിന്ദ് സുബ്രമണ്യവുമൊക്കെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ സുസ്ഥിരതയിൽ ആശങ്കപ്പെടുന്നത്. മാത്രവുമല്ല അന്ധമായ നവലിബറൽ നയങ്ങൾ മൊത്തത്തിൽ ലിബറൽ മൂല്യങ്ങളെ ജനങ്ങൾക്കിടയിൽ അനഭിമതമാക്കുമെന്ന ഭയവും ഈ ബുദ്ധിജീവികൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. ഈ പ്രശ്നത്തിന്റെ വ്യാപ്തിയും സങ്കീർണതയും മനസ്സിലാകണമെങ്കിൽ സമ്പദ്‌വ്യവസ്ഥയുടെ മേഖല തിരിച്ചുള്ള അവലോകനം അനിവാര്യമാണ്. ജിവിഎയുടെ കറന്റ് പ്രൈസും കോൺസ്റ്റന്റ് പ്രൈസും പ്രസക്തമാകുന്ന ചില നിരീക്ഷണങ്ങൾ കൂടിയാണ്, വരുംഭാഗങ്ങളിൽ.

നവലിബറൽകാലത്തെ പ്രാഥമിക മേഖല

കാർഷികോത്പന്നങ്ങൾ, കന്നുകാലിയുല്പന്നങ്ങൾ, വനോത്പന്നങ്ങൾ, മത്സ്യോത്പന്നങ്ങൾ എന്നിവയാണ് പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്ന ഉത്പാദനരംഗങ്ങൾ. ചുവടെ ചേർത്ത ഗ്രാഫിൽ നിന്നും അതിന്റെ ഗതി മനസ്സിലാക്കാവുന്നതാണ്.

ചിത്രം - 4



പുതിയ അടിസ്ഥാന വർഷമായ 2011-12 അടിസ്ഥാനപ്പെടുത്തിയുള്ള 31 പാദങ്ങളാണ് ഇവിടെ അപഗ്രഥനത്തിനായി ഉപയോഗിക്കുന്നത്. രാജ്യത്തിന്റെ സാമ്പത്തിക രംഗവും അന്താരാഷ്ട്ര സാമ്പത്തിക രംഗവും കോവിഡ്19 എന്ന മഹാമാരിക്കു മുന്നിൽ നിശ്ചലമാകുന്നതിനു മുൻപുള്ള സമയമാണ് ഈ 31 പാദങ്ങളും. മഹാമാരിയുടെ കാലത്തിനു ശേഷം ഉണ്ടായ മാറ്റം മറ്റൊരു ഭാഗമായി അവതരിപ്പിക്കുന്നുണ്ട്. ഈ 31 പാദത്തിന്റെയും ഗതി അപഗ്രഥിച്ചാൽ പ്രാഥമിക മേഖലയുടെ ഓഹരി മൊത്തം ഉത്പാദനത്തിൽ ക്രമേണ കുറയുന്നതായി കാണാം. എന്നാൽ തൊഴിലും ഇതിനെ ആശ്രയിക്കുന്നവരുടെ എണ്ണത്തിലും ഈ മേഖലയിൽ യാതൊരു കുറവും വരാതിരിക്കുന്നതിനാൽ ഈ മേഖല അങ്ങേയറ്റം പ്രതിസന്ധിയിലേക്ക് നീങ്ങുന്നു എന്നു വേണം മനസ്സിലാക്കാൻ. പ്രാഥമിക മേഖലയുടെ ഉത്പാദനം ഒരു ചാക്രിക (സൈക്ലിക്കൽ) സ്വഭാവത്തിൽ ആണ് എന്നത് മറ്റൊരു പ്രത്യേകതയാണല്ലോ. ഇത് സൈക്ലിക്കലാണെങ്കിലും എല്ലാ പാദങ്ങളിലും ഇതിന്റെ സംഭാവന മുൻപാദത്തെ അപേക്ഷിച്ച് കുറയുന്നതും ഉത്കണ്ഠ ഉണ്ടാക്കുന്നതാണ്. ഗ്രാഫിൽ നിന്നും വ്യക്തമാകുന്ന മറ്റൊരു കാര്യം 2014-15 സാമ്പത്തിക വർഷം മുതൽ ജിവിഎ കറന്റ് - കോൺസ്റ്റന്റ് നിരക്കുകൾ തമ്മിലുള്ള അന്തരം ക്രമാനുഗതമായി വർദ്ധിക്കുന്നു എന്നാണ്. ഇത് സൂചിപ്പിയ്ക്കുന്ന സാമാന്യ തത്ത്വം പണപ്പെരുപ്പം ഈ മേഖലയെ സാരമായി ബാധിക്കുന്നു എന്നതാണ്. പ്രാഥമിക മേഖലകളുടെ ഉത്പാദനം കടുത്ത മൂല്യശോഷണം നേരിടുന്നു എന്നതാണ് മറുവശം. 2018-19 ലെ 3 പാദങ്ങളും സൂചിപ്പിക്കുന്നതും

മറിച്ചൊരു ചിത്രമല്ല. ചുരുക്കത്തിൽ പ്രാഥമിക മേഖല ഒരു പ്രതിസന്ധിയിലേക്കാണ് നീങ്ങുന്നത് എന്നുസാരം. നേരത്തെ സൂചിപ്പിച്ച വളർച്ചയുടെ മുരടിപ്പോ തളർച്ചയോ ഏറ്റവും കൂടുതൽ ബാധിക്കുന്ന മേഖലകൂടിയാണ് കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പ്രാഥമിക മേഖല എന്നതും ആശങ്ക വർദ്ധിപ്പിക്കുന്നു.

കാർഷികമേഖലയെ കൂടുതൽ പ്രതിസന്ധിയിൽ ആക്കിക്കൊണ്ടാണ് ഇന്ത്യയിൽ പുതുതായി മൂന്ന് കാർഷിക നിയമനിർമ്മാണം കേന്ദ്ര സർക്കാർ നടത്തിയത്. യഥാർത്ഥത്തിൽ കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങളെ പ്രതിരോധത്തിലേക്ക് തള്ളിവിടുന്ന നിയമമായാണ് ഇതിനെ യുക്തിയിലും പ്രവൃത്തിയിലും നമുക്ക് കാണാൻ കഴിയുന്നത്. എന്നാൽ ഇത് കുഴപ്പമുള്ളതല്ല എന്ന തരത്തിലാണ് നവലിബറൽ ബുദ്ധിജീവികളും സ്തുതിപാഠകരും കാണുന്നതും ഈ കോവിഡുകാലത്ത് രാജ്യത്ത് അരങ്ങേറിയ പ്രതിഷേധത്തെ തൃണവത്കരിക്കുന്നതും. ഇതിലൂടെ കണ്ണോടിച്ചാൽ മാത്രമേ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളും ആശ്രയിക്കുന്ന കാർഷിക മേഖലയുടെ ചിത്രം പൂർണമാകുകയുള്ളൂ.

അന്തർദേശീയ നാണയ നിധിയിലെ മുഖ്യസാമ്പത്തിക ഉപദേഷ്ടാവായ ഗീതഗോപിനാഥ്, കാർഷിക നിയമങ്ങളെ സ്വാഗതം ചെയ്തവരിൽ പ്രമുഖയാണ്. ഇവർ നിരത്തുന്ന യുക്തി ഇത് ഇന്ത്യയുടെ കാർഷിക മേഖലയെത്തന്നെ പുതിയ തലത്തിൽ എത്തിക്കും എന്നാണ്. പ്രത്യേകിച്ചും കാർഷിക വൃത്തിയെ വാണിജ്യവത്കരിക്കുന്നതിലൂടെ ഇന്ത്യൻ സാഹചര്യം കൂടുതൽ മെച്ചപ്പെടും എന്നതാണ് ഈ വാദത്തിന്റെ അടിസ്ഥാനം. ഇന്ത്യയിലെ ബഹുഭൂരിപക്ഷവും ഇതിനെ എതിർക്കുകയും വലിയതോതിൽ ഈ കോവിഡ് കാലത്തും അതിനെതിരെ പ്രതിരോധം തീർത്ത സാഹചര്യമാണ് നമുക്കുമുന്നിലുള്ളത്. എന്നാൽ നവലിബറൽ നയങ്ങളുടെ സ്തുതിപാഠകരുടെ ഇത്തരം ജനദ്രോഹനയങ്ങൾക്കു വേണ്ടിയുള്ള വാദം ഇതാദ്യമല്ല. 2016ൽ മോഡി സർക്കാർ നോട്ടു നിരോധനം നടത്തിയപ്പോൾ ഇത് രാജ്യത്തിനുണർവ് നൽകുന്ന പ്രവർത്തനമാണ് എന്നാണ് ഇവർ വാദിച്ചത്. ഇതിനെക്കുറിച്ച് പണനയങ്ങളിലെ മാറ്റം പ്രതിപാദിക്കുന്ന ഭാഗത്ത് വിശദമാക്കാം. കാർഷിക മേഖലയെ മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച മൂന്ന് ബില്ലുകളാണ് 2020ൽ പ്രസിഡന്റ് ഒപ്പുവച്ച് നിയമമായത്. 1) കാർഷിക ഉല്പന്നങ്ങളുടെ വാണിജ്യ വിപണന രംഗം സുഗമമാക്കുകയും പ്രചരിപ്പിക്കുകയും

ചെയ്യുന്ന നിയമം. 2) കാർഷിക സേവനവും കർഷകർക്ക് വില ഉറപ്പുനൽകുന്നതും അംഗീകരിച്ചതായുള്ള നിയമം. 3) അവശ്യ വസ്തുകളുടെ നിയമ ഭേദഗതി. ഈ നിയമങ്ങളിൽ രണ്ടാമത്തേത് പ്രത്യക്ഷത്തിൽ വളരെ പുരോഗമനപരമായ പദാവലി ആണെങ്കിലും ഇത് ശാക്തീകരിക്കുന്നത് വൻകിട കാർഷിക ബിസിനസ്സ് സംരംഭങ്ങളെ ആണ്. കാർഷിക മേഖലയിലെ ഉത്പന്നങ്ങൾ നിലവിൽ ശേഖരിക്കുന്നതിനും വില്കുന്നതിനും (പൂഴ്ത്തിവയ്പും കരിഞ്ചന്തയും ഒഴിവാക്കി) നിലനിന്നിരുന്ന തടസ്സങ്ങളെ ഇല്ലായ്മ ചെയ്യുന്നു എന്ന തരത്തിലാണ് ഒന്നാമത്തെ നിയമമെങ്കിൽ, വൻതോതിലുള്ള ശേഖരണം വൻകിട കച്ചവടക്കാർ നടത്തുന്നത് അനുവദിക്കുക കൂടിയാണ് ഈ നിയമം. അതോടെ ഈ രംഗം പൂർണമായും ചെറുകിടക്കാർക്ക് നഷ്ടമാകും. ഇത് രാജ്യത്തെ ബഹുഭൂരിപക്ഷം കൃഷിക്കാരെയും അനുബന്ധ തൊഴിലാളികളെയും കഷ്ടത്തിലാക്കും എന്ന തിരിച്ചറിവിലാണ് വലിയ സമരം കൃഷിക്കാർ രാജ്യത്ത് നടത്തിയത്. എന്നാൽ വൻകിട കോർപറേറ്റ്വത്കരണം കാര്യക്ഷമമാണ് എന്ന വാദം ഉന്നയിക്കുന്നവർ സ്വാഭാവികമായും ഈ നിയമത്തെ അനുകൂലിക്കും. ഇതിലെ വിരോധാഭാസം രാജ്യത്തെ 90 ശതമാനത്തിനും മുകളിൽ വരുന്ന കാർഷിക ഉല്പന്നങ്ങളുടെ വിപണനവും അതിന്റെ മൂല്യങ്ങളും കൈകാര്യം ചെയ്യുന്നത് സ്വകാര്യതലത്തിൽ തന്നെയാണ് എന്നാണ് സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ട് ചെയ്തിരുന്നത്. ഇതനുസരിച്ച് ഉണ്ടാകുന്ന 85 ശതമാനം മൂല്യവും സ്വകാര്യ ചെറുകിടക്കാർ ആണ് കയ്യാളുന്നത്. ഈ മേഖല സ്വകാര്യവത്കരിക്കുന്നു എന്ന നിയമത്തിലെ പരാമർശത്തിന് യഥാർഥത്തിൽ ഈ മേഖലയെ കോർപ്പറേറ്റ്വല്കരിക്കുന്നു എന്നല്ലാതെ മറ്റൊരു അർഥം ഇല്ല. കാർഷിക മേഖലയുടെ കോർപ്പറേറ്റ്വത്കരണം പരിപൂർണ്ണമാക്കുന്നതിനാണ് മൂന്നാമത്തെ നിയമമായ അവശ്യവസ്തുക്കളുടെ മേലുള്ള നിയന്ത്രണം പരിപൂർണമായും ഒഴിവാക്കുന്നത്. കർഷകരെ സംരക്ഷിക്കാനാണ് ഇത്തരം നടപടികൾ എന്ന വാദം മരക്കൈപ്പിടിയുള്ള കോടാലിയോട് മരങ്ങൾ സമരസപ്പെടണം എന്നുപറയുന്ന യുക്തി മാത്രമാണ്. ഇതിലൂടെ കാർഷിക മേഖല പൂർണ്ണമായും നവലിബറൽ നയങ്ങൾക്ക് തീറെഴുതുകയാകാം കാർഷിക നിയമങ്ങളിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യം ഇടുന്നത്. ഇതോടുകൂടി ഇന്ത്യയിലെ കാർഷികമേഖലയെ ആശ്രയിക്കുന്ന വലിയ ജനവിഭാഗത്തെ എന്നെന്നേക്കുമായി ദരിദ്രവത്കരിക്കും എന്നതിനെ അന്വർഥമാക്കുന്ന തരത്തിലാണ്

2019ലെ കേന്ദ്ര ബജറ്റിനെ നോക്കിക്കാണുമ്പോൾ. 'ഗ്രാമം, ദരിദ്രർ, കർഷകർ' എന്നിവരാണ് 2019 ലെ ബജറ്റിൽ കേന്ദ്ര സർക്കാരിന്റെ എല്ലാ നയങ്ങളുടെയും കേന്ദ്രസ്ഥാനത്ത് എന്നാണ് ധനമന്ത്രി പ്രഖ്യാപിച്ചിരുന്നത്. കൃഷിക്കാരും ദരിദ്രരും ഗ്രാമങ്ങളും എത്തരത്തിലാണ് കേന്ദ്രങ്ങളാകുന്നത് അഥവാ ഇവർ കൂടുതൽ ദുരിതവത്കരിക്കപ്പെടുന്നത് എന്നതിന്റെ സാക്ഷ്യമാണ് 2021ൽ കണ്ടത്. അന്ന് ഈ പ്രഖ്യാപനത്തിൽ നിന്ന് ഇത് വ്യക്തമായിരുന്നില്ല, ഇപ്പോൾ വ്യക്തമാണ്.

നവലിബറൽകാലത്തെ വ്യാവസായിക ഉത്പാദന മേഖല

ഓട്ടോമൊബൈൽ മുതൽ ബിസ്ക്കറ്റ് നിർമ്മാണം വരെയുള്ള ഉത്പാദന മേഖലയിൽ നേരിടുന്ന വമ്പൻ തൊഴിൽ നഷ്ടത്തിന്റെ പശ്ചാത്തലത്തിലാണ് ഉത്പാദന മേഖല പരിപൂർണമായും മാന്ദ്യത്തിന്റെ പിടിയിലായി എന്ന പൊതു സ്വീകാര്യതയിലേക്ക് നാം എത്തിയത്. എന്നാൽ ഈ പിന്നോട്ടു നടത്തം പുതിയതാണോ? ഉത്തരം, അല്ല. കാരണം യുഎസ്, ഭവനമേഖലയിലെ തകർച്ചയെ തുടർന്നുള്ള 2008-ലെ ആഗോള പ്രതിസന്ധിയുടെ മറപിടിച്ച് ജൂണിലും, യൂറോപ്യൻ കടപ്രതി സന്ധിയുടെ മറപിടിച്ച് 2011 മാർച്ചിലും ഇന്ത്യൻ സമ്പദ്ഘടന യിലെ ഉത്പാദന മേഖല, മാന്ദ്യത്തിന്റെ വക്കുവരെ എത്തിയ തായിരുന്നു. നവലിബറൽ നയങ്ങൾ പിന്തുടർന്ന യുപിഎ മാന്ദ്യത്തിലേക്ക് തള്ളിവിടാതെ ചില പൊടിക്കൈകൾ കാണിച്ചു വെങ്കിലും യുക്തിരഹിതമായ സാമ്പത്തിക നയങ്ങൾ അവലംബിച്ചുകൊണ്ട് മോഡിനോമിക്സ് ഈ മെല്ലെപ്പോക്കിനെ കടുത്ത പ്രതിസന്ധിയിലേക്ക് എത്തിക്കുകയാണുണ്ടായത്. തൽ ഫലമായി കഴിഞ്ഞ പത്ത് വർഷം ഉണ്ടായതിൽ വച്ച് ഏറ്റവും ഭീതിദമായ വളർച്ചാ മാന്ദ്യമാണ് ഇപ്പോൾ രാജ്യം അഭിമുഖീക രിക്കുന്നത്. സാമ്പത്തിക മാന്ദ്യത്തെ ജിഡിപി എന്ന മാനകത്തിൽ മനസ്സിലാക്കുകയാണെങ്കിൽ, തുടർച്ചയായി മൂന്ന് പാദത്തിൽ വളർച്ച മന്ദീഭവിച്ചാൽ, അതാണ് റിസഷൻ. ഈ മാനകമാണ് ഇന്ത്യയിൽ അവലംബിക്കുന്നതെങ്കിൽ നാം വർഷങ്ങളായി മാന്ദ്യത്തിലാണെന്ന് കണക്കുകൾ പരിശോധിക്കുമ്പോൾ വ്യക്ത മാകും. ഖനന-ഉത്പാദന മേഖലകളുടെ പ്രകടനം കാണിക്കുന്ന ഗ്രാഫുകൾ ഇത് വ്യക്തമാക്കും. എന്നാൽ പല നവഉദാര വിശാര ദരും ചോദിക്കുന്നത്, ഇപ്പോൾ ഇന്ത്യ വളർച്ച മുരടിപ്പിലാണെ ങ്കിൽ എന്തുകൊണ്ടാണ് ആ മാന്ദ്യം നമുക്ക് ഇതുവരെ അനു ഭവിക്കാൻ കഴിയാത്തത് എന്നാണ്. മാന്ദ്യം എന്നത് അതിനാൽ,

കേവലം അപകീർത്തികരമായ ഒരു നിർമ്മിതിയാണ് എന്നുകൂടി ഇവർ വാദിക്കുന്നുണ്ട്. ഈ ആശങ്കയെ പരിശോധിക്കുന്നതിനും അതിൽ നിന്നൊരു നിഗമനത്തിലെത്തുന്നതിനുമായി അടുത്തിടെ മോഡി സർക്കാർ അവലംബിച്ച രണ്ട് ഉദാഹരണങ്ങൾ മതിയാകും; നോട്ട് നിരോധനവും, ജി.എസ്.ടി.യും.

ഏതൊരു നയത്തിന്റെയും ജയപരാജയം വിലയിരുത്തുന്നത്, അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സഫലീകരിച്ചോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലാണല്ലോ. അങ്ങനെയാണെങ്കിൽ രാജ്യത്ത് വർധിച്ചുവരുന്ന കള്ളപ്പണവും കള്ളനോട്ടും അതിർത്തി ലംഘിച്ചുള്ള ഭീകരവാദപ്രവർത്തനങ്ങളും തടയുകയാണ് നോട്ട് നിരോധന ലക്ഷ്യമായി നരേന്ദ്രമോദി അവതരിപ്പിച്ചതെങ്കിലും കള്ളപ്പണമോ കള്ളനോട്ടോ ഇല്ലാതാക്കാൻ ഈ നയം ഉപകരിച്ചില്ല, എന്നുമാത്രമല്ല, അതിർത്തി ലംഘിച്ചുള്ള ഭീകരവാദ പ്രവർത്തനങ്ങൾ വർധിക്കുന്നതിനാണ് നോട്ട് നിരോധനാനന്തര ഇന്ത്യ സാക്ഷ്യം വഹിച്ചത്. എന്നിട്ടും യശശ്ശരീരനായ മുൻ ധനകാര്യ വകുപ്പ് മന്ത്രി അരുൺ ജയിറ്റ്ലി അത് വിജയകരമായിരുന്നു എന്നാണ് വാർത്താക്കുറിപ്പ് നൽകിയത്. സർക്കാർ തന്നെ പുറത്തിറക്കുന്ന കണക്കുകൾ ഒന്നുപറയുകയും ഭരണാധികാരികളും അവരുടെ സിൽബന്ധികളായ സാമ്പത്തിക വിശാരദരും മറ്റൊന്ന് പറയുകയുമാണു കണ്ടുവരുന്നത്. അവ യാഥാർഥ്യവുമായി പൊരുത്തപ്പെടുന്നില്ല എന്ന് തുറന്നുകാണിക്കേണ്ട മാധ്യമങ്ങൾ ഇത് മൂടിവയ്ക്കുകയോ മറ്റ് സെൻസേഷണൽ വാർത്തകൾ നിർമ്മിച്ച് തടിയൂരുകയോ ആണ് 2016 നവംബറിനുശേഷം സംഭവിച്ചത്. നോട്ട് നിരോധനം മൂലം കടുത്ത ഉത്പാദന-ഉപഭോഗ തിരിച്ചടി നേരിട്ടുവെന്നും അതിന്റെ അനുരണനമായി തൊഴിൽ മേഖലയിൽ മാന്ദ്യമുണ്ടായി എന്നുമാണ് 2017 ൽ തന്നെ പുറത്തുവന്ന രാജ്യത്തെ തൊഴിൽ മേഖലയെ അധികരിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇതിന്റെ കൂടുതൽ വിശദാംശം ഇപ്പോൾ നമുക്ക് ലഭ്യമല്ല. കാരണം സർക്കാർ ശേഖരിച്ചുകൊണ്ടിരുന്ന തൊഴിൽരഹിതരുടെ കണക്കുകളുടെ പ്രകാശനം തന്നെ നിർത്തിവയ്ക്കാൻ (2016 ന് ശേഷം) കേന്ദ്ര സർക്കാർ തീരുമാനിച്ചു. നോട്ട് നിരോധനത്തിന്റെ ഉദാരത വിശദീകരിക്കുന്ന ഭാഗത്ത് ഇത് കൂടുതൽ വ്യക്തമാകും.

ചരക്ക് സേവന നികുതി ഏർപ്പെടുത്തിയപ്പോൾ പാലിക്കേണ്ട മുൻകരുതലുകളോ നിയമ നിർമ്മാണങ്ങളോ യഥാസമയങ്ങളിൽ നടത്താത്തതിന്റെ ഭവിഷ്യത്തുകളാണ് ഉത്പാദന ഉപഭോഗ മേഖലയുടെ മെല്ലെപ്പോക്കിന് ആധാരമായ മറ്റൊരു

സംഗതി. ജി.എസ്.ടി. നെറ്റ്വർക്കിന്റെ പരിപൂർണതയില്ലായ്മയും നികുതിയായി ലഭിക്കുന്ന/ലഭിക്കേണ്ട തുക ഐജിഎസ്ടിയിൽ കിടക്കുമ്പോൾ ഉണ്ടാകുന്ന വിതരണത്തിന്റെ കാലതാമസവും സർക്കാരിന്റെ നികുതി നിർണ്ണയത്തിലെ നിയന്ത്രണവും എല്ലാം ക്രിയാത്മകമായ ഇടപെടലുകൾക്കോ പ്രതിസന്ധിഘട്ടത്തിൽ ചോദനത്തെ ഉത്തേജിപ്പിക്കുന്നതിനോ ഉള്ള സാധ്യതയ്ക്ക് തട യിടുന്നു. ഇത് നയപരമായിത്തന്നെ പ്രശ്നമുള്ളതായിരിക്കെ നാം ഇതിനെ പ്രകീർത്തിച്ചുകൊണ്ടാണ് സ്വീകരിച്ചത്. യഥാർത്ഥ ത്തിൽ ഈ രണ്ട് സാമ്പത്തിക നയവും സമ്പദ്വ്യവസ്ഥയെ സംബന്ധിച്ച് അങ്ങേയറ്റം വെല്ലുവിളി ഉയർത്തുന്നതായിട്ടും പൊതു മാധ്യമങ്ങളിൽ ഇതിനെച്ചൊല്ലിയുള്ള ചർച്ചകൾ കണ്ടെ ത്തിയ ഇടം വളരെ ചെറുതാണ്. അതിന്റെ മറ്റൊരു വശമാണ് ഈ സർക്കാരിനെ വീണ്ടും അധികാരത്തിൽ എത്തിച്ചതിന് മാധ്യമങ്ങൾ ചെയ്ത ഒത്താശ. മാത്രവുമല്ല രാജ്യത്തെ ജിഡിപി വളർച്ച കണക്കാക്കുന്ന വിധംതന്നെ മാറ്റിക്കൊണ്ടാണ് ഈ സർക്കാർ തങ്ങളുടെ ഭരണ യന്ത്രം തങ്ങൾക്ക് അനുകൂലമാ ക്കിയത് എന്നതും സൂചിപ്പിച്ചല്ലോ. അതിനാൽ തന്നെ തുടക്ക ത്തിൽ വിമർശനമായി ഉയർന്നുവന്ന വസ്തുതകൾക്ക് വിരുദ്ധമാ യല്ല രാജ്യം കടന്നുപോകുന്ന അവസ്ഥ എന്നതും ഗൗരവതര മാണ്. വ്യാവസായിക ഉല്പാദന മേഖലയിലെ പ്രശ്നം മനസ്സിലാ ക്കാൻ ആദ്യം ഖനന-ഉത്പാദനമേഖലയിലെ കണക്കുകൾ പരിശോധിക്കാം.

ഖനന നിർമാണ മേഖലകളെ ഒരുമിച്ച് അവതരിപ്പിക്കാൻ കാരണം ഈ രണ്ട് മേഖലകളും 2014-15നുശേഷം വൻതോതി ലുള്ള പണച്ചുരുക്കത്തിന്റെ പിടിയിലാണ്. കയറ്റുമതിയിൽ അധി ഷ്ഠിതമായ ഉത്പാദന വ്യവസ്ഥയാണ് പലപ്പോഴും ഇന്ത്യയുടെ ഖനന മേഖല. രൂപയുടെ മൂല്യം കുറയുകയും അന്താരാഷ്ട്ര വിനി മയ നാണയങ്ങളുടെ മൂല്യം വർദ്ധിയ്ക്കുകയും ചെയ്യുമ്പോൾ കോൺസ്റ്റന്റ് പ്രൈസിലെ ഉത്പാദന മൂല്യം കറന്റ് പ്രൈസിലെ മൂല്യത്തേക്കാൾ കൂടിയിരിക്കും. ഈ പ്രതിഭാസം ഗ്രാഫിലെ ഉത്പാദന മേഖലയിലും (മാനുഫാക്ച്ചറിങ്) വ്യക്തമാണ്. പണ പ്പെരുപ്പം മുഖേന ആഭ്യന്തര പ്രശ്നങ്ങളിൽപ്പെട്ട് മിക്കവാറും മേഖ ലകൾ ഉഴറുമ്പോൾ പണച്ചുരുക്കം കാരണം കോൺസ്റ്റന്റ് പ്രൈസിലുള്ള മൂല്യം നിലനിൽക്കുകയും കറന്റ് പ്രൈസിലുള്ള മൂല്യം കുറയുകയും ചെയ്യും. ദീർഘകാലാടിസ്ഥാനത്തിൽ ഇതിനെ അപഗ്രഥിക്കുകയാണെങ്കിൽ വലിയതോതിലുള്ള ഇടർച്ചയാണ് ഈ മേഖല സംഭാവന ചെയ്യുന്നതെന്നു വ്യക്തം.

മറ്റ് പല മേഖകളിലും ചെറിയ തോതിലെങ്കിലും ഇത്തരം പ്രശ്ന ങ്ങൾ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി ഖനന മേഖലയിൽ കൂട്ടിച്ചേർക്കപ്പെടുന്ന മൂല്യം, ജിഡിപിയിൽ മൊത്തം കൂട്ടിച്ചേർക്കുന്ന മൂല്യത്തിന്റെ കേവലം 2.5 ശതമാനത്തിനും താഴെയാണ്. 2011– 12 വർഷത്തെ ശരാശരിയായ 3.25 നെ ക്കാൾ ക്രമമായി കുറയുകയാണ് ഇന്ത്യൻ ഖനന മേഖല. ഇതേ അവസ്ഥ തന്നെയാണ് ഉത്പാദന മേഖ ലയും നേരിടുന്നത്. അതായത് മൂല്യം കൂട്ടിച്ചേർക്കുന്നതിന്റെ വളർച്ചാനിരക്കിൽ മൊത്തമായും ഒരു നിശ്ചലാവസ്ഥയാണ് വ്യവസായ മേഖല പൊതുവായി നേരിടുന്നത്.

ചിത്രം – 5



ചിത്രം – 6



ഈ പശ്ചാത്തലത്തിലാണ് 2019 ന്റെ പകുതിക്കുശേഷം ഓട്ടോമൊബൈൽ വ്യവസായത്തിൽ മെല്ലെപ്പോക്ക് വലിയ വാർത്തയാകുന്നത്. എന്തുകൊണ്ടാണ് ഓട്ടോമൊബൈൽ വ്യവസായത്തിലെ മാന്ദ്യം വാർത്തയായതെന്നു പരിശോധിക്കേണ്ടതാണ്. ഇന്ത്യയെ സംബന്ധിച്ച് ഓട്ടോമൊബൈൽ വ്യവസായം അതിവേഗം വളരുന്ന വ്യവസായങ്ങളിലൊന്നായിരുന്നു. അതുപോലെ തന്നെ, ഉൽപാദന മേഖലയിലെ ഒരു പ്രധാന ചാലക ശക്തിയായിരുന്നു അഥവാ ഗ്രോത്ത് ഡ്രൈവറായിരുന്നു. 2018ൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ (ജിഡിപി) ഓട്ടോമൊബൈൽ മേഖല നൽകിയ സംഭാവന 7 ശതമാനമാണ്. ആഭ്യന്തര ആവശ്യകതയിലുണ്ടായ ഇടിവു കാരണം വാഹനങ്ങളുടെ നിലവിലെ വിൽപ്പന കഴിഞ്ഞ 19 വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിരക്കാണു രേഖപ്പെടുത്തിയത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2019 മെയ് മാസത്തിൽ കാർ വിൽപ്പനയിൽ 26% ഇടിവുസംഭവിച്ചു, തൽഫലമായി മൊത്തം വാഹന ഉൽപാദനത്തിൽ ഏകദേശം 8% ഇടിവുണ്ടായി. 2017-18ൽ 14 ശതമാനം വളർച്ച കൈവരിച്ച നാലുചക്ര വാഹനങ്ങളുടെ വിൽപ്പന 5 ശതമാനമായി കുറഞ്ഞു. ഇരുചക്രവാഹനങ്ങൾക്ക് ഇതേ കാലയളവിൽ 15 ശതമാനം മുതൽ 5 ശതമാനം വരെ കുറവുണ്ടായി. ഇതിനെ തുടർന്നുള്ള കൊറോണ മഹാമാരി കാലത്ത് ഈ മേഖല മാത്രമല്ല സമസ്ത ഉത്പാദന മേഖലയും തകരുകയോ ചുരുങ്ങുകയോ ചെയ്തിരിക്കുന്നു. ഇൻവെന്ററികൾ ഒഴിവാക്കുന്നതിന് കാർ നിർമ്മാതാക്കൾ, ഉൽപാദനം നിർത്തുന്ന അവസ്ഥയാണ് ഉണ്ടായത്. സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചറേഴ്സ് (സിയാം) പ്രസിദ്ധീകരിച്ച ഡാറ്റ പ്രകാരം 2013-14 നും 2018-19 നും ഇടയിൽ ആഭ്യന്തര ഉൽപാദനത്തിന്റെയും വാഹന വിൽപ്പനയുടെയും ശരാശരി വാർഷിക വളർച്ചാ നിരക്ക് 8%, 7% എന്നിങ്ങനെയാണ്; ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവാണ് എന്നത് 'മേക് ഇൻ ഇന്ത്യ' സ്വപ്നങ്ങൾക്കു നേരെയുള്ള വെല്ലുവിളിയാണ്.

വിലനിർണയ ഘടനയെ ബാധിച്ചേക്കാവുന്ന വിവിധ ചട്ടങ്ങൾ ഈ സർക്കാർ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുമ്പോൾ അനിശ്ചിതത്വത്തിന്റെ അന്തരീക്ഷം ഒരുപക്ഷേ രൂക്ഷമായേക്കും. അതിൽ പ്രധാനമാണ് മൂന്ന് വർഷത്തിനുള്ളിൽ ഇൻഷുറൻസ് നീട്ടാനുള്ള സുപ്രീം കോടതിയുടെ ഉത്തരവ്. മറ്റൊരു നയം പുതിയ എമിഷൻ മാനദണ്ഡങ്ങളിൽ വന്ന മാറ്റമാണ്. നിലവിലെ ബിഎസ് IV നിലവാരത്തിൽ നിന്ന് 2020 ഏപ്രിലിൽ ഭാരത് സ്റ്റേജ്

(ബിഎസ്) VI ആകുക എന്നത് വെല്ലുവിളിയായിരുന്നു. ഇതിനെ കൂടുതൽ വഷളാക്കിക്കൊണ്ടാണ് കൊറോണ മഹാമാരി ഇന്ത്യയെ സ്തംഭിപ്പിച്ചത്. പുതിയ എമിഷൻ മാനദണ്ഡങ്ങൾക്ക് സാങ്കേതികമായ പരിവർത്തനം ആവശ്യമായിരിക്കെ, പ്രത്യേകിച്ച് ഡീസൽ കാറുകൾക്ക്; ഇത് യഥാർത്ഥത്തിൽ ഓട്ടോമൊബൈൽ ഉപഭോഗത്തെ മാത്രമല്ല, വരും ദിവസങ്ങളിൽ ഉത്പാദനം തന്നെ അനിശ്ചിതത്വത്തിലാക്കിയേക്കും. ഡീസൽ-പെട്രോൾ കാറുകളുമായുള്ള വില വിടവ് ഇപ്പോൾ പരമാവധി 2.5 ലക്ഷം ഡോളറായി കണക്കാക്കപ്പെടുന്നു എങ്കിലും അത് വർദ്ധിക്കും. ഇപ്പോൾ മൊത്തം ആഭ്യന്തര വിൽപ്പനയിൽ ഡീസൽ കാറുകളുടെ മൊത്തം വിഹിതം 40 ശതമാനത്തിൽ നിന്ന് 28 ശതമാനമായി കുറയുമെന്ന് കണക്കാക്കപ്പെടുമ്പോൾ ഉത്പാദനത്തിൽ അനിശ്ചിതത്വം ചെറുതല്ല. രാജ്യത്തെ മികച്ച എട്ട് വാഹന നിർമാതാക്കൾ 2018 സാമ്പത്തിക വർഷത്തിൽ നേരിട്ട വൻ തിരിച്ചടി വാഹന നിർമാതാക്കളുടെ ഉയർന്ന പ്രവർത്തന മാർജിനുകളെക്കുറിച്ചുള്ള സംശയത്തിന് കാരണമാക്കുന്നു. ഇതും കൂടുതൽ പ്രതിസന്ധി സൃഷ്ടിച്ചേക്കാം.

കൂടാതെ പല അനുബന്ധ മേഖലകളുള്ള ശക്തമായ ഉത്പാദന മേഖലകൂടിയാണ് ഓട്ടോമൊബൈൽ വ്യവസായം. മറ്റ് മേഖലകളുമായുള്ള മുന്നോട്ടും പിന്നോട്ടുമുള്ള ബന്ധം, പ്രത്യക്ഷവും പരോക്ഷവുമായ തൊഴിൽ നൽകാൻ ഈ മേഖലയെ എന്നും മുന്നിലാക്കി. എന്നാൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന ഉപഭോഗത്തിലെ മന്ദതയും വില്പനയിലുണ്ടായ കുറവും ഒരു കാസ്കേഡിങ് പ്രഭാവം തന്നെ ഈ മേഖലയിൽ സൃഷ്ടിക്കും. അതായത് ഓട്ടോമൊബൈൽ വിൽപ്പനയിലെ ഇടിവ് ടയർ, സ്റ്റീൽ, സ്റ്റിയറിങ്ങ് എന്നുവേണ്ട സമസ്ത അനുബന്ധ പ്രവർത്തനത്തെയും അതുവഴി തൊഴിൽ നഷ്ടത്തിനും കാരണമാകും. തൊഴിൽ നഷ്ടം ഉപഭോഗത്തെ ഞെരുക്കുകയും വീണ്ടും കൂടുതൽ തൊഴിൽ നഷ്ടം ഉണ്ടാകുകയും ചെയ്യും. വാഹന നിർമാതാക്കൾ, ഓട്ടോ പാർട്ട് നിർമ്മാതാക്കൾ, ഡീലർമാർ എന്നിവർ ചേർന്ന്, 2019ൽ 3,50,000 തൊഴിലാളികളെ പിരിച്ചുവിട്ടതായി കണക്കാക്കപ്പെടുന്നു. അധ്വാനത്തെ സംബന്ധിച്ചിടത്തോളം, വാഹന നിർമ്മാണത്തിലെ മാന്ദ്യത്തിന്റെ ദീർഘകാല ഫലങ്ങളാണിത്. കൂടാതെ 2000 നും 2015 നും ഇടയിൽ ജോലികളുടെ വിഹിതം 3%ൽ നിന്നും 7%ആയി. 2012 മുതൽ പുതിയ ജോലികളുടെ വളർച്ച കുറയാൻ തുടങ്ങി. ഇതിന് മറ്റൊരുകാരണമായി പറയുന്നത്, വർദ്ധിച്ചുവരുന്ന ഓട്ടോമേഷനാണ്. നേരത്തെ സൂചിപ്പിച്ച

നോട്ടുനിരോധനവും ജി.എസ്.ടി.യും ഡീസൽ പെട്രോൾ വാഹനങ്ങൾ പുതിയ തലമുറയിലേക്ക് മാറും എന്ന ആശങ്കയും, ഈ ഉത്പാദന-ഉപഭോഗ മുരടിപ്പിന് കാരണമാണ്. അതിനാൽ തന്നെ ക്രിയാത്മകമായ സർക്കാർ നടപടികളാണ് ഇവിടെ ആവശ്യം. അത് കേവലമായ കാർനികുതി ഇളവുകളല്ല. മറിച്ച് ഡിമാൻഡ് വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ തൊഴിലും ഉപഭോഗച്ചെലവു മെച്ചപ്പെടുത്തുന്ന നയങ്ങളുമാണ് ആവിഷ്കരിക്കേണ്ടത്.

സ്വകാര്യ അന്തിമ ഉപഭോഗച്ചെലവ് (പി.എഫ്.സി.ഇ.), സർക്കാർ അന്തിമ ഉപഭോഗച്ചെലവ് (ജിഎഫ്.സി.ഇ.) എന്നിവ ഉൾപ്പെടുന്ന ഉപഭോഗമാണ് ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഇതുവരെ നിർണായകമായ പങ്കുവഹിച്ചിരുന്ന കണക്കായി കരുതുന്നത്. കഴിഞ്ഞ മാർച്ച് പാദത്തിൽ 7.2 ശതമാനമായിരുന്ന ഉപഭോഗ വളർച്ച നിരക്ക് 2019 ജൂൺ പാദത്തിൽ എത്തുമ്പോൾ 3.1 ശതമാനമാണ് ഇടിവ്. എന്നാൽ കോവിഡ് മഹാമാരിയിൽ ഇതിന്റെ കണക്കുകൾ ദയനീയമായി കുറയുന്നതാണ് കണ്ടത്. 2021ൽ ഏകദേശം 25 ശതമാനം ഇടിവാണ് മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ പ്രതീക്ഷിക്കുന്നത് എങ്കിൽ ഉല്പാദന മേഖലയുടെ ഇടിവ് ഇതിലും ഭീമമാണ് എന്നതാണ് നേരത്തെ സൂചിപ്പിച്ച ആശങ്കകളെ ശക്തിപ്പെടുത്തുന്നത്. ഉപഭോഗച്ചെലവിലെ ഏത് ഇടിവും പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കും എന്നുസാരം. ഉപഭോഗച്ചെലവ് കുറയുകയാണെങ്കിൽ ഉൽപാദനവും തൊഴിൽ നിലയും കുറയുമെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. അനന്തരഫലമായി, സമ്പദ്വ്യവസ്ഥ നിശ്ചലമാവുകയും, വില കുറയുകയും ചെയ്യും. കുറഞ്ഞ വില, ചെലവ് വീണ്ടെടുക്കാൻ കഴിയാത്ത തരത്തിൽ എത്തിച്ചാൽ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തുകയും, പിരിച്ചുവിടൽ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുകയും ചെയ്യും. നേരത്തെ സൂചിപ്പിച്ച വൻതോതിലുള്ള പിരിച്ചുവിടൽ ഇതാണ് സൂചിപ്പിക്കുന്നത്. ഇത് വരുമാനം വീണ്ടും കുറയ്ക്കുന്നു. ഇത്തരത്തിൽ ഈ ചക്രം ആവർത്തിക്കും. കൂടാതെ ഷാഡോ ബാങ്കിങ് മേഖലയിലെ പ്രതിസന്ധി ഡീലർമാർക്കും ഉപഭോക്താക്കൾക്കുമായുള്ള വായ്പാ പ്രവാഹത്തെ പ്രതികൂലമാക്കും. രാജ്യത്ത് വിൽക്കുന്ന വാഹനങ്ങളിൽ മൂന്നിൽ രണ്ട് ഭാഗവും വായ്പകളിലൂടെ ധനസഹായം ലഭിക്കുന്നതിനാൽ, കഴിഞ്ഞ മൂന്നരവർഷത്തിനിടയിൽ നാം ചർച്ച ചെയ്യുന്ന ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി വരുത്തിവയ്ക്കുന്ന പ്രശ്നങ്ങളും ചെറുതല്ല. അതിനാൽത്തന്നെ ഈ മേഖല നേരിടുന്ന വെല്ലുവിളികൾ സമ്പദ്വ്യവസ്ഥയിലെ മൊത്തത്തിലുള്ള

മാന്ദ്യവുമായി പൊരുത്തപ്പെടുന്ന തരത്തിലുള്ള നയ സമീപനങ്ങളിലൂടെ മാത്രമേ നമുക്ക് പരിഹരിക്കാനാകൂ.

തിരുത്തൽ നടപടികൾ ഉടനടി സ്വീകരിച്ചാൽ മാന്ദ്യം ഹ്രസ്വകാലത്തേക്കായി ചുരുക്കാനാകും എന്നതുതന്നെയാണ് ആദ്യമായി പറയാനുള്ളത്. അല്ലാത്തപക്ഷം സമ്പദ്വ്യവസ്ഥയുടെ ആരോഗ്യത്തെ ദീർഘകാലാടിസ്ഥാനത്തിൽ ഇത് ബാധിക്കും. എന്നാൽ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവും ധനമന്ത്രിയും അത്തരത്തിലുള്ള നയങ്ങളിലേക്ക് പെട്ടെന്നു പോകില്ല എന്നത് അതുസംബന്ധിച്ച് അവർ പുറത്തുവിട്ട വാർത്തകളിൽ നിന്നും തീരുമാനങ്ങളിൽ നിന്നും വ്യക്തമാണ്. സർക്കാരിന്റെ ധന കമ്മി വർദ്ധിപ്പിക്കുന്നത് ശരിയല്ല. അതിനാൽ സമ്പദ് വ്യവസ്ഥയുടെ ഉത്തേജക നടപടികൾ ധന കമ്മി വരുത്തി വേണ്ട എന്ന കൃഷ്ണമൂർത്തി സുബ്രഹ്മണ്യത്തിന്റെ നയം തികഞ്ഞ നവലിബറൽ, ജനവിരുദ്ധ നയമാണ്. നിർമ്മല സീതാരാമന്റെ ബജറ്റുകളും ഇതിൽ നിന്നും വ്യത്യസ്തമല്ല. മാന്ദ്യം ആദ്യം ഞെരുക്കുന്നത് എപ്പോഴും സാധാരണക്കാരെയും സ്ത്രീകളെയുമാണല്ലോ. ഇവർക്ക് പ്രത്യേകിച്ച് ഒരുവിലയും കല്പിക്കാത്ത എൻ.ഡി.എ. സർക്കാർ സംവിധാനത്തിൽ, അതിനാൽത്തന്നെ അത്തരം നടപടികൾ ഉണ്ടാകാൻ തരമില്ല എന്നത് വ്യക്തമാണ്. സാധാരണക്കാരെയും ഇടത്തരക്കാരെയും സംബന്ധിച്ച് ഈ മാന്ദ്യം തികച്ചും കഠിനമായ അവസ്ഥയായിരിക്കും പ്രദാനം ചെയ്യുക. ജനക്ഷേമമാണ് സർക്കാർ ലക്ഷ്യമെങ്കിൽ ഉത്തേജന പദ്ധതിയല്ലാതെ പോംവഴികളില്ല എന്നുതന്നെയാണ് കെയ്നീഷ്യൻ കാഴ്ചപ്പാടിൽ പറയാനുള്ളത്. സർക്കാർ പ്രവർത്തനങ്ങൾക്കും അപ്പുറത്തായുള്ള പ്രശ്നങ്ങളും നമ്മുടെ മാന്ദ്യത്തെ പ്രതിസന്ധിയിൽ ആക്കിയേക്കാം. അതിൽ പ്രധാനമാണ് യുഎസ്-ചൈന വ്യാപാര യുദ്ധം. ഇപ്പോഴത്തെ രീതിയിൽ ഈ വ്യാപാരയുദ്ധത്തിൽ നഷ്ടം സംഭവിക്കുന്നത് നമുക്കായിരിക്കും. നമ്മുടെ കയറ്റുമതിയെ സാരമായി ബാധിച്ചേക്കാവുന്ന തീവ്രതയിലേക്കാണ് ഈ വ്യാപാര യുദ്ധത്തിന്റെ പോക്ക്. കൂടാതെ, ഉയർന്ന ജിഎസ്ടി നിരക്ക്, എൻബി.എഫ്.സി.കളിലെ പണലഭ്യതയിന്മേലുള്ള പ്രതിസന്ധി, ചെറുപ്പക്കാരുടെയിടയിൽ രൂക്ഷമാകുന്ന തൊഴിലില്ലായ്മ, മാറുന്ന തൊഴിൽ നിയമങ്ങൾ വരുത്തിയേക്കാവുന്ന അരക്ഷിതാവസ്ഥ എന്നിവ, വ്യാവസായിക ഉത്പാദന മേഖലയിൽ കൂടുതൽ മാന്ദ്യാവസ്ഥ സൃഷ്ടിക്കുകയും കടുത്ത സാമ്പത്തിക പ്രതിസന്ധിയായി മാറുകയും ചെയ്തേക്കാം.

നവലിബറൽ കാലത്തെ സേവനമേഖല

ലോകത്ത് വേഗത്തിൽ വളരുന്ന മേഖലയാണ് സേവന മേഖല. 2016-17 ൽ 9 ശതമാനത്തിനും മുകളിലാണ് ഇന്ത്യയിൽ സേവനമേഖലയുടെ വളർച്ച. ഇതാണ് ഈ മേഖലയ്ക്ക് ജിഡിപി യുടെ ഏകദേശം 55 ശതമാനത്തോളം സംഭാവന നൽകുന്നതിനു പ്രാപ്തമാക്കുന്നത്. അതിവേഗതയിൽ വളർന്നുകൊണ്ടിരിക്കുന്ന ചൈനയിൽ സേവനമേഖലയുടെ വളർച്ച 8.5%ഉം മുതലാളിത്ത ത്തിന്റെ ആദ്യ-പുതിയ മുഖങ്ങളായ ബ്രിട്ടണിലും യുഎസിലും കേവലം 2.4%ഉം 2.8%ഉം വളർച്ചയായിരിക്കുമ്പോഴാണ്, ഇന്ത്യ യുടെ ഉയർന്ന വളർച്ച. ഇന്ത്യ സേവന മേഖലയിൽ വളരെ നിർണായകമായിമാറി എന്ന വസ്തുതയാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ തൊഴിൽ ദാതാവ് എന്ന നിലയിൽ സേവന മേഖല മൊത്തം തൊഴിലിന്റെ 28.6 ശതമാനം മാത്രമാണ് നൽകുന്നത്. ഇത് ചൈനയിൽ 42.4 ശതമാനവും, ബ്രിട്ടണിലും യുഎസ്സിലും 80 ശതമാനം വീതവുമാണ്. മറ്റ് മൂന്ന് സാമ്പത്തിക ശക്തികളെ അപേക്ഷിച്ച് സേവനാധിഷ്ഠിത ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ നാം പോസിറ്റീവായ ഉയർന്ന വളർച്ചയാണ് ഈ കാലയളവിൽ ആർജിച്ചത്. അതിൽ തൊഴിലാളികളുടെ വിഹിതമായ കൂലിയുടെ വളർച്ച മുതലാളിയുടെ ലാഭ വളർച്ച യെക്കാൾ തുലോം കുറവാണെന്നാണ് സാമ്പത്തിക സർവേ റിപ്പോർട്ട് ഈ കാലയളവിൽ സൂചിപ്പിക്കുന്നത്.

ഇന്ത്യയുടെ വളർച്ചയുടെയും വികസനത്തിന്റെയും ഘട കങ്ങൾ പരിശോധിക്കുകയാണെങ്കിൽ, രാജ്യത്തിന്റെ അടിസ്ഥാന ഉൽപാദന മേഖലയുടെ സംഭാവന മൊത്തം ആഭ്യന്തര ഉൽപാദ നത്തിൽ (GDP) ക്രമേണ കുറഞ്ഞുവരുന്ന സ്ഥിതിവിശേഷമാണ് കാണാൻ സാധിക്കുന്നത്. ഈ മാറ്റം പ്രതിഷ്ഠിക്കുന്നത് ആഭ്യന്തര ഉൽപാദനത്തിലെ വർദ്ധിച്ചുവരുന്ന സേവന മേഖലയുടെ പ്രാമുഖ്യമാണ്. സേവനമേഖലയുടെ വളർച്ച സേവന മേഖലയിലെ തൊഴിലാളികളെ മെച്ചപ്പെടുത്തുന്ന താണോ എന്ന ചോദ്യം വളരെ പ്രസക്തമാണ്. പ്രത്യേകിച്ചും, രാജ്യത്ത് നവലിബറൽ നയങ്ങൾ സ്വീകരിച്ച നാൾ മുതൽ ഈ ചോദ്യം പ്രസക്തമാണ്. കൂടാതെ 2008ലെ ആഗോള സാമ്പത്തിക തകർച്ചയ്ക്കുശേഷവും 2010നുശേഷം യൂറോപ്പിൽ പ്രകടമായ സോവറിൻ കടബാധ്യതയിൽ ഊന്നിയ പ്രതിസന്ധിക്കുശേഷവും സേവന മേഖല ആർജിക്കുന്ന മേൽകൈ എപ്രകാരമാണ് സേവന മേഖലയിലെ തൊഴിലാളികളെ ബാധിക്കുന്നത് എന്നതിനെക്കുറിച്ചുള്ള അന്വേഷണത്തിന് ഏറെ പ്രസക്തിയുണ്ട്.

വിവിധ മേഖലകൾ കഴിഞ്ഞ ദശകങ്ങളിൽ നൽകിയ സംഭാവന പരിശോധിക്കാം.

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെ നിരക്ക് (GDP) മനസ്സിലാക്കുന്നതിനായി വികസനത്തിന്റെ വ്യത്യസ്തമായ ആസൂത്രണ കാലയളവ് തിരിച്ച് പരിശോധിക്കാം: പന്ത്രണ്ട് പ്ലാനുകളാണ് ഇതുവരെ വിജയകരമായി നടന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയും പ്ലാനിംഗ് കമ്മീഷന്റെ പിരിച്ചുവിടലും അതിന്റെ നടത്തിപ്പിനെ ഒരു പരിധിവരെ പ്രതിരോധത്തിലാക്കി യിട്ടുണ്ട്. ജിഡിപി കണക്കാക്കുന്നതിൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ പൂർണമായും മാറ്റമുണ്ടായിട്ടുണ്ട്. അതിനാൽ 2011വരെ (11 പഞ്ചവത്സര പദ്ധതി) നോക്കിയാൽ ജിഡിപി വളർച്ച 3.2 ശതമാനത്തിൽ നിന്നും 8 ശതമാനത്തിൽ എത്തുകയുണ്ടായി എന്ന് മനസ്സിലാക്കാം. ആദ്യ 4 പഞ്ചവത്സര പദ്ധതികൾ വരെ പൂർത്തിയാക്കുന്നത് 3.5 ശതമാനം എന്ന ശരാശരി വളർച്ചയി ലാണ്. ഈ കാലയളവിലും ശ്രദ്ധേയമാകുന്നത് സേവനമേഖലയി ലെയും, വ്യാവസായിക ഉത്പാദന മേഖലയിലെയും വളർച്ച 5 ശതമാനമായിരുന്നു എന്ന വസ്തുതയാണ്. എന്നാൽ, കാർഷിക മേഖലയിലെ വളർച്ച കേവലം മൂന്ന് ശതമാനത്തിനും താഴെ യാണ് എന്നതാണ് മൊത്തം വളർച്ചയെ പിന്നോട്ടടിച്ചത്. അതിനു കാരണം കാർഷിക മേഖലയുടെ വലിപ്പവും ആശ്രിതരുടെ എണ്ണവുമാണ് (മൊത്തം ജനസംഖ്യയുടെ 80 %). ഈ കുറഞ്ഞ (3.5%) വളർച്ച നിരക്കിനെ 'ഹിന്ദു വളർച്ച നിരക്ക്' എന്ന് ഇതുകൊണ്ടാണ് പൊതുവിൽ വിളിച്ചത്. ഇതിനെ ബ്രേക്ക് ചെയ്യുകയാണ് തുടർ പഞ്ചവത്സര പദ്ധതികൾ. ഈ വളർച്ചയിൽ മുഖ്യ പങ്കുവഹിച്ചത് സേവന മേഖലയുടെ 5 ശതമാനത്തിൽ നിന്നും ഉയർന്ന 9.9 ശതമാനമെന്ന വളർച്ച തന്നെയാണ്. വ്യാവസായിക മേഖലയിലും നല്ല വളർച്ചയുണ്ടായെങ്കിലും കാർഷിക മേഖലയിലെ വളർച്ച വളരെ കുറവായിരുന്നു. അതിനാലാണ് താരതമ്യേന കുറവ് ജനങ്ങൾ മാത്രം പ്രവർത്തിക്കുന്ന മേഖലയായിട്ട് കൂടി, ഇന്ത്യയിലെ മൊത്തം വരുമാനത്തെ ഉയർത്തുന്നതിന് ഈ മേഖല സ്തുത്യർഹമായ പങ്കുവഹിക്കുന്നത്.

പട്ടിക - 2

ഉത്പാദന മേഖല തിരിച്ചുള്ള
ജിഡിപി വളർച്ച നിരക്കുകൾ

സേവന മേഖല	വ്യാവസായിക മേഖല	കാർഷിക മേഖല	ജിഡിപി	വിവിധ പഞ്ചവത്സര പദ്ധതികൾ
5.2	5.8	3.2	3.9	1 (1951 – 55)
4.9	6.3	3.3	4.1	2 (1956 – 60)
5.4	6.6	0.3	3.5	3 (1961 – 65)
4.3	2.2	4.4	3.7	വാർഷിക പദ്ധതി (1966 – 68)
3.2	4.9	2.8	3.2	4 (1969 – 73)
5.4	6.5	3.6	5.0	5 (1974 – 78)
5.5	5.2	6.3	5.5	6 (1980 – 84)
7.2	6.3	3.1	5.7	7 (1985 – 89)
6.8	9.5	4.9	6.5	8 (1992 – 96)
8.0	3.6	2.5	5.7	9 (1997 – 01)
9.2	9.0	2.5	7.6	10 (2002 – 06)
9.9	7.7	3.8	8.0	11 (2007 – 11)
			7.4	12 (2012 – 17)*

*Source: Reserve Bank of India (*കേന്ദ്ര ആസൂത്രണ കമ്മിഷൻ പിരിച്ചുവിട്ടതിനെ തുടർന്ന് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പൂർണ്ണ വിവരം ലഭ്യമല്ല)*

സാമ്പത്തിക വളർച്ച കൈവരിക്കുമ്പോഴും സാമൂഹികവും വികസനപരവുമായ സൂചികയിൽ നാം വളരെ പിന്നിലാണെന്നത് വൈരുദ്ധ്യമാണ്. കാർഷിക മേഖല മെച്ചപ്പെടായ്കയാണ് ഇതിൽ പ്രധാന കാരണം. കാർഷിക മേഖലയുടെ ഉത്പാദന രീതിസങ്കീർണ്ണമാകുകയാണ്. ഇതിനോടൊപ്പം ചോദിക്കേണ്ട മറ്റൊരു ചോദ്യം 'ഇത്രയും സാമ്പത്തിക വളർച്ചയ്ക്ക് ഹേതുവാകുന്ന സേവന മേഖലയിലെ തൊഴിലാളികളുടെ അവസ്ഥ, കൃഷിയും മറ്റ് അനുബന്ധ തൊഴിലാളികളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണോ' എന്നതാണ്.

സേവന മേഖലയുടെ ഉയർന്ന വളർച്ചയെക്കുറിച്ച് പറഞ്ഞെങ്കിലും ഏത് അനുബന്ധ മേഖലയാണ് ഉൽപാദനം മെച്ച

പ്പെടുത്തിയതെന്ന് ചുവടെ ചേർത്ത പട്ടികയിൽ നിന്നും മനസ്സി ലാക്കാം. ഇവിടെ പ്രധാനമായും ജിഡിപിക്ക് പകരം മൊത്തം മൂല്യം കൂട്ടിച്ചേർക്കുന്ന സൂചികയായ ജിവിഎ ആണ് ഉപയോഗി ക്കുന്നത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി വിവരങ്ങൾ, ഏകീ കൃത രൂപത്തിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലാണ്. ജിവിഎ അനുസരിച്ചുള്ള വളർച്ച ചുവടെ പട്ടികയിൽ നൽകിയിട്ടുണ്ട്.

പട്ടിക - 3

(Amount in ₹ Billion)

GVA at Basic Prices (Base Year : 2011-12) Constant Prices

Items/Year	2011-12	2012-13	2013-14	2014-15	2015-16	2016-17	2017-18
1	2	3	4	5	6	7	8
Agriculture,Forestry and Fishing	15019.47	15242.88	16091.98	16057.15	16152.16	17167.46	17745.73
Industry	**18576.89**	**19411.17**	**20234.17**	**21866.70**	**24514.41**	**26647.10**	**28107.28**
Mining & Quarrying	2610.35	2626.09	2631.07	2886.85	3284.53	3710.66	3819.65
Manufacturing	14099.86	14868.73	15607.09	16839.38	18987.90	20487.11	21662.67
Electricity, Gas, Water Supply & Other Utility Services	1866.68	1916.35	1996.01	2140.47	2241.98	2449.34	2624.96
Services	**47473.10**	**50808.70**	**54310.34**	**59197.48**	**64366.91**	**68661.73**	**73908.54**
Construction	7773.35	7800.50	8007.71	8352.29	8664.40	8781.10	9284.84
Trade, Hotels, Transport, Communication and Services Related to Broadcasting	14131.16	15511.43	16520.62	18076.89	19936.27	21371.02	23076.84
Financial , real estate & professional services	15308.77	16800.31	18674.07	20737.14	22999.13	24378.57	25999.27
Public Administration, Defence and Other Services	10259.82	10696.46	11107.94	12031.15	12767.10	14131.03	15547.59
GVA at Basic Prices	**81069.46**	**85462.75**	**90636.49**	**97121.33**	**105033.48**	**112476.29**	**119761.55**

Source: Reserve Bank of India

ട്രേഡ്, ഹോട്ടൽ, കമ്മ്യൂണിക്കേഷൻ, ഫിനാൻസ് മുതലായ മേഖലയിലാണ് അഭൂതപൂർവ്വമായ ഈ വളർച്ച എന്നത് പട്ടികയിൽ നിന്നും മനസ്സിലാക്കാം. ഇതേ അവസ്ഥയിലൂടെ കടന്നുപോകുന്ന മറ്റ് രണ്ട് പ്രധാന സേവന മേഖലകളാണ് വൈദ്യുതോൽപാദനവും സേവനവും, പ്രകൃതിവാതകവും ജലസേചനവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളുടെ പ്രകടനവും. പൊതുഭരണത്തിനും, പ്രതിരോധമടക്കമുള്ള മറ്റ് സാർവജനീന സേവനങ്ങളുടെയും കാര്യത്തിലും ചിത്രം വ്യത്യസ്തമല്ല. ഇതിനെ പ്രതിപാദിക്കുന്ന ഗ്രാഫുകൾ ചുവടെ നൽകിയിട്ടുണ്ട്.

മുകളിലെ രണ്ട് ഗ്രാഫുകളും സൂചിപ്പിക്കുന്നത് ഉയർന്ന

ചിത്രം - 7



ചിത്രം - 8



വളർച്ച സൂചിപ്പിക്കുന്നതിന് വേണ്ടി തിരഞ്ഞെടുത്ത രണ്ട് മാനകങ്ങളും (ജിവിഎ കറന്റ്- കോൺസ്റ്റന്റ് സൂചകങ്ങൾ) 2013-14 വരെ സാമാന്യമായി ഒരേ ലൈനിൽ വരുന്നതും പിന്നെ അത് വ്യത്യസ്ത പാതയിൽ പോകുന്നതും നേരത്തെ സൂചിപ്പിച്ച കണക്കിലെ കളി മനസ്സിലാക്കാൻ നമ്മെ സഹായിക്കും. ഇതിനെ സംശയാസ്പദമായ എസ്റ്റിമേറ്റായാണ് ഇ.പി.ഡബ്ല്യു. റിസർച്ച് ഫൗണ്ടേഷൻ ഡയറക്ടർ ഡെന്നിസ് രാജ്കുമാർ പറയുന്നത്. ഇതിനായി അദ്ദേഹം സേവന മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും, വിറ്റുവരവായി ലഭിക്കുന്ന ലാഭത്തിനും, കൃത്യമായ വ്യത്യാസം ഉണ്ടെന്നാണ് സൂചിപ്പിക്കുന്നത് (Rajakumar 2016; 2017). രാജ്യത്ത് നിയോലിബറൽ നയം സ്വീകരിച്ചതിനുശേഷം, തൊഴിലാളികളുടെയും മുതലാളിയുടെയും

വിഹിതം മാറുന്നത് എപ്രകാരമാണെന്നും ഈ പഠനം വ്യക്തമാക്കുന്നുണ്ട്. നവലിബറൽ കമ്പോള യുക്തിയിൽ മാറിയപ്പോൾ, മുതലാളിമാർക്ക് വൻതോതിൽ തങ്ങളുടെ ലാഭമാർജിൻ വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞുവെന്നും; തൊഴിലാളികളുടെ ആപേക്ഷിക വരുമാനം കുറയുകയാണെന്നും അദ്ദേഹത്തിന്റെ പഠനങ്ങൾ സൂചിപ്പിക്കുന്നു. നിർമ്മാണ, ഗതാഗത, വാർത്താ പ്രക്ഷേപണ, ഹോട്ടൽ, വ്യാപാര, വാണിജ്യ, ധനകാര്യ, റിയൽ എസ്റ്റേറ്റ് മേഖലകളുടെ സ്ഥിതിയും ഇതേ അവസ്ഥ തന്നെയാണെന്നതാണ് ചുവടെ കൊടുത്തിരിക്കുന്ന ഗ്രാഫുകളും വ്യക്തമാക്കുന്നത്.

ചിത്രം – 9



ചിത്രം – 10



ചിത്രം - 11



ഇതുമായി ബന്ധപ്പെട്ട മറ്റൊരു സംഗതി ഈ മേഖലകളെല്ലാം അന്തർദേശീയ വ്യാപാരവുമായും, അന്തർദേശീയ മൂലധന നിക്ഷേപവുമായും അടുത്തുനിൽക്കുന്നു എന്നതാണ്. അതിനാൽ, ഇതിന്റെ ഗുണഫലം പലപ്പോഴും കൈയാളുന്നത് അന്തർദേശീയ ധനമൂലധനമോ വൻകിട മൂലധന നിക്ഷേപകരോ ആണ്. ഇന്ത്യയെ സംബന്ധിച്ച് രാജ്യത്തിന്റെ അടിസ്ഥാനവും യഥാർത്ഥ മൂല്യം ഉൽപാദിക്കുന്നതുമായ നിരവധി മേഖലകളാണ്, മോശം പ്രകടനം കാഴ്ചവയ്ക്കുന്നത് അല്ലെങ്കിൽ കടുത്ത പ്രതിസന്ധി നേരിടുന്നത്. ഇതിന്റെ പശ്ചാത്തലത്തിൽ ജനോപകാരപ്രദവും രാജ്യത്തിന്റെ ആഭ്യന്തര സാമ്പത്തിക സുസ്ഥിരതയ്ക്ക് ഉതകുന്നതുമായ കേന്ദ്ര നയത്തിന്റെ അഭാവം സുവ്യക്തമാണ്. ഇതാണ് രാജ്യം നേരിടുന്ന വെല്ലുവിളിയും.

ഇത് ഏറ്റവും കൂടുതൽ കൂലിയോ സംരക്ഷിത വരുമാനമോ ലഭിക്കുന്ന സംഘടിതമേഖലയിലെ കൂലി പരിശോധിക്കന്നതിലൂടെ വ്യക്തമാക്കാം. വില വർദ്ധനവിനു ആനുപാതികം എന്ന് നാം വിചാരിക്കുന്ന ഡി.എ. 3 ശതമാനമെന്നിരിക്കെ, രാജ്യത്തെ പണപ്പെരുപ്പം 6 ശതമാനമെങ്കിൽ നമുക്ക് ലഭിക്കുന്ന യഥാർത്ഥ വരുമാനം 3 ശതമാനമെങ്കിലും കുറഞ്ഞു എന്നതാണ് യാഥാർത്ഥ്യം. അതായത് കഴിഞ്ഞ വർഷം ഉപയോഗിച്ച വസ്തുക്കളെക്കാൾ 3 ശതമാനം കുറച്ചേ ഈ വർഷം ഉപഭോഗം നടത്താനാകൂ എന്നതാണ് ഈ കണക്ക് അർത്ഥമാക്കുന്നത്. എന്നാൽ ലാഭത്തിന്റെ വളർച്ച പലപ്പോഴും ഇരട്ടിക്കുന്നത് തൊഴിലാളികളിൽ നിന്നും സ്വരുക്കൂട്ടുന്ന ഈ മിച്ചമൂല്യത്തിൽ നിന്നാണ് എന്ന് 150 വർഷം മുൻപുതന്നെ മാർക്സ് മൂലധനസിദ്ധാന്തത്തിൽ

ചൂണ്ടിക്കാണിച്ചത് ഓർക്കേണ്ടതുണ്ട്. സേവന മേഖലയ്ക്കു പുറമെ വ്യവസായിക മേഖലയിലും കാർഷിക മേഖലയിലും സംഭവിക്കുന്നതും ഇതുതന്നെയാണ്. ഇത് വ്യക്തമാക്കുന്ന പഠനമാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ വിനോജ് എബ്രഹാമിന്റെ മാനുഫാക്ചറിങ് (ഉത്പാദന) മേഖലയിലെ പഠനം. കൂലിയും ലാഭവും തമ്മിലുള്ള അന്തരം ക്രമേണ ഇന്ത്യയിൽ വർദ്ധിക്കുന്നു എന്നാണ് ഈ പഠനങ്ങളുടെ ചുരുക്കം.

നവലിബറലിസവും മുതലാളിത്ത ഉൽപാദന ഉപഭോഗക്രമങ്ങളും മെച്ചപ്പെട്ടതെന്ന് നമ്മെ തോന്നിപ്പിക്കുന്നു എങ്കിലും പരോക്ഷമായി നമ്മെ പാപ്പരാക്കുന്ന, നമ്മുടെ അധ്വാനത്തെ പിഴിഞ്ഞെടുക്കുന്ന, സാമ്പത്തിക നയം തന്നെയാണ് എന്നതാണ് പഠനങ്ങളും അനുഭവങ്ങളും വ്യക്തമാക്കുന്നത്. ഇതിനുപുറമേ പ്രതിസന്ധിയുടെ മറവിൽ കൂടുതൽ തൊഴിലാളിവിരുദ്ധവും ചൂഷണപരവുമായ യുക്തിയാണ് നവഉദാരവാദത്തിന്റെ അടിത്തറ. ഇന്ത്യയിൽ പട്ടിണിയും വികസന മുരടിപ്പും ശക്തമായി വളർന്നുവരുമ്പോഴും നവമുതലാളിമാർ ഭീമന്മാരായി മാറുന്ന രംഗം കൂടുതൽ ആശങ്കാജനകമാണ്. വൻതോതിലുള്ള മുതൽ സ്വരൂപീകരണം നടക്കുമ്പോൾ മറുവശത്ത് ജനങ്ങളെ പൂർണമായോ ആപേക്ഷികമായോ പാപ്പരാക്കുന്ന ദൃശ്യം വ്യക്തമാക്കുന്നത് ഇതാണ്. മുതലാളിത്തത്തിന്റെ സ്വാഭാവിക പ്രവർത്തനമാണ് ആധുനികമായ ഈ ചൂഷണം. ചൂഷിതർ പോലും ചൂഷണത്തെ പുകഴ്ത്തുന്ന രീതിശാസ്ത്രമായി മുതലാളിത്തത്തെക്കുറിച്ചുള്ള മാർക്സിന്റെ നിരീക്ഷണത്തെ ശരിവയ്ക്കുന്നതാണ് നവലിബറൽ വ്യവസ്ഥക്ക് റാവു-മൻമോഹൻ മുതൽ മോഡി വരെ നെഞ്ചിലേറ്റുന്നതും സ്തുതിഗീതം ആലപിക്കുന്നതും. ഇതിനെതിരാണ് രാജ്യത്തെ പരിണതപ്രജ്ഞരായ സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായങ്ങൾ. ഇന്ത്യയിൽ വളർച്ച തളരുകയും തൊഴിൽ സൃഷ്ടിയും തൊഴിൽ വളർച്ചയും പാടെ നെഗറ്റിവ് ആവുകയും ചെയ്തിരിക്കുന്നു എന്ന കൗശിക് ബസുവിനെ പോലുള്ളവരുടെ നിരീക്ഷണം ആശങ്കാജനകമാണ്. നിയോലിബറൽ കാലത്തെ ഇന്ത്യയുടെ വിശേഷണമായ "തൊഴിൽ രഹിത വളർച്ചയുള്ള സമ്പദ്ഘടന" എന്നതിനെ മാറ്റി "തൊഴിൽ രഹിത വളർച്ച രഹിത സമ്പദ്ഘടന"യായി ഇന്ത്യ എന്നതാണ് നമുക്ക് മുന്നിലുള്ള ആശങ്ക.

രൂപയുടെ അന്തർദേശീയ വിനിമയ നിരക്ക്

നാം ഉപയോഗിക്കുന്ന ഓരോ വസ്തുവും (സാധന-സേവനങ്ങൾ) പല രാജ്യങ്ങളിൽ ഉത്പാദിപ്പിക്കപ്പെട്ട വസ്തുക്കളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ഉത്പാദന ഉപഭോഗവസ്തു

ക്കൾ നമ്മളിൽ എത്തിക്കുന്ന പ്രക്രിയയെ ഇറക്കുമതി എന്നും നാം ഉത്പ്പാദിപ്പിക്കുന്ന വസ്തുക്കൾ മറ്റ് രാജ്യങ്ങളിൽ എത്തിക്കുന്നതിന് കയറ്റുമതി എന്നുമാണല്ലോ പറയപ്പെടുന്നത്. അന്തർ ദേശീയ വ്യാപാരത്തിന്റെ പ്രസക്തി അതിനാൽത്തന്നെ വ്യക്തവുമാണ്. ഒരു രാജ്യത്തിന്റെ കയറ്റുമതിയും ഇറക്കുമതിയും പരിശോധിച്ചാൽ ആ രാജ്യം എത്രകണ്ടാണ് മറ്റു രാജ്യങ്ങളെ ആശ്രയിക്കുന്നത് എന്ന് എളുപ്പത്തിൽ മനസ്സിലാകും. എന്നാൽ സാധന സേവനങ്ങളുടെ അന്തർദേശീയ വ്യാപാരം നിർണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് അതത് രാജ്യത്തിന്റെ പണത്തിന്റെ വിനിമയമൂല്യം അനുസരിച്ചാണ്. ഈ വിനിമയ മൂല്യത്തിലുള്ള ഏറ്റക്കുറച്ചിലുകൾ രാജ്യത്തിന്റെ കയറ്റുമതിയേയും ഇറക്കുമതിയേയും സാരമായി ബാധിക്കുക മാത്രമല്ല മൊത്തം സമ്പദ്വ്യവസ്ഥയെ തകിടംമറിക്കുന്ന ഒന്നായി പലപ്പോഴും പ്രവർത്തിക്കും. ഈ സാഹചര്യത്തിലാണ് ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയെക്കുറിച്ച് മനസ്സിലാക്കുന്ന ഓരോ വായനക്കാരും "പണത്തിന്റെ വിനിമയ മൂല്യം എഴുപതായി താഴുന്നു" എന്ന വാർത്തയോട് ആശങ്കപ്പെടുന്നത്. ഈ ആകുലതകളിൽ പ്രസക്തമായ ചില ചോദ്യങ്ങൾ - ഒന്ന്) എന്താണ് പണത്തിന്റെ മൂല്യ ശോഷണം? രണ്ട്) എന്തുകൊണ്ടാണ് മൂല്യ ശോഷണം സംഭവിക്കുന്നത്? മൂന്ന്) രൂപയുടെ മൂല്യശോഷണം എപ്രകാരമാണ് സാമ്പത്തിക ക്രയവിക്രയങ്ങളേയും അതുവഴി ഇന്ത്യൻ സമ്പദ്വ്യവസ്ഥയേയും ബാധിക്കുന്നത്? നാല്) ഈ പ്രതിഭാസത്തിന് എന്തൊക്കെ സാമ്പത്തിക ശാസ്ത്ര വിശകലനങ്ങളാണ് നൽകുന്നത്? അഞ്ച്) രൂപയുടെ മൂല്യശോഷണത്തെ പണ പ്രതിസന്ധിയായി കാണാൻ കഴിയുമോ? ഈ ചോദ്യങ്ങളെ ലളിതമായി വിശദീകരിക്കുകയും എപ്രകാരമാണ് നവഉദാര കാലത്ത് ഇന്ത്യയെ ഇത് ബാധിക്കുന്നതെന്നും പരിശോധിക്കാം.

വിനിമയ മൂല്യത്തിന്റെ നിരക്കിന് 'നിശ്ചിത-വിനിമയ നിരക്കെന്നും' (ഫിക്സഡ് എക്സ്ചേഞ്ച് റേറ്റ്) 'അനിശ്ചിത-വിനിമയ നിരക്കെന്നുമാണ്' (ഫ്ളെക്സിബിൽ എക്സ്ചേഞ്ച് റേറ്റ്) പൊതുവിൽ പറയപ്പെടുന്നത്. സർക്കാരുകളോ ബന്ധപ്പെട്ട സംവിധാനങ്ങളോ നിജപ്പെടുത്തുന്ന വിനിമയനിരക്കാണ് നിശ്ചിത വിനിമയ നിരക്ക്. ഇതിൽ മാറ്റം വരുത്തുന്നത് നയപരമായ തീരുമാനങ്ങൾ അനുസരിച്ചാണ്. ഈ വിനിമയ മൂല്യത്തിലെ മാറ്റം ഡിവാല്യൂ/റീവാല്യൂ പ്രക്രിയ എന്നാണ് അറിയപ്പെടുന്നത്. നേരെമറിച്ച്, അന്തർദേശീയ കമ്പോളങ്ങളിലെ ആവശ്യം അനുസരിച്ചുള്ള ചോദനവും പ്രദാനവുമാണ് (ഡിമാൻഡ് & സപ്ലൈ) അനിശ്ചിത-വിനിമയ നിരക്ക് നിർണയിക്കുന്നത്. ആഗോള കമ്പോളത്തിൽ കറൻസിയുടെ അപ്രീസിയേഷൻ/

ഡിപ്രീസിയേഷൻ ആണ് ഈ പ്രക്രിയയിലൂടെ സാധ്യമാകുന്നത്. എന്നാൽ ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ അനിശ്ചിത വിനിമയ വ്യവസ്ഥയിൽ ചെറിയ തോതിലുള്ള നിയന്ത്രണങ്ങളുണ്ട്. അതിനാൽ മാനേജ്ഡ് ഫ്ളോട്ട് എന്നാണ് ഈ നിയന്ത്രിത വിനിമയ വ്യവസ്ഥയെ അറിയപ്പെടുന്നത്. തത്വത്തിൽ ഇന്ത്യയിൽ നിയന്ത്രിത നിരക്കാണ് എങ്കിലും, അനിശ്ചിത വിനിമയ നിരക്കിന്റെ സ്വഭാവമാണ് ഇവിടെ നിലനിൽക്കുന്നത്. അതുകൊണ്ടാണ് രൂപയുടെ മൂല്യം ദിനംപ്രതി കൂടുകയും കുറയുകയും ചെയ്യുന്നത്.

കയറ്റുമതിയും ഇറക്കുമതിയും സാധ്യമാക്കുന്നത് അതതു രാജ്യങ്ങൾ അംഗീകരിച്ച പണത്തിന്റെ മൂല്യം സ്വീകരിച്ചു കൊണ്ടാണല്ലോ. ഉദാഹരണത്തിന് തായ്‌ലൻഡിൽ നിന്നും ഇന്ത്യ റബ്ബർ, ഗം മുതലായവ ഇറക്കുമതി ചെയ്യുന്നു എങ്കിൽ "തായ് ഭട്" ആണ് ഇന്ത്യ നൽകേണ്ടത്. ഇന്ത്യയിൽ നിന്നും പോളിമർ എത്തിലീൻ ഇറക്കുമതിചെയ്യുന്ന തായ്‌ലൻഡ് ഇന്ത്യക്ക് രൂപയും നൽകണം. എന്നാൽ തായ്‌ലൻഡിലേയും ഇന്ത്യയിലേയും കയറ്റുമതി-ഇറക്കുമതി വ്യത്യസ്ത തോതിൽ ആയാൽ ഇന്ത്യയും തായ്‌ലാൻഡും തമ്മിലുള്ള കച്ചവടം അത്രകണ്ട് എളുപ്പം ആകില്ല. ഈ സാഹചര്യത്തിലാണ് രാജ്യങ്ങൾ "പൊതുവായി അംഗീകരിക്കുന്ന പണത്തിന്റെ" (common currency) പ്രസക്തി കടന്നുവരുന്നത്. ബ്രിട്ടന്റെ പൗണ്ടും യുഎസ്സിന്റെ ഡോളറും യൂറോപ്യൻ യൂണിയന്റെ യൂറോയും ജപ്പാന്റെ യെന്നുമാണ് പൊതുവായി അംഗീകരിക്കപ്പെട്ട കോമ കറൻസികൾ. അന്തർദേശീയ വ്യാപാരത്തിലും ഉത്പാദക- ഉപഭോക്തൃ ഘടനയിൽ കാര്യമായ ഓഹരി കൈയാളുന്ന ഇവരുടെ കറൻസിയിലാണ് മിക്കവാറും രാജ്യങ്ങൾ തങ്ങളുടെ പണമൂല്യത്തെ ബന്ധിപ്പിച്ചിരിക്കുന്നത് അഥവാ ഹെഡ്ജ് ചെയ്തിരിക്കുന്നത്. അടുത്തകാലത്ത് ചൈനയുടെ 'റെൻമിൻബി' ഒരു പ്രധാന പൊതു കറൻസിയായി ഉയർന്നു വരുന്നത് ചൈന അന്താരാഷ്ട്ര വ്യാപാര രംഗത്തെ വൻശക്തി യായി മാറുന്നതിന് ഉദാഹരണമാണ്.

ഉത്പാദന-ഉപഭോഗ രംഗങ്ങളിൽ ഇന്ത്യ വൻശക്തിയാണ് എന്ന് വാദിക്കുമ്പോഴും സൂചകങ്ങൾ നമുക്ക് അനുകൂലമല്ല. ഇന്ത്യൻ രൂപയുടെ വർഷങ്ങളായുള്ള പ്രകടനം പരിശോധിക്കുക യാണെങ്കിൽ മറിച്ചൊരു ചിത്രമല്ല നമുക്ക് ലഭിക്കുന്നത്. ഇനി എങ്ങനെയാണ് കറൻസിയുടെ മൂല്യശോഷണത്തെയോ ശക്തിപ്പെടലിനെയോ മനസ്സിലാക്കുന്നതെന്ന് പരിശോധിക്കാം. ഒരു യുഎസ് ഡോളർ വാങ്ങുന്നതിന് 50 രൂപയാണ് ഒന്നാമത്തെ

വിനിമയത്തിൽ നൽകുന്നത് എന്നുകരുതുക. അടുത്ത വിനിമയ നിരക്ക് അമ്പതു രൂപയിൽ നിന്നും 51 രൂപയായാൽ ഇന്ത്യൻ രൂപ ശോഷിച്ചു എന്നും 49 രൂപയായാൽ ഇന്ത്യൻ രൂപ ശക്തിപ്പെട്ടു എന്നുമാണ് അർത്ഥം. ഇന്ത്യൻ കറൻസിയുടെ ഈ മൂല്യശോഷണ- ശക്തിപ്പെടൽ പ്രക്രിയയെ രണ്ട് തരത്തിൽ മനസ്സിലാക്കാം. ഒന്ന്) ഇന്ത്യയുടെ വിനിമയ മൂല്യം ഉയർന്നു എന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത് അന്തർദേശീയ തലത്തിൽ ഇന്ത്യൻ ഉത്പന്നങ്ങൾക്ക് ഉയർന്ന ചോദനം ഉണ്ടാകുകയും അതുമൂലം ഇന്ത്യൻ കറൻസി കൂടുതൽ ഡിമാന്റ് ചെയ്യുകയും ചെയ്യുന്ന സാഹചര്യം. ഇതിന്റെ മറു-ധ്വനി ഇന്ത്യൻ കറൻസിയുടെ മൂല്യ ശോഷണത്തിന്റെ പ്രത്യക്ഷ കാരണം കറൻസിയുടെ അന്തർദേശീയ ചോദനം കുറയുന്നു എന്നാണ്. രണ്ട്) അന്താരാഷ്ട്ര വ്യാപാരങ്ങൾക്ക് ഇന്ത്യൻ രൂപക്കുപകരം ഡോളർ പോലുള്ള കോമൺ കറൻസിയുടെ ആവശ്യം വർദ്ധിക്കുന്നുവെങ്കിൽ രൂപയുടെ ആപേക്ഷിക വില കുറയുന്നതായി കാണാം. ഈ രണ്ട് കാരണങ്ങളുമാണ് വൈദേശികമായി (external force) പണത്തിന്റെ വിനിമയമൂല്യത്തിന്റെ ഏറ്റക്കുറച്ചിലുകൾ നിർണ്ണയിക്കുന്നത്. കൂടാതെ രൂപയുടെ വിനിമയമൂല്യത്തിന്റെ ഏറ്റക്കുറച്ചിലുകൾ ആഭ്യന്തര നയങ്ങൾ കൊണ്ടും മാറുന്നതായി കാണാം. നിലവിലെ കേന്ദ്ര സർക്കാരിന്റെ കാലയളവിലെ വിനിമയനിരക്കുകളുടെ ഡാറ്റ പരിശോധിക്കുകയാണെങ്കിൽ രൂപയുടെ ഏറ്റക്കുറച്ചിലുകൾ കൃത്യമായും മേല്പറഞ്ഞ മൂന്ന് കാരണങ്ങളുടെ വെളിച്ചത്തിൽ അപഗ്രഥിക്കാവുന്നതാണ്.

ചിത്രം - 12

നേരത്തെ സൂചിപ്പിച്ച 2008 ലെ ആഗോള പ്രതിസന്ധിക്കു ശേഷം ഇന്ത്യൻ രൂപ ഡോളർ വിനിമയവുമായി താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട സാഹചര്യമാണ് ഉണ്ടായത്. എന്നാൽ ഉത്തേജന പദ്ധതികൾ പിൻവലിച്ചതോടെ വീണ്ടും രൂപ അന്തർദേശീയ തലത്തിൽ ദുർബലമായി. ഈ ദുർബലത നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്ന മെയ് 2014 മുതൽ ജൂൺ 2020 വരെ കൃത്യമായും മൂല്യ ശോഷണത്തിന് വിധേയ മായത് മുൻ ഭാഗങ്ങളിൽ സൂചിപ്പിച്ച ഇന്ത്യൻ വിനിമയം അന്തർദേശീയ ധനമൂലധന താല്പര്യങ്ങൾക്ക് അടിപ്പെട്ടതാ ണെന്ന വ്യക്തമായ വസ്തുതയാണ്. നേരത്തെ നിർവചിച്ചത നുസരിച്ച് മെയ് 2014-ൽ ഒരുഡോളർ വാങ്ങുന്നതിന് 60.22 രൂപ മതിയായിരുന്ന അവസ്ഥയിൽ നിന്നും 2020 ജൂണിൽ എത്തുമ്പോൾ ഡോളറിന് 75.58 രൂപ നൽകേണ്ടുന്ന അവസ്ഥയാണ് ഇന്ത്യയിൽ സംജാതമായത്. അതായത് ഒരു രൂപക്ക് അന്ന് ലഭിച്ച വസ്തുക്കൾക്ക് ഇന്ന് ഒന്നേകാൽ രൂപ നൽകേണ്ട അവസ്ഥയാണ് അന്തർദേശീയ മൂല്യത്തിൽ നാം ആർജിച്ചത്. അഥവാ അമേരിക്കൻ ഡോളർ ഉപയോഗിച്ചാൽ അന്ന് അവർ വാങ്ങിയ സാധനങ്ങളിൽ നിന്നും ഒന്നേകാൽ ഇരട്ടി ലഭിക്കും എന്ന് സാരം. അതായത് 2014 മെയ്മാസം ഇറക്കുമതി ചെയ്ത സാധന-സേവനങ്ങളുടെ അളവിന്റെ 17 ശതമാനം കുറച്ചു മാത്രമേ 2016 ഫെബ്രുവരിയിൽ അതേ തുകകൊണ്ട് ഇറക്കുമതി ചെയ്യാൻ കഴിഞ്ഞുള്ളൂ എന്നുസാരം. കയറ്റുമതിയുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ 2014 മെയിൽ ഇന്ത്യ കയറ്റുമതി ചെയ്ത വസ്തുക്കളെക്കാൾ 17 ശതമാനം കൂടുതൽ കയറ്റുമതി ചെയ്താൽ മാത്രമേ 2016 ഫെബ്രുവരിയിൽ 2014 മെയ്ക്ക് തക്ക വിദേശ നാണ്യം ലഭിക്കുകയുള്ളു എന്നതാണ് ഇതിന്റെ മറുവശം. പലപ്പോഴും നാം ചർച്ച ചെയ്യുന്ന സംഗതി കയറ്റുമതിയുടെ അളവ് 2014 നെ അപേക്ഷിച് 2020-ൽ കൂടുതലായി എന്നാണ്. എന്നാൽ വിദേശനാണ്യവും അതുപ യോഗിച്ചുള്ള ഇറക്കുമതിയും ഈ ഉയർന്ന കയറ്റുമതി അളവിലും വളരെ തുശ്ചമായിരിക്കും എന്നതാണ് വ്യക്തമാക്കുന്നത്. മറ്റൊരു രീതിയിൽ ഇതിനെ വായിക്കുകയാണ് എങ്കിൽ രൂപയുടെ മൂല്യ ശോഷണത്തിലൂടെ നമുക്ക് നഷ്ടപ്പെടുന്നത് നാം ഉത്പാദി പ്പിക്കുന്ന സാധന സേവനങ്ങൾ തന്നെയാണ്. ഇത് ഡോളർ ഉപയോഗിച്ച് ക്രയവിക്രയം നടത്തുന്ന രാജ്യങ്ങൾക്ക് മൂല്യശോ ഷണം സംഭവിക്കുന്ന രാജ്യങ്ങൾ നൽകുന്ന പ്രതിഫലമായാണ് (commodity aid) നമുക്ക് വിലയിരുത്താനാകുന്നത്.

ഫെബ്രുവരി 2016 വരെയുള്ള മൂല്യശോഷണം വലിയ രീതിയിലുള്ള സർക്കാർ വിമർശനങ്ങൾക്കു വഴിയൊരുക്കിയപ്പോൾ RBI ഇടപെടലുകളിലൂടെ രൂപയുടെ മൂല്യം ക്രമേണ ഉയർത്തി. മാർച്ച് 2016 മുതൽ നവംബർ 2016 വരെ ഏറിയും കുറഞ്ഞും സർക്കാരിന് ഒരുപരിധിവരെ രൂപയുടെ തകർച്ചയെ പ്രതിരോധിക്കാൻ സാധിച്ചു. എന്നാൽ നവംബർ 8-ൽ പ്രഖ്യാപിച്ച ഡിമോണിറ്റൈസേഷൻ അന്താരാഷ്ട്ര വിപണിയിൽ ഇന്ത്യൻ കറൻസിക്കുള്ള വിശ്വാസം പൂർണ്ണമായും നഷ്ടപ്പെടുത്തുകയും കറൻസി വിനിമയ നിരക്ക് വീണ്ടും 2016 ഫെബ്രുവരിയിലെ അവസ്ഥ കൈവരിക്കുകയുമുണ്ടായി. ഈ അവസ്ഥ സൂചിപ്പിക്കുന്നത് വിനിമയ മൂല്യം ആഭ്യന്തര നയങ്ങൾ കാരണം കൂടുകയോ കുറയുകയോ ചെയ്യാം എന്നാണ്. ഡിമോണിറ്റൈസേഷന്റെ അനന്തര ഫലമായി തുടർന്നുള്ള മാസങ്ങളിൽ ഇറക്കുമതി കുറയുകയും രൂപയുടെ ആപേക്ഷിക വില കൂടുകയും ചെയ്തു. ഈ പ്രതിഭാസം നേരത്തേ സൂചിപ്പിച്ച രണ്ടാമത്തെ സാധ്യതയാണ് അനാവരണം ചെയ്യുന്നത്. കാരണം കറൻസി പിൻവലിക്കലിന് ശേഷം ഉണ്ടായ മാസങ്ങളിൽ ഇന്ത്യയുടെ കയറ്റുമതി കൂടിയിട്ടില്ല എന്നത് കൊണ്ടുതന്നെ രൂപയുടെ മൂല്യം ശക്തിപ്പെട്ടത് ഇറക്കുമതിയുടെ അളവ് കുറഞ്ഞതിനാലാണ് എന്ന് ഉറപ്പിക്കാം. ഇത് തന്നെയാണ് 2017-ൽ ഏറ്റവും മെച്ചപ്പെട്ട കറൻസികളിൽ ഇന്ത്യൻ രൂപയെ എത്തിച്ചത്. ഇത് നല്ലതല്ലേ എന്ന് വിചാരിക്കുന്നു എങ്കിൽ അത് പൂർണ്ണമായും ശരിയല്ല. കാരണം, ഈ മെച്ചപ്പെട്ട സ്ഥിതി ഇറക്കുമതിയെ ആശ്രയിച്ചാണ് എന്ന് സൂചിപ്പിച്ചല്ലോ. ഇറക്കുമതി മൂല്യത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായാൽ ഇന്ത്യൻ രൂപയുടെ അപേക്ഷികമായുള്ള മൂല്യം കുറയും. അന്താരാഷ്ട്ര വിപണിയിൽ എണ്ണവില ഉയരുമ്പോൾ രൂപ കൂടുതൽ ദുർബലമാകുന്നത് ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. ഉദാഹരണത്തിന് രണ്ടാം യുപിഎ യുടെ ആരംഭത്തിൽ ഡോളറിന് 48 രൂപ ആയിരുന്നത് എണ്ണവില ഉയരുന്നത് അനുസരിച്ച് 2014 മെയ് അവസാനത്തോടെ 58 രൂപയിൽ എത്തിയിരുന്നു.

സാമ്പത്തിക ശാസ്ത്രജ്ഞർ പ്രത്യേകിച്ചും നിയോക്ലാസ്സിക്കൽ-നവലിബറൽ ആശയങ്ങളെ പിന്താങ്ങുന്നവർ മുന്നോട്ടുവയ്ക്കുന്ന യുക്തി രൂപയുടെ മൂല്യം കുറഞ്ഞാൽ നമ്മുടെ കയറ്റുമതി വർദ്ധിക്കുകയും കൂടുതൽ വിദേശ നാണ്യം നേടിത്തരുകയും ചെയ്യും എന്നതാണ്. എന്നാൽ രൂപയുടെ മൂല്യം

കുറഞ്ഞപ്പോൾ ഒക്കെ തന്നെ നമ്മുടെ കയറ്റുമതി ചെറിയ തോതിൽ വർദ്ധിക്കുകയും ഇറക്കുമതിയുടെ ചെലവ് വലിയ തോതിൽ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യമാണുണ്ടായത്. ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന കറണ്ട് അക്കൗണ്ട് ഡെഫിസിറ്റ് സൂചിപ്പിക്കുന്നത്, രൂപയുടെ മൂല്യം കുറഞ്ഞാലുണ്ടാകുന്ന വിദേശനാണ്യത്തിന്റെ വർദ്ധനവെന്ന നവലിബറൽവാദം ഇന്ത്യയ്ക്ക് ഗുണകരമല്ല എന്ന വസ്തുതയാണ്. ഇന്ത്യയെ മാത്രമല്ല ഈ വാദം അനുകരിക്കുന്ന എല്ലാ രാജ്യങ്ങളും ഈ കെണിയിൽ അകപ്പെട്ടിട്ടെയുള്ളു. പൊതുകറൻസിയിലൂടെ വിപണനം നടത്തുന്ന രാജ്യങ്ങൾ, വിശേഷിച്ചും യുഎസ് പോലുള്ള രാഷ്ട്ര ങ്ങൾക്കാണ്, നവലിബറൽ സാമ്പത്തിക ഉപദേശം ഗുണകരമാകുന്നത്. അതിനാൽത്തന്നെ ഇത്തരം വാദം സഹായിക്കുന്നത് വികസ്വര രാജ്യങ്ങളിലെ അദ്ധ്വാനിക്കുന്ന ജനതയെ അല്ല. മറിച്ച്, അവരുടെ അദ്ധ്വാനമൂല്യം കുറഞ്ഞവിലയ്ക്ക് ആഗോള ധനമൂലധനത്തിന് സ്വായത്തമാക്കാൻ കഴിയുന്ന സാഹചര്യം ഒരുക്കുകയാണ് നവലിബറൽ സാമ്പത്തിക വിചക്ഷകർ. മാർക്കറ്റ് യുക്തിക്കപ്പുറത്ത് ചിന്തിക്കുന്ന സാമ്പത്തിക നിരീക്ഷകർ ഈ പ്രക്രിയയെ മുതലാളിത്ത വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിന് വികസ്വര രാഷ്ട്രങ്ങളുടെ ചെലവിൽ വികസിത രാജ്യങ്ങൾ നേടുന്ന കമ്മോഡിറ്റി എയ്ഡ് എന്നാണ് വിശേഷിപ്പിക്കുന്നത്.

യുഎസ് ഡോളർ കൂടാതെ മറ്റ് പൊതു കറൻസികളുമായുള്ള രൂപയുടെ വിനിമയം മനസ്സിലാക്കിയാൽ കമ്മോഡിറ്റി എയ്ഡ് നടക്കുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമാക്കാൻ ചിലപ്പോൾ സാധിച്ചേയ്ക്കും. ഈ അവലോകനത്തിനായി ജാപ്പനീസ്

ചിത്രം - 13

യെന്നുമായുള്ള രൂപയുടെ വിനിമയ മൂല്യം പരിശോധിക്കാം.

ജാപ്പനീസ് യെൻ-രൂപ വിനിമയ നിരക്ക് 2008നു ശേഷം ജപ്പാനനുകൂലമായിരുന്നെന്ന് ഗ്രാഫ് പരിശോധിച്ചാൽ വ്യക്ത മാകും. അന്തർദേശീയ തലത്തിൽ യുഎസ്കേന്ദ്രീകൃതമായ വ്യവസ്ഥ പ്രതിസന്ധിയിലായപ്പോൾ, കിഴക്കൻഏഷ്യൻ രാജ്യങ്ങ ളുമായുള്ള വ്യാപാരബന്ധം മെച്ചപ്പെട്ടപ്പോൾ ഉണ്ടായ യെന്നിന്റെ മൂല്യവർധനവാണ് ഈ മാറ്റം. എന്നാൽ ഇന്ത്യൻ സമ്പദ്ഘടന മെല്ലെപ്പോക്ക് ആരംഭിച്ചപ്പോൾ, നേരത്തെ സൂചിപ്പിച്ച അസംസ്കൃത എണ്ണവില വർധിച്ചപ്പോൾ, യെന്നിന്റെ മൂല്യം സ്വാഭാവികമായി കുറഞ്ഞു. 2015 ജൂലൈ മുതൽ തുടർച്ചയായി ഇന്ത്യൻ സമ്പദ് ഘടന താഴേക്കുപോകുന്ന പശ്ചാത്തലത്തിൽ, യെൻ-രൂപ നിരക്ക് കുറയുന്ന സാഹചര്യമാണ് സംജാതമായത്. കൂടാതെ നോട്ട് നിരോധന കാലയളവിൽ ഇന്ത്യൻരൂപ അങ്ങേയറ്റം ദുർബലപ്പെട്ടതായി ഗ്രാഫിൽ നിന്നും മനസ്സിലാക്കാം. മറുവശത്ത്, നോട്ട്നിരോധനം മൂലം ഇറക്കുമതിയിലുണ്ടായ കുറവ് രൂപയെ ശക്തിപ്പെടുത്തി. ഇതിന്റെ പരിണത ഫലമായി 2017 അവസാനി ക്കുന്നതുവരെ രൂപ മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ചവെച്ചത്. ഇറക്കുമതിയുടെ അളവ്/ മൂല്യം കൂടിവരുന്ന സാഹചര്യത്തിൽ കറൻസി കൂടുതൽ ദുർബലപ്പെടുന്ന സാഹചര്യവും പിന്നീടിത് സൃഷ്ടിച്ചു. വളർച്ചയുടെ മെല്ലെപ്പോക്കും കറണ്ട് അക്കൗണ്ട് ഡെഫിസിറ്റിന്റെ ഭീമമായ വളർച്ചയും മാത്രമല്ല, മൊത്തം അന്താ രാഷ്ട്ര വാണിജ്യത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യക്ക് പ്രതികൂല മായ സാഹചര്യമാണ് രൂപയുടെ മൂല്യ ശോഷണം സമ്മാനിക്കു ന്നത്.

വികസിത രാജ്യങ്ങളിൽ പലതും അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ആഗോള കമ്പോളത്തിൽ അവരുടെ ചോദനത്തിന് ഇടിവുണ്ടാക്കുന്നു. ഫലത്തിൽ വികസ്വര രാഷ്ട്രങ്ങളിലെ കറൻസികൾ പലതും മൂല്യശോഷണത്തിന് ഇരയാകുകയും ചെയ്യുന്നു. മാറുന്ന ആഗോള സാമ്പത്തിക സമവാക്യങ്ങളിൽ (ബ്രെക്സിറ്റ്, യൂറോപ്യൻ യൂണിയൻ, പശ്ചിമേഷ്യൻ പ്രതിസന്ധി തുടങ്ങിയവ) ക്രയവിക്രയങ്ങൾക്ക് ഡോളർ കൂടുതൽ സ്വീകാര്യമായ നാണയമാകുന്ന സാഹചര്യ മാണ് വന്നുചേർന്നിരിക്കുന്നത്. കൂടാതെ, ട്രംപിന്റെ വികസ്വര രാഷ്ട്രവിരുദ്ധ നയങ്ങളും, ഇന്ത്യ പോലുള്ള രാജ്യങ്ങളിലെ കറൻസി മൂല്യങ്ങളെ സാരമായി ബാധിച്ചിരുന്നു. കുതിച്ചുയരുന്ന ആഗോള ഇന്ധനവിലയും ഇന്ത്യൻ രൂപയുടെ മൂല്യം വീണ്ടും കുറയ്ക്കും എന്നതാണ് സാമ്പത്തിക രംഗം സൂചിപ്പിക്കുന്നത്.

നവഉദാരവാദോത്തരകാലത്തെ നോട്ട് ബന്ദി

നാണയവും മൂല്യവും അതിന്റെ ക്രയവിക്രയവും അങ്ങേയറ്റം ബന്ധപ്പെട്ടു കിടക്കുന്ന പ്രശ്നങ്ങളാണ്. രണ്ടായിരത്തി പതിനാറ് നവംബർ എട്ടിന് ഇന്ത്യാ ഗവൺമെന്റ് രാജ്യത്ത് പ്രചാരത്തിൽ നിലനിന്നിരുന്ന രണ്ട് പ്രധാന നാണയ മൂല്യങ്ങളായ 500, 1000 നോട്ടുകളെ അസാധുവായി പ്രഖ്യാപിക്കുകയും നവംബർ മാസം ഒമ്പതിനുതന്നെ ഈ തീരുമാനം പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്തു. അന്ന് ധനകാര്യ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുകയും പത്താം തീയതി പുതിയ നോട്ടായ 2000 രൂപ ഇറക്കുകയുമുണ്ടായി. എന്നാൽ രാജ്യത്തെ മൊത്തം പണമിടപാടിന്റെ 86 ശതമാനം വഹിച്ചിരുന്ന 500ഉം 1000വും നോട്ടുകൾ മൂല്യമറ്റതായതോടെ ജനം പരിഭ്രാന്തരായി. ഇതിനെത്തുടർന്ന് രാജ്യമെമ്പാടും ആശങ്കകളും കഷ്ടതകളും സാധാരണ ജനജീവിതത്തിന്റെ തന്നെ സ്തംഭനവും സംജാതമായി. ഈ സാഹചര്യത്തിൽ മൂല്യമില്ലായ്മ ചെയ്യപ്പെട്ടതിനെ അനുകൂലിച്ചും പ്രതികൂലിച്ചും ധാരാളം പ്രതികരണങ്ങൾ വന്നുകൊണ്ടിരുന്നു. പലരും ഇതിനെ ആദ്യം കണ്ടത് കേവലം രാഷ്ട്രീയമായാണ്. ഇത് എത്രത്തോളം സാമ്പത്തിക മണ്ഡലത്തെ ഇളക്കിമറിച്ചു എന്നതിന്റെ സാക്ഷ്യമാണ് നേരത്തെ സൂചിപ്പിച്ച കണക്കുകൾ.

പണത്തിന്റെ (പ്രത്യേകിച്ചും കറൻസി) മൂല്യം എന്നത് രാജ്യത്തിന്റെ അധികാര വ്യവസ്ഥ കല്പിച്ചുനൽകുന്ന വിശ്വാസവും അതുമൂലമുണ്ടാകുന്ന ജനങ്ങളുടെ അംഗീകാരവുമാണ്. കാലാകാലങ്ങളിൽ ഈ അംഗീകാരങ്ങൾ അധികാരവ്യവസ്ഥയുടെ മാറ്റങ്ങളെ ഉൾക്കൊണ്ട് സാധാരണവത്കരിക്കപ്പെടും എന്നതും ചരിത്രമാണ്. എല്ലാ നോട്ടുകളിലും 'മൂല്യം അംഗീകരിച്ച് പെരുമാറണം' എന്ന് ആലേഖനം ചെയ്ത് ഒപ്പ് പതിപ്പിക്കുന്നത് ഇതാണ് സൂചിപ്പിക്കുന്നത്. ഇതുതന്നെയാണ് സർക്കാരിലേയും ആർബിഐയിലേയും അധികാരത്തിന്റെയും വിശ്വാസത്തിന്റെയും ഊടും പാവും. ചിലപ്പോഴൊക്കെയെങ്കിലും ഇതിനോട് ജനത അല്പമെങ്കിലും കലഹിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും അധികാര കേന്ദ്രങ്ങളോട് നിഷേധാത്മക സമീപനം സ്വീകരിക്കുകയോ ചെയ്യുന്നത് അതിനാൽത്തന്നെ കുറ്റകരമായാണ് വീക്ഷിക്കുന്നത്. എന്നാൽ അധികാരക്രമങ്ങൾ മാറുമ്പോൾ അധികാരവ്യവസ്ഥയുടെ മാറ്റത്തെ സൂചിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നോട്ടുകളും നാണയങ്ങളും ഇറക്കുന്നത് സ്വാഭാവികമാണ്. ഇത് മുൻകാലങ്ങളിൽ സ്വീകരിച്ചു പോന്നിരു

ന്നതുമാണ്. എന്നാൽ ജനങ്ങളോട് ഉത്തരവാദിത്വമില്ലാത്ത ഭരണങ്ങൾ പോലും കറൻസി മാറ്റം സാധ്യമാക്കുന്നത് ക്രമേണ പഴയതിനെ തിരസ്കരിച്ച് പുതിയ നാണയത്തെ അവരോധിക്കുന്നതിലൂടെയാണ്. ഇത്തരം സമീപനങ്ങളോട് പുറംതിരിഞ്ഞുനിൽക്കുന്ന കാഴ്ചയാണ് ഇപ്പോഴത്തെ കേന്ദ്രത്തിലെ ജനാധിപത്യ സർക്കാർ സ്വീകരിച്ചത്. ഇത് ജനാധിപത്യത്തിന്റെയും വിശ്വാസത്തിന്റെയും കടയ്ക്കലാണ് കത്തിവയ്ക്കുന്നത് എന്ന് അമർത്യ സെന്നിനെ പോലുള്ളവർ അഭിപ്രായപ്പെടുന്നു. ജനാധിപത്യ സർക്കാരുകൾ ഇത്തരം രീതികൾ നിർദാക്ഷണ്യം പൗരരുടെ മേൽ അടിച്ചേൽപ്പിക്കുമ്പോൾ നഷ്ടമാകുന്നത് ജനായത്തതയിലുള്ള വിശ്വാസമാണ്.

1946 ലെ ഡിമോണിറ്റൈസേഷനിലൂടെ പതിനായിരം രൂപ നോട്ടുകൾ പിൻവലിക്കുകയായിരുന്നു ബ്രിട്ടീഷ് സർക്കാർ ചെയ്തത്. ധനികർക്കിടയിൽ വ്യാപകമായ തോതിൽ കള്ളപ്പണ പ്രചാരണം നടക്കുന്നു എന്ന നിരീക്ഷണത്തെ തുടർന്നാണ് സർക്കാർ ഈ തീരുമാനം കൈക്കൊണ്ടത്. 2016 ൽ ഡിമോണിറ്റൈസേഷനിലൂടെ സർക്കാർ മുന്നോട്ടുവയ്ക്കുന്നതും ഇതേ വാദഗതിയാണ്. 1946 ഉം 2016 ഉം സാദൃശ്യപ്പെടുന്നത് ഈ വാദഗതിയിലാണ്. എന്നാൽ രണ്ട് കാലഘട്ടങ്ങളിൽ പണത്തിന് കല്പിച്ചു നൽകിയ മൂല്യവും അതിന്റെ കൈകാര്യവും തികച്ചും വ്യത്യസ്തവും സാമ്യമറ്റതുമാണ്. അതുകൊണ്ടുതന്നെ ഇവയുടെ പ്രത്യാഘാതങ്ങളും വ്യത്യസ്തമായിരുന്നു. ഇത് മനസ്സിലാക്കുമ്പോഴാണ് ഇപ്പോൾ നാം എവിടെ നില്ക്കുന്നുവെന്നും ഈ നയം എത്ര ദുർബലമായിരുന്നു എന്നു വ്യക്തമാകുന്നത്.

ഈ രണ്ട് കാലഘട്ടങ്ങളിലും നാം മനസ്സിലാക്കേണ്ട വ്യത്യാസം 1946-ൽ സാധാരണ ജനങ്ങൾ ഒരു രൂപതന്നെ കഷ്ടിച്ചാണ് ക്രയവിക്രയം നടത്താൻ ഉപയോഗിച്ചത്. ഇത് മനസ്സിലാക്കാൻ വ്യത്യസ്ത രീതികൾ ഉണ്ടെങ്കിലും സ്വർണ്ണമോ വെള്ളിയോ അനുസരിച്ച് രൂപയുടെ മൂല്യം മനസ്സിലാക്കുക എന്നതാണ് കൂടുതൽ സ്ഥിരതയുള്ള മാനകമായി മനസ്സിലാകുന്നത്. ഇതിനു കാരണം പണപ്പെരുപ്പ-ചുരുക്കങ്ങളെ ഒരുവിധം താരതമ്യാധാരം ചെയ്തു മനസ്സിലാക്കാൻ സാധിക്കുന്നത് ഈ മാനകത്തിലൂടെയാണ്. ഇതുപോലും ഒരു പൂർണ്ണമായ രേഖയായി കാണുന്നതിൽ പരിമിതി ഉണ്ടെങ്കിലും ഇത് യുക്തിഭദ്രമാണ് എന്നത് തർക്കമറ്റതാണ്.

സ്വർണ്ണ വിലയിലാണ് നാം രൂപയുടെ മൂല്യത്തെ മനസ്സിലാക്കുന്നത് എങ്കിൽ കാര്യങ്ങൾ കൂടുതൽ ലളിതമാകുമെന്ന്

പറഞ്ഞല്ലോ. 1946-ൽ 24 ക്യാരറ്റ് സ്വർണ്ണം ഗ്രാമിന് അന്നത്തെ 8.38 രൂപയാണ്. അതായത് പതിനായിരം രൂപയ്ക്ക് 1946ൽ ഏകദേശം 1193 ഗ്രാം സ്വർണ്ണം വാങ്ങാം. ഇന്നത്തെ കണക്കിൽ (2016 നവംബർ) ഇതിനെ മാറ്റിയാൽ (24 ക്യാരറ്റ് തങ്കത്തിന്) ഗ്രാമിന് 3080 രൂപയാണ്. അങ്ങനെയെങ്കിൽ 1946 ലെ പതിനായിരം രൂപയുടെ മൂല്യം ഏകദേശം 3674440 രൂപയാണ്. മുപ്പത്തേഴ് ലക്ഷത്തോളം രൂപ എന്നത് എത്ര വലിയ സർക്കാർ ജീവനക്കാർക്കും വാർഷികമായി നേടാവുന്ന വരുമാനത്തിലും പലമടങ്ങ് മുകളിലാണ്. ആയതിനാൽ ഈ പതിനായിരത്തിന്റെ പിൻവലിക്കൽ രാജ്യത്ത് ഒരു ക്രമസമാധാന പ്രശ്നവും അന്ന് സൃഷ്ടിച്ചില്ല എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. അതിനാൽ ഈ പണം ആരാണ് കൈവശം വച്ചിരുന്നത് എന്നും ഇത് പിൻവലിക്കാൻ ഉദ്ദേശിക്കുന്നതിന്റെ പൊരുൾ എന്തെന്ന് ഉൾക്കൊള്ളാനും സാധിക്കും. പതിനായിരം എന്ന വലിയ തുകയേക്കാൾ വളരെ ചെറിയ (നൂറിലൊന്ന്) മൂല്യമുള്ള നൂറ് രൂപയാണ് പിന്നെ ഉപയോഗിച്ചിരുന്ന വലിയ തുക. കൂടാതെ 50, 10 എന്നീ ചെറിയ മൂല്യങ്ങളും അടങ്ങുന്നതാണ് ഇരുപതാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് ഇന്ത്യൻ നോട്ടുകൾ. ഈ പണ മൂല്യങ്ങളും മാനകങ്ങളും ക്രയവിക്രയത്തിന്റെ നട്ടെല്ല് ആകുമ്പോൾ വലിയനോട്ടുകൾ വലിയ തോതിലുള്ള വളരെ വെലോസിറ്റി കുറഞ്ഞ ട്രാൻസാക്ഷൻ മാനകങ്ങൾ ആയിരുന്നു. അതിനാൽത്തന്നെ ഇതിനെ ഒരു ശേഖരമായി കണ്ട് പിൻവലിക്കാനുള്ള സർക്കാർ ശ്രമങ്ങളാണ് 1946 ൽ നടന്നത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നൂറുരൂപ നോട്ടാണ് ഏറ്റവും വലിയ പണ മൂല്യമായിരുന്നത്. എന്നാൽ 1954-ൽ റിസർവ് ബാങ്ക് വീണ്ടും 1000, 5000, 10000 രൂപ നോട്ടുകൾ പുനരവതരിപ്പിക്കുകയുണ്ടായി. കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക ഇടപാടുകൾക്കാണ് ഈ ഉന്നത മൂല്യമുള്ള തുക അവതരിപ്പിച്ചത്. പരമ്പരാഗത വിനിമയ ഉപാധികളെക്കാൽ ലളിതവും സുതാര്യവുമായിരുന്നു പണത്തിന്റെ കൈകാര്യം എന്നതിനാലാണ് ഈ തുകകൾ വീണ്ടും പ്രചാരത്തിൽ എത്തിച്ചത്. കോൺഗ്രസ്സ് സർക്കാരിന്റെ അന്ത്യം കുറിച്ചുകൊണ്ട് ജനതാ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വർദ്ധിച്ച തോതിലുള്ള കള്ളപ്പണം പ്രത്യേകിച്ചും തിരഞ്ഞെടുപ്പിലും അതിനുമുമ്പായ അധികരിച്ചു എന്നവാദം മുൻനിർത്തി മൊറാർജി ദേശായി 1978-ൽ ഈ നോട്ടുകൾ മൂല്യരഹിതമാക്കി പിൻവലിച്ചു. അപ്പോഴും ഇന്ത്യയിലെ സാധാരണക്കാർക്ക് ഈ ഉന്നത മൂല്യങ്ങളിലുള്ള തുക അപ്രാപ്യമായിരുന്നു. രാജ്യത്തിന്റെ

സാമാന്യ വരുമാനവും വേതനവും വളരെ തുച്ഛമായതിനാലും ഇവ സാധാരണ വിനിമയ ഉപാധി അല്ലാത്തതിനാലും സാമാന്യ ജനജീവിതത്തെ ഒട്ടും ഈ രൂപയുടെ അവതരണമോ പിൻവലിക്കലോ ബാധിച്ചില്ല. ഉദാഹരണത്തിന് നേരത്തെ സൂചിപ്പിച്ചത് പോലെ 1978-ലെ സ്വർണ്ണവില ഗ്രാമിന് 68.5 രൂപയായിരുന്നു. ഡിമോണിറ്റൈസേഷന് വിധേയമായ പതിനായിരം രൂപയ്ക്ക് 146 ഗ്രാമോളം സ്വർണ്ണം ലഭിക്കുമായിരുന്നു. അതിന്റെ ഇന്നത്തെ മൂല്യം ഏകദേശം 450000 രൂപ വരും. അങ്ങിനെയാണെങ്കിൽ കുറഞ്ഞ മൂല്യമായ 1000 രൂപയ്ക്കു 45000 രൂപയോളം വരും. 10000/1000 രൂപ ഇന്നത്തെ ശരാശരി സർക്കാർ ജീവനക്കാരന്റെ വാർഷിക/മാസ വരുമാനത്തോളം വരുമിത്. അപ്പോൾ ഇതിന്റെ ഫലം മനസ്സിലാക്കാവുന്നതേയുള്ളു.

1996 വരെ ദേശായി സർക്കാർ അവതരിപ്പിച്ച അഞ്ഞൂറ് രൂപയും മറ്റ് ചെറിയ സംഖ്യകളും തുടർന്നു. എന്നാൽ ഈ കാലയളവിൽ വർദ്ധിച്ച കള്ളനോട്ടുകൾ കാരണം എല്ലാ വലിയ സംഖ്യ നോട്ടുകളും സർക്കാർ പുതുതായി അച്ചടിക്കാൻ തീരുമാനിച്ചു. പുതിയ നോട്ട്, സമ്പദ്‌വ്യവസ്ഥയിൽ കൊണ്ടുവരുന്നതോടെ താൽകാലികമായി കള്ളനോട്ടുകൾ ഇല്ലാതാക്കുകയാണ് സർക്കാർ ഉന്നംവച്ചത്. അങ്ങനെ, മഹാത്മാഗാന്ധി സീരിസ് എന്നറിയപ്പെടുന്ന ഇപ്പോൾ മൂല്യം ഇല്ലാതാക്കിയ നോട്ടുകളുടെ സീരീസ് 1996 മുതൽ ആരംഭിച്ചു. ഈ പുതിയ സീരീസിൽ 1000 രൂപ നോട്ട് പുനരവതരിപ്പിക്കുകയുണ്ടായി. ഈ കാലഘട്ടങ്ങളിൽ ക്രമാതീതമായുണ്ടായ പണപ്പെരുപ്പവും രാജ്യം ഉദാരവല്കരണത്തിനും സ്വകാര്യവല്കരണത്തിനും വിധേയമായതും മൂലം കൂലി, ക്രയവിക്രയങ്ങളുടെ മൂല്യച്യുതി തുടങ്ങി നിരവധി ഘടകങ്ങളോട് പ്രതികരിക്കുന്നതിനാണ് ഈ നീക്കം. ഇതിന് മറ്റൊരു ഉദാഹരണമാണ് ചെറിയ നോട്ടുകളായ ഒരുരൂപ, രണ്ടുരൂപ, അഞ്ചുരൂപ മുതലായവ ഈ സീരീസിൽ നിന്നും ഒഴിവാക്കിയത്. ഈ പുതിയ നോട്ടുകളെ കാലഘട്ടത്തിന്റെ ആവശ്യമായാണ് പലരും കണ്ടതും അംഗീകരിച്ചതും. എന്നാൽ അഞ്ചുരൂപ നോട്ടുകൾ ചെറിയ സംഖ്യ എന്ന നിലയിൽ വീണ്ടും 2002-ൽ സർക്കാർ അവതരിപ്പിച്ചു. 2001-ൽ ഇരുപതുരൂപയും പുതിയ സീരീസിൽ ഇറക്കുമ്പോൾ സർക്കാർ പഴയ നോട്ടുകളെ ഒറ്റ രാത്രികൊണ്ടോ ഒരാഴ്ചകൊണ്ടോ അല്ല പിൻവലിച്ചത്. പകരം രാജ്യത്തെ വിനിമയ സമ്പ്രദായത്തെ തകരാറിലാക്കാതെ ക്രമേണയാണ് നോട്ടുകൾ പിൻവലിച്ചത്.

തൊണ്ണൂറ്റിയാറിലെ നോട്ടുകളും കാലക്രമേണ കള്ളനോട്ടു നിർമാതാക്കൾ കോപ്പി ചെയ്ത് രാജ്യത്ത് ക്രയവിക്രയത്തിലെ

ത്തിച്ചു. നോട്ടിന്റെ സുരക്ഷ കൂടുതൽ ഉറപ്പാകുന്നതിനാണ് സർക്കാർ 2005 മുതൽ നോട്ടിനു പിന്നിൽ വർഷം കുറിച്ചു കൊണ്ടുള്ള പുതിയ രീതിയും സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയത്. ഇതില്ലാത്ത നോട്ടുകളെ രണ്ടാം യു.പി.എ. കാലത്ത് പിൻവലിച്ചതിൽ പ്രതിപക്ഷമായ ബിജെപി വലിയ ഒച്ചപ്പാടുണ്ടാക്കി. ഇത് ഇന്ന് സ്വീകരിച്ച നയത്തെക്കാൾ ഫല പ്രദമായി പണത്തിന്റെ മൂല്യം ഇല്ലാതാക്കാതെ തന്നെ, പ്രത്യേ കിച്ചും ജനങ്ങളുടെ ശ്രദ്ധപോലും ക്ഷണിക്കാതെയാണ് നടപ്പാ ക്കിയത്. 2015 ഡിസംബർ മുപ്പത്തിയൊന്നു വരെ സർക്കാർ ഇതിന്റെ കാലാവധി നീട്ടുകയുമുണ്ടായി. മോഡിസർക്കാർ വന്ന തിനുശേഷം വ്യാപകമായ കള്ളനോട്ട് ഉണ്ടായി എന്നാണ് സർക്കാരിന്റെ വാദത്തെ അപനിർമ്മിക്കുമ്പോൾ മനസ്സിലാകു ന്നത്. വെറും രണ്ടുവർഷം കൊണ്ട് വല്യ ഒരു ശതമാനം തുക കള്ളനോട്ട് രാജ്യത്തുണ്ടെന്ന് പറയുന്ന ന്യായവാദം ദുർബല മായ ഒരുവാദം മാത്രമാണ്. 2005-നു മുൻപുള്ള സീരീസിന്റെ പിൻവലിക്കലിന്റെ തുടർച്ചയായി പുതിയ നോട്ടുകൾ സർക്കാ രിന് ഇറക്കാം എന്നിരിക്കെയാണ് അഞ്ഞൂറും ആയിരവും നോട്ടു കൾ ഒറ്റ രാത്രികൊണ്ട് അസാധുവാക്കി പിൻവലിച്ചത്.

മൊറാർജി ദേശായിയുടെ നയത്തിന് വിപരീതമായി കള്ള നോട്ട് ചെറുക്കാൻ ഇപ്പോഴത്തെ കേന്ദ്രസർക്കാർ ഇറക്കിയത്, നിലവിലുള്ള സംഖ്യകളേക്കാൾ വലിയ സംഖ്യയിലുള്ള നോട്ടാണ്. ഇത് സാധാരണക്കാരെ കൂടുതൽ വലയ്ക്കുന്ന തീരുമാനമായിരുന്നു. കാരണം കള്ളപ്പണം വലിയ കാശുകാർ നടത്തുന്ന ഇടപാടാണെങ്കിൽ വലിയസംഖ്യയുടെ അവതരണം ഇവരെ കൂടുതൽ സഹായിക്കില്ലേ എന്ന ചോദ്യമാണ് എല്ലാ ഭാഗത്തു നിന്നും ഉയർന്നുവന്നത്. ഇതിന്റെ യുക്തി അതുകൊ ണ്ടുതന്നെ സംശയാസ്പദമാണ്. മറ്റൊരുപ്രശ്നം ജനങ്ങൾ ഇതുവരെ കണ്ടിട്ടില്ലാത്ത, ഉപയോഗിച്ചിട്ടില്ലാത്ത, ഇറക്കിയി ട്ടില്ലാത്ത കറൻസി മൂല്യമായ രണ്ടായിരം രൂപ ആദ്യമായി അവതരിപ്പിക്കുകയാണ്. നോട്ടിന്റെ നിറം പോകുന്നതു മുതൽ അതിലെ സുരക്ഷാ ക്രമീകരണങ്ങളിലെ വീഴ്ചയായ അക്ഷര തെറ്റു വരെ ജനങ്ങളുടെ വിശ്വാസ്യത പ്രഥമദൃഷ്ടിയാൽ പ്രതികൂ ലമാക്കുകയാണു ചെയ്തത്. ഇവിടെ രണ്ടായിരം എന്ന പുതിയ ഡിനോമിനേഷൻ എത്ര ഗുണകരമാകുമെന്നത് ഈ സന്ദർഭ ത്തിൽ സംശയാസ്പദമായിരുന്നു. ഇതിനെ സാധൂകരിക്കുന്ന തരത്തിലാണ് ഇപ്പോൾ രണ്ടായിരം രൂപ നോട്ട് സർക്കുലേഷനിൽ നിന്നും നീക്കുന്നത്. അഞ്ഞൂറ് രൂപ പുതിയ രൂപത്തിൽ സർക്കാർ അവതരിപ്പിച്ചത് പ്രായോഗികമായും സ്വാഗതാർഹമാണ്.

എന്നാൽ ആയിരം രൂപ പാടെ ഇല്ലാതാക്കിയത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കി. കള്ളനോട്ട് ഇല്ലായ്മ ചെയ്യുകയും അതുവഴി രാജ്യത്തിലെ കള്ളപ്പണം ഇല്ലായ്മ ചെയ്യുകയുമാണ് എന്ന പ്രാഥമിക ഉദ്ദേശ്യം പരിപൂർണ്ണ പരാജയമായിരുന്നു.

കള്ളപ്പണം ഇല്ലാതാക്കുക എന്ന ലക്ഷ്യമാണ് 'സാമ്പത്തിക ശസ്ത്രക്രിയ' (surgical strike) എന്ന സർക്കാരിന്റെ ഔദ്യോഗിക ഭാഷ്യം. കള്ളനോട്ടിനെതിരെയുള്ള സർക്കാർ നിലപാട് കൂടുതൽ ഭദ്രമായ പുതിയ നോട്ട് കൊണ്ടുവരിക എന്നുള്ളതാണ്. ആ നിലപാട് സ്വാഗതാർഹവുമാണ്. പുതിയ നോട്ടിന്റെ പ്രചാരം ഒരുപരിധിവരെ കുറഞ്ഞ കാലത്തേക്കെങ്കിലും കള്ളനോട്ടിനു തടയിടും എന്നതിൽ തർക്കമില്ല. ഇതിൽ നാം നേരത്തെ ഉന്നയിച്ചതുപ്രകാരം കള്ളനോട്ട് സാധ്യത പർവ്വതീകരിക്കപ്പെട്ടത്ര ഇല്ലെങ്കിൽ കൂടിയും പുതിയനോട്ടുകൾ ഒരു ചെറിയ കാലത്തേക്കെങ്കിലും വലിയ തോതിൽ കള്ളനോട്ടുകളെ തടയും. ഈ വാദത്തിന് അപവാദമായി കേവലം ഒരുമാസം കൊണ്ടു വലിയതും പുതിയതുമായ നോട്ടുകൾ കള്ളനോട്ടായി പ്രചരിച്ചു തുടങ്ങി എന്ന ആശങ്കാജനകമായ വാർത്തകളും വന്നു. ഡിമോണിറ്റൈസേഷൻ കള്ളപ്പണം ഇല്ലായ്മ ചെയ്യും എന്ന വാദത്തിന്റെ കാതൽ കള്ളനോട്ട് ഒരു 'ശേഖരമാണ്' എന്ന കാഴ്ചപ്പാടാണ്. കള്ളനോട്ട് പുതിയ നോട്ട് വരുമ്പോൾ ഇല്ലാതാകും എന്ന വാദത്തിലും പുതിയ നോട്ടിലൂടെ ഈ ശേഖരത്തെ മൂല്യമറ്റതാക്കും എന്ന പ്രതീക്ഷയിലുമാണ് ഈ വാദം നിലകൊള്ളുന്നത്. കള്ളപ്പണം ഒരു ശേഖരമാണെന്നും, ആളുകൾ ഈ പണം ഭദ്രമായി തങ്ങളുടെ പെട്ടികളിലും മറ്റ് വ്യത്യസ്ത സ്വരൂപണ രൂപങ്ങളിലും സൂക്ഷിക്കും എന്ന വാദമാണ് പണത്തിന്റെ മൂല്യമില്ലാതാക്കലിന്റെ ആദ്യനാളുകളിൽ സർക്കാർ വൃന്ദങ്ങൾ പറഞ്ഞുപരത്തിയത്. ഇങ്ങനെ വരുന്ന പണത്തിന്റെ അളവ് കള്ളപ്പണത്തിന്റെ പകുതിയോളം വരുമെന്നുമാണ് പല വിദ്വാന്മാരും കണക്കാക്കിയത്. നാളിതുവരെയുള്ള, കള്ളനോട്ടുകളുടെ പിടിത്തം പരിശോധിക്കുകയാണെങ്കിൽ മറു കാഴ്ചയാണ് സമ്മാനിക്കുന്നത്. അപ്പോൾ തത്ത്വത്തിൽ കള്ളപ്പണം സൂക്ഷിക്കുന്നത് ഒര് ശേഖരമായല്ല എന്ന് വ്യക്തമാണ്. ഇതൊരു ഒഴുക്കാണെന്നതാണ് (flow) വാസ്തവം.

ഒരു വസ്തുക്കച്ചവടത്തിന്റെ (property sale) കണക്കു പരിശോധിച്ചുകൊണ്ട് ഇതിനെ പരിശോധിക്കാം. ഇന്നത്തെ നിലയിൽ അൻപത് ലക്ഷം വിലയുള്ള (buying rate) വസ്തുവിന് പ്രമാണം രേഖപ്പെടുത്തുമ്പോൾ ഇരുപത്തഞ്ച് ലക്ഷം (market

rate) വയ്ക്കുകയും വില്പനക്കാർ വാങ്ങുന്നവരിൽ നിന്നും അമ്പത് ലക്ഷം വാങ്ങുകയും ചെയ്താൽ പ്രമാണ രേഖയിലില്ലാത്ത തുക നികുതി വെട്ടിച്ച തുകയാണ്. ഇത് സർക്കാർ കണക്കിൽ പെടില്ല. സർക്കാർ കണക്കനുസരിച്ച് വെള്ളപ്പണം അമ്പത് ശതമാനവും കള്ളപ്പണം അമ്പത് ശതമാനവുമാണ്. ഈ അമ്പത് ലക്ഷത്തിന്റെ ഇടപാട് മൊത്തമായി കണക്കാക്കിയാൽ: ഉദാഹരണത്തിന്, അമ്പത് ലക്ഷം നൽകിയ ആൾ ഒരു വിദേശ മലയാളി എന്നിരിക്കട്ടെ. ഈ തുകമുഴുവനും ഒന്നാമത്തെ പീരിഡിൽ വെള്ളപ്പണമാണ് അഥവാ സർക്കാർ കണക്കിൽ പെട്ടതാണ് (ബാങ്ക് വഴി വന്നെതെന്നു വയ്ക്കാം). എന്നാൽ ഇത് വാങ്ങിയ ആളുടെ കണക്കിൽ ഈ തുക മുഴുവനും വരുന്നില്ല. ബാക്കി തുക കള്ളപ്പണവും കരം നൽകി പ്രമാണത്തിൽ കാണിച്ച തുക വെള്ളപ്പണവുമാണ്. രണ്ടാമത്തെ പീരിഡിൽ പകുതി ക്രയവിക്രം കണക്കിൽ പെട്ടതും പകുതി കണക്കിൽപ്പെടാത്തതുമായി വരികയും കള്ളപ്പണം (Black Money/Economy) നിർമ്മിക്കപ്പെടുകയും ചെയ്യുന്നു. ഇത് ഓരോ ക്രയവിക്രയവും കഴിയുമ്പോൾ അടിസ്ഥാനപരമായി ഇതിന്റെ ഇൻക്രിമെന്റൽ ഓഹരി വർധിച്ചുവരുന്നു. ആയതിനാൽ കള്ളപ്പണം എന്നത് ഒരിക്കലും ഒരുശേഖരമായി വിലയിരുത്താനാവില്ല. രാജ്യത്തെ മൊത്തം ക്രയവിക്രയം ശ്രദ്ധിച്ചുമനസ്സിലാക്കുന്ന പക്ഷം, ശേഖരത്തെ നേരിടാൻ ഉതകുന്ന പണമൂല്യത്തിന്റെ താൽകാലിക പിൻവലിക്കൽ മൊത്തം പ്രവർത്തനത്തിന്റെ ഒരറ്റം മാത്രമേ തൊടുന്നുള്ളു. ഇതിനു നൽകുന്ന വില വളരെ വലുതെന്നാണ് ക്രൂഗ്മാൻ, പ്രഭാത് പട്നായിക്ക് തുടങ്ങിയ സാമ്പത്തിക ശാസ്ത്രജ്ഞരും, രാഷ്ട്രീയ നിരീക്ഷകരും വിലയിരുത്തുന്നത്. ഇതിന്റെ പശ്ചാത്തലത്തിൽത്തന്നെയാണ് അമർത്യസെന്നും മൻമോഹൻസിങ്ങും ഈ നയത്തെ അപകമെന്ന് വിശേഷിപ്പിച്ചത്.

ഇനി കള്ളപ്പണം ഉന്മൂലനം ചെയ്യുകയാണ് സർക്കാരിന്റെ ഉദ്യമം എങ്കിൽ എല്ലാ കള്ളപ്പണവും കള്ളനോട്ടല്ല എന്നുപറഞ്ഞല്ലോ. പകരം എല്ലാ കള്ളനോട്ടും കള്ളപ്പണമാണുതാനും. കള്ളപ്പണത്തിന്റെ കേവലം ആറ് ശതമാനമേ പണത്തിന്റെ രൂപത്തിൽ കള്ളപ്പണക്കാർ സൂക്ഷിക്കുന്നുള്ളൂ എന്നാണ് പല കണക്കുകളും പറയുന്നത്. ഇതൊക്കെ കൃത്യമാണോ എന്നുചോദിച്ചാൽ ഒരു വ്യക്തതയുമില്ല എന്നുവേണം മനസിലാക്കാൻ. കള്ളപ്പണത്തെത്തന്നെ മനസ്സിലാക്കാൻ നമുക്ക് വ്യക്തമായ മാർഗ്ഗമോ രേഖകളോ ഇല്ല. 2007-ലെ ലോകബാങ്കിന്റെ കണക്കുകളാണ് പലപ്പോഴും ഗവേഷകർ അവലംബിക്കുന്നത്.

എന്നാൽ എന്ത് മാനദണ്ഡത്തിലാണ് ഈ പഠനം എന്നത് സുതാര്യമല്ലതാനും. ഇതാണ് പൊതുവിൽ കള്ളപ്പണത്തിന്റെ പ്രശ്നം. ലോകബാങ്കിന്റെ കണക്കുതന്നെ എടുത്ത് പരിശോധിക്കുകയാണെങ്കിൽ ഇന്നത്തെ ഇന്ത്യയുടെ മൊത്തം ഉല്പന്നമൂല്യത്തിന്റെ നാലിലൊന്നുവരും. മുൻ റിസർവ് ബാങ്ക് ഗവർണറായ സുബ്ബറാവു ചൂണ്ടിക്കാണിക്കുന്നത് ഏകദേശം 500 ബില്യൻ ഡോളർ മൂല്യം ഇതിനുവരുമെന്നാണ് (ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ മൂല്യം ഏകദേശം രണ്ട് ട്രില്യൻ ഡോളറാണ്).

ഇന്ത്യയുടെ കള്ളപ്പണത്തെക്കുറിച്ച് ദീർഘകാലം ഗവേഷണം നടത്തിയ അരുൺകുമാർ അഭിപ്രായപ്പെടുന്നത് 2013-ൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 60 ശതമാനം കള്ളപ്പണം ആണെന്നാണ്. അത് 2016 ആകുമ്പോൾ 70 ശതമാനമായി വർദ്ധിച്ചതായി ഇദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇതിൽ കള്ളനോട്ടിന്റെ വർദ്ധനവ് കേവലം 3 ശതമാനം മാത്രമാണ് എന്നാണു കാരവൻ മാസികയ്ക്കു നൽകിയ അഭിമുഖത്തിൽ അരുൺകുമാർ അഭിപ്രായപ്പെടുന്നത്. ഉദാരവത്കരണത്തിന് ശേഷമുള്ള ഇന്ത്യയിലെ കള്ളപ്പണത്തെക്കുറിച്ചുള്ള, പെൻഗ്വിൻ പ്രകാശനം ചെയ്ത പുസ്തകത്തിൽ ഇതിന്റെ മാതൃക വിശദമായി സൂചിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പുതിയ കറൻസി കൊണ്ടുവന്നതിലൂടെയോ അക്കൗണ്ടിങ്ങ് സുതാര്യമാക്കിയതു കൊണ്ടോ കള്ളപ്പണം ഇല്ലാതാകണമെന്നില്ല. സ്ഥിതിവിവര കണക്കുകളും അപ്രകാരമാണ് ചൂണ്ടിക്കാണിക്കുന്നത്. അതിനാൽ തന്നെ കള്ളപ്പണത്തിന്റെ സമാഹരണം കേവലം കള്ളനോട്ടിൽ ഒതുങ്ങുന്ന ഒന്നല്ല.

കള്ളപ്പണം പൂഴ്ത്തിവയ്ക്കുന്നവരുടെ നടപടിയെ എത്തരത്തിലാണ് ശരിപ്പെടുത്തുന്നത് എന്നത് തികച്ചും അവ്യക്തമാണ്. ഇതിൽ നിന്നും ഒരുപടി മുന്നോട്ടു പോയാണ് പ്രഭാത് പട്നായിക് തന്റെ അഭിപ്രായം രേഖപ്പെടുത്തിയത്. വലിയ മൂല്യമുള്ള പണം രാജ്യത്തെ ഇടപാടുകളിൽ കള്ളപ്പണവും കള്ളനോട്ടും വ്യാപകമാക്കുമെങ്കിൽ സർക്കാരിന്റെ പ്രതിവിധിയായി വന്നിരിക്കുന്നത് നിലവിലുള്ളതിനേക്കാൾ വലിയ സംഖ്യയായ രണ്ടായിരമാണ്. ഇത് കള്ളപ്പണത്തെ നിർമാർജനം ചെയ്യാനാണ് എന്നവാദത്തെ സംശയത്തിന്റെ മുനയിലാക്കുന്നു. അതിനാൽ സർക്കാരിന്റെ കള്ളപ്പണത്തിനെതിരെയുള്ള സമരം അവിശ്വസനീയവും സാമ്പത്തിക യുക്തിക്ക് നിരക്കാത്തതുമാണ്. ഈ വാദത്തെ അനുകൂലിക്കുന്നതാണ് ആർബിഐ പുറത്തുവിട്ട തിരിച്ചുപിടിക്കപ്പെട്ട 500, 1000 രൂപയുടെ വിവരം. അതായത് ആർബിഐയുടെ

2016 മാർച്ച് 31ലെ കണക്കുപ്രകാരം രാജ്യത്തെ മൊത്തം പണമിട പാട് 16.42 ലക്ഷം കോടി രൂപയാണ്. ഇതിൽ 14.18 ലക്ഷം കോടിരൂപ (86%) 500, 1000 രൂപ നോട്ടാണ്. ഈ സംഖ്യയുടെ 11 ലക്ഷം കോടി രൂപ ഇതിനോടകം ബാങ്കുകളിൽ തിരിച്ചെത്തി എന്നാണ് റവന്യൂ സെക്രട്ടറി ഹസ്മുഖ് ആദിയയെ ഉദ്ധരിച്ച് ഇന്ത്യൻ എക്സ്പ്രസ്സ് റിപ്പോർട്ടു ചെയ്തത് (ഇന്ത്യൻ എക്സ് പ്രസ് 07/12/2016). ഈ തുക 500, 1000 നോട്ടുകളുടെ ഏകദേശം 80% വരും. ബാങ്കുകൾ ആർ.ബി.ഐ.യിൽ സൂക്ഷിക്കുന്ന കരുതൽ ധനം (Cash Reserve Ratio) ഏകദേശം 4.06 ലക്ഷം കോടി രൂപയാണ് എന്ന് നവംബർ 8 ലെ കണക്കിൽ ആർബിഐ കാണിക്കുന്നുണ്ട്. ഇതിൽ ഏറിയപങ്കും വലിയ സംഖ്യ നോട്ടി ലാണ് എന്ന് നവംബറിലെ ആർ.ബി.ഐ. വീക്ക്‌ലി ബുള്ളറ്റിനിൽ പറയുന്നു. അങ്ങനെയാണെങ്കിൽ എവിടെയാണ് കള്ളപ്പണം എന്നത് പ്രസക്തമാണ്. സർക്കാരിന്റെ വാദം കേവലവാദം മാത്ര മാണ് എന്ന് ആരെങ്കിലും വാദിച്ചാൽ കണക്കുകൾ നിരത്തി യാലും പ്രതിരോധിക്കുക അസാധ്യമാണ്. മൊറാർജി ദേശായി തന്റെ ഡിമോണിറ്റൈസേഷൻ പ്രക്രിയയിലൂടെ കള്ളനോട്ട് മാത്രമല്ല കള്ളപ്പണത്തിനെയും ഇല്ലാതാക്കുന്ന വ്യവസ്ഥയാണ് നിലവിൽ വരുന്നത് എന്നഭിപ്രായപ്പെട്ടപ്പോൾ ആർ.കെ. ലക്ഷ്മ വരച്ച കാർട്ടൂൺ ഇതുകൊണ്ടുതന്നെ വളരെ വാചാലമാണ് (ചിത്രം കടപ്പാടുകളോടെ ചുവടെ).

ചിത്രം - 14



നോട്ടുബന്ദി തീരുമാനവും ഇതുമൂലം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും, പ്രത്യേകിച്ചും രാജ്യത്തെ പൗരരുടെ സമ്പത്ത് വിനിയോഗിക്കുന്നതിലുള്ള നിയന്ത്രണം, ഉൽപാദന-ഉപഭോഗ മേഖലയെയും സേവനമേഖലയെയും ഒരുപോലെ പിന്നോട്ടടിക്കുന്നതായാണ് വളരെ ചുരുങ്ങിയകാലം കൊണ്ടുതന്നെ പല പഠനങ്ങളും വ്യക്തമാക്കുന്നത്. ഈ ചർച്ചകളുടെയും പഠനങ്ങളുടെയും കേന്ദ്രവാദങ്ങൾ നിലകൊള്ളുന്നത് കെയ്നീഷ്യൻ ഡിമാൻഡ് മാനേജ്മെന്റിന്റെയും നിയോക്ലാസ്സിക്കൽ സപ്ലൈ മാനേജ്മെന്റിന്റെയും കാഴ്ചപ്പാടിലാണ്. ഈ രണ്ട് പരിപ്രേക്ഷ്യങ്ങളിലുമാണ് സാമ്പത്തിക ശാസ്ത്രത്തിന്റെ യുക്തി നിലനിൽക്കുന്നത്. രാജ്യത്തെ പുരോ-അധോഗതികൾ വിലയിരുത്തപ്പെടുന്നതും ഈ കണ്ണടയിലൂടെയാണ്. ഡിമോണിറ്റൈസേഷനെക്കുറിച്ചുള്ള കാഴ്ച പ്രഗത്ഭരായുള്ള സാമ്പത്തിക ശാസ്ത്രജ്ഞരും വിലയിരുത്തുന്നത് മേല്പറഞ്ഞ സൈദ്ധാന്തിക തലങ്ങളിലൂടെയാണ്. അമർത്യസെൻ, പോൾക്രൂഗ്മാൻ, പ്രഭാത്പട്നായിക്, മൻമോഹൻസിങ്, കൗശിക്ബസു, രഘുറാം രാജൻ തുടങ്ങി നിരവധി പ്രഗത്ഭർ ഈ നയം രാജ്യത്തെ അധോഗതിയിൽ എത്തിക്കും എന്ന് നിസ്സംശയം പ്രതികരിച്ചു. കഴിഞ്ഞ അഞ്ചുവർഷത്തെ സാമ്പത്തിക ഇഴച്ചിൽ ഈ പ്രതികരണങ്ങളെ ശരിവെയ്ക്കുന്നതാണ്.

അമർത്യസെൻ അഭിപ്രായപ്പെടുന്നത് ഡിമോണിറ്റൈസേഷനിലൂടെ നോട്ടുകൾ മാത്രമല്ല മോഡി സർക്കാർ ദുർബലപ്പെടുത്തിയിരിക്കുന്നത്; മറിച്ച്, ബാങ്ക് അക്കൗണ്ടുകളെയും സമ്പദ് വ്യവസ്ഥയുടെ പ്രതീക്ഷകളെയും വിശ്വാസത്തെയുമാണ്. യുക്തിപരമായി സർക്കാർ വാദത്തെ നിർവചിക്കുകയാണെങ്കിൽ 'സ്വന്തം ജനങ്ങളെ മുഴുവൻ കള്ളന്മാർ എന്ന് പൊതുവിശദീകരണം നൽകുന്ന' സർക്കാർ എന്ന അവസ്ഥയാണ് ഇന്ത്യയിൽ ഉണ്ടായിരിക്കുന്നത്. ഇത് ജനായത്തവ്യവസ്ഥയെ മൊത്തത്തിൽ ചോദ്യം ചെയ്യുന്നതും പ്രജാപീഡനത്തെ യുക്തിവല്കരിക്കുന്ന സ്വേഛാധിപത്യവുമാണ് എന്നാണ് സെന്നിന്റെ പക്ഷം. മറ്റൊരു നോബൽ സമ്മാനാർഹനായ ക്രൂഗ്മാൻ ഇതിനെ വിശേഷിപ്പിച്ചത് 'സമ്പദ് വ്യവസ്ഥയിൽ പിളർപ്പുണ്ടാക്കുന്ന നടപടിയാണ്' ഇന്ത്യ ഗവൺമെന്റും ആർ.ബി.ഐയും ചെയ്തത്.

ഇതൊക്കെ വിരൽ ചൂണ്ടുന്നത് രാജ്യം കടുത്ത സാമ്പത്തിക ഞെരുക്കത്തിലേക്ക് കൂപ്പുകുത്തിയതിന്റെ അടിസ്ഥാനം നോട്ടുനിരോധനമാണ് എന്നാണ്. ഈ നോട്ടുനിരോധനത്തിന്റെ പശ്ചാത്തലത്തിൽ നവമുതലാളിമാർ ഇന്ത്യൻ സാമ്പത്തിക രംഗം പിടിച്ചടക്കുന്നതും നാം കണ്ടു. മുൻ ആർ.ബി.ഐ ഗവർണർ

മാരായ മൻമോഹൻസിങ്, സുബ്ബറാവു, രഘുറാം രാജൻ തുടങ്ങിയവർ ഈ നയം ഷോർട്ട്റണ്ണിലെ കഷ്ടതകൾ കൂടാതെ, ദീർഘകാലത്തേക്ക് ഇന്ത്യ കൂടുതൽ കടുത്ത സാമ്പത്തിക ഞെരുക്കത്തെ നേരിടേണ്ടിവരും എന്നഭിപ്രായപ്പെടുന്നുണ്ട്. സാമ്പത്തിക വിദഗ്ദ്ധനും നവലിബറൽ ആശയങ്ങളെ ഇന്ത്യയിൽ പ്രാവർത്തികമാക്കിയ മുൻ പ്രധാനമന്ത്രിയുമായ മൻമോഹൻ സിങ്ങ് രാജ്യസഭയിൽ പരാമർശിച്ചത് ഡിമോണിറ്റൈസേഷൻ 'സ്മരണാർത്ഥമായ പിടിപ്പുകേടാണ്' എന്നാണ്. ഇത് രാജ്യത്ത് ദുരിതംവിതയ്ക്കുക മാത്രമല്ല രാജ്യത്തിന്റെ മൊത്തവരുമാന വളർച്ചയിൽ കാര്യമായ ഇടിവുണ്ടാക്കി എന്നാണ്.

ലോകം കണ്ടതിൽ വച്ച് ഏറ്റവും പിന്തിരിപ്പനായ നോട്ട് ബന്ദി എന്ന രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക നയത്തിന്റെ പാപ്പരത്വം മുഖമുദ്രയാക്കിയ സമ്പദ്ശാസ്ത്രമാണ് മോഡിണോമിക്സിലൂടെ ഈ കാലയളവിൽ നാം കണ്ടത്. തങ്ങളുടെ നയങ്ങൾ പരാജയമാണ് എന്ന് തെളിയിക്കപ്പെട്ടിട്ടും വിജയമാണ് എന്ന ഗീബൽസിയൻ തന്ത്രം ചരിത്രത്തിൽ പുനരാവർത്തനമാകുന്ന ദുരന്തങ്ങളുടെ പരിഹാസ്യമാണ്. നാം മറന്നുപോകുന്ന പരാജയങ്ങൾ എത്തരത്തിലാണ് കഴിഞ്ഞ അഞ്ച് ആണ്ടുകൾ ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ തകർത്തെറിഞ്ഞത് എന്നതാണ്.

നവംബർ എട്ടാം തീയതി രാത്രി എട്ടിന് എല്ലാ ഇന്ത്യക്കാർക്കും എട്ടിന്റെ പണി നൽകി എന്നാണ് സർക്കാസ്റ്റിക്കായി പൊതുവിൽ പറയുന്നത്. സഭ്യമായ രീതിയിൽ ഇതിനെ വിലയിരുത്തിയാൽ കാര്യങ്ങൾ ആ പണിയിൽ ഒതുങ്ങുന്നതല്ല എന്ന് വ്യക്തമാണ്. കേവലം ബുദ്ധിമുട്ട് (inconvenience) എന്ന തരത്തിലാണ് നോട്ടുനിരോധനത്തെ അതിന്റെ വക്താക്കൾ അവതരിപ്പിച്ചത് എങ്കിലും, സമഗ്രമായ സാമൂഹിക സാമ്പത്തിക നിശ്ചലാവസ്ഥയാണ് ഈ നയം സമ്മാനിച്ചത്. ഇതിന്റെ ഓർമ്മപ്പെടുത്തലായി ഓർക്കേണ്ടത് പ്രഖ്യാപിതമായ എല്ലാ ലക്ഷ്യങ്ങളും നൂറ് ശതമാനം പരാജയപ്പെട്ട മറ്റൊരു സാമ്പത്തിക രാഷ്ട്രീയ നയം ഇന്ത്യയിൽ ഉണ്ടായിട്ടില്ല എന്നതാണ്. കള്ളനോട്ടും കള്ളപ്പണവും ആഭ്യന്തര രാജ്യാന്തര ഭീകരപ്രവർത്തനങ്ങളും നിർമ്മാർജനം ചെയ്യുക എന്ന ലക്ഷ്യം കേന്ദ്ര സർക്കാർ നോട്ടുനിരോധനത്തിന്റെ അടിസ്ഥാനമായി മുന്നോട്ടുവയ്ക്കുമ്പോൾ രാജ്യസുരക്ഷയും വികസനവും പ്രധാനമാണ് എന്ന് വാദിക്കുന്ന ആരേയും അത് നിശബ്ദമാക്കും. എന്നാൽ ഈ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നു പോലും സാധൂകരിക്കാൻ മോഡിസർക്കാരിന് കഴിഞ്ഞില്ല. ഇത് സൂചിപ്പിക്കുന്നത് വേണ്ടത്ര കരുതലോ

ഗൃഹപാഠമോ ഇല്ലാതെയാണ് ഈ നയം പ്രഖ്യാപിച്ചത് എന്നാണ്. 2017 ആഗസ്റ്റിലെ റിസർവ് ബാങ്ക് കണക്കനുസരിച്ച് കേവലം 43 കോടി രൂപയുടെ കള്ളനോട്ട് മാത്രമാണ് ലഭിച്ചത്. എന്നാൽ നോട്ടുനിരോധനത്തിന് ശേഷം പുതുതായി കൊണ്ട് വന്ന 2000 രൂപയുടെ 630-ൽ പരം കള്ളനോട്ടുകൾ ഇതേ കാലയളവിൽ കണ്ടെത്തി എന്ന RBI കണക്കും 2018 ലെ ഫേക്ക് ഇന്ത്യൻ നോട്ടുകൾ (FICN) മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധിക്കുന്നു എന്നതും നോട്ടു നിരോധനം പരാജയമാണ് എന്ന് തുറന്നുകാണിക്കുന്നു. ഇതേ റിപ്പോർട്ടിൽ RBI സൂചിപ്പിക്കുന്ന പ്രധാന പ്രശ്നം രാജ്യത്ത് സംശയാസ്പദ വിനിമയം (Suspecious Transaction) ക്രമാതീതമായി വർദ്ധിക്കുന്നു എന്നാണ്. കള്ളപ്പണം ഇല്ലാതാക്കും എന്ന സർക്കാർ വാദത്തെ അട്ടിമറിക്കുന്നതുകൂടിയാണ് ഈ റിപ്പോർട്ട്. അതിർത്തി കടന്നുള്ളതും ആഭ്യന്തരവുമായ തീവ്രവാദ പ്രവർത്തനങ്ങൾക്ക് കാര്യമായ കുറവൊന്നുമുണ്ടായില്ല എന്നതും സർക്കാർ നയത്തെ പ്രഹസനമാക്കുന്നതാണ്. എന്നാൽ കേവലം ബുദ്ധിമുട്ട് എന്ന വാദവും 50 ദിവസം കഴിഞ്ഞ് ഞാൻ തെറ്റെങ്കിൽ എനിക്ക് എന്ത് ശിക്ഷയും വിധിക്കാം എന്ന മോഡി പ്രഖ്യാപനവും ബാങ്ക് - തെരുവ് ക്യൂ കളിൽ പൊലിച്ചുകളഞ്ഞത് 110-ൽ പരം ജീവനുകളെയാണ്. ഇതിനെയാണ് നമ്മുടെ രാജ്യത്തെ വെറും ബുദ്ധിമുട്ട് എന്ന് ഭരണാധികാരികൾ പറയുന്നത്!

മൊത്തം സർക്കുലേഷനിലുള്ള പണത്തിന്റെ 99.3 ശത മാനം നിരോധിച്ച നോട്ടുകളും തിരികെ വന്നു എന്ന ആഗസ്റ്റ് 31 ൽ RBI പുറത്തുവിട്ട കണക്ക് യഥാർത്ഥത്തിൽ അടിക്കുന്നത് നോട്ടുബന്ദി എന്ന ശവപ്പെട്ടിയിലെ അവസാനത്തെ ആണി യാണ്. ഇത് വെറും 10270 കോടി രൂപ മാത്രം. ശരാശരി ഇന്ത്യക്ക് പുറത്തുള്ള പ്രവാസികൾ തങ്ങളുടെ പേഴ്സിൽ സൂക്ഷിക്കുന്ന (ഇന്ത്യയിൽ വരുമ്പോൾ ഉപയോഗിക്കുവാൻ) നോട്ടുകൾ ഇതിലും കൂടുതലുണ്ടാകും എന്നത് സാമാന്യയുക്തിയാണ്. ഇന്ത്യൻ രൂപ സ്വീകരിക്കുന്ന പല അയൽ രാജ്യങ്ങളിലെ കണക്കു കൂടിയാകുമ്പോൾ ഡിമോണിറ്റൈസേഷൻ കള്ളപ്പണം വെളുപ്പി ക്കലാണോ (money laundering) എന്ന് നാം സംശയിച്ചുപോകുക സ്വാഭാവികം. പുതിയ നോട്ട് അടിക്കാനും സർക്കുലേഷനിൽ എത്തിക്കാനും എടുത്ത ചെലവ് മൊത്തത്തിൽ നോട്ട്ബന്ദി നഷ്ടക്കച്ചവടമാണ് എന്ന് സൂചിപ്പിക്കുന്നു.

നാം ശ്രദ്ധിക്കേണ്ടുന്ന മറ്റൊരു പ്രധാന സംഗതി രാജ്യത്ത് കൃത്യമായും സ്വതന്ത്രമായും പ്രവർത്തിക്കേണ്ടുന്ന സാമ്പത്തിക

സ്ഥാപനമായ RBI യുടെ മരണമണിയാണ് നോട്ട് ബന്ദിയിലൂടെയും അതിനെ തുടർന്നുള്ള സർക്കാർ ഇടപെടലിലൂടെയും സംജാതമായത്. 2018 ഒക്ടോബറിൽ IMF ഉം വേൾഡ് ബാങ്കുമൊക്കെ RBI എന്ന ധനകാര്യ സ്ഥാപനത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചും ക്രെഡിബിലിറ്റിയെക്കുറിച്ചും വാചാലമാകുന്നുണ്ട്. നോട്ടുനിരോധനാനന്തര കാലഘട്ടത്തിൽ RBI എന്ന സ്ഥാപനം തങ്ങളുടെ കണക്കുകളെത്തന്നെ (60 ൽ പരം തവണ) അവിശ്വസിക്കുകയോ തുടർച്ചയായി മാറ്റിക്കൊണ്ടിരിക്കുകയോ ചെയ്തു. ഇത് വരുത്തിയ ക്രഡിബിലിറ്റി പ്രശ്നം ചെറുതല്ല. 2008 ൽ ഉണ്ടായ ആഗോള സാമ്പത്തിക തകർച്ചക്ക് ഒരുപരിധിവരെ ഇന്ത്യയെ തകർക്കാൻ കഴിയാതിരുന്നത് പല ഉത്തരവാദപരമായ RBI നയങ്ങളിലൂടെയുമാണ്. ഇതിനെയാണ് മോഡിസർക്കാർ തകർത്ത് തരിപ്പണമാക്കിയത്. RBI തങ്ങളെ സ്വതന്ത്രമാക്കണം എന്ന് മുറവിളി കൂട്ടുന്നത് ഈ നിലംപരിശാക്കലിനെ ചെറിയ തോതിലെങ്കിലും തടയണം എന്ന തിരിച്ചറിവിൽ നിന്നാണ്. RBI യെ കൂടാതെ വാണിജ്യ സഹകരണ ബാങ്കുകളെ കൂടി തുരങ്കം വയ്ക്കുന്നതാണ് നാം കണ്ടത്. തങ്ങൾക്ക് വേണ്ടപ്പെട്ടവർക്ക് അന്യായമായി ധനസമാഹരണം നടത്തുവാനുള്ള ഒത്താശകളിൽ ഒന്നാണ് നീരവ് മോഡിക്ക് നൽകിയത്. പൊതുമേഖലാ ബാങ്കുകളെ പൂർണമായും പ്രതിസന്ധിയിലാഴ്ത്തുകയാണ് ഇക്കാലത്ത് രണ്ടാം എൻ.ഡി.എ സർക്കാർ വിവിധങ്ങളായ മറ്റ് സാമ്പത്തിക മേഖലകളെ കൂടി പരിശോധിച്ചാൽ ഈ പ്രസ്താവനകൾ കൂടുതൽ വ്യക്തമാകും.

നോട്ടുനിരോധന കാലത്ത് തൊഴിൽ നഷ്ടം വ്യാപകമാണെന്ന് വിവിധ പഠനങ്ങൾ സൂചിപ്പിച്ചപ്പോൾ പ്രധാനമന്ത്രി അഭിപ്രായപ്പെട്ടത് ചായയും പക്കവടയും ഉണ്ടാക്കുന്നതിലൂടെ തൊഴിൽ ഉൽപാദനം നടക്കുന്നു എന്നാണ്. എന്നാൽ ഈ പാണ്ഡിത്യത്തിൽ നാണിച്ചുപോയത് രാജ്യത്തെ 'തൊഴിൽ' എന്താണ് എന്ന നിർവചനമാണ്. യുഷ്വൽ, വീക്കിലി, മന്ത്ലി തൊഴിൽ സാധ്യതയും സംഘടിത-അസംഘടിത തൊഴിൽ സ്വഭാവവും ഈ നാണിച്ച നിർവചനങ്ങളിൽപ്പെടും. കഴിഞ്ഞ 3 പതിറ്റാണ്ടായി രാജ്യത്ത് സംഭവിക്കുന്ന തൊഴിൽരഹിത വളർച്ചയുടെ പഠനങ്ങൾ അനവധിയാണ്. നവഉദാരത കൈക്കൊണ്ടതിൽ പിന്നെ, വളർച്ച എന്നത് കേവലം ഉപഭോഗത്തിൽ ഊന്നിയുള്ളതാകുകയും ഉൽപാദനവും അതിന് ആവശ്യമുള്ള പുതിയ തൊഴിൽശക്തിയെക്കുറിച്ചുള്ള അന്വേഷണം ബുദ്ധിമുട്ട് ഉളവാക്കുന്നതുമാണ് (പ്രത്യേകിച്ചും ഭരണാധികാരികൾക്ക്).

അതിനാലാകാം ഈ പഠനങ്ങളെ വെല്ലുവിളിക്കുന്ന തരത്തിലുള്ള പ്രധാനമന്ത്രിയുടെ പ്രസ്താവന. മറ്റൊരു പ്രധാന വിഷയം തൊഴിൽ മേഖലയിലെ സംഘടിത തൊഴിലുകളിൽ ഉണ്ടായിരിക്കുന്ന തൊഴിൽ നഷ്ടമാണ്. ക്രമാതീതമായ സംഘടിത തൊഴിലിന്റെ കുറവും വർദ്ധിച്ചുവരുന്ന കരാർ താൽക്കാലിക നിയമനങ്ങളും സംഘടിതമേഖലയെ മാത്രമല്ല അസംഘടിതമേഖലയിലേയും കൂലിത്തകർച്ചക്ക് കാരണമായി. ഇതിനർത്ഥം നാം കൂടുതൽ അസംഘടിതരും തൊഴിൽ മേഖലയിൽ അരക്ഷിതരും എന്നതാണ്. നോട്ടുനിരോധനത്തിന്റെ ഒരാണ്ട് തികഞ്ഞപ്പോൾ രാജ്യത്ത് റിപ്പോർട്ടു ചെയ്തത് 15 ലക്ഷം തൊഴിൽ നഷ്ടമാണ്. പുതിയ കണക്കുകൾ വരാനിരിക്കുന്നതേയുള്ളു. എന്നിട്ടും ഇതൊന്നും കണ്ടില്ല എന്ന് നടിക്കാനായിരിക്കും ചായയുടേയും പക്കവടയുടേയും കണക്ക് പ്രിയപ്പെട്ട പ്രധാനമന്ത്രി പറഞ്ഞത്. തൊഴിലിനും തൊഴിലെടുക്കുന്നവർക്കും മെച്ചപ്പെട്ട ആനുകൂല്യങ്ങളും സംരക്ഷണവും ഭരണാധികാരികൾ മുന്നോട്ടു വയ്ക്കുമ്പോൾ എന്റെ ജനത ഇതിനെക്കാൾ മെച്ചമാവേണ്ട എന്നത് പഴയ ഫ്യൂഡൽ ജാത്യാചാരപെരുമ എന്നു മാത്രമേ നിരീക്ഷിക്കാനാകൂ. അതായത് നിലവിലെ തൊഴിൽരഹിത വളർച്ചയല്ല നോട്ട് നിരോധനാനന്തര കാലത്ത്; മറിച്ച് "തൊഴിൽ നഷ്ട വളർച്ച മുരടിപ്പാണ്". നോട്ടു നിരോധനം യഥാർത്ഥത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ എത്തിച്ചത് ഒരു അടിപൊളിഞ്ഞ കപ്പലിന്റെ അവസ്ഥയിലാണ്. ശരീരത്തിലെ രക്തധമനികളെല്ലാം മുറിച്ചിടുന്നതിന് തുല്യം. നവലിബറൽ കാലത്തെ ഭരണാധികാരികൾ ജനങ്ങളെക്കാൾ കൂടുതൽ റേറ്റിങ് ഏജൻസിയിലല്ലെ വിശ്വസിക്കുന്നത്. കെയർ റേറ്റിങ് ഏജൻസി പറയുന്നത് നോട്ട് നിരോധനം സാമ്പത്തികവും വ്യാവസായികവുമായ ക്രയവിക്രയങ്ങളെ താറുമാറാക്കി എന്നാണ്. കൂടാതെ അങ്ങേയറ്റം പണാധിഷ്ഠിതമായ ഇടപാട് നടക്കുന്ന ഗ്രാമീണ മേഖലയെ ഇത് തകിടം മറിച്ചു. പുതിയ പേ കമ്മീഷൻ റിവിഷനും നല്ല മൺസൂണുമൊന്നും ദീർഘകാല ഉപഭോഗവസ്തുക്കളുടെ കമ്പോളം മെച്ചമാക്കിയിട്ടില്ല എന്നാണ് കണക്കുകൾ. നവലിബറൽ നയങ്ങളുടെ പ്രചാരകനെ ആഗോള ധനമൂലധനം തോല്പ്പിക്കേണ്ടതില്ലല്ലോ എന്നതാണ് വാസ്തവം. നവഉദാരവാദം കൃത്യതയോടെ നടപ്പാക്കുന്നതിനുള്ള മറയായി വേണം നോട്ടുനിരോധനത്തെ കാണാൻ മറിച്ചൊരു യുക്തിയും ഇതിനെ സാധൂകരിക്കുന്നില്ല.

നവഉദാരവാദോത്തര കാലത്തെ കോവിഡ് പ്രതിസന്ധി

2019 ൽ സ്ഥിരീകരിച്ച കോവിഡ്-19 മഹാമാരി ആഗോള സാമ്പത്തിക രംഗത്തെ താറുമാറാക്കിയിരിക്കുകയാണ്. എല്ലാ സമ്പദ്‌വ്യവസ്ഥകളും വലിയ സ്തംഭനാവസ്ഥ നേരിടുകയാണ്. കോവിഡ് രോഗവ്യാപനം രൂക്ഷമായതിനെത്തുടർന്ന് ഏർപ്പെടുത്തിയ കർശന നിയന്ത്രണങ്ങളും അടച്ചുപൂട്ടലുകളുമാണ് അനിശ്ചിതത്വങ്ങൾ വർദ്ധിപ്പിക്കുകയും സാമ്പത്തിക മാന്ദ്യം അഴിച്ചുവിടുകയും ചെയ്തതെന്നാണ് വിലയിരുത്തപ്പെടുന്നത്. ഇതിന്റെ ഫലമായി ആഗോള മൊത്ത ആഭ്യന്തരഉൽപ്പാദനം (ജിഡിപി) ചുരുങ്ങുമെന്ന് യുഎന്നും മറ്റ് ഗവേഷണ സ്ഥാപനങ്ങളും പ്രവചിക്കുന്നു. ലോക സമ്പദ്ഘടനയിൽ ഇതു മൂലമുള്ള ഉൽപ്പാദന നഷ്ടം ഏകദേശം 8.5 ട്രില്യൻ ഡോളർ ആണ് കണക്കാക്കുന്നത് (ഐക്യരാഷ്ട്രസഭ 2020). ലോകം കഴിഞ്ഞ അഞ്ച് വർഷക്കാലം നേടിയെടുത്ത ഉത്പാദന മുന്നേറ്റത്തിനെ തുടച്ചുമാറ്റുന്ന ഇടിവാണ് കഴിഞ്ഞ ജനുവരി മുതൽ ജൂൺ വരെയുള്ള പാദത്തിലെ ഔട്ട്പുട്ട് നഷ്ടത്തിന്റെ കണക്കുകളിലൂടെ വ്യക്തമാകുന്നത് (ചുവടെ ചിത്രം കാണുക).

ചിത്രം - 15



2022 ൽ നിൽക്കുമ്പോൾ ലോകരാജ്യങ്ങൾ കൂടുതൽ ശക്തമായ മാന്ദ്യത്തിന്റെ പിടിയിലാണ് എന്ന ആശങ്കപ്പെടുത്തുന്ന വാർത്തകളാണ് പുറത്തുവരുന്നത്. ഇന്ത്യ അടക്കം ഒട്ടുമിക്ക രാജ്യങ്ങളും തങ്ങൾ കടുത്ത സാമ്പത്തിക മാന്ദ്യത്തിലൂടെ കടന്നുപോകുകയാണ് എന്ന വസ്തുത പൊതുജന സമക്ഷം സമ്മതിച്ചിരിക്കുന്നു. ഇത് രണ്ടായിരത്തി ഇരുപത്തിരണ്ടിൽ മെച്ചപ്പെട്ട വളർച്ച നമുക്ക് കൈവരിക്കാനാകും എന്ന ശുഭ പ്രതീക്ഷകൾക്ക് കൂടിയാണ് മങ്ങലേൽപ്പിക്കുന്നത്. ഇതിനെ സ്ഥിരീകരിക്കുന്നതാണ് 2021 ഏപ്രിൽ മാസം മുതൽ ഇന്ത്യയിൽ ആരംഭിച്ച കോവിഡിന്റെ രണ്ടാം തരംഗവും 2022 ജനുവരിയിലെ മൂന്നാം തരംഗവും. ഈ സാഹചര്യത്തിൽ ആഗോള സാമ്പത്തിക രംഗത്തെ മെല്ലെപ്പോക്കിന് കാരണം കോവിഡ് മഹാമാരി മാത്രമാണോ അതോ മുതലാളിത്ത വ്യവസ്ഥ പ്രത്യേകിച്ചും നാം സൂചിപ്പിച്ച ആഗോള നവഉദാരവാദം നേരിടുന്ന പൊതുവായ വളർച്ചാ പ്രതിസന്ധിയാണോ എന്ന അന്വേഷണവും, നവമുതലാളിത്തം എത്തരത്തിലാണ് സാമൂഹിക വളർച്ചയെ ഇതുവഴി ബാധിക്കുന്നതെന്നുമാണ് ഇവിടെ പരിശോധിക്കുന്നത്.

കോവിഡ്-19 ആഗോള സമ്പദ്ഘടനയെ തകർച്ചയുടെ വക്കിലെത്തിച്ചു എന്നത് അംഗീകരിക്കുമ്പോൾത്തന്നെ ആഗോള സമ്പദ്ഘടനയുടെ മാന്ദ്യം കഴിഞ്ഞ ഒരു ദശാബ്ദമായി നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ചും 2008-ലെ അമേരിക്കൻ ഐക്യനാടുകളിൽ ആരംഭിച്ച ഭവന വായ്പാ കുമിളയുടെ തകർച്ചയോടെ ആരംഭിക്കുന്ന ആഗോള സാമ്പത്തിക മാന്ദ്യവും അത് പരിഹരിക്കാൻ രാജ്യങ്ങൾ ഉണ്ടാക്കിയ കുടിശ്ശിക പ്രതിസന്ധിയും മൊത്തം ഉത്പാദനത്തിൽ ഉണ്ടായ മുന്നേറ്റങ്ങളെ പിറകോട്ടടിച്ചു. ലോക ആഭ്യന്തര ഉത്പാദനം 2010 ആയപ്പോൾ നൂറ് ട്രില്യൻ ഡോളർ നാമമാത്ര മൂല്യത്തിൽ (2018 ലെ മൂല്യത്തിൽ മാറ്റിയാൽ) എത്തുമെന്ന പ്രതീക്ഷയെ തകർത്തുകൊണ്ടാണ് 2008-ലെ പ്രതിസന്ധി രംഗപ്രവേശനം നടത്തുന്നത്. തത്ഫലമായി ഉത്പാദനത്തിന്റെ സഞ്ചാരപഥത്തിൽ രണ്ട് വർഷം കൊണ്ടുണ്ടായ നഷ്ടം ഏകദേശം പത്ത് ട്രില്ല്യൻ ഡോളർവരും. ഉത്പാദന രംഗത്തിലെ അതികായരും മുതലാളിത്ത രാഷ്ട്രങ്ങളും എല്ലാം ഈ പ്രതിസന്ധിയിൽ പകച്ചുപോയി. മുതലാളിത്ത രാജ്യങ്ങളിലെല്ലാം തന്നെ റിക്കവറി വളരെ മന്ദഗതിയിലാണ് അതിനുശേഷം നടന്നത്.

തൊണ്ണൂറുകളിൽ മൊത്തം ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളുടെയും സമ്പദ്ഘടനയെക്കാൾ മുകളിലായിരുന്ന യുഎസ് രണ്ടായിരത്തോടെ ചൈനയുടെ കുതിപ്പിൽ മെല്ലെ തങ്ങളുടെ ആധിപത്യത്തിന്റെ

ചിത്രം - 16



അപ്രമാദിത്വം അവസാനിക്കുന്നത് മനസ്സിലാക്കി. രണ്ടായിരത്തി ഇരുപതിൽ ചൈനയും യുഎസും ഉത്പാദനമൂല്യത്തിൽ ഏകദേശം തുല്യമായ പങ്കിലേക്ക് എത്തിയിരിക്കുന്നു. മുതലാളിത്ത രാജ്യങ്ങളിലെല്ലാം ഈ മന്ദത കാണുന്നുണ്ട് എന്നതിന് തെളിവാണ് യൂറോപ്പിന്റെയും സെൻട്രൽഏഷ്യയുടെയും ഉത്പാദന മൂല്യത്തിലുണ്ടായ മെല്ലെപ്പോക്ക്. എന്നാൽ ലോകത്തിലെ മൊത്തം ഉത്പാദനം ഈ കാലഘട്ടത്തിൽ മുന്നോട്ടുപോകുന്നതായി നമുക്ക് ചിത്രത്തിൽ കാണാൻ കഴിയും. ഈ തകർച്ചയിൽ കിതയ്ക്കാത്ത ഏഷ്യയിലും ലാറ്റിൻ അമേരിക്കയിലുമുള്ള രാജ്യങ്ങളുടെ വളർച്ചയാണ് ഇതിനു കാരണമായത്. "സർക്കാർ നിയന്ത്രണങ്ങളുടെയും കേന്ദ്രീകൃത ഇടപെടലുകളുടെയും പരിണത ഫലമായാണ് കിഴക്കൻ-തെക്കൻ ഏഷ്യൻ രാജ്യങ്ങളുടെ വികസനം സാധ്യമായത്" എന്ന നിരീക്ഷണം ഇവിടെ അപ്രസക്തമല്ല. മുതലാളിത്തത്തെ പരിപോഷിപ്പിക്കുന്ന രാജ്യങ്ങളിൽ 2008-നു ശേഷം ഉണ്ടായ വളർച്ചയുടെ അനുപാതം മേൽസൂചിപ്പിച്ച രാജ്യങ്ങളുടെ വളർച്ചാ അനുപാതത്തെക്കാൾ പിറകിലായി എന്നത് ചിത്രത്തിൽ നിന്നും വ്യക്തമാണ്. എന്നാൽ ഇത് പരിപൂർണ്ണമായും മുതലാളിത്ത ഉത്പാദനക്രമത്തിന്റെയും വ്യവസ്ഥയുടെയും തകർച്ചയാണ് എന്ന് വാദിക്കുന്നതിനു മതിയായ തെളിവുകളല്ല. എന്നാൽ ഈ വ്യവസ്ഥ എപ്രകാരമാണ് ഉഗ്രരൂപിയായി വളരുമ്പോഴും സമൂഹത്തെ ദരിദ്രവൽകരിക്കുന്നതെന്ന് മനസ്സിലാക്കേണ്ടതായുണ്ട്. ഇതിലേക്ക് നമുക്ക് പിന്നെ വരാം.

പ്രശസ്ത സാമ്പത്തിക ചരിത്രകാരനായ ആൻഗസ് മാഡിസ്സന്റെ ലോക സമ്പദ്ഘടനയുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ മുതലാളിത്തവല്കരണം അപരവത്കരണം മാത്രമല്ല അപരന്മാരെ ദരിദ്രവൽകരിക്കുക കൂടി ചെയ്തു എന്നുവേണം മനസ്സിലാക്കാൻ. മുതലാളിത്തത്തിന്റെ അടിസ്ഥാനമായ കോളനിവൽകരണം വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത രൂപത്തിലാണ് രാജ്യങ്ങളെ ദരിദ്രവൽകരിക്കുന്നത് എന്ന ചരിത്രം കൂടി ഇവിടെ പ്രതിപാദിക്കേണ്ടതുണ്ട്. കൊളോണിയൽ കാലത്തിൽ ബ്രിട്ടന്റെ കോളനിയായ ഇന്ത്യ അതിനുമുൻപ് ഇന്നത്തെ ഡോളർ മൂല്യത്തിൽ അതിന്റെ പ്രതിശീർഷ വരുമാനം കണക്കാക്കിയാൽ (1600ൽ) 1055 ഡോളർ വരുമാനമുണ്ടായിരുന്ന മുഗൾ ഇന്ത്യ 1947-ൽ ബ്രിട്ടീഷ് ഇന്ത്യ വിടുമ്പോൾ അതിന്റെ വരുമാനം കേവലം 1399 ഡോളർ മാത്രമാണ് (350 വർഷത്തിൽ 340 ഡോളറിന്റെ വർധനവ്!). കോളനിവൽകരണത്തിനു മുൻപുള്ള ചൈനയുടെ പ്രതിശീർഷ വരുമാനം (1661ൽ) 1083 ഡോളർ ആണെങ്കിൽ 1950-ൽ 757 ഡോളറായി ചുരുങ്ങി.

നേരെമറിച്ച് ആധുനിക മുതലാളിത്തത്തിന്റെ ഈറ്റില്ലമായ ബ്രിട്ടന്റെ കണക്ക് പരിശോധിക്കുകയാണെങ്കിൽ 1700-ൽ 1591 ഡോളർ പ്രതിശീർഷ വരുമാനമുള്ള രാജ്യം 1944-ൽ ലോകയുദ്ധം കൊടുമ്പിരികൊള്ളുമ്പോഴും കൊളോണിയൽ വിരുദ്ധ കലാപങ്ങൾ അതിന്റെ മൂർധന്യാവസ്ഥയിൽ നിൽക്കുമ്പോഴും ബ്രിട്ടണിന്റെ പ്രതിശീർഷ വരുമാനം 10034 ഡോളറിലും മുകളിലാക്കി. ബ്രിട്ടനു പുറകെ മുതലാളിത്ത ഉല്പാദനത്തിന് ചുക്കാൻ പിടിച്ച യുഎസ് ഇതിനെക്കാൾ വേഗത്തിലാണ് തങ്ങളുടെ ആധിപത്യം ഉറപ്പിക്കുന്നത്. എന്നാൽ കോളനിവൽകരണത്തിൽ മുന്നിട്ടുനിന്ന സ്പെയ്ൻ മുതലാളിത്ത ഉത്പാദന പ്രക്രിയയിൽ ഏർപ്പെടാത്തത് അവരുടെ വരുമാനം അത്രകണ്ട് വർദ്ധിക്കുന്നതിൽ കലാശിച്ചില്ല എന്നതും ചരിത്രമാണ്. ഇവിടെ ഇവർ നേടിയ വരുമാന നേട്ടം ലാറ്റിൻ അമേരിക്കയിൽ നിന്നും കൊള്ളയും, കള്ളക്കടത്തും വഴി ബലമായി പിടിച്ചുകൊണ്ടും വന്നതാണെന്ന ബൊളിവിയൻ പ്രസിഡന്റ് ഇവോ മോറീലസിന്റെ യുഎൻ പ്രസംഗം നാം ഓർക്കേണ്ടതാണ്. ചൂഷണത്തിന്റെയും കൊള്ളയുടെയും ഉഗ്രരൂപമാണ് സ്പെയിൻ തന്റെ കോളനികളിൽ നടത്തിയത് എന്നത് ചരിത്രം മാത്രമല്ല ആഗോളവല്കരണത്തിന്റെ മറവിലും വിഭവങ്ങളുടെ വ്യാപകമായ ചൂഷണവും കൈമാറ്റവും ഇതേ യുക്തിയിൽ തന്നെയാണ് ലാറ്റിൻ അമേരിക്കയിൽ നടക്കുന്നത് എന്ന ഗില്ലർമോ യീറ്റ്സിന്റെ (Yeatts 2010) നിരീക്ഷണം ഇവിടെ പ്രസക്തമാണ്.

ചിത്രം - 17



കൊളോണിയൽ കാലത്തെ ചൂഷണത്തിൽ നിന്നും വ്യത്യസ്തവും ഉഗ്രവുമായ ചൂഷണമാണ് ധനമൂലധനത്തിന്റെ ആവിർഭാവത്തോടെ ഈ മേഖലയിൽ സാധ്യമായത് എന്നുകൂടി മനസ്സിലാക്കാൻ ചിത്രം സഹായകമാണ്. കാരണം ഇരുപതാം നൂറ്റാണ്ടിലെ മുതലാളിത്ത ഉത്പാദനക്രമത്തിന്റെയും വളർച്ചയുടെയും തോത് കഴിഞ്ഞ നൂറ്റാണ്ടുകളെ അപേക്ഷിച്ച് വളരെ വലുതാണ്. ഇത് സാധ്യമാക്കിയത് ലോകവ്യാപാര കൂട്ടായ്മകളിലൂടെ തങ്ങൾക്ക് അനിയോജ്യമായ തരത്തിൽ വ്യാപാരവ്യവസ്ഥകൾ നിർമ്മിക്കുകയും കൊളോണിയൽ രാജ്യങ്ങളിൽ അവരെ സംരക്ഷിക്കാനെന്ന വ്യാജേന അവരിൽ അടിച്ചേൽപ്പിക്കുകയുമാണ് ഇവർ ചെയ്തത്. മുതലാളിത്ത ഉത്പാദനത്തെ നെഞ്ചിലേറ്റിയ ശിങ്കിടി രാജ്യങ്ങളെ സംരക്ഷിച്ചും അതിന് ബദൽ മുന്നേറ്റങ്ങൾ നടത്താൻ ശ്രമിച്ചവരെ ശിക്ഷിച്ചുമാണ് നവലിബറൽ മുതലാളിത്തം മുന്നേറിയത്.

ഉദാഹരണത്തിന് യുഎസ്സിന്റെയും ബ്രിട്ടന്റെയും മുതലാളിത്ത നയങ്ങളെ അംഗീകരിച്ച ജപ്പാൻ, സൗത്ത് കൊറിയ പോലുള്ള രാജ്യങ്ങളുടെ വളർച്ചയും മുതലാളിത്ത വ്യവസ്ഥ ഏറ്റവും കൂടുതൽ ചൂഷണ വിധേയമാക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളുടെ വളർച്ചയും ഈ കാലഘട്ടത്തിനിടയിൽ പരിശോധിച്ചാൽ കാര്യങ്ങളുടെ നീതി നമുക്ക് മനസ്സിലാക്കാൻ എളുപ്പമാണ്. ധനമുതലാളിത്തത്തിന്റെ ഖനിജങ്ങളായാണ്

ആഫ്രിക്കയിലെ രാജ്യങ്ങളായ മധ്യആഫ്രിക്കൻ റിപ്പബ്ലിക്, ലൈബീരിയ, കോങ്കോ, അങ്കോള, നൈജെർ, ഘാന തുടങ്ങി വടക്ക്പടിഞ്ഞാറൻ ആഫ്രിക്ക മുഴുവനുമോ മൊത്തം ആഫ്രിക്കൻ ഭൂഖണ്ഡമോ പ്രവർത്തിക്കുന്നത്. ഇവർ ലോകത്തിലെ തന്നെ ഏറ്റവും ദരിദ്രരാക്കപ്പെടുമ്പോഴാണ് മറുവശത്ത് ധനമൂലധനത്തിന്റെ ഉത്പാദന മൂശയായി പ്രവർത്തിക്കുന്ന സൗത്ത് കൊറിയ, തൈവാൻ, സിങ്കപ്പൂർ, ജപ്പാൻ തുടങ്ങിയവ വലിയ മുന്നേറ്റം നേടുന്നത്. പട്ടിക ഇതിന്റെ വിശദീകരണമാണ്.

പട്ടിക - 4

രാജ്യങ്ങളുടെ ഉല്പന്നാധിഷ്ഠിത പ്രതിശീർഷം ആഭ്യന്തര ഉത്പാദനം

(2011 ലെ ഡോളർ പ്രകാരം)

രാജ്യം	സ്വതന്ത്ര്യാനന്തര പ്രതിശീർഷ വരുമാനം (• 2011)	ഏറ്റവും പുതിയ പ്രതിശീർഷത വരുമാനം (• 2011)	മൊത്തം മാറ്റം (• 2011)	ശരാശരി മാറ്റം %
ലൈബീരിയ	1,504.21 in 1964	760.74 in 2017	743.47	49%
സെൻട്രൽ ആഫിക്കൻ റിപ്പബ്ലിക്	1,398.47 in 1960	727.29 in 2017	671.18	48%
ജിബൂട്ടി	7,314.61 in 1970	4,048.02 in 2017	3,266.59	45%
നൈജെർ	1,367.93 in 1960	•908.65 in 2017	459.28	34%
ഗിനി	2,751.93 in 1959	2,281.50 in 2017	470.43	17%
ചാഡ്	1,314.38 in 1960	1,307.97 in 2017	6.41	1%
അൾജീരിയ	9,434.98 in 1960	12,323.58 in 2017	+2,888.60	+31%
അങ്കോള	3,696.23 in 1970	4,993.85 in 2017	+1,297.62	+35%
ഘാന	3,603.79 in 1955	4,988.86 in 2017	+1,385.07	+38%
ബെനിൻ	1,516.70 in 1959	2,113.94 in 2017	+597.24	+39%
ടോഗോ	1,115.04 in 1960	1,566.15 in 2017	+451.10	+40%
മലാവി	726.88 in 1954	1,038.32 in 2017	+311.43	+43%
നൈജീരിയ	2,633.50 in 1950	4,285.06 in 2017	+1,651.57	+63%
ബോട്സ്വാന	404.68 in 1960	14,997.14 in 2017	+14,592.46	+3,606%
സൗത്ത്കൊറിയ	987.60 in 1953	36,264.55 in 2017	+35,276.95	+3,572%
തൈവാൻ	1,589.02 in 1951	43,211.01 in 2017	+41,621.99	+2,619%
സിങ്കപ്പൂർ	2,644.99 in 1960	67,138.12 in 2017	+64,493.12	+2,438%
ജപ്പാൻ	2,530.67 in 1950	40,373.75 in 2017	+37,843.08	+1,495%

സ്രോതസ്സ് : ആങ്കസ് മാഡിസൺ

കൊളോണിയൽ ചൂഷണങ്ങൾക്കെതിരെ പോരാടുകയും സ്വാതന്ത്ര്യം നേടുകയും ചെയ്തപ്പോൾ ഉണ്ടായിരുന്ന ആഫ്രിക്കൻ രാജ്യങ്ങളുടെ പ്രതിശീർഷ വരുമാനത്തിന്റെ കണക്കാണ് പട്ടികയിൽ. സ്വാതന്ത്ര്യാനന്തര ആഫ്രിക്കയിലെ രാജ്യങ്ങളായ ലൈബീരിയ, സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്, ജിബൂട്ടി, നൈജെർ, ഗിനി, ചാഡ് എന്നീ രാജ്യങ്ങളുടെ പ്രതിശീർഷ വരുമാനത്തെക്കാൾ വളരെ താഴെയാണ് ഇന്നവർ (50 മുതൽ70 വർഷം പിന്നിടുമ്പോഴും) എത്തിനിൽക്കുന്നത്. എന്നാൽ ഇതേകാലയളവിൽ മുതലാളിത്തതാല്പര്യങ്ങൾക്കനുസൃതമായി (ബ്രിട്ടീഷ്-അമേരിക്കൻ താത്പര്യങ്ങൾ) പ്രവർത്തിച്ച പ്രധാന ഈസ്റ്റ്ഏഷ്യൻ രാജ്യങ്ങളുടെ പ്രതിശീർഷ വരുമാനമാകട്ടെ പതിന്മടങ്ങ് വർദ്ധിക്കുന്നതായി പട്ടികയിൽ നിന്നും മനസ്സിലാക്കാം. ഗിനിയുടെയും ഘാനയുടെയും നൈജീരിയയുടെയും പിറകിലായിരുന്ന ജപ്പാൻ, ലൈബീരിയയുടെയും നൈജറുടെയും പിന്നിലായിരുന്ന കൊറിയ, നേടിയ വളർച്ച മുതലാളിത്തത്തെ ലാളിക്കുമ്പോൾ അവർ തളർത്തുന്ന രാജ്യങ്ങളുടെ പട്ടികകൂടി ഓർമ്മിപ്പിക്കുന്നതാണ്. ലോകം കുതിക്കുന്നു എന്ന് പറയുമ്പോൾ, വികസനം എന്നത് വളർച്ചമാത്രമാണ് എന്ന് പറയുമ്പോൾ, ആരുടെ വളർച്ചയാണ് ഇവർ ഉയർത്തിക്കാണിക്കുന്നത് എന്നതിന്റെ വിവരണം മാത്രമാണ് ഇവിടെ. വളർച്ചയുടെ ഈ വിജയഭേരിക്കാണ് ഇപ്പോൾ കോവിഡിന്റെ രൂപത്തിൽ കടിഞ്ഞാണിട്ടിരിക്കുന്നത്. എന്നാൽ ഇതിൽ ഒട്ടും ശുഭകരമല്ലാത്തത് വളർച്ചയുടെ തേരോട്ടത്തിലും കിതച്ചുപോയ വികസ്വരരാഷ്ട്രങ്ങളുടെ അവസ്ഥയാണ്. മുതലാളിത്തത്തിന്റെ വർഗവിവേചനത്തിന്റെ നേർസാക്ഷ്യം കൂടിയാണ് കാണിക്കുന്നത്.

വികസനത്തെക്കുറിച്ചുള്ള വ്യത്യസ്തമായ നിലപാടുകൾ നിൽക്കുമ്പോൾത്തന്നെ വളർച്ചയാണ് വികസനം എന്ന നിരീക്ഷണം മുഖ്യധാരാ ചിന്തയായി നിരന്തരം പുനരാവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് നമ്മുടെ ചർച്ചകളുടെ ദിശ എങ്ങോട്ടാണ് പോകുന്നത് എന്നത്തിനു തെളിവാണ്. മുതലാളിത്തത്തിന്റെ ശക്തി വർധിതമാകുന്നു എന്നതിന് ഇതിലും നല്ല ഉദാഹരണമില്ല. എന്നാൽ വളർച്ചയുടെ വേഗത്തിൽ കുറവ് വന്നു എന്നത് ഇപ്പോഴത്തെ പ്രതിസന്ധി കൊണ്ടു മാത്രമല്ല എന്ന വാദത്തെ ശക്തിപ്പെടുത്തുന്നു. ഇത് കൂടുതൽ മനസ്സിലാക്കാൻ നമുക്ക് മാനവ വികസന സൂചികയുടെ സഹായം ആവശ്യമാണ്. വളർച്ചയാണ് വികസനം എന്ന മുഖ്യധാരാ വീക്ഷണത്തെ ചോദ്യംചെയ്തത് മാനവ വികസന റിപ്പോർട്ടിലൂടെ മുന്നോട്ടു വച്ച ബദലാണ്. വികസനത്തിന്റെ ഈ പുതിയ മാർഗ്ഗരേഖ

പുറത്തു വന്നിട്ട് മുപ്പത് വർഷങ്ങൾ പിന്നിടുമ്പോൾ വികസന ത്തിന്റെ ഭൂപടത്തിലും ചർച്ചയിലും പുതിയ മാനങ്ങൾ കൈവന്നു കഴിഞ്ഞിരിക്കുന്നു എന്നത് ശുഭലക്ഷണമാണ്. മാനവ വികസന സൂചിക, വിദ്യാഭ്യാസ സൂചിക, അസമത്വ സൂചിക തുടങ്ങി വിവിധങ്ങളായ വികസന സൂചകങ്ങൾ പരിശോധിച്ചാൽ മാത്രമേ ആധുനിക മുതലാളിത്ത വികസനത്തിന്റെ പ്രത്യയ ശാസ്ത്രം പൂർണ്ണമായി അപഗ്രഥിക്കാൻ സാധിക്കുകയുള്ളൂ.

വികസനത്തിന്റെ കോമ്പസിറ്റ് സൂചകമായ മാനവവിക സന സൂചികയിൽ ആയുർദൈർഘ്യം, വിദ്യാഭ്യാസം, വരുമാനം എന്നിവയാണ് വികസനത്തിനായി കണക്കാക്കേണ്ടത് എന്ന് മഹബൂബുൽ ഹക്ക് മാനവ വികസന റിപ്പോർട്ടിലൂടെ ഊന്നി പ്പറയുന്നു. ഇതിനെ തുടർന്ന്, വിദ്യാഭ്യാസം, ആരോഗ്യം, അസമത്വം, ലിംഗപരം, പരിസ്ഥിതി തുടങ്ങിയവയുടെ വിവിധ വശങ്ങളെ ഉൾച്ചേർത്ത് പല സൂചകങ്ങളും ഇന്നുണ്ട്. ആദ്യമായി എച്ച്.ഡി.ഐ (ഹ്യൂമൻ ഡവലപ്മെന്റ് ഇൻഡെക്സ്) പരിശോധിക്കാം. കഴിഞ്ഞ മുപ്പതുവർഷം ആഗോളതലത്തിൽ പൊതുവായി നാം മെച്ചപ്പെടുന്നു എങ്കിലും തെക്കൻ ഏഷ്യൻ രാജ്യങ്ങളും, സബ്സഹാറൻ ആഫ്രിക്കയും, ലാറ്റിൻഅമേരിക്കയും മാത്രമല്ല, ലോകശരാ ശരിയും, വികസിതരാജ്യങ്ങളുടെ വേഗതയും ആഗോള സാമ്പത്തിക പ്രതിസന്ധിക്ക് (2008നു) ശേഷം മെല്ലെപ്പോക്കാണ് കാണിക്കുന്നത് (ചിത്രം). ലോകത്തിന്റെ HDI സൂചകമായ പച്ച വര ചിത്രത്തിൽ നന്നേ ഫ്ളാറ്റ് ആയി കാണുന്നത് ഇതിലെ വളർച്ചനിരക്കിലുള്ള കുറവാണ്. ഇതിന്റെ വ്യാപ്തി മനസ്സിലാക്കു ന്നതിനു കൂടുതൽ സൂക്ഷ്മമായ പരിശോധന അനിവാര്യമാണ്. അതിനായി ആദ്യം വിദ്യാഭ്യാസ സൂചിക പരിശോധിക്കാം.

ചിത്രം - 18



വിദ്യാഭ്യാസത്തിന്റെ കൊമ്പോസിറ്റ് സൂചിക പരിശോധിക്കുകയാണെങ്കിൽ ഇത് കൂടുതൽ വ്യക്തമാക്കുന്നതാണ് ചിത്രം 18-ലൂടെ. ഇവിടെ 2008-ലെ ആഗോള പ്രതിസന്ധിക്ക് ശേഷം സൗത്ത്ഏഷ്യയും ലാറ്റിൻഅമേരിക്കയും ഒഴികെയുള്ള രാഷ്ട്രങ്ങൾ തങ്ങളുടെ ഈ മേഖലയിലെ വളർച്ചയുടെ തോതിൽ മെല്ലെപ്പോക്ക് പ്രകടിപ്പിച്ചുതുടങ്ങി. യൂറോപ്പും, മധ്യേഷ്യൻ രാജ്യങ്ങളെയും ഈസ്റ്റ്ഏഷ്യൻ രാജ്യങ്ങളെയും 2008-ലെ പ്രതിസന്ധി സാരമായി ബാധിച്ചു. എന്നാൽ നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്ത്യ ലീഡ് ചെയ്യുന്ന സൗത്ത്ഏഷ്യയിലും ബ്രസീൽ ലീഡ് ചെയ്യുന്ന ലാറ്റിൻ അമേരിക്കയിലും ഇതിന്റെ പ്രകടമായ പ്രശ്നം പുറത്തുവരുന്നത് 2014-നു ശേഷമാണ്. ഈ രാജ്യങ്ങളുടെ കൂടുതൽ വലതുപക്ഷവല്കരണത്തിന്റെ ഫലമായാണ് യഥാർത്ഥത്തിൽ ഇവരുടെ വികസന സൂചിക പിന്നോട്ടുപോകാൻ ആരംഭിച്ചത്.

അതുപോലെ തന്നെ പ്രസക്തമായ മറ്റൊരു സൂചികയാണ് അസമത്വത്തെക്കുറിച്ചുള്ള യുഎൻഡിപിയുടെ കമ്പോസിറ്റ് സൂചിക. അസമത്വത്തിന്റെ സൂചകങ്ങൾ പരിശോധിക്കുകയാണെങ്കിൽ നേരത്തെ ഉന്നയിച്ച വാദങ്ങളെ തീർത്തും പിന്താങ്ങുന്ന കണക്കുകളാണ് ചിത്രം 19-ൽ നിന്നും വ്യക്തമാകുന്നത്.

ചിത്രം - 19



ചിത്രം - 20



പൊതുവായി പറഞ്ഞാൽ 1950-നു ശേഷം രാജ്യാന്തര അസമത്വം വലിയ തോതിൽ വർദ്ധിക്കുന്നതായാണ് കാണാൻ കഴിയുന്നത്. നേരത്തെ, ഉയർന്ന വരുമാനമുള്ള രാജ്യങ്ങളുടെ വളർച്ചയും താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളുടെ വളർച്ചയും തമ്മിലുള്ള അന്തരം വർദ്ധിതമായ തോതിൽ കൂടുന്നു എന്ന് ചിത്രം 17-ൽ സൂചിപ്പിച്ചിരുന്നല്ലോ. വ്യത്യസ്തങ്ങളായ അസമത്വങ്ങളുടെ കൊമ്പോസിറ്റ് സൂചിക മറിച്ചൊരു ചിത്രമല്ല ഇവിടെ തരുന്നത്. ഇവിടെ പോസിറ്റീവായി കാണാൻ കഴിയുന്നത്, വർദ്ധിതമായ അസമത്വത്തിന്റെ തോത് 2008-ലെ പ്രതിസന്ധിക്കു ശേഷം കുറഞ്ഞു എന്നാണ്. മുതലിന്റെ ഹിംസാത്മകമായ വളർച്ചയ്ക്കു തടയിട്ടാൽത്തന്നെ അസമത്വത്തിന്റെ തോത് കുറച്ചുകൊണ്ടുവരാൻ കഴിയും എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മുതലാളിത്തത്തെക്കുറിച്ചുള്ള സോഷ്യലിസ്റ്റ് ചിന്തയുടെ ശരിവയ്ക്കൽ കൂടിയാണ് ഇതിൽ നിന്നും തെളിഞ്ഞുവരുന്നത്. ആഗോളതലത്തിൽ മുതലാളിത്ത ഉത്പാദന വികസന ക്രമം വലിയ തിരിച്ചടിയാണ് നേരിടുന്നതെങ്കിൽ സാമൂഹികമായി നിലനില്ക്കുന്ന അസമത്വത്തിന്റെ വിടവാണ് കുറയുന്നത്. എന്നാൽ കൃത്യമായുള്ള പുനർവിതരണം സാമൂഹിക മേഖലയായ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ, ആവശ്യത്തിനുള്ള വരുമാനം എന്നിവ സാധാരണ

ക്കാർക്ക് നൽകുന്നതിൽ മുതലാളിത്ത വ്യവസ്ഥ പരാജയപ്പെടുന്നു എന്നതിനാൽ സാമൂഹിക സുരക്ഷിതത്വത്തിനും അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കുന്ന സോഷ്യലിസ്റ്റ് മാതൃകകൾ മാത്രമാണ് ഇവിടെ ബദൽ.

കൊറോണ എന്ന മഹാമാരി രാജ്യത്തും ലോകത്തും കടുത്ത സാമ്പത്തിക, ആരോഗ്യ വെല്ലുവിളികൾ ഉയർത്തുമ്പോൾ അതിനെ ചങ്കൂറ്റത്തോടെ നേരിടുന്ന, സാമൂഹിക നീതിയിലും ക്ഷേമത്തിലും ഒട്ടും പിറകോട്ട് പോകാൻ തയ്യാറല്ലാത്ത ബദലായി മാറിയ കേരളം എന്ന സോഷ്യലിസ്റ്റ് (സാമൂഹിക ജനാധിപത്യ) ബദലാണ് ഇപ്പോൾ നമുക്ക് പ്രതീക്ഷ. കൊറോണ പോസിറ്റീവ് ആയ ഒരു രോഗിയോ ഒരു കുടുംബമോ സ്വകാര്യ ആശുപത്രിയിൽ പ്രവേശിച്ചാൽ ഓരോ വ്യക്തിക്കും ചെലവാകുന്നത് ലക്ഷക്കണക്കിന് രൂപയാണ് (13 ലക്ഷം വരെയായിരുന്നു). പൊതുവായി ചെലവാകുന്നത് എന്നാണ് ലേഖകൻ നടത്തിയ സർവേയിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്. എന്നാൽ സ്വകാര്യ ആശുപത്രികളെക്കാൾ നിലവാരമുള്ള പൊതുമേഖലാ ആശുപത്രികളിലൂടെ സൗജന്യമായും നാമമാത്ര ഫീസ് ഈടാക്കിക്കൊണ്ടും മാത്രമാണ് കേരളത്തിലെ ജനകീയ ഇടത് സർക്കാർ ഈ മഹാമാരിയെ നേരിട്ടത്. രോഗികൾക്ക് ഭക്ഷണം, മരുന്ന്, നല്ല ചികിത്സ മുതലായവ നൽകുക മാത്രമല്ല, ചികിത്സാഘട്ടത്തിൽ മുടങ്ങാതെയുള്ള മോണിട്ടറിങ് ആരോഗ്യ മേഖലയിൽ തന്നെ നവലിബറൽ കാലത്തും ബദലായി വയ്ക്കാൻ ജനകീയ സർക്കാരുകൾക്ക് കഴിയും എന്നതിൽ നമുക്ക് അഭിമാനിക്കാം. വിദ്യാഭ്യാസത്തിൽ നിന്നും വിദ്യാഭ്യാസത്തിനു വേണ്ട മുതൽമുടക്കിൽ നിന്നും നവലിബറൽ സർക്കാരുകൾ വിടവാങ്ങുമ്പോൾ, സർക്കാർ മുതൽമുടക്ക് വിദ്യാഭ്യാസത്തിൽ അനിവാര്യമെന്ന് വാദിക്കുക മാത്രമല്ല അതിനുവേണ്ടി യത്നിക്കുന്ന ജനകീയ ബദലായി കേരളത്തിലെ ജനകീയ ഇടതുപക്ഷസർക്കാർ മാറിയത് ശ്രദ്ധേയമാണ്. നമ്മുടെ ചർച്ചകൾ ഇതിലേക്ക് കൂടുതൽ കേന്ദ്രീകരിക്കേണ്ടത് അനിവാര്യമാണ്. അതിനാൽ, നവഉദാരവാദകാലത്ത് ബദലുകൾ സാധ്യമാണോ എന്ന അന്വേഷണം പങ്കുവയ്ക്കുകയാണ് അടുത്ത ഭാഗം.

ഭാഗം മൂന്ന്

നവഉദാരവാദത്തിനു ബദലുകൾ

5

ആസൂത്രണവും വികസനവും ബദലാകുമ്പോൾ

കേരളത്തിലെ വികസനവും ആസൂത്രണവും

ആസൂത്രണം ചെയ്യാതെ നമുക്ക് അടുക്കും ചിട്ടയുമായി പ്രവർത്തിക്കുക സാധ്യമല്ല എന്നാണ് പൊതുപക്ഷം. എന്നാൽ കൃത്യമായ ആസൂത്രണമില്ലാതെയും നമുക്ക് മുന്നോട്ടുപോകാനാകും എന്ന കാഴ്ചപ്പാടും നിലനിൽക്കുന്നുണ്ട്. ആദ്യത്തെ നിരീക്ഷണം ഒരു ആസൂത്രിതമായ അഥവാ സംഘടിതമായ പ്രവർത്തന രീതിയാണ് പ്രദാനം ചെയ്യുന്നത്. രണ്ടാമത്തേത് തികച്ചും ആസൂത്രണ രഹിതവും അസംഘടിതവുമായ രീതിയാണ് പ്രദാനം ചെയ്യുന്നത്. മിക്കവാറും കുടുംബ വ്യവസ്ഥ ശക്തമായുള്ള സാമൂഹിക ക്രമങ്ങളിൽ ആസൂത്രണം തികച്ചും പോസിറ്റിവായ ഒരു ജീവിത/സാമ്പത്തിക സാമൂഹിക വീക്ഷണമായാണ് മനസ്സിലാക്കപ്പെട്ടിരിക്കുന്നത്. നേരെമറിച്ച് രണ്ടാമത്തെ രീതിയെ കുത്തഴിഞ്ഞ ക്രമമായാണ് പൊതുവിൽ വിലയിരുത്തുന്നത്. സാമ്പത്തിക ശാസ്ത്രത്തിലെ യുക്തികളിൽ ഈ രണ്ട് രൂപങ്ങളെയും നമുക്ക് വീക്ഷിക്കാൻ സാധിക്കും. എന്നാൽ ആസൂത്രണത്തിലധിഷ്ഠിതമായ ക്രയവിക്രയങ്ങളെ മുഖ്യധാരാ സാമ്പത്തിക ശാസ്ത്ര യുക്തി പ്രത്യേകിച്ചും നവലിബറൽ ആശയങ്ങളുടെ പ്രയോക്താക്കൾ അംഗീകരിക്കുന്നില്ല എന്നതാണ് ഇതുവരെ നാം ചർച്ച ചെയ്തത്. നമ്മുടേതുപോലെ സംഘടിതമായ സാമൂഹിക സമ്പദ്‌വ്യവസ്ഥയിൽ ഇത്തരം സൈദ്ധാന്തികത യുക്തിയുക്തമല്ലെങ്കിലും നവഉദാരവാദോത്തര ഇന്ത്യ ഇത് അംഗീകരിച്ചു എന്നതും നാം പരിശോധിച്ചു കഴിഞ്ഞല്ലോ. ഇവിടെ പ്രത്യേകിച്ചും നിയോക്ലാസ്സിക്കൽ/നവലിബറൽ യുക്തിയിൽ വ്യക്തികൾ മാത്രമാണ് കേന്ദ്രമെന്നും അവർക്ക് മറ്റൊരാൾ വഴിയുള്ള ആസൂത്രണം ആവശ്യമില്ല എന്നുമാണ് ഇതിന്റെ പൊരുൾ. വ്യക്തികളുടെ ഏറ്റവും പ്രഥമ പ്രധാനമായ സ്വഭാവ വിശേഷം ഇവർ മുന്നോട്ടുവയ്ക്കുന്നത്: വ്യക്തികൾ 1) സ്വതന്ത്രമായും 2) യുക്തിയുക്തമായും 3) സ്വാർത്ഥ താല്പര്യങ്ങൾക്കു

വേണ്ടിയും - അതിനാൽ 4) ലാഭേച്ഛയിൽ മാത്രമായിരിക്കും പ്രവർത്തിക്കുന്നത് എന്ന സങ്കല്പമാണ്. എന്നാൽ ഇത് തെറ്റിദ്ധാരണ ജനിപ്പിക്കുന്നതാണ് എന്ന് ഒന്നാം ഭാഗത്തിൽ തെളിയിച്ചിട്ടുണ്ട്. അതിനാൽ വ്യക്തികൾ പരസ്പരാശ്രിതരാണെന്നും പൊതുനന്മക്കായി ആസൂത്രണം ചെയ്യുന്നത് യുക്തിരഹിതമല്ലെന്നും ഇതിൽ നിന്നും വ്യക്തമാണ്. നേരെമറിച്ച് വ്യക്തികളുടെ സ്വഭാവ വിശേഷണം പറയുമ്പോൾ സാമൂഹിക നിർമ്മിതികളായ ലിംഗ, വർഗ, ജാതി, മത, വർണ്ണ വിവേചനങ്ങൾ തീർത്തും തമസ്കരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത് ഉചിതമല്ല. എന്നിരുന്നാലും ഒരു സൈദ്ധാന്തിക യുക്തി എന്ന നിലയ്ക്ക് നവലിബറൽ/നിയോക്ലാസ്സിക്കൽ ചിന്തക്ക് ലഭിക്കുന്ന അപ്രമാദിത്വം ചെറുതല്ല എന്നതാണ് കഴിഞ്ഞ മൂന്ന് ഭാഗങ്ങളിൽ നിന്നും സ്പഷ്ടമാകുന്നത്. മൃഗതൃഷ്ണയാണ് കാര്യങ്ങൾ തീരുമാനിക്കുന്നത് എന്നതാണ് ഇതിന്റെ കാതലായ വാദമുഖം.

കേൾക്കുമ്പോൾ വലിയ താല്പര്യം ജനിപ്പിക്കുന്ന യുക്തിയാണ് ഇതെങ്കിലും സമൂഹം എന്നത് സംഘടിതമായസൃഷ്ടി ആയിരിക്കുന്നിടത്തോളം ഒരു സൈദ്ധാന്തിക വ്യായാമത്തിനപ്പുറം ഇതിന്റെ പ്രാവർത്തികതയും സാമൂഹികമായ അംഗീകാരവും അത്രകണ്ട് യുക്തിയുക്തമല്ല എന്നതാണ് യാഥാർത്ഥ്യം. ആസൂത്രണ രഹിതമായ ഒരു ക്രമം അതിനാൽത്തന്നെ അയുക്തവും അപ്രായോഗികവുമാണ്. ഇതിന്റെ പശ്ചാത്തലത്തിലാണ് ആസൂത്രണത്തിലധിഷ്ഠിതമായ സാമ്പത്തിക ക്രയവിക്രയങ്ങളും സമ്പദ്ശാസ്ത്രവും പ്രസക്തമാകുന്നത്. ഇത് പ്രസക്തമാകുമ്പോൾ ഉയർന്നുവരുന്ന പ്രശ്നങ്ങളാണ് മുൻപ് സൂചിപ്പിച്ച സാമൂഹിക നിർമ്മിതികളായ ലിംഗ ജാതി വർഗ്ഗ വർണ്ണ മത വിഭാഗങ്ങളുടെ ഉൾച്ചേർക്കലും തള്ളിക്കളയലുമൊക്കെ. സാമൂഹിക സാഹചര്യങ്ങളെ വിലയിരുത്തിയുള്ള നയരൂപീകരണങ്ങളും അത് അടിസ്ഥാനമാക്കേണ്ട ആസൂത്രണ വ്യവസ്ഥകളും അതിനാൽത്തന്നെ അങ്ങേയറ്റം പ്രാധാന്യം അർഹിക്കുന്നതാണ്. ആസൂത്രണ കമ്മിഷൻ പിരിച്ചു വിട്ട് നിതി ആയോഗ് എന്ന ക്ലിപ്തത ഇല്ലാത്ത സ്ഥാപനം നിലവിൽ വന്നത് ഇതിനുദാഹരണമാണ്. ഇതിന്റെ പ്രഖ്യാപിത ലക്ഷ്യം തന്നെ പൊതുമേഖലയ്ക്ക് പ്രത്യേക പരിഗണന നൽകാതെയുള്ള വികസന പുരോഗതിയെ ആയിരിക്കും ഇത് കൂടുതൽ സാധ്യമാക്കുക എന്നതാണ്. സംസ്ഥാനങ്ങളെ സഹകരണ അടിസ്ഥാനത്തിൽ സംയുക്ത ഭരണസജ്ജമാക്കുക (cooperative federalism) എന്നതും; വികസനപ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിന്

എല്ലാവിധ ആശയങ്ങളും സ്വരൂപിക്കുന്ന ഒരു കേന്ദ്രമായി പ്രവർത്തിക്കുക തുടങ്ങിയവയാണ്പ്രഖ്യാപിത ലക്ഷ്യങ്ങൾ (NITI Aayog 2015). കോവിഡ് മഹാമാരി രാജ്യത്ത് സംഹാര താണ്ഡവം ആടുമ്പോഴും ഇവരുടെ ആസൂത്രണ വിരുദ്ധതയിൽ ഒരു മാറ്റവും ഇല്ല (NITI Aayog 2021) എന്നതും, കേരളത്തിന്റെ ആസൂത്രണമികവു പറയുമ്പോൾ ഓർക്കേണ്ടതുണ്ട്. ഇന്ത്യയുടെ വികസന ഡാറ്റ പരിശോധിക്കുകയാണെങ്കിൽ ആസൂത്രണ കാലത്ത് ഇന്ത്യ കൈവരിച്ച പുരോഗതി നരേന്ദ്ര മോഡി സർക്കാർ ആവിഷ്കരിച്ച ആസൂത്രണരഹിത ഇന്ത്യയിൽ ഇതുവരെ സാധ്യമായില്ല എന്നതാണ്. രാജ്യം കടുത്ത സാമ്പത്തിക ചുരുക്കത്തിലൂടെ കടന്നുപോകുമ്പോഴും ഈ ഉദാസീനത ദൗർഭാഗ്യകരമാണ്.

നവകേരള സൃഷ്ടി എന്ന മുദ്രാവാക്യത്തോടെ 2016ൽ എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രാജ്യം ഏകദേശം ഉപേക്ഷിച്ച പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മുന്നോട്ടുകൊണ്ടുപോകുക മാത്രമല്ല, പതിമൂന്നാം പഞ്ചത്സര പദ്ധതിയും പതിനാലാം പഞ്ചവത്സരപദ്ധതിയും കേരളത്തിൽ ആവിഷ്കരിച്ചു. ഈ പദ്ധതി ആവിഷ്കരിക്കുന്നതിനു വേണ്ടി സർക്കാർ എടുത്ത ശ്രമം ചെറുതല്ല. ഇത് പ്രവർത്തന പഥത്തിലെത്തിക്കാൻ കഴിഞ്ഞതും സന്തോഷം നൽകുന്ന ഒന്നാണ്. പ്രത്യേകിച്ചും ആസൂത്രണം കാലഹരണപ്പെട്ടതാണ് എന്ന് പേർത്തും പേർത്തും പറയുമ്പോൾ. പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ സർക്കാർ നേരിടേണ്ടിവന്ന പ്രശ്നങ്ങൾ ചെറുതല്ല എന്നതു പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. അതോടൊപ്പം രാജ്യത്ത് ആവിഷ്കരിച്ച വികലമായ പല സാമ്പത്തിക നയങ്ങളും പദ്ധതിനടത്തിപ്പിന് നൽകിയ പ്രഹരം വലുതാണ്. മോഡി സർക്കാർ അടിച്ചേൽപ്പിച്ച നോട്ടുനിരോധനവും അതിന്റെ പ്രത്യാഘാതങ്ങളും നാം ചർച്ച ചെയ്തു കഴിഞ്ഞു. ആഗോള സാമ്പത്തിക രംഗത്ത് രൂപയുടെ തകർച്ച, കേരളം പോലുള്ള ആഗോളരംഗത്തെയും വിദേശത്ത് നിന്നുള്ള വരുമാനത്തെയും ആശ്രയിക്കുന്ന സംസ്ഥാനത്തിന്റെ നില പരുങ്ങലിലാക്കി. 2017ൽ തന്നെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച ജി. എസ്. ടി. യും നികുതി വരുമാനത്തെ ബാധിക്കുകയുണ്ടായി. ഇതൊക്കെ പദ്ധതി നിർവഹണത്തെ താൽകാലികമായി ബാധിച്ചുവെങ്കിലും സർക്കാർ സുശക്തം മുന്നോട്ടുപോയി. അപ്പോഴാണ് കേരളത്തിന്റെ തീരത്തെ തകർത്ത ഓഖിയും തുടർന്ന് പ്രളയവും കേരളത്തെ തകർക്കുമെന്ന് നാം ആശങ്കപ്പെട്ടത്. പ്രളയം നമ്മുടെ

നാടിന്റെ സാമ്പത്തികവും പാരിസ്ഥിതികവുമായ അടിത്തറ തന്നെ ഇളക്കിക്കളഞ്ഞു എങ്കിലും സർക്കാരും ജനങ്ങളും ഒറ്റക്കെട്ടായി ഇതിനെ നേരിട്ടതാണ് നവകേരളത്തിന്റെ സൃഷ്ടി. ആസൂത്രണവും കരുതലും ഈ പ്രതിസന്ധി ഘട്ടങ്ങളെ പരിഹരിച്ചു മുന്നോട്ടുപോകാൻ കേരളത്തെ പ്രാപ്തമാക്കി എന്നുവേണം കരുതാൻ. എന്നാൽ ഈ കൂട്ടായ്മയെ ശിഥിലീകരിക്കുന്ന തരത്തിലുള്ള പ്രതിലോമപരമായ ഇടപെടലാണ് ഭരണഘടനയെ ഉയർത്തിപ്പിടിച്ച് നൽകിയ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ 2018 നവംബർ, ഡിസംബർ മാസങ്ങളിൽ കേരളം സാക്ഷ്യം വഹിച്ചത്. കേരളത്തിലെ സ്ത്രീ സമൂഹത്തെയും ലിംഗ നീതിക്കായുള്ള നമ്മുടെ സമരങ്ങളെയും കാറ്റിൽ പറത്തിയാണ് പ്രതിപക്ഷവും ബി.ജെ.പി.യും ഹിന്ദുത്വസംഘടനകളും പ്രവർത്തിച്ചത്. ശബരിമല വിഷയം കേരളത്തിലെ ലിംഗനീതിയെക്കുറിച്ചുള്ള ചർച്ചകൾ സജീവമാക്കി. സ്ത്രീകൾ ആസൂത്രണ, ഭരണസാരഥ്യത്തിൽ എത്താത്തതിന്റെ കുറവുകളാണ് ഇത്തരം പ്രതിലോമ ചർച്ചകളും പ്രകടനങ്ങളും. ആസൂത്രണത്തിലെ സ്ത്രീകളുടെ പങ്ക് അതിനാൽ തന്നെ പ്രസക്തവുമാണ്.

ആഗോളതലത്തിൽ പരിശോധിക്കുകയാണെങ്കിൽ ആസൂത്രണത്തിലെ സ്ത്രീകളുടെ പങ്ക് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതിന്റെ തെളിവാണ് 1946 ജൂൺ 21 നു തന്നെ നിലവിൽ വന്ന ഐക്യരാഷ്ട്ര സംഘടനയുടെ കമ്മീഷൻ ഓൺ സ്റ്റാറ്റസ് ഓഫ് വിമൺ. ഈ സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യം തന്നെ ആസൂത്രണത്തിൽ സ്ത്രീകൾ എത്രത്തോളം പ്രാധാന്യം വഹിക്കുന്നു, അതിലേക്കായി അവരെ സജ്ജമാക്കാനും കൂടുതൽ പ്രവർത്തന മേഖലയിൽ സ്ത്രീകളെ പ്രാപ്തരാക്കാനും, ഏതൊരു വിധമായ ഒഴിവാക്കലിനേയും ഇകഴ്ത്തിക്കാണിക്കലിനേയും തുറന്നുകാണിക്കുവാനും, ആയതിലേക്കായി സമഗ്രമായ സൂചികകൾ വികസിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുക എന്നതുമാണ്. ചുരുക്കത്തിൽ സ്ത്രീകളുടെ സർവസാധാരണമായ എല്ലാ അവകാശങ്ങളെയും ഉറപ്പിക്കുന്ന പ്രസ്ഥാനമായാണ് ഇത് ആരംഭിച്ചതും ഇന്നവർ വളർന്നിരിക്കുന്നതും. 1995 ലെ ബീജിംഗ് പ്രഖ്യാപനവും 2000 ത്തിലെ പ്രത്യേക യുഎൻ പൊതുസഭയിലെ സെഷനും സ്ത്രീസമത്വം സാധ്യമാക്കുന്നതിന് എടുക്കേണ്ട നടപടികളുടെ രേഖാചിത്രങ്ങളാണ് അവതരിപ്പിച്ചത്. ഇതിന്റെ ഭാഗമായി രൂപംകൊണ്ടതാണ് 2030തോടെ നേടേണ്ട സുസ്ഥിര വികസനം എന്ന മാർഗരേഖ. അതിൽ സ്ത്രീസമത്വം, സ്വാതന്ത്ര്യം,

അവസരങ്ങൾ എന്നിവയിലൂന്നിയ മുന്നോട്ടുപോക്ക് മാത്രമേ സുസ്ഥിരമാകു എന്നും അടിവരയിടുന്നു. വിവേകാനന്ദനെ തങ്ങളുടേതുമാത്രമായി സ്വന്തമാക്കി വച്ചിരിക്കുന്ന രാഷ്ട്രീയ സാഹചര്യം ഇന്ത്യയിൽ നിലനിൽക്കുമ്പോൾ വിവേകാനന്ദന്റെ പ്രവചനാത്മകമായ ഒരു സന്ദേശമുണ്ട്. 'ആകാശത്തിലെ ഉയരങ്ങളിൽ നമുക്ക് പറന്നുകയറണമെങ്കിൽ (വികസനമായാലും സാമൂഹിക പുരോഗതിയായാലും) നമുക്ക് ഒരു ചിറക് മതിയാകില്ല. പറക്കൽ തന്നെ സാധ്യമാക്കുന്ന രണ്ടാമത്തെ ചിറകില്ലാത്തത് പറക്കൽ കേവലം മനക്കോട്ടകളായി മാത്രമേ നിലനിൽക്കുകയുള്ളൂ' എന്നതാണ് ആ മഹത്വചനം. പകുതി ആകാശവും പകുതി ഭൂമിയും നമ്മുടേതാണ് എന്ന ക്ലാര സെറ്റ്കിന്റെ, വിവേകാനന്ദന് സമകാലികമായ അവകാശവാദവും അതാണ് നമ്മോടു പങ്കുവയ്ക്കുന്നത്. വികസനത്തിനും ആസൂത്രണത്തിലും സ്ത്രീകൾ അത്യന്താപേക്ഷിതമാണ് എന്ന ആശയം തന്നെയാണ്.

ഇതിന്റെ ഭാഗമായാണ് സമ്പദ്ഘടനകളെ നിർണയിക്കുന്ന സർക്കാർ ആസൂത്രണങ്ങളിൽ സ്ത്രീകളുടെ ക്ഷേമത്തിനായും പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായും 'ജെണ്ടർ ബജറ്റിങ്' പോലുള്ള പദ്ധതികൾ മുന്നോട്ടു വയ്ക്കുന്നത്. സാധാരണഗതിയിലുള്ള ബജറ്റ് സംവിധാനത്തിൽ ലിംഗാധിഷ്ഠിതമായ വേർതിരുവുകളെ അഭിസംബോധന ചെയ്യാൻ സാധിക്കാത്തതിനാലാണ് വ്യത്യസ്തങ്ങളായ നയരൂപീകരണത്തിലും പ്രോഗ്രാമുകളിലും ലിംഗാധിഷ്ഠിത ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. ഇതിലൂടെ സർക്കാരുകളുടെ സമൂഹത്തോടും വികസന പ്രവർത്തനങ്ങളോടുമുള്ള ഉത്തരവാദിത്തം ലിംഗ അനുപാദം കണക്കിലെടുത്താണോ എന്ന പരിശോധന സുതാര്യമാക്കുന്നു.

ഇന്ത്യയിൽ കേരളം പോലുള്ള സംസ്ഥാനങ്ങളിലാണ് സ്ത്രീകൾ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും അല്പമെങ്കിലും പുരുഷനോട് താരതമ്യം ചെയ്യാൻ കഴിയുന്ന നിലവാരം നേടിയിട്ടുള്ളത്. ഇതു പറയുമ്പോഴും തൊഴിൽ രംഗത്ത് സ്ത്രീകൾ നേരിടുന്ന ചൂഷണവും വേർതിരിവും ഇവിടെ ചെറുതല്ല എന്നതും സാന്ദർഭികമായി ഓർമ്മിപ്പിക്കട്ടെ. പൊതുവിൽ സർക്കാർ മേഖലയിൽ ഒഴികെ ബാക്കിവരുന്ന 80 ശതമാനത്തിനും മുകളിലുള്ള സംഘടിത, അസംഘടിത മേഖലയിലെ സ്ത്രീകളുടെ അവസരങ്ങളും അവർക്ക് ലഭിക്കുന്ന വേതനവും അങ്ങേയറ്റം അപലപനീയമാണ്. സാമൂഹികശാസ്ത്രത്തിന്റെ നിരീക്ഷണത്തിൽ പ്രിമിറ്റിവ് അക്കുമുലേഷൻ എന്ന പ്രാകൃത (മുതലാളിത്ത) ചൂഷണ സമ്പ്രദായമാണ് ഇതെന്നാണ് സ്ത്രീകളെ

പരിഗണിച്ചുള്ള പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നത്. ഈ പശ്ചാത്തലമാണ് സ്ത്രീകൾ മുഖ്യധാരയുടെ പ്രത്യേകിച്ചും ആസൂത്രണത്തിന്റെ ഉയർന്ന ശ്രേണിയിൽ എത്തേണ്ടുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നത്. എപ്രകാരമാണ് സ്ത്രീകൾ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ നിന്നും മാറി സാമൂഹിക മായി കല്പിച്ചുനൽകിയ, പ്രത്യക്ഷത്തിൽ വേതനം കൈപ്പറ്റാത്ത വ്യക്തികളാകുന്നത്, വിവേചനങ്ങൾക്ക് പാത്രീഭവിക്കുന്നത് തുട ങ്ങിയവ പരിശോധിക്കേണ്ടതുണ്ട്. അതിനാൽ, ആസൂത്രണം ഇവരെ ഉൾപ്പെടുത്തിയാകണം എന്നതിൽ തർക്കമില്ല. ഈ പശ്ചാത്തലത്തിലാണ്, ഇന്ത്യയിൽ ആദ്യമായി ജെണ്ടർ ബജറ്റ് 2008 ൽ കേരളത്തിൽ അവതരിപ്പിച്ചത്. തുടർന്നുള്ള ഇടതുപക്ഷ സർക്കാർ ബജറ്റുകളിൽ പദ്ധതി വിഹിതം വർദ്ധിപ്പിച്ചുവെങ്കിലും വലതുപക്ഷം കേരളം ഭരിക്കുന്ന കാലത്ത് കാര്യമാത്ര പുരോഗതി ഇതിലുണ്ടായില്ല എന്നതും സമരാർത്ഥമാണ്. ആഗോള തലത്തി ലും ഈ നവലിബറൽ കാലഘട്ടത്തിൽ സ്ഥിതി വ്യത്യസ്ഥമല്ലാ ത്തതിനാൽ ഇതിന്റെ പ്രാവർത്തികത അന്വേഷിക്കുന്നതിനായി 2015 മുതൽ കൃത്യമായ അവലോകനങ്ങൾ നടത്തുന്ന ഒരു സംവി ധാനം യുഎൻ രൂപീകരിച്ചു. ഇപ്പോഴും, സ്ത്രീകൾ സാമൂഹിക സാമ്പത്തിക അസമത്വത്തിലും അവസരങ്ങൾ ലഭ്യമാകുന്ന തിലും പിന്നിലാണ് എന്നതു തന്നെയാണ് ആഗോള തലത്തിൽ നടത്തുന്ന ഇത്തരം നിരീക്ഷണങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

കേരളത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 60 ശതമാന ത്തിലും മേലെ പ്രാതിനിധ്യമുള്ള, തദ്ദേശ സ്ഥാപനങ്ങളിൽ 53 ശതമാനം പ്രാതിനിധ്യമുള്ള സ്ത്രീകളെ അകറ്റി നിർത്തുന്ന, അശുദ്ധരാണെന്ന് കൽപിക്കുന്ന വ്യവസ്ഥിതി മാറ്റുക എന്ന താണ് 2019-20 ബജറ്റിലെ ജൻഡർ ബജറ്റിലൂടെ വിഭാവന ചെയ്യുന്നത്. സ്ത്രീകളുടെയും പാർശ്വവൽകരിക്കപ്പെട്ട ഭിന്നലിംഗ ക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആസൂത്രണ ഫണ്ട് വിനിയോഗിക്കേണ്ടതിന്റെ അവശ്യകതയിലൂന്നിയാണ് ഉയർന്ന പദ്ധതിഫണ്ട് ഇതിലേക്കായി 2019-20 ബജറ്റിൽ നീക്കിവച്ചത്. 30610 കോടി (മൂലധന ചെലവും ലോണും കിഴിച്ച്) വരുന്ന പദ്ധതി ചെലവിൽ നിന്നും പ്രളയാനന്തര ഘട്ടത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആവശ്യത്തിനായി പദ്ധതി യിൽ വിനിയോഗിക്കുന്നതിനായി നീക്കിയിട്ടുള്ളതുക 3891.71 കോടി രൂപയാണ്. ഇത് 19.54 ശതമാനം വർദ്ധിപ്പിച്ച് 2020-21 കാലഘട്ടത്തിൽ 4025.4 കോടി രൂപ ആക്കി. തദ്ദേശ സ്ഥാപന ങ്ങൾക്ക് നൽകിയതുക്കുറച്ചുള്ള സംസ്ഥാന പദ്ധതിവിഹിത

ത്തിന്റെ 16.9 ശതമാനമാണ് 2019-20 ലെ തുക. അത് ക്രമമായി കൂടുന്നതാണ് 2020-21, 2021-22 ബജറ്റുകളിൽ കേരളത്തിൽ കാണാൻ സാധിച്ചത്. ഇതിൽ തന്നെ സ്ത്രീകൾക്കു മാത്രം ഗുണ കരമായ ആവശ്യങ്ങൾക്കു കരുതുന്ന തുക 6.2 ശതമാനവും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള സംയോജിതപദ്ധതികൾക്ക് 10.7 ശതമാനവും എന്നത് സർവകാല റെക്കോഡാണ്. സ്ത്രീ ക്ഷേമത്തിന് ഊന്നൽ നൽകിയ 2018-19 ബജറ്റിനെ അപേക്ഷിച്ച് (14.6%) 2.3 ശതമാനം വർദ്ധനവാണ് 2019-20 ബജറ്റ് മുന്നോട്ടുവയ്ക്കു ന്നത്. 2018-19ൽ സ്ത്രീകൾക്ക് മാത്രം ഗുണമുള്ള പദ്ധതി തുക 1267.28 (5.7%) ഉം സ്ത്രികൾക്കും കുട്ടികൾക്കുമുള്ള സംയുക്ത പദ്ധതിവിഹിതം 1973.05 (8.9%) എന്നതുമായിരുന്നു എങ്കിൽ 2021-22ൽ അത് 1342.91 കോടി രൂപയും 2678.49 കോടിയുമായി വർദ്ധിപ്പിച്ചത് ജി.എസ്.റ്റി. വരുമാനത്തിന്റെ കുറവിലും രാജ്യം നേരിടുന്ന ധനപ്രതിസന്ധിക്കുമപ്പുറം സംസ്ഥാനസർക്കാരിന്റെ സ്ത്രീസൗഹൃദ നയത്തിന്റെ, പ്രതിജ്ഞാബദ്ധതയുടെ നേർ സാക്ഷ്യമാണ്.

സ്ത്രീകളെയും കുട്ടികളെയും ഭിന്ന ലിംഗക്കാരെയും പ്രത്യേകം പരിഗണിക്കുന്ന, ഇവർക്ക് കൂടുതൽ ഉപജീവന മാർഗ്ഗങ്ങൾ പ്രദാനം ചെയ്യുന്ന പദ്ധതികളാണ് ഇവയിൽ പലതും. ഉദാഹരണത്തിന്, സംസ്ഥാനതലത്തിൽ ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിപുലപ്പെടുത്തുന്നതിനുള്ള നടപടിയും പദ്ധതി ച്ചെലവും 2019-20 വർഷത്തിൽ മുന്നോട്ടുവയ്ക്കുന്നുണ്ട്. എന്നാൽ കോവിഡ് മഹാമാരി ആഗോളതലത്തിലെന്നപോലെ കേരളത്തെയും പിടിച്ചുകുലുക്കി. അപ്പോഴും സർക്കാർ സേവനം സാമൂഹിക ഉത്തരവാദിത്തമായി ജനങ്ങളിൽ എത്തിക്കാൻ സാധിക്കുകയും, വിശപ്പ്രഹിതകേരളം എന്നത് സാധ്യമാക്കാനും സാധിച്ചു. തികഞ്ഞ ആസൂത്രണവും കരുതലും തന്നെയാണ് ഇതു സാധ്യമാക്കിയത്. MGNREGA സ്കീമിൽ കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ വരുമാന വർദ്ധനവും അവരുടെ സാമ്പത്തികഭദ്രത മെച്ചപ്പെടുത്തും എന്നതിൽ തർക്കമില്ല. MGNREGAക്കു പുറമെ സംസ്ഥാനത്ത് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയും ആവിഷ്കരിച്ചി ട്ടുണ്ട്. ഈ സ്കീമിന്റെ ഗുണഭോക്താക്കളിൽ 50 ശതമാനമെ ങ്കിലും സ്ത്രീകളാകണം എന്നതും സർക്കാരിന്റെ 'സ്ത്രീകൾ എത്രമാത്രം കേരളത്തിന്റെ പുനർനിർമ്മാണത്തിന് ആവശ്യ മാണ്' എന്ന കാഴ്ചപ്പാട് വ്യക്തമാക്കുന്നു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന സ്വയം

തൊഴിൽ വിപുലീകരണവും കുടുംബശ്രീ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി വിഹിതത്തിനു പുറമെ നൽകുന്ന 75 കോടി രൂപ എന്നത് 2021-22ൽ 100 കോടി രൂപ ആയി വർദ്ധിപ്പിച്ചു. ഈ അധിക വകയിരുത്തൽ സ്ത്രീകളുടെ വരുമാനത്തിൽ നിതാന്ത വർദ്ധനവ് കൊണ്ടുവരും. സമൂഹത്തിന്റെ താഴെതട്ടുവരെ വ്യാപിക്കുന്ന കുടുംബശ്രീ പ്രവർത്തനങ്ങൾക്കു നൽകുന്ന മൊത്തം പദ്ധതി വിഹിതം 2021-22ൽ 1500 കോടി രൂപ എന്നത് ആസൂത്രണത്തിന്റെ മറ്റൊരു മൂല്യമാണ്. ഇതിൽ ശ്രദ്ധേയമായത്, തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള സ്കീം (95% സ്ത്രീ പ്രാതിനിധ്യവും ഗുണഭോക്താക്കളും) 90% സ്ത്രീ ഗുണഭോക്താക്കളായ ഇൻലാന്റ് ചിപ്പി കൃഷിയും, ലക്ഷ്യം വയ്ക്കുന്നത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തമാണ്. മാത്രവുമല്ല ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾ തുറന്നതും, പല അടച്ചിട്ടിരുന്ന വ്യവസായശാലകൾ പ്രവർത്തനം മെച്ചപ്പെടുത്തി തൊഴിൽ സൃഷ്ടിക്കുന്നതിന് 100 കോടി രൂപയുടെ പദ്ധതിയും, ആശാവഹമാണ്. നവകേരള സൃഷ്ടിയിൽ പ്രത്യേകിച്ചും നവഉദാരവാദ നയങ്ങൾക്ക് ഒരു തുരുത്തായെങ്കിലും കേരളം ബദലാകുന്നുണ്ട്. ഈ ബാദലിന്റെ സമഗ്രതയും സോഷ്യലിസവുമൊക്കെ ചർച്ചക്കുള്ള സാധ്യതകൾ തുറക്കുന്നതാണെങ്കിലും നവലിബറൽ സംവിധാനത്തിനകത്തു നിന്നുകൊണ്ട് ജനക്ഷേമം ഉറപ്പാക്കുക എന്ന വിവിധ പരിപ്രേക്ഷ്യങ്ങളിൽ ഒന്നാണ് ഇതെന്നതിൽ തർക്കമില്ല. സ്ത്രീകളുടെ പ്രധാന്യം അനിവാര്യവും അത് സാധ്യമാക്കാൻ സർക്കാർ പ്രതിജ്ഞാ ബന്ധവുമാണ് എന്ന പ്രതീക്ഷയാണ് പതിമൂന്നാം പദ്ധതി ആസൂത്രണങ്ങളിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. സ്ത്രീകൾ അശുദ്ധരാണ്, മാറ്റി നിർത്തപ്പെടേണ്ടവരാണ് എന്ന പ്രതിലോമ ചിന്തകൾക്കെതിരെ നെഞ്ചുവിരിച്ച് നിലപാട് വ്യക്തമാക്കുമ്പോൾ, നവകേരളം എന്നത് കേവലം പ്രതീക്ഷയല്ല യാഥാർത്ഥ്യമാകും എന്ന ഉറച്ച ബോധ്യമാണ് ലഭിക്കുന്നത്. ഈ ബോധ്യത്തെ ഏറെക്കുറെ അരക്കിട്ടുറപ്പിക്കുന്നതാണ് കഴിഞ്ഞകാല (1996 മുതലുള്ള) ഇടത് സർക്കാരുകൾ. അവരുടെ പ്രവർത്തനങ്ങൾ ഇനി ബജറ്റ് രേഖകളുടെ സഹായത്തോടെ പരിശോധിക്കാം.

ജനകീയാസൂത്രണം മുന്നോട്ടുവച്ച കേരള ബദൽ: 1996-2001

നവലിബറൽ നയങ്ങൾ കേന്ദ്രത്തിൽ കോൺഗ്രസ് സർക്കാർ ആവിഷ്ക്കരിക്കുമ്പോൾ കേരളത്തിലെ വലത് സർക്കാർ അതിനോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. കേരളം

അതുവരെ ആർജിച്ച ആസൂത്രണത്തിൽ അധിഷ്ഠിതമായ വികസന പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കും എന്ന പ്രതിവാദം പ്രതിപക്ഷമായ ഇടതുപക്ഷം ഉന്നയിക്കുകയും ജനാധിപത്യ വിരുദ്ധമായ നവലിബറൽ നയങ്ങളെ തള്ളിക്കളയുന്ന ഒരു മാനിഫെസ്റ്റോ ജനകീയാസൂത്രണം എന്ന നിലയിൽ ഇടത് ബദലായി മുന്നോട്ടുവയ്ക്കുകയുമുണ്ടായി. അസംബ്ലി തെരഞ്ഞെടുപ്പിൽ വൻവിജയത്തോടെ ഇവർ അധികാരത്തിൽ വന്നു. രാജ്യത്തെ ആദ്യത്തേതും ലോകത്തിലെ തന്നെ വിപുലവുമായ ഒരു വികേന്ദ്രീകൃത ജനാധിപത്യ പ്രക്രിയയാണ് പിന്നീട് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളത്തിൽ നടന്നത്. നിരവധി നിരൂപണങ്ങൾക്കും ചർച്ചകൾക്കും വഴിതുറന്നുകൊണ്ടാണ് വികസനം അടിസ്ഥാന ജനവിഭാഗങ്ങളിലെത്തിക്കുന്നതിനും അവരെ അതിൽ പങ്കാളികളാക്കുന്നതിനും ഉന്നം വച്ചുള്ള ഈ നയപരിപാടി സംഘടിപ്പിക്കപ്പെട്ടത്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങി വിവിധ മേഖലകളിൽ സാധാരണ ജനങ്ങൾ നേരിട്ടുപങ്കാളികളാകുകയും അത് കൂടുതൽ ജനാധിപത്യവത്കരണത്തിന് ഇടയാക്കുകയും ചെയ്തു. ഇതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കാതലായ വാദം. (Chathukulam & John 2002; Franke & Chasin 1997; Isaac & Harilal 1997; Isaac & Franke 2000; Mukundan & Bray 2004).

ആസൂത്രണത്തിൽ ജനകീയ പങ്കാളിത്തം എന്നതുപോലെ തന്നെ ഭരണത്തിലും ജനകീയ പങ്കാളിത്തം വേണം എന്ന ആശയം രണ്ടാം നായനാർ സർക്കാർ (1987-91) ആവിഷ്കരിക്കുകയും വികേന്ദ്രീകരണ ജനാധിപത്യ സംവിധാനം തദ്ദേശ തിരഞ്ഞെടുപ്പിൽ കേരളം നടപ്പിലാക്കുകയും ചെയ്തു. ഇതിനെ പിൻപറ്റിയാണ് ഇന്ത്യയിൽ പഞ്ചായത്തീരാജ് നിയമം പാസ്സാക്കുന്നതും. രാജ്യം ചിന്തിക്കുന്നത് കേരളം ചിന്തിക്കുന്നതു കണ്ടാണ് എന്ന പൊതുസമീപനം ഈ ഇടതു ബദലുകളിൽ നിന്നാണ് പിന്നീട് ഉണ്ടാകുന്നതും. ഇതിന്റെ പശ്ചാത്തലത്തിലും തുടർച്ച എന്ന നിലയിലുമാണ് ജനകീയാസൂത്രണത്തിന്റെ ഇടതുബദൽ ശ്രദ്ധേയമായത്. ഇന്ന് കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും അടിത്തട്ടിൽ, അരികുവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന, സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്ന കുടുംബശ്രീ എന്ന അയൽക്കൂട്ട പ്രസ്ഥാനം ജനകീയാസൂത്രണത്തിന്റെയും അടിത്തട്ടിൽ നിന്നും ആസൂത്രണത്തെ ശക്തിപ്പെടുത്തുന്ന പ്രസ്ഥാനമാണ്. എന്താണ് കുടുംബശ്രീ എന്ന ചോദ്യത്തിന് പല ഉത്തരങ്ങളുണ്ടാകുന്നത്

ഈ പ്രസ്ഥാനത്തിന്റെ വൈവിധ്യമാണ് സൂചിപ്പിക്കുന്നത്. ചിലർക്ക് ഇത് കേരളത്തിലെ ഇടത് സർക്കാർ ആരംഭിച്ച ദാരിദ്ര്യ നിർമാർജന പദ്ധതി ആയി തോന്നുമ്പോൾ മറ്റുള്ളവർക്കിത് സ്ത്രീകളെ സംഘടിക്കാനുള്ള ഇടമായും അവരുടെ സാമൂഹിക പ്രവർത്തനങ്ങളെ സാധ്യമാക്കുന്ന ഇടമായും, വീടുകളിലെ മാലിന്യം നീക്കം ചെയ്യുന്നവരായും, കാരുണ്യത്തിന്റെ മാലാഖമാരായും, വിശക്കുന്നവർക്ക് കൈയിലൊതുങ്ങുന്ന രീതിയിൽ ഊട്ടാൻ ശേഷിയുള്ള സംവിധാനമായും, രാഷ്ട്രീയത്തിലേക്ക് സ്ത്രീകളെ സജ്ജമാക്കുന്ന കൂട്ടായ്മയായും തുടങ്ങി വ്യത്യസ്തങ്ങളായ കാഴ്ചയാണ് കുടുംബശ്രീയിലൂടെ പ്രകടമാകുന്നത്. 2021-22 ബജറ്റിൽ 1500 കോടിയോളം രൂപ ബജറ്റ് ഇനത്തിൽ വകയിരുത്തപ്പെടുന്ന, കേരളത്തിന്റെ ജനകീയ മുഖമായി വളർന്ന, വികസനത്തിനു കേരളത്തിന്റെ തനത് മാതൃക സൃഷ്ടിച്ച സംവിധാനമാണിന്ന് കുടുംബശ്രീ. നേരത്തെ സൂചിപ്പിച്ച കുടുംബശ്രീ പ്രവർത്തനങ്ങൾ കേവലമായ ലാഭേച്ഛയെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ല പ്രവർത്തിക്കുന്നത്. പകരം ജനങ്ങളുടെ ക്ഷേമവും അവരുടെ കൂട്ടായ്മയുമാണ് വികസനം എന്നും, അതാണ് നവലിബറൽ മുതലാളിത്തത്തിന് ബദലെന്നുമാണ് 1997-2001ലെ ജനകീയാസൂത്രണത്തിലൂടെ ഇടതുസർക്കാർ മുന്നോട്ടുവച്ച ബദൽ. എന്നാൽ ഈ പ്രവർത്തനങ്ങളെ ഇകഴ്ത്തിക്കാണിക്കുന്നതാണ് തുടർന്നുവന്ന കോൺഗ്രസ് മുന്നണി. ക്ഷേമ പ്രവർത്തനങ്ങളെ മുഴുവൻ സാമ്പത്തിക ഞെരുക്കം എന്ന 1991ലെ തനിയാവർത്തനം ഉപയോഗിച്ച് ഇല്ലാതാക്കുകയും, സംസ്ഥാനത്ത് കൂടുതൽ ശക്തമായ നവലിബറൽ നയങ്ങൾ നടപ്പിലാക്കുവാൻ യു.ഡി.എഫ് ശ്രമിക്കുകയും ചെയ്തു. തുടർന്ന് വീണ്ടും 2006-2011 കാലത്ത് ഇടതുപക്ഷം അധികാരത്തിൽ വരുകയും പല ശിങ്കിടി മുതലാളിത്ത (ക്രോണി ക്യാപിറ്റൽ) നയങ്ങളും പിൻവലിക്കുകയും ചെയ്തു. വിഎസ് സർക്കാരിന്റെ ഇടത് ബദൽ പരിശോധിക്കുന്നതിന് ഈ സർക്കാരിന്റെ അവസാന ബജറ്റിലൂടെ മാത്രം കണ്ണോടിച്ചാൽ മതിയാകും.

ക്ഷേമപ്രവർത്തനങ്ങളുടെ ജനകീയ ബദലുകൾ: 2006-11

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്തിന്റെ ഉത്തരാർദ്ധത്തിലും സർക്കാരിന്റെ ഉത്തരാർദ്ധത്തിലും സംസ്ഥാന സർക്കാർ ബജറ്റ് അവതരിപ്പിക്കുമ്പോൾ സംസ്ഥാനത്തിലെ പത്രങ്ങൾ പാലിച്ച മൗനം അക്ഷരാർഥത്തിൽ സർക്കാർ വിരുദ്ധവും ഭരണനേട്ടത്തിനു നേരെയുള്ള മുഖംതിരിക്കലുമാണെന്നു

പറയാതിരിക്കുക വയ്യ. 'വിശാലമായ സ്വപ്നങ്ങളുടെ ബജറ്റ്' എന്ന തല വാചകത്തിൽ മേരിജോർജ് എഴുതിയത് (George 2011) തികച്ചും അസ്വാഭാവികമായ ഒരു ലേഖനമാണ്. ഇതിൽ ലേഖിക നെയ്തെടുത്ത നിഗമനങ്ങൾ ഒരു രാഷ്ട്രീയ ജല്പന മായി തരംതാണു. ചുരിക്കിപ്പറഞ്ഞാൽ ഇടതു സർക്കാർ ചെയ്ത തിലൊന്നും തെറ്റുപറയാനില്ല എന്നാൽ അവർ ചെയ്തത് തെറ്റാണുപോലും! ഫെബ്രുവരി പത്തിനും പന്ത്രണ്ടിനും മാതൃഭൂമി എഡിറ്റോറിയൽ പേജിൽ ബേബിക്കുട്ടിയുടെ 'പൊതു മേഖലയെ തഴുകി സ്വകാര്യനിക്ഷേപങ്ങൾ തളച്ചിട്ടു' എന്ന ലേഖനം തികച്ചും ബാലിശമായിരുന്നു. കാരണം ഈ രണ്ട് ലേഖനങ്ങളും ഹരിച്ചും കിഴിച്ചും നോക്കിയിട്ടും ഇടത് സർക്കാ രിന്റെ ഭരണ മികവിനെ എംബിരിക്കലായോ തിയററ്റിക്കലായോ വിമർശിക്കാൻ തക്കവാദങ്ങളൊന്നും കണ്ടില്ല. അഞ്ചുവർഷത്തെ ഭരണ നേട്ടങ്ങളെ ഇകഴ്ത്തുന്നതിനായി മേരിജോർജ് ആരോപി ക്കുന്നത് എല്ലാവർക്കും കൊടുക്കുക, ശമ്പള പരിഷ്കരണം വിട്ടുവോ എന്നിങ്ങനെ നീളുന്നതാണ് ആരോപണങ്ങൾ! ബജറ്റ് അവലോകനത്തിൽ കേവലം രാഷ്ട്രീയം മാത്രം കലർത്തിപ്പറ യുന്ന രീതി മാത്രമാണിതെന്നത് എംബിരിക്കലായി വിശദീക രിക്കാം. അതിലൂടെ മുൻവർഷങ്ങളിലെ പദ്ധതി വിഹിതങ്ങളും വിനിയോഗവും വ്യക്തമാകും.

ആദ്യമായി നവലിബറൽ നയങ്ങളെ പരിലാളിച്ചില്ല എന്ന വാദങ്ങൾ പരിശോധിക്കാം. സാർവജനീന വസ്തുക്കൾ വിറ്റ ഴിക്കണം എന്ന നവഉദാരത തന്നെയാണ് പൊതുമേഖലയെ തഴുകി സ്വകാര്യമേഖലയെ തളച്ചിട്ടു എന്ന വാദത്തിലൂടെ ഇവർ മുന്നോട്ട് വയ്ക്കുന്നത്. മുൻപ് ചർച്ചചെയ്തതിൽ നിന്നും ഇതിന്റെ യുക്തിയും ചേതോവികാരവും സ്പഷ്ടമാണ്. പൊതു മേഖലയെ ശക്തിപ്പെടുത്തുന്ന നടപടികളാണ് എക്കാലത്തും ഇടതുപക്ഷം വച്ചുപുലർത്തിയിരുന്നത്. ഇത് ജനോപകാരപ്രദ മാണ് എന്നത് എല്ലാവർക്കും ബോധ്യമാകാൻ ഒരു മഹാമാരിയി ലൂടെ നാം കടന്നുപോകേണ്ടതായി വന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ, അതിന്റെ സേവനങ്ങളിലൂടെ ലോകത്തിന് കേരളം മാതൃക ആയപ്പോഴാണ് ഇത് ഗുണപരമാണെന്നു വരേണ്യ വർഗ്ഗത്തിന് ബോധ്യമാകുന്നത്. വിഎസ്സ് അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുസർക്കാരിന്റെ പ്രവർത്തന ബദൽ മനസ്സിലാക്കാൻ മൂന്ന് പ്രധാന തലക്കെട്ടിലാണ് ഈ അവലോ കനം നടത്തുന്നത്. ഒന്ന്, വരവു ചെലവുകളുടെ അടിസ്ഥാന ത്തിൽ ബജറ്റ് ഒരു ജംബല്ല നടത്തുന്നതെന്നും പകരം

തുടർച്ചയായ സർക്കാരിന്റെ അഞ്ചു വർഷത്തെ പ്രവർത്തന ഫലമായുള്ള സമാപനപത്രികയാണ് അവസാന ബജറ്റെന്നും, രണ്ട്, അടിസ്ഥാന സൗകര്യങ്ങളുടെ പ്രാധാന്യത്തിൽ ഊന്നൽ നൽകുന്നതാണ് എൽ.ഡി.എഫ് സർക്കാരിന്റെ ബജറ്റെന്നും, മൂന്ന്, ക്ഷേമപ്രവർത്തനങ്ങളിൽ സർക്കാരിന്റെ കരുതലും ശ്രദ്ധയുമാണ് ഇടതുബദൽ എന്നുമാണ് സൂചിപ്പിക്കുന്നത്. ഇടതുപക്ഷ സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ബജറ്റുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ ഏറെയുണ്ട്. റവന്യുവരവ്, റവന്യു ചെലവ്, റവന്യുകമ്മി തുടങ്ങിയ വിഭാഗങ്ങൾ മാത്രം ശ്രദ്ധിച്ചാൽ ഇത് മനസ്സിലാകും. റവന്യുവിൽ ഗണ്യമായതും ക്രമമായതുമായ വളർച്ച കാണാൻ ഈ അഞ്ചുവർഷവും നമുക്ക് സാധിക്കും. ഇത് ബജറ്റ് വിലയിരുത്തൽ കണക്കുകളിലും (budget estimate) പദ്ധതികൾ നടപ്പിലാക്കിയ കണക്കുകളിലും (revised estimate) സർക്കാരിന്റെ വിനിയോഗ തോതുകൾ വ്യക്തമാണ്. സ്ഥിതിവിവരക്കണക്കുകളിലെ സമദൂരവളർച്ച എത്ര കാര്യക്ഷമമായാണ് വിഭവ വിനിമയം നടത്തിയിരിക്കുന്നതെന്നാണു ഗ്രാഫിൽ കാണിക്കുന്നത്.

ചിത്രം – 21



*(*ബജറ്റ് എസ്റ്റിമേറ്റ് സൂചിപ്പിക്കുന്നു. അല്ലാത്ത വർഷങ്ങൾ റിവൈസ്ഡ് എസ്റ്റിമേറ്റും സൂചിപ്പിക്കുന്നു).*

ധനക്കമ്മിയുടെ കാര്യത്തിൽ കൃത്യമായും കമ്മി ക്രമീകരിച്ചു കൊണ്ടാണ് ഓരോ വർഷവും സർക്കാർ കടന്നുപോയത്.

പുതിയ ബജറ്റ് എസ്റ്റിമേറ്റിൽ കമ്മി അധികമായി വരുന്നത് പുതിയ റോഡ്‌വികസനത്തിന്റെ പശ്ചാത്തലത്തിലാണ്. എന്നാൽ കൃത്യമായ ഫണ്ട് കണ്ടെത്തുന്നമുറയ്ക്ക് ഈ കമ്മി നികത്താവുന്നതേ ഉള്ളു. കൂടുതൽ വിവരങ്ങൾക്ക് പട്ടിക കാണുക. മാത്രവുമല്ല ഇതേ മുറവിളി, പത്തുവർഷങ്ങൾക്കിപ്പുറത്തും പ്രതിപക്ഷം ഉന്നയിച്ചു എങ്കിലും കിഫ്ബി മുഖേനയുള്ള റോഡ്‌വികസനം കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റിയിരിക്കുന്നു. 2011ലെ ഈ നിർദ്ദേശം പക്ഷേ നേരത്തെ സൂചിപ്പിച്ച മുതലാളിത്ത താല്പര്യങ്ങളാൽ പൊതുജനത്തെ ബോധ്യപ്പെടുത്താനാകാതെ കപ്പിനും ചുണ്ടിനും ഇടയിലാണ് ഇടതുപക്ഷത്തിനു അധികാരം നഷ്ടമായത്.

പട്ടിക - 5

	പുതുക്കിയ എസ്റ്റിമേറ്റ്				ബജറ്റ് എസ്റ്റിമേറ്റ്			
Heads	2007-08	2008-09	2009-10	2010-11	2008-09	2009-10	2010-11	2011-12
റവന്യുവരവ്	21496.98	25063.26	26526.49	32127.01	24935.72	28153.9	31180.82	38546.89
റവന്യുചെലവ്	26141.28	28792.12	30608.12	35863.13	26302.77	31161.85	34810.37	44566.33
റവന്യുകമ്മി	-4644.3	-3728.86	-4081.63	-3736.12	-3367.05	-3007.95	-3629.55	-6019.44
മൂലധനചെലവ്	1499.2	1692.01	1936.03	3184.19	1561.93	1709.15	4135.88	2910.13
വായ്പകളും മുൻകൂറുകളും (തനി)	-757.04	-893.66	-680.08	-739.82	-696.69	-963.42	-777.85	-1711.38
പൊതുകടം (തനി)	4529.97	5729.35	5961.14	6279.08	4968.94	5464.7	7723.21	7793.76
പൊതുകണക്ക് (തനി)	1489.87	405.58	528. 95	1498.43	851.57	113.7	412.95	2694.15
ആകെമിച്ചം/കമ്മി	-880.7	-179.59	-207.65	117.38	194.84	-82.13	-407.12	-153.04
വർഷാരംഭ രൊക്ക ബാക്കി	201.36	123.27	38.14	58.4	-679.34	-532	-169.51	175.78

Source: Budget Speech from 2008-09 to 2011-12, also visit http:// www. finance. kerala. gov. in/index. php?option=-com_content&view=-category&id=18&Itemid=32

വിഭവ വിനിയോഗം കാര്യക്ഷമവും സ്ഥിരവുമാണെന്നു പറയാൻ നമ്മെ പ്രേരിപ്പിക്കുന്ന ഘടകം സ്ഥൂല സാമ്പത്തിക ശാസ്ത്ര സിദ്ധാന്തമായ 'റാഷണൽ എക്സ്പെക്ടേഷൻ' (ആർ.ഇ. സിദ്ധാന്തം) ആണ്. യഥാർത്ഥത്തിൽ ആർ.ഇ. സിദ്ധാന്തം കെയ്നീഷ്യൻ 'ഒപ്ടിമിസം പെസിമിസം വേവിൽ' നിന്നും വ്യത്യസ്തമായതും കഴിഞ്ഞകാലാനുഭവാടിസ്ഥാനത്തിൽ വർത്തമാന

കാലത്തെ വിലയിരുത്തുന്നതിനോ ഭാവി പ്രവചിക്കുന്നതിനോ നമുക്ക് ഉപയോഗിക്കാം എന്നതുകൊണ്ടാണ് ഉപയോഗിക്കുന്നത്. ഫിസ്കൽ പോളിസിയിലും, ബജറ്റിലും, സർക്കാർ ഇടപെടലുകളിലൂടെയും ക്രമീകരിക്കുന്ന സമ്പദ്വ്യവസ്ഥയിൽ സർക്കാരുകളുടെ നയസ്വീകരണത്തിന് ആർ.ഇ. സിദ്ധാന്തം ഉപയോഗിക്കുന്നതിനെ അതിനാൽ പൂർണ്ണമായും നമുക്ക് തള്ളിക്കളയാനാകില്ല. സർക്കാരുകൾക്ക് കൃത്യമായ ഇടപെടലുകൾ നടത്താൻ കഴിയുന്ന സമ്പദ്വ്യവസ്ഥയിൽ ഫിസ്കൽ പോളിസിയോടു അനുകൂലമായ പ്രതികരണമായിരിക്കും ജനങ്ങളിൽ നിന്നും ഉണ്ടാകുന്നത് എന്ന് ആർ.ഇ. സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ വിലയിരുത്താം (ഇതിന്റെ പ്രയോക്താക്കൾ ഇതിനെ ഈ രീതിയിൽ വിശകലനം ചെയ്തിട്ടില്ലെങ്കിലും ഇതിന്റെ സൈദ്ധാന്തിക സീമ ഇങ്ങനെ വിശദീകരിക്കുന്നതിൽനിന്നും നമ്മെ തടയുന്നില്ല). ആർ.ഇ തിയറിയുടെ വെളിച്ചത്തിൽ സർക്കാരുകൾ തങ്ങളുടെ വരവ്/ചെലവ് കണക്കാക്കുന്നതിന് കൃത്യത പാലിച്ചാൽ, പ്രതീക്ഷിക്കുന്ന വരുമാനം കഴിഞ്ഞ വർഷങ്ങളുടെ വെളിച്ചത്തിൽ ഏറ്റവും ചുരുങ്ങിയത് ബാലൻസ് ചെയ്യും എന്ന് പ്രതീക്ഷിക്കാതിരിക്കാൻ നിർവാഹമില്ല. അതായത്, സർക്കാരുകളുടെ ലഭ്യമായ വിവരങ്ങളുടെ സഹായത്തോടെ റവന്യു മൊബിലൈസേഷൻ വർധിപ്പിക്കുന്നത് വഴി റവന്യു മെച്ചപ്പെടുന്നു എന്ന് വാദിക്കുന്നതിൽ തെറ്റില്ല. ഇവിടെ ഒരു പ്രതിക്രിയാവാദപരമായ തിയറി വ്യത്യസ്തമായ സർക്കാർ ക്രമീകൃത സമ്പദ്വ്യവസ്ഥയിൽ ഉപയോഗിച്ചാൽ ഫലം വ്യത്യസ്തമായിരിക്കും എന്നത് സൈദ്ധാന്തികമായി നൂതനമാണ്. ഇത് സൂചിപ്പിച്ചില്ലെങ്കിൽ നവഉദാരവാദത്തിന്റെ സ്ഥൂല സാമ്പത്തിക സിദ്ധാന്തമായിതിനെ തെറ്റിദ്ധരിച്ചേക്കും.

ഇതുപ്രകാരം മുകളിലത്തെ ഗ്രാഫും പട്ടികയും സൂചിപ്പിക്കുന്നത്, മുൻ വർഷങ്ങളിൽ ബജറ്റിൽ പ്രതീക്ഷിച്ച വരവിനേക്കാൾ കൂടുതലാണ് യഥാർത്ഥ സർക്കാരിന്റെ വരവ്. ആയതിനാൽ, പുതിയ ബജറ്റ് എസ്റ്റിമേഷൻ ഒരു പെരുപ്പിച്ച ബജറ്റ് എസ്റ്റിമേഷൻ അല്ല. അതുപോലെ തന്നെ ചെലവിന്റെ സ്ഥിതിവിവരക്കണക്കുകൾ കണ്ടാൽ ഇത് കൃത്യമായി വ്യയംചെയ്യാൻ കഴിയുന്നതാണെന്നും ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് എത്തിച്ചേരാം. ഇവിടെ ഒരു അധികവ്യയം കാണിക്കുന്നത് റിസഷൻ കാലഘട്ടത്തിലാണ്. എന്നാൽ ഇത് സർക്കാരിന്റെ വ്യക്തമായ സാമ്പത്തിക പാക്കേജുകളുടെ വെളിച്ചത്തിലാണ് ഉണ്ടായിട്ടുള്ളത്. അത് സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യവും

ആയിരുന്നു. ഈ സാഹചര്യത്തിൽ 2011-12 ബജറ്റ്, ഒരു കാരണ വശാലും വരുംസർക്കാരുകളുടെ തലയിൽ അടിച്ചേൽപ്പിക്കുന്ന ഭാരം എന്ന വാദം കേവലം നവലിബറൽ ദല്ലാൾ പണി മാത്രമാണ് എന്നാണ് കാണേണ്ടത്. 2011-2016 കാലത്തെ ഉമ്മൻചാണ്ടി സർക്കാരിന് ഈ ദുര്യോഗമുണ്ടായില്ല എന്നത് നേരത്തെ സൂചിപ്പിച്ച ലേഖകരുടെ വീക്ഷണത്തിലെ പാളിച്ചകൾക്കു നേർസാക്ഷ്യമാണ്. വിഎസ് സർക്കാരിന്റെ ഈ മെച്ചപ്പെട്ട പ്രവർത്തനത്തിന്റെ ഗുണഫലം ഉമ്മൻചാണ്ടി സർക്കാരിന്റെ ആദ്യരണ്ടുവർഷം തികച്ചും പ്രകടമായിരുന്നു. ധനമാനേജ് മെന്റിലെ കെടുകാര്യസ്ഥത പിന്നീട് കാര്യങ്ങൾ കൂടുതൽ വഷളാക്കി എന്നചരിത്രവും നമുക്കുമുന്നിലുണ്ട്.

ഇടത് സർക്കാരിന്റെ അധികാര പ്രവേശനത്തിന് മുൻപും പിൻപുമുള്ള വർഷങ്ങളിലെ ബജറ്റുകൾ പരിശോധിച്ചാൽ 2006-7 ൽ സർക്കാരിന്റെ റിവൈസഡ് റവന്യു റെസീപ്റ്റ് 16596 കോടി രൂപയായിരുന്നു എന്നു കാണാം. ഇതേകാലത്തെ ബജറ്റ് എസ്റ്റി മേറ്റ് 16623.96 കോടി രൂപയും. അതിനർത്ഥം റിവൈസ്ഡ് റവന്യു എസ്റ്റിമേറ്റിനേക്കാൾ കുറവ്. അതായത് യുഡിഎഫ് സർക്കാ രിന്റെ നാലാം വർഷത്തെ മികവെന്നത് നെഗറ്റീവ് ആണെന്ന് സാരം. ഇതേ പ്രവണത തന്നെയാണ് അഞ്ചാം വർഷത്തെ ഇടക്കാല ബജറ്റിലും അവർ തുടർന്നത്. ഇവിടെ ഇടതുപക്ഷം അധികാരത്തിൽ വന്നിട്ട് ബജറ്റ് വിഹിതങ്ങൾ കൂട്ടുകയാണ് ഉണ്ടായത് എന്ന് പുതുക്കിയ ബജറ്റ് (ആദ്യ എൽഡിഎഫ് സർക്കാരിന്റെ ബജറ്റിൽ) നോക്കിയാൽ മനസ്സിലാകും. എന്നാൽ റവന്യു മൊബിലൈസ് ചെയ്യാൻ സമയമെടുക്കുകയുണ്ടായി. ഇലക്ഷൻ കാലഘട്ടം ആയതിനാൽ മാക്രോ ഇക്കണോമിക് ഇൻസ്റ്റബിലിറ്റി സ്വാഭാവികമാണ് (ഈ പ്രശ്നം സ്ഥിരമായി കേന്ദ്ര-സംസ്ഥാന ബജറ്റുകളിൽ കാണാറുണ്ട്). തൊട്ടടുത്ത ബജറ്റിൽ ഇതിന്റെ സ്വഭാവം നെഗറ്റീവിൽ നിന്നും പോസി റ്റീവായി ഉയരുകയും തുടർന്നുള്ള വർഷങ്ങളിൽ ആ പോസിറ്റീവ് നമ്പർ നിലനിർത്തുകയും ചെയ്യുന്നത് ഗ്രാഫിലും പട്ടികയിലും വ്യക്തമാകുന്നുണ്ട്. എന്നാൽ 2008-09 ബജറ്റ് കഴിഞ്ഞിട്ടാണ് സാമ്പ ത്തിക പ്രതിസന്ധി വരുന്നത്. ഇതിലേക്കായി 2009-10 ബജറ്റിലാണ് നീക്കിയിരുപ്പ് നടത്തുന്നത്. സാമ്പത്തിക പ്രതിസ ന്ധിയെ ചെറുക്കുന്നതിനായുള്ള പാക്കേജുകളുടെ ഫല മായിട്ടാണ് തുടർന്നുള്ള വർഷത്തിൽ നെഗറ്റീവ് റവന്യൂ റിയ ലൈസ് ചെയ്യാത്തത്. എന്നാൽ 2009-10 ലെ ഇടിവ് സ്വാഭാവി കമാണു താനും. ഫലപ്രദവും ദീർഘവീക്ഷണമുള്ളതുമായ നയങ്ങൾ സ്വീകരിച്ചതിന്റെ തെളിവാണ് തൊട്ടടുത്ത വർഷത്തിൽ

വീണ്ടും റിയലൈസ് ചെയ്ത ഉയർന്ന വരുമാനം സർക്കാർ അഞ്ചുവർഷം തികയ്ക്കുമ്പോൾ (മൂന്നുവർഷമായി മാന്ദ്യം തുടരുമ്പോൾ) തുടർച്ചയായി പ്രവർത്തന മികവ് കാണിക്കാൻ കഴിഞ്ഞത് സാമ്പത്തിക ശാസ്ത്രത്തിന്റെ കണ്ണുകളിലൂടെ നോക്കുമ്പോൾ വ്യക്തമായ ഭരണനേട്ടം തന്നെയാണ്.

ഇത് മനസ്സിലാക്കാൻ താഴെ കേരളത്തിൽ മൊത്ത വരുമാനത്തിന്റെ വളർച്ച കാണിക്കുന്ന ഗ്രാഫ് കാണുക. വരുമാന വർധനവിന്റെ കാര്യത്തിൽ ഇടത് സർക്കാരിന്റെ കാലത്തുണ്ടായ മാറ്റം വലതുപക്ഷ സർക്കാരിന്റെ കാലത്തുണ്ടായ സാമ്പത്തിക

ചിത്രം - 22



പുരോഗതിയുടെ ഇരട്ടിയിലധികമാണെന്ന് അപ്പോൾ മനസ്സിലാക്കാം.

വ്യവസായങ്ങളുടെ അധോഗതിക്ക് കാരണം എന്നും ഇടതുപക്ഷ സർക്കാരുകളാണെന്ന മുദ്രയാണ് കേരളത്തിന്. എന്നാൽ ഈ ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണെന്ന് കഴിഞ്ഞ വർഷങ്ങളിലെ സർക്കാർ പ്രവർത്തനങ്ങൾ തെളിയിക്കുന്നു. 2010–11ൽ പ്രഖ്യാപിച്ച 125 കോടി രൂപയുടെ 9 പദ്ധതികളും പ്രവർത്തനം ആരംഭിച്ചു. കൂടാതെ 9 വിപുലീകരണ പ്രോജക്റ്റും പൂർത്തിയാക്കി. കൂടാതെ പല പൊതുമേഖലാസ്ഥാപനങ്ങൾക്കും നല്ലതോതിൽ പ്രവർത്തനലാഭം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊരു പുതിയ ഊർജ്ജം പൊതുമേഖലകൾക്ക് നൽകുന്നതാണ്. എളമരം കരീം റിപ്പോർട്ട് വായിച്ചാൽ ബേബിക്കുട്ടിയുടെ പല വാദങ്ങളും വളരെ പഴയ ഡാറ്റ ഉപയോഗിച്ച്

നടത്തിയതാണെന്ന് മനസ്സിലാക്കാം. ഇടത് ബജറ്റുകൾ ഏറ്റവുമധികം ഊന്നൽ നൽകുന്നത് പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനാണ്.

1) റോഡ് വികസനം: അടിസ്ഥാന സൗകര്യമായ റോഡുകളുടെ പുനരുധാരണത്തിനുള്ള പദ്ധതി സംസ്ഥാനത്തിലെ റോഡുകളുടെ തലരേഖ തന്നെ മാറ്റിയെഴുതുന്ന നിലയ്ക്ക് പ്രാധാന്യം അർഹിക്കുന്നതാണ്. നാൽപതിനായിരം കോടി രൂപയുടെ 2011-12ലെ വികസന പാക്കേജ് നാഷണൽ, സംസ്ഥാന, ജില്ല റോഡുകളുടെ നവീകരണം മെച്ചപ്പെടുത്തുന്നതിനുള്ളതായിരുന്നു. ഈ നടപടി ഉണ്ടായിരുന്നു എങ്കിൽ നമ്മുടെ പശ്ചാത്തല സൗകര്യം പത്തുവർഷം മുമ്പേ ഇന്നത്തെ രീതിയിൽ എത്തിയേനെ. തുറമുഖം, എയർപോർട്ട്, റെയിൽ, മറ്റുവ്യവസായങ്ങൾ എന്നിവയുടെ സുഗമമായ വികസനത്തിന് ഈ റോഡ് വികസനം ആവശ്യമായിരുന്നു. ഇതിലേക്കുള്ള ഫണ്ടിംഗ് സമ്പ്രദായം പരീക്ഷിച്ചാൽ വിജയിക്കുമെന്നത് തർക്കമറ്റതാണ്. അതാണ് അഞ്ചുവർഷത്തെ കാത്തിരിപ്പിനുശേഷം കേരളം കിഫ്ബിയിലൂടെ കണ്ടത്. റോഡ് വികസനത്തിലെ ഈ ബിഗ്പുഷ് അനുബന്ധ മേഖലകളെയും ഒരുപക്ഷെ കേരളത്തിന്റെ മുഖച്ഛായ തന്നെയും മാറ്റാവുന്നതുമായിരുന്നു. എങ്കിലും ആ യാത്ര നമുക്ക് നഷ്ടമായി.

2) കേരളത്തിന്റെ പുതിയ വളർച്ചാ മേഖലകളായി ഐടി, സ്മാർട്ട് സിറ്റി, ടൂറിസം മുതലായവയ്ക്ക് കാര്യമായ ബജറ്റ് വകയിരുത്തലുകൾ ഉണ്ടായി. സ്മാർട്ട്സിറ്റി സർക്കാരിന്റെ സാമൂഹികക്ഷേമത്തിലധിഷ്ഠിതമായ വികസനനയത്തിന്റെ വിജയമായിട്ടാണ് ടി-കോം കരാർ ഒപ്പിട്ടത്.

3) വൈദ്യുത മേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ 2006-11 കാലത്ത് എൽ.ഡി.എഫ് സർക്കാരിനു കഴിഞ്ഞു. പ്രസരണ നഷ്ടം കുറയ്ക്കാൻ തക്ക കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളുന്നതിനു സർക്കാർ വിജയിച്ചു. ഇതിന്റെ ഫലമായി പ്രസരണനഷ്ടം 24.6 ശതമാനത്തിൽ നിന്നും 17.2 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞു. ഊർജ്ജ സംരക്ഷണത്തിന് ഉതകുന്നതാണീ കുറവ്. വൈദ്യുതമേഖലയെ അലട്ടിയ പ്രധാന പ്രശ്നമാണ് പ്രസരണനഷ്ടം. 2006-11 കാലത്ത് പവർകട്ട് സംസ്ഥാനത്തിലില്ല എന്നതും ഉത്പാദനം ഇരുപത്തിയാറു മെഗാവാട്ടിൽ നിന്നും ഇരുനൂറ്റിനാല് മെഗാവാട്ടായി ഉയർത്താൻ കഴിഞ്ഞതും സർക്കാരിന്റെ പ്രത്യേക വൈദ്യുത നയം മൂലമാണ്.

4) വികസന പ്രവർത്തനങ്ങളിൽ അവസാനം പറയാൻ

ഉദ്ദേശിക്കുന്നത് മത്സ്യ മേഖലയെക്കുറിച്ചാണ്. എന്നും അവഗണനയ്ക്ക് വിധേയമായ മേഖലയായ മത്സ്യമേഖലയെ പരിപോഷിപ്പിക്കാൻ ഉതകുന്ന നയങ്ങളാണ് അഞ്ചു വർഷങ്ങളിൽ കാണാൻ സാധിച്ചത്. ഇതുവരെ മൂവായിരം കോടി രൂപയുടെ വികസന പ്രവർത്തനമാണ് ഈ മേഖലയിൽ നടത്തിക്കഴിഞ്ഞത്. ഇത് കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ ധനവിനിയോഗത്തിന്റെ (അഞ്ഞൂറ്റി ഇരുപത്തി ഏഴു കോടി രൂപ) അഞ്ചിരട്ടിയാണ് (3092 കോടി രൂപ). ഈ മേഖലയിൽ മുന്നൂറ്റി എൺപത് കോടിയുടെ കടം എഴുതിത്തള്ളി. മൂന്ന് ഹാർബറുകൾ പൂർത്തിയാക്കി. എട്ടെണ്ണത്തിന്റെ പണി പുതുതായി ആരംഭിച്ചു. ഇത് മത്സ്യമേഖലയ്ക്ക് ആശാവഹമായ നയമായി കരുതാം. പ്രാന്തവല്കരിക്കപ്പെട്ട മത്സ്യബന്ധന മേഖലയിലെ സമഗ്ര വികസനത്തിന്റെ ഭാഗമായി ഇരുനൂറുകോടി രൂപയുടെ മാതൃകാ മത്സ്യഗ്രാമ പരിപാടി തികച്ചും നൂതനവും വികസനോന്മുഖവുമാണ്.

കയർ, കശുവണ്ടി, കൈത്തറി, മറ്റു ചെറുകിട മേഖലകൾക്കും ഇടത് ബജറ്റിൽ പ്രാധാന്യം കാണാം. ഭക്ഷ്യ സുരക്ഷക്കായി നൽകിയിരുന്ന മുപ്പത്തിനാല് കോടി രൂപ സഹായത്തിൽ നിന്നും ഇരുനൂറ്റിമുപ്പത്തഞ്ച്കോടി രൂപയാക്കി ഉയർത്തിയത് ചെറുതല്ലാത്ത, നവലിബറൽ നയങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപ്പാണ്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി, നെല്ലുൽപാദനം 2.28 ഹെക്ടർ ഭൂമിയിൽ നിന്ന് (2007-08) 2.34 ഹെക്ടർ (2009-10) ഭൂമിയായി ഉയർത്തി. ഉത്പാദനം 5.28 ലക്ഷംടണ്ണിൽ നിന്നും 5.9 ലക്ഷം ടൺ ആയി വർധിച്ചു. സംഭരണ വില ഏഴു രൂപയിൽ നിന്നും പതിനാലുരൂപയായി ഉയർത്തി. പാലുല്പാദനം 2005-06ലെ 20.63 ലക്ഷം ടണ്ണിൽ നിന്നും 2010-11 ൽ 29 ലക്ഷം ടൺ ആയി വർധിച്ചു. മത്സ്യോല്പന്നങ്ങളുടെ വളർച്ച 0.78 ലക്ഷം ടണ്ണിൽ നിന്നും 1.26 ലക്ഷം ടൺ ആയി മാറി. മൃഗസംരക്ഷണത്തിനായ് 34 കോടി രൂപയായിരുന്നു യുഡിഎഫിന്റെ കാലത്ത് വകയിരുത്തിയതെങ്കിൽ അത് 150 കോടി രൂപയായി അച്ചുതാനന്ദൻ സർക്കാർ ഉയർത്തി.

ഇടതുപക്ഷ ബജറ്റുകൾ എന്നും ക്ഷേമ ബജറ്റുകൾ ആയിരുന്നു എന്നതിൽ തർക്കമില്ല. ക്ഷേമ പ്രവർത്തനങ്ങൾക്കായ് സർക്കാർ അവലംബിച്ച നടപടികൾ ശ്ലാഘനീയം തന്നെ. വർധിച്ചുവരുന്ന അസമത്വങ്ങൾക്കെതിരെ പ്രതീക്ഷയാണ് ഈ നയങ്ങൾ. എന്നാൽ മേരിജോർജിനെ പോലുള്ളവർ അമർത്യ സെന്നിനെ ഉദ്ധരിച്ച് അച്ചുതാനന്ദൻ സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളെ കരിവാരി തേക്കാനാണ് ശ്രമിച്ചത്. നേരത്തെ

സൂചിപ്പിച്ചതു പോലെ ഇടതുബജറ്റ് വെറും സർക്കാർ ഗിമ്മിക്കുകളല്ല മറിച്ച് നവലിബറൽ കാലത്തെ വ്യക്തമായ ബദലാണ് എന്നത് സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും. ക്ഷേമ പ്രവർത്തനങ്ങളിൽ പ്രധാനമായും ഊന്നൽ നൽകുന്ന, ഭക്ഷ്യസുരക്ഷ, ക്ഷേമപദ്ധതികൾ, ആരോഗ്യപദ്ധതികൾ, വിദ്യാഭ്യാസപദ്ധതികൾ, പട്ടികജാതി പട്ടികവർഗ, മറ്റു പിന്നാക്ക ജന വിഭാഗങ്ങളുടെ ക്ഷേമം എന്നിവയിലാണ്. ഇവിടെ നിന്നാണ് നവലിബറൽ സർക്കാരുകൾ പിന്നോട്ടുനടക്കുന്നത്.

പട്ടിക- 6

കഴിഞ്ഞ പത്തുവർഷത്തെ പട്ടികജാതി-പട്ടികവർഗ ക്ഷേമത്തിനായുള്ള വകയിരുത്തൽ

വാർഷിക പദ്ധതി വിഹിതം	**സമുദായം**	*2001-06 Rs. Crores*	*2006-11 Rs. Crores*	*Increase (%)*
	SC	395	840.4	212.6
	ST	103	178	172.8
വാർഷിക ചെലവഴിക്കൽ നിരക്ക് *(%)*	SC	64.42	91.36	141.8
	ST	64.73	92.83	143.4

മുകളിൽ പറഞ്ഞ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ വിഎസ് സർക്കാരിന്റെ അഞ്ചു വർഷവും സൂചിപ്പിക്കുന്നത് ഉത്പാദന ഉപഭോഗ സേവന മേഖലകളെ മെച്ചപ്പെടുത്തിക്കൊണ്ടുള്ള ക്ഷേമ പ്രവർത്തനവും നയങ്ങളുടെ സമന്വയവുമാണ്. ഈ പ്രവർത്തനങ്ങൾ ഒന്നും തന്നെ കുറ്റമറ്റതല്ല. എന്നാൽ ആഗോളസാമ്പത്തിക തകർച്ചയുടെ വേളയിൽ അമേരിക്കയെ തുടർന്നു മറ്റു യൂറോപ്യൻ രാഷ്ട്രങ്ങളും സാമ്പത്തികത്തകർച്ചയെ നേരിടുമ്പോൾ ഇങ്ങു കേരളത്തിൽ ക്ഷേമരാഷ്ട്രം പടുത്തുയർത്തുന്നതിനായൊരു ബദൽ സർക്കാർഭരണം സാധ്യമാണെന്നും, അതിലേക്കു എന്തുചെയ്യാൻ സാധിക്കുമെന്നും, കഴിഞ്ഞ ഓരോ ബജറ്റിലും ധനമന്ത്രി വ്യക്തമാക്കി. ഇത് സൂചിപ്പിക്കുന്നത് നവഉദാരവാദത്തിലും ബദലുകൾ സാധ്യമാണ്

എന്ന വസ്തുതയാണ്. ഇതിന്റെ തുടർച്ച എന്ന നിലയിൽ ഒന്നാം പിണറായി വിജയൻ സർക്കാർ മുന്നോട്ടുവച്ച ഇടതുബദൽ കൂടി നമുക്ക് പരിശോധിക്കാം.

നവകേരളത്തിന്റെ ജ്ഞാന ബദലുകൾ: 2016-21

നവകേരള സൃഷ്ടി എന്ന മുദ്രാവാക്യത്തോടെ 2016ൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നേരി ടേണ്ടിവന്ന സാമ്പത്തിക സാമൂഹിക രാഷ്ട്രീയ പ്രതിസന്ധികൾ ചെറുതല്ല. മോഡിസർക്കാർ അടിച്ചേൽപ്പിച്ച നോട്ടുനിരോധ നവും അതിന്റെ പ്രത്യാഘാതങ്ങളും നാം ചർച്ച ചെയ്തു കഴിഞ്ഞു. ആഗോള സാമ്പത്തിക രംഗത്ത് രൂപയുടെ തകർച്ച കേരളം പോലുള്ള, ആഗോളരംഗത്തെയും വിദേശത്തുനിന്നുള്ള വരുമാനത്തെയും ആശ്രയിക്കുന്ന സംസ്ഥാനമെന്ന നിലയിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2017ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജി.എസ്.ടി.യും, നികുതി വരുമാനത്തെ ബാധി ക്കുകയുണ്ടായി. ഇതൊക്കെ താൽക്കാലികമായ ഷോക്കായി കരുതി സുശക്തം മുന്നോട്ടുപോകുമ്പോഴാണ് കേരളത്തിന്റെ തീരത്തെ തകർത്ത ഓഖി ഉണ്ടാക്കുന്നത്. 2018-19 ലെ ബജറ്റ് വളരെ ആശാവഹമായ സമീപനം തന്നെയാണ് ഈ പ്രതി സന്ധികളെ തരണം ചെയ്യാൻ മുന്നോട്ടുവച്ചത്. എന്നാൽ 2018ലെ പ്രളയം നമ്മുടെ നാടിന്റെ സാമ്പത്തികവും പാരിസ്ഥിതി കവുമായ അടിത്തറതന്നെ ഇളക്കിക്കളഞ്ഞു. സർക്കാരും ജനങ്ങളും ഒറ്റക്കെട്ടായി ഇതിനെ നേരിട്ടതാണ് നവകേരള ത്തിന്റെ സൃഷ്ടി എന്ന സർക്കാരിന്റെ ആശയത്തിന്റെ പ്രാരംഭം. ഈ കൂട്ടായ്മയെ ശിഥിലീകരിക്കുന്ന തരത്തിലുള്ള പ്രതിലോമ പരമായ ഇടപെടലാണ് ഭരണഘടന ഉയർത്തിപ്പിടിച്ചു നൽകിയ സുപ്രീകോടതി വിധിയുടെ പശ്ചാത്തലത്തിൽ 2018 നവംബർ, ഡിസംബർ മാസങ്ങളിൽ കേരളം സാക്ഷ്യം വഹിച്ചത്. കേരള ത്തിലെ സ്ത്രീസമൂഹത്തെയും ലിംഗ നീതിക്കായുള്ള നമ്മുടെ സമരങ്ങളെയും കാറ്റിൽപറത്തിയാണ് പ്രതിപക്ഷവും ബിജെ പിയും ഹിന്ദുത്വസംഘടനകളും പ്രവർത്തിച്ചത്. ശബരിമല വിഷയം കേരളത്തിലെ ലിംഗനീതിയെക്കുറിച്ചുള്ള ചർച്ചകൾ സജീവമാക്കി. ഇവയെല്ലാം പ്രതിഫലിപ്പിക്കുന്ന സമഗ്രമായ ഒരു ബജറ്റാണ് 2019-20ൽ അവതരിപ്പിച്ചത്. ഇടതുസർക്കാരിന്റെ ജനക്ഷേമ-വികസന നയങ്ങളുടെ തുടർച്ചയായാണ് 2021-22-ലെ ഒന്നാം പിണറായി സർക്കാരിന്റെ അവസാന ബജറ്റിലൂടെ ഡോ. തോമസ് ഐസക് വീണ്ടും ഒരു ബദൽ സാധ്യമാണ് എന്ന രീതിയിൽ തന്റെ പന്ത്രണ്ടാമത്തെ ബജറ്റ് അവതരിപ്പിച്ചത്.

അക്ഷരാർത്ഥത്തിൽ സർക്കാരിന്റെ അടുത്ത അഞ്ചുവർഷത്തെ മാനിഫെസ്റ്റോ ആയിരുന്നു ഈ ബജറ്റ്. ഇതിന്റെ അനുരണന മാണ്, ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് ഇടതുപക്ഷത്തെ അധി കാരത്തിൽ തിരിച്ചെത്തിച്ചത്. കപ്പിനും ചുണ്ടിനും ഇടയിൽ നഷ്ട പ്പെട്ട 2011ലെ ഇടതുപക്ഷ തുടർച്ച 2016-21ലെ ഇടത് ജനാധിപത്യ മുന്നണിയുടെ തുടർച്ചയായി. കഴിഞ്ഞ അഞ്ച് വർഷത്തെ ബജറ്റ് പ്രഖ്യാപനങ്ങളും സർക്കാരിന്റെ വാഗ്ദാന പാലനവും ഒരു കാലത്തുമില്ലാത്ത തരത്തിലാണ് അക്ഷരാർത്ഥത്തിൽ കേരള ത്തിൽ നടന്നത്. എന്നാൽ ബജറ്റിലൂടെയുള്ള പല പദ്ധതികളും നടപ്പിലാക്കുന്നില്ല എന്ന പരാതിയോ വിമർശനമോ വരുന്ന തിന്റെ അടിസ്ഥാനം ചെലവിനു ആനുപാതികമായി വരുമാനം വർദ്ധിക്കാത്ത സാഹചര്യത്തിലാണ്. ഇത് ബജറ്റ് വിലയിരു ത്തലുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്.

രാജ്യത്തെ കാർഷിക മേഖലയെ സംബന്ധിക്കുന്ന മൂന്ന് നിയമനിർമ്മാണങ്ങൾ കേന്ദ്ര സർക്കാർ നടത്തിയതോടനു ബന്ധിച്ച് ഉയർന്നുവന്ന കർഷക സമരത്തിലെ പ്രധാന ആവ ശ്യമാണ് കാർഷിക ഉത്പന്നങ്ങൾക്ക് ഉയർന്ന താങ്ങുവില പ്രഖ്യാപിക്കുക. എന്നാൽ, ഇങ്ങനെ ഒരാവശ്യത്തെ പുറന്തള്ളു ന്നതിനായി കേരളത്തിൽ താങ്ങുവിലയില്ല എന്ന പ്രധാനമന്ത്രി യുടെ പ്രസ്താവനയ്ക്ക് മറുപടി നൽകിയാണ് ധനമന്ത്രി പന്ത്രണ്ടാം ബജറ്റ് അവതരിപ്പിച്ചത്. തേങ്ങ, റബ്ബർ, നെല്ല് എന്നിവയ്ക്ക് രാജ്യത്തുതന്നെയുണ്ടായിരുന്ന ഉയർന്ന സംഭരണവില കൂടുതൽ മെച്ചപ്പെടുത്തിയാണ് ബജറ്റ് ബദലായത്. നെല്ലിന്റെ രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലയായ 27 രൂപ കേരളത്തിലാണ്. അതാണ് ഇപ്പോൾ 28 ആക്കിയത്. തേങ്ങയുടെ തറവില 27 രൂപയിൽ നിന്നും 32 രൂപയായി ഉയർത്തി. റബ്ബറിന്റെ താങ്ങുവില അല്ലെങ്കിൽ സംഭരണ വില 2021 ഏപ്രിൽ ഒന്നുമുതൽ 170 രൂപയായി നിജപ്പെടുത്തി. കേരളത്തിലെ രണ്ട് സുപ്രധാന നാണ്യ വിളകളെയും നെല്ലിനെയും സംരക്ഷിക്കുന്നതുവഴി കേരളത്തിലെ അടിസ്ഥാന കർഷകർക്കൊപ്പമാണ് സർക്കാർ എന്ന പ്രഖ്യാപനമാണ് കേരളം ലോകത്തിനു നൽകുന്നത്. നേരത്തെ 16 കാർഷിക ഉത്പന്നങ്ങൾക്കു താങ്ങുവില പ്രഖ്യാ പിച്ചതിനു ശേഷമാണ് ഈ തീരുമാനം എന്നത് കാർഷിക പ്രതി സന്ധിയെ ക്രിയാത്മകമായി നേരിടേണ്ടതുണ്ട് എന്ന സന്ദേശ മാണിവിടെ വ്യക്തമാക്കുന്നത്.

വ്യാവസായിക മേഖലയെ ശക്തിപ്പെടുത്തുക എന്നത് വൻകിട വ്യവസായ സ്ഥാപനങ്ങളെ നിർമ്മിക്കുക എന്ന ബോധ്യ

മായി കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിൽ ഒരിക്കലും വേരോടിയിട്ടില്ല. ഇടതുപക്ഷവും അവരുടെ യൂണിയനുമാണ് ഇതിനുകാരണം എന്ന വലതുപക്ഷബോധം കേരളത്തിൽ നിരന്തരം ഉത്പാദിപ്പിച്ചുകൊണ്ടേയിരുന്നു. എന്നാൽ എന്റെ വീടിനു മുന്നിലോ പിന്നിലോ ഒരു വ്യവസായശാല എന്നതു മലയാളിയെ സംബന്ധിച്ചു സമ്മതിച്ചുകൊടുക്കാൻ സാധ്യമായ ഒന്നല്ല. ഇതിനെ നഖശിഖാന്തം എതിർക്കുകയെന്നത് മലയാളിയുടെ പൗരബോധത്തിൽ നിന്നുണ്ടാകുന്നതാണ്. ഈ തിരിച്ചറിവാണ് യഥാർത്ഥത്തിൽ വ്യവസായസ്ഥാപനങ്ങൾ ഇവിടെ അഭിവൃദ്ധിപ്പെടാത്തതിന്റെ പ്രധാനകാരണം എന്നത് ഇനിയും നാം തിരിച്ചറിയേണ്ടതുണ്ട്. ഉയർന്ന സാമൂഹിക-പരിസ്ഥിതി ബോധത്തിൽ നിന്നാണ് ഇത്തരം എതിർപ്പുകളുണ്ടാകുന്നത്. ഈ പശ്ചാത്തലത്തിൽ കേരളത്തിൽ വ്യാവസായിക മേഖലയെന്നത് ചെറുതും സൂക്ഷ്മവുമായ ഉത്പാദനയൂണിറ്റുകളുടെ സംയോജനത്തിലൂടെ മാത്രമേ പച്ചപിടിക്കുകയുള്ളു എന്ന തിരിച്ചറിവാണ് മുന്നോട്ടുള്ള നവകേരളത്തെ വിഭാവന ചെയ്യുന്ന ബജറ്റുകളിലൂടെ എടുത്തുകാണിക്കുന്നത്. വ്യവസായങ്ങളെ ശക്തിപ്പെടുത്തുന്നതിനു തൊഴിൽ നൈപുണ്യവും പരിശീലനവും ലഭിക്കേണ്ടത് സൂക്ഷ്മ-ചെറുകിട വ്യവസായമേഖലയിലായാൽ ഇപ്പോൾ തൊഴിൽ നൈപുണ്യം ഇല്ലാത്ത തൊഴിൽ ശക്തിയെക്കൂടി ആകർഷിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണ് 2021-22 ബജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത്. യുഡിഎഫ് സർക്കാരിന്റെ കാലത്ത് പൂർണമായും തളർത്തപ്പെട്ട പല പൊതുമേഖലാ സ്ഥാപനങ്ങളും ഇപ്പോൾ ലാഭത്തിലാണ്. വൻകിട പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ മെച്ചപ്പെടൽ ഇടതുപക്ഷത്തിന്റെ പ്രകടനപത്രികയിൽ പറഞ്ഞതും അതിൽപലതും നിറവേറ്റാൻ കഴിഞ്ഞുവെന്നതും ഇടതുസർക്കാരിന്റെ ഭരണനേട്ടങ്ങളാണ്.

സേവനമേഖലകളായ വൈദ്യുതി, ജലവിതരണം, ഗതാഗതം, വാർത്താവിനിമയം, നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങി വിവിധങ്ങളായ പദ്ധതികളിൽ വിപ്ലവാത്മക ഇടപെടലുകളാണ് ഇപ്പോഴത്തെ സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. നൂറു ശതമാനം വൈദ്യുതീകരണവും, വൈദ്യുതിയുൽപാദനത്തിലുള്ള വർദ്ധനവും, പവർകട്ട്, ലോഡ്ഷെഡിംഗ് എന്നിവയില്ലാത്ത കേരളം പ്രദാനം ചെയ്തു. മെച്ചപ്പെട്ട ജലവിതരണവും, ഗതാഗതയോഗ്യമായ റോഡുകളുടെ നവീകരണവും ഇവിടെ ശ്രദ്ധേയമാണ്. യുഡിഎഫ് കാലത്ത് നവീകരിച്ചു നിർമ്മിച്ച റോഡുകളുടെയും പാലങ്ങളുടേയും ഇരട്ടിയാണ് സർക്കാർ കാലാവധി കഴിയുമ്പോൾ പൂർത്തിയാക്കിയത്. വാർത്താ

വിനിമയ രംഗത്ത് വിപ്ലവാത്മക മാറ്റം വിഭാവന ചെയ്യുന്ന കെ-ഫോൺ പദ്ധതി ജനശ്രദ്ധ പിടിച്ചുപറ്റിയതാണ്. ഐ.റ്റി രംഗം ശക്തിപ്പെടുത്തുകയും ഓരോവീട്ടിലും ഐ.റ്റി ഉപകരണമായ കമ്പ്യൂട്ടർ എത്തിക്കുകയും ചെയ്താൽ, ഇത് യാഥാർത്ഥ്യമായാൽ, കേരളം മറ്റൊരു ഇന്റർനെറ്റ് വിപ്ലവത്തിന് തിരിതെളിയിക്കും. സാമൂഹിക ജനാധിപത്യത്തിന് വാഗ്ദാനം ചെയ്യാൻ കഴിയുന്ന ഏറ്റവും മൂല്യവത്തായ സംഭാവനകളിൽ ഒന്നായിരിക്കും ഇത്. പൊതുവിൽ മൂന്നാം ലോകമെന്നു വിളിക്കുന്ന ഇന്ത്യയിലെ വികസന തുരുത്തായി പ്രത്യേകിച്ചും ഇടത് സർക്കാർ നയിക്കുന്ന ജനഹിതമായ വികസന മുന്നേറ്റം എന്തുകൊണ്ടും ഒരു സാമൂഹികവിപ്ലവം തന്നെയാണ് മുന്നോട്ടുവയ്ക്കുന്നത്. ഇതുതന്നെയാണ് നവകേരളം വിഭാവന ചെയ്യുന്നതും.

കേരളത്തിന്റെ സാമൂഹിക വികസനത്തിന്റെ കാതലായി വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹികക്ഷേമം എന്നീ മേഖലകളിൽ സജീവമായ പദ്ധതികളും ഇടപെടലുകളുമാണ് സർക്കാർ കഴിഞ്ഞ അഞ്ചുവർഷമായി ചെയ്തുകൊണ്ടിരിക്കുന്നത്. യുഡിഎഫ് സർക്കാർ സ്ഥാനമൊഴിയുമ്പോൾ സാധാരണക്കാരിൽ സാധാരണക്കാരായ വയോജനങ്ങൾക്കും മറ്റ് ആശ്രിത ജനവിഭാഗങ്ങൾക്കുമുള്ള ക്ഷേമപെൻഷൻ 600 രൂപയായിരുന്നു. മാത്രവുമല്ല, ഈ ക്ഷേമപെൻഷനുകൾ മാസങ്ങളായി കുടിശ്ശികയായിരുന്ന സാഹചര്യത്തിൽ നിന്നും പടിപടിയായി പെൻഷൻ തുക വർദ്ധിപ്പിക്കുകയും ഇപ്പോൾ അത് 1700 രൂപ ആക്കുകയും ചെയ്തു. കൂടാതെ, രാജ്യം കോവിഡിന്റെയും, വളർച്ചാ പ്രതിസന്ധിയുടെയും മധ്യത്തിലായിരിക്കുമ്പോഴും പെൻഷൻ കുടിശ്ശിക ഇല്ലാതെ 60 ലക്ഷം പേർക്ക് ക്ഷേമപെൻഷൻ നൽകുക എന്നതുതന്നെയാണ് ജനകീയ സർക്കാരിന്റെ മുഖമുദ്ര. കേരളം ഇന്ത്യയിൽതന്നെ ജനക്ഷേമത്തിന്റെ പ്രകാശ വാഹകരാണ് എന്നതിൽ നാം ഓരോരുത്തർക്കും അഭിമാനിക്കാം. രാജ്യത്തെ ശരാശരി ഉന്നതവിദ്യാഭ്യാസത്തിനു ചേരുന്നവരുടെ നിരക്കിൽ മുൻപന്തിയിലുള്ള കേരളം ആ നില ഇനിയും മെച്ചപ്പെടുത്താനുള്ള ശ്രമത്തിലാണ്. രാജ്യത്തെ മികച്ച സ്കൂൾവിദ്യാഭ്യാസമുള്ള സംസ്ഥാനം ആണെങ്കിലും രാജ്യത്തിനുമാതൃകയാകേണ്ടുന്ന ഉന്നതനിലവാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ നന്നേ കുറവാണ്. എന്നാൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കുറവല്ലതാനും. ഉന്നതവിദ്യാഭ്യാസ മേഖലയിൽ അക്കാദമിക മികവിന് കാര്യമായ പരിഗണന നൽകാത്ത കാലത്തോളം ഉന്നതവിദ്യാഭ്യാസം എന്നത് നാം ഉദ്ദേശിക്കുന്ന തലത്തിൽ മെച്ചപ്പെടുകയില്ല. ഉന്നതവിദ്യാഭ്യാസത്തിലെ ഏറ്റവും പ്രധാന

ഘടകമായ അധ്യാപക നിയമനമാണ് ഈ മേഖലയിൽ മെച്ചപ്പെടേണ്ടത്. പണം വാങ്ങിയുള്ള അധ്യാപക നിയമനങ്ങൾ പ്രത്യേകിച്ചും എയ്ഡഡ് മേഖലയിൽ നടക്കുന്നതു വലിയ മൂല്യച്യുതിയാണ് ഉന്നതവിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കുന്നത്. സാമൂഹിക സംവരണങ്ങൾ പാലിച്ചുകൊണ്ടുള്ള അക്കാദമിക മികവിനു മുൻതൂക്കം നൽകിയുള്ള നിയമനങ്ങൾ ആയിരിക്കും വരും നാളുകളിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരം നിജപ്പെടുത്തുന്നത്. കൂടുതൽ നിക്ഷേപവും നയപരമായ മാറ്റവും അധ്യാപക-വിദ്യാർഥി അനുപാതവും ഈ മേഖലയിൽ ഇനിയും മെച്ചപ്പെടേണ്ടിയിരിക്കുന്നു. വിജ്ഞാന സമ്പദ്ഘടന വിഭാവന ചെയ്യുമ്പോൾ ഈ വിഷയം വളരെ പ്രസക്തമാണ്.

ആരോഗ്യരംഗത്തെ മികവ് കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ സവിശേഷതയായിവേണം മനസ്സിലാക്കാൻ. ജലജന്യരോഗങ്ങൾ വളരെ വേഗം പടർന്നു പിടിക്കുന്നതിൽ നിന്നും, നിപ്പ, കൊറോണ മുതലായ മഹാമാരികളെ പ്രതിരോധിച്ച കേരളം ആരോഗ്യ രംഗത്ത് തികഞ്ഞ മാതൃകയാണ്. ഇതിന് ഉൾക്കരുത്തു നൽകുന്നത് ഇച്ഛാശക്തിയോടും അർപ്പണബോധത്തോടും പ്രവർത്തിക്കുന്ന, മികച്ച രീതിയിൽ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള, സാമ്പത്തിക വകയിരുത്തലുകളാണ്. പൊതുജനാരോഗ്യം സർക്കാരുകളുടെ ഉത്തരവാദിത്തമാണെന്ന് പേർത്തും പേർത്തും തെളിയിക്കുന്ന പ്രവർത്തന മാതൃക വർത്തമാനകാലത്തെ നവലിബറൽ ആശയത്തിനു ബദലാണ്. 2021-22 ബജറ്റ് ഇത് കൂടുതൽ കണിശതയോടെ മുന്നോട്ടു വയ്ക്കുമ്പോൾ നവകേരളം വിദൂരമല്ലാത്ത യാഥാർത്ഥ്യമാണ് എന്നതു നിസംശയം തന്നെ.

അതുപോലെ തന്നെ കേരളത്തെ സംബന്ധിച്ച് 2019ലെ ബജറ്റ്, ആധുനിക കേരളം കണ്ട മഹാപ്രളയത്തിന്റെ തകർക്കപ്പെടലുകളെ എത്തരത്തിലാണ് സർക്കാർ തരണം ചെയ്യുന്നതെന്നതിന്റെ രേഖാചിത്രമായിട്ടാണ് ചർച്ചചെയ്യുന്നത്. മറ്റൊരു വ്യത്യാസം അങ്ങേയറ്റം വിഭവ ദൗർലഭ്യത നേരിടുന്ന പശ്ചാത്തലത്തിലാണ് (യുഎൻ റിപ്പോർട്ട് പ്രകാരം ഏകദേശം 30000 കോടി രൂപയുടെ നഷ്ടം) ബജറ്റിലൂടെ സർക്കാർ തങ്ങളുടെ നയംവ്യക്തമാക്കുന്നത്. പിണറായി സർക്കാരിന്റെ പ്രാരംഭ പ്രഖ്യാപനമായ നവകേരളം എന്ന ആശയം, പ്രളയാനന്തരം എപ്രകാരമാണ് നടപ്പാക്കുന്നതെന്ന ആശങ്കയുടെ അടിസ്ഥാനത്തിലാണ് ഇതിനെ കുറിച്ചുള്ള വിശദീകരണം അനിവാര്യമാക്കുന്നത്. എന്തൊക്കെയാണ് ഒഴിച്ചുകൂടാനാവാത്ത ഭരണനിർവഹണ ച്ചെലവുകൾനവകേരള സൃഷ്ടിക്കായി 2019-20 ബജറ്റിലൂടെ സർക്കാർ

മുന്നോട്ടുവയ്ക്കുന്നത് എന്നതും സൂക്ഷമപരിശോധനക്ക് വിധേയമാക്കുകയാണ്.

നവകേരള നിർമ്മാണത്തിന് ഊന്നൽ നൽകുന്ന ബജറ്റുകളാണ് ധനമന്ത്രി ഡോ. തോമസ് ഐസക് മുന്നോട്ടു വച്ചിട്ടുള്ളത് എന്ന് സൂചിപ്പിച്ചല്ലോ. കൃത്യമായ ഫിസ്കൽ കൺസോളിഡേഷനും വിഭവ സമാഹരണവുമാണ് ഇതിൽ പ്രധാനം. ഇതിനായി, അധികവരുമാനം സ്വരൂപിക്കുന്നതിന് ഒരുശതമാനം 'പ്രളയസെസ്' അവതരിപ്പിച്ചു. സെസ് പ്രധാനമായും ചുമത്തുന്നത് 12 ശതമാനത്തിനു മുകളിൽ ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുള്ള സാധന-സേവനങ്ങൾക്കാണ്. അതായത് 5 ശതമാനത്തിനു താഴെ GST ഉള്ള അവശ്യസാധനങ്ങളിൽ പ്രളയസെസില്ല. ഇതു മൂലം 600 കോടിയുടെ അധികവരുമാനമാണ് സർക്കാരിനു ലഭിക്കുക. കൂടാതെ നികുതി കുടിശ്ശിക ഉള്ളവർക്ക് കഴിഞ്ഞ അഞ്ചുവർഷക്കാലയളവിലേക്ക് ഒറ്റത്തവണ ഇളവുകളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുവഴി, 2020ൽ 9957 കോടി രൂപയാണ് സർക്കാർ സ്വരൂപിക്കുന്നത്. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇതിൽ കുറവുണ്ടായിട്ടുണ്ട്. സർക്കാരിന്റെ പ്രതീക്ഷിത നികുതി വരുമാനം 65784.6 കോടി ആയിരുന്നു എങ്കിലും അത്രയും നേടാൻ ആരോഗ്യ-സാമ്പത്തിക പ്രതിസന്ധി സഹായിച്ചില്ല. കേന്ദ്ര ട്രാൻസ്ഫർവിഹിതവും, നികുതി വിഹിതവും, ഗ്രാന്റ് ഇൻഎയ്ഡും ചേർന്ന് ഏകദേശം 49854.75 കോടി രൂപയാണ് പ്രതീക്ഷിത മൊത്തവരുമാനം. ചെലവിനം പരിശോധിക്കുകയാണെങ്കിൽ റവന്യൂ, ക്യാപിറ്റൽ, ലോ, ആസൂത്രണം മുതലായ ചെലവുകൾ 41576.56 കോടി രൂപയാണ്. ഇത് മൊത്തം ചെലവിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 13.88 ശതമാനം വർദ്ധിക്കുന്നു. എങ്കിലും വരുമാനത്തിൽ നിന്നുള്ള വളർച്ച 9.81 ശതമാനമാണ്. അതായത് വരുമാനവളർച്ചയെക്കാൾ വരുമാനത്തിൽ നിന്നുള്ള ചെലവ് കുറവാണ്. ഇത് വരുമാന കമ്മി 1.68% നിന്നും ഒരുശതമാനമായി കുറയ്ക്കും. എന്നാൽ FRBM ആക്ടിന്റെ പരിധിയിൽ സംസ്ഥാനത്തെ എത്തിക്കുന്നത്, ഈ ദുർഘട ഘട്ടത്തിൽ ആവശ്യമുണ്ടോ എന്ന സംശയം ഉയർത്തേണ്ടുന്നതുതന്നെയാണ്. മുൻഭാഗങ്ങളിൽ സൂചിപ്പിച്ച നവലിബറൽ നയമായ എഫ്.ആർ.ബി.എമ്മിന്റെ പേരിൽ ജനക്ഷേമ പ്രവർത്തനങ്ങളാണ് പലപ്പോഴും വെട്ടിലാകുന്നത്.

പ്രളയത്തിൽ തകർന്ന കുട്ടനാടിനെ പുനർനിർമ്മിക്കുന്ന പദ്ധതി, വയനാടിന് പ്രത്യേക പാക്കേജ്, തീരദേശ മത്സ്യബന്ധന മേഖലയെ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പാക്കേജ് മുതലായവയാണ് 2019-20 ബജറ്റിൽ ഊന്നൽ നൽകിയത്. ഈ

പദ്ധതികൾ മുഴുമിക്കാൻ കോവിഡ് മഹാമാരിയുടെ പശ്ചാത്തല ത്തിൽ സാധിച്ചില്ല. ഇത് ഇപ്പോഴത്തെ സർക്കാർ പ്രവർത്തന ത്തിന്റെ ഭാഗമായിരിക്കുകയാണ്. പ്രളയത്തിന് ആക്കം കൂട്ടിയ നദികളെ ശാസ്ത്രീയമായി സംരക്ഷിക്കേണ്ടത് കേരളത്തിന്റെ നിലനിൽപ്പിന്നാശ്രയമാകയാൽ ഇത് പദ്ധതിയാകുന്നത് വളരെ അത്യാവശ്യമായിരുന്നു. അതിനായുള്ള സമഗ്ര പദ്ധതിയും അതിന്റെ പ്രവർത്തനങ്ങളും കേരളത്തിൽ നടന്നുവരികയാണ്. കാർഷിക പദ്ധതികളും, പ്രത്യേകിച്ച് നാളികേര വികസനവും, മലബാർ കോഫിബ്രാന്റും, നെല്ലിനും റബ്ബറിനുമുള്ള സംയോ ജിത പാർക്കും ഇതിൽ പ്രധാനമാണ്. വിദ്യാഭ്യാസ രംഗം മികവി ന്റേതാക്കുന്നതിലുള്ള പ്രത്യേക ഊന്നലും റോഡും കനാലുകളും റയിൽഗതാഗതത്തിനുള്ള പച്ചക്കൊടിയും വർദ്ധിച്ചുവരുന്ന ഗതാഗതപ്രശ്നങ്ങളെ നേരിടുന്നതിനുള്ള മാർഗങ്ങളാണ്.

കേന്ദ്രീകൃതമായ പല പദ്ധതികളും അടിത്തട്ടിൽ കൃത്യ മായെത്തുന്നില്ല എന്നാണ് ഇതുവരെയുള്ള കാര്യക്ഷമതാ പഠനങ്ങൾ സുചിപ്പിക്കുന്നത്. ഇതിന്റെ പശ്ചാത്തലത്തിലാ ണല്ലോ വികേന്ദ്രീകരണം നടപ്പിലാക്കിയത്. എന്നാൽ വികേന്ദ്രീ കരണം കേവലം കേന്ദ്രവും സംസ്ഥാനവും നൽകുന്ന ഗ്രാന്റ് ചെലവഴിക്കലാണെങ്കിൽ തദ്ദേശസ്ഥാപനങ്ങളുടെ ആവശ്യ പ്രകാരം തുക ചെലവഴിക്കാനാകില്ല. ഇതിൽ മാറ്റംവരാതെ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകില്ല. 2019-20 ബജറ്റിൽ അനുവദിച്ച അധിക 10 ശതമാനം വിനോദ നികുതിയും 3000 ചതുരശ്ര അടിയെക്കാൾ വലിയ വീടു കൾക്കുള്ള നികുതിയും തദ്ദേശ സ്ഥാപനങ്ങളെ കൂടുതൽ ശക്തരാക്കും. എന്നാൽ കേന്ദ്രം തൊഴിൽ നികുതി കൂടി വർദ്ധിപ്പിച്ചാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കും. അടുത്ത ബജറ്റിൽ ഇത് ഉൾപ്പെടുത്തിയാൽ വരുമാന ഇനത്തിൽ ഇവർ കൂടുതൽ ശക്തിപ്പെടും. തദ്ദേശ സ്ഥാപനങ്ങൾ ക്കായുള്ള പദ്ധതി വിഹിതം കഴിഞ്ഞ വർഷത്തെ 7000 കോടി രൂപയിൽ നിന്നും 7500 കോടി രൂപയായി വർദ്ധിപ്പിച്ചതും അത് വീണ്ടും 2021-22 ബജറ്റിൽ ഉയർത്തിയതും ഇവരുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തും എന്നത് കൂടുതൽ പ്രതീക്ഷ നൽകുന്നതാണ്. ഏകദേശം പ്ലാൻ ഫണ്ടിന്റെ 25 ശതമാനമാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന ഈ തുക എന്നത് തികച്ചും ആശാവഹമാണ്. ഇത് ചരിത്രത്തിൽ തന്നെ തദ്ദേശ സ്ഥാപ നങ്ങളിലൂടെ ചെലവഴിക്കാൻ പോകുന്ന ഏറ്റവും വലിയ തുകയാണ്. വികസനവും നവകേരള സൃഷ്ടിയും താഴെക്കിടയിൽ നിന്നുമാകണമെന്നു പറയുമ്പോൾ അത് സാക്ഷാത്കരിക്കാൻ

ഇത്തരം ഇടപെടലുകൾ കൂടിയേതീരൂ. അതാണ് ജനാധിപത്യ ത്തിലും വികേന്ദ്രീകരണത്തിലും ഊന്നുന്ന സർക്കാരുകൾ ലക്ഷ്യംവയ്ക്കുന്നത്.

ജി.എസ്.ടി. സംവിധാനത്തിൽ ആയതിനാൽത്തന്നെ പരോക്ഷ നികുതിയിൽ കാര്യമായ മാറ്റം സംസ്ഥാനമെന്ന നിലയ്ക്ക് നമുക്കുമുന്നോട്ടു വയ്ക്കാനാകില്ല. എന്നാൽ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന സംസ്ഥാന മെന്ന നിലയ്ക്ക് അതിനെ നിലനിർത്താനും ഫിസ്കൽ റെസ് പോൺസിബിലിറ്റി നിലനിർത്താനും ബാധ്യസ്ഥമാണ്. അതിനാൽ പുതിയ വരുമാനമാർഗങ്ങൾ കണ്ടെത്തുക എന്ന താണ് ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ മുന്നോട്ടു വയ്ക്കാൻ കഴിയുന്ന ബദൽ. ഉദാഹരണത്തിന് തദ്ദേശസ്ഥാപ നങ്ങൾ ക്രിയാത്മകമായി സാമൂഹിക സുരക്ഷയുടെയും വികസനത്തിന്റെയും പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ അവരെ ശക്തിപ്പെടുത്തുന്നതിനായി നികുതി വരുമാനം ഇവർക്കു സ്വരൂപിച്ച് നൽകാവുന്നതാണ്. അതിനായിപ്പോൾ ഈ ഇനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള വളരെ കുറഞ്ഞ തോതിലുള്ള തൊഴിൽ നികുതി കേന്ദ്രസർക്കാർ വഴി വർദ്ധിപ്പിക്കാവു ന്നതാണ്. ഇതിന്റെ വർദ്ധനവ് നികുതിക്ക് ആനുപാതികമോ അല്ലെങ്കിൽ നിശ്ചിതതുകയോ ആക്കി വർദ്ധിപ്പിക്കാവുന്നതാണ്. സംസ്ഥാനത്ത് ശക്തമായ ഒരു പ്രൊഫഷണൽ രംഗം നില നിൽക്കുമ്പോൾ ക്ഷേമപ്രവർത്തനത്തിന് ഉപയോഗപ്രദമാ ക്കാവുന്ന തരത്തിൽ ഈ ടാക്സ് ഏർപ്പെടുത്താവുന്നതാണ്. അതുപോലെ സർക്കാരിന് മുന്നോട്ട് വയ്ക്കാൻ കഴിയുന്ന മറ്റൊരു വരുമാനം പ്രഖ്യാപിത സ്വത്തുക്കളിന്മേൽ പ്രത്യേകിച്ചും മൂല്യ വർധനവിനു സാധ്യതയുള്ള സ്വത്തുവകകളിൽ വളരെ ചെറിയൊരു ശതമാനം നികുതി ഏർപ്പെടുത്തുക എന്നതാണ്. ഇതിലൂടെയും വിഭവ സമാഹാരണം സർക്കാരിനു നടത്താൻ കഴിയും. മറ്റൊരു സാധ്യമായ വരുമാനം മലയാളം ഭരണഭാഷയും അതിലേക്കുള്ള പരിപോഷണവും സർക്കാർ നയമാക്കിയിരി ക്കുമ്പോൾ നമ്മുടെ നാട്ടിൽ ലഭ്യമാക്കുന്ന ഉല്പന്നങ്ങളിൽ മലയാളത്തിലുള്ള വിവരണം ആവശ്യപ്പെടുകയും അത് ചെയ്യാത്ത ഉല്പന്നത്തിനുമേൽ ചെറിയൊരു ഫൈൻ ഈടാക്കു കയും ചെയ്യാം. ഇതൊരു സിൻ ടാക്സ്/സെസ് ആയി ഏർപ്പെടു ത്തിയാൽ മതി. ഇത് നടപ്പിലാക്കുന്നതുമൂലം കുറഞ്ഞതോതി ലുള്ള ഒരു അധിക വരുമാനവും അല്ലാത്തപക്ഷം കുറഞ്ഞ അളവിലെങ്കിലും മലയാളം ഗ്രാജ്യൂവേറ്റുകൾക്ക് ജോലി സാധ്യത യെങ്കിലും തെളിയും. പെൻഷൻ പ്രായം ഉയർത്തുന്നതും

ആനുപാതികമായി നിയമന സമയത്തിന് ഇളവുനൽകുന്നതും സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക ഞെരുക്കത്തിനു ഒരുപരിധിവരെ തടയിടാം. കിഫ്ബി പോലുള്ള സംവിധാന ങ്ങളുടെ സാധ്യതയും അതിനെതിരെയുള്ള പുകമറനീക്കം ചെയ്യുന്നതിനുള്ള ക്യാമ്പെയിനുകളും സർക്കാർ-വ്യത്യസ്ത പാർട്ടി-സംഘടനാ തലങ്ങളിൽ നടത്തേണ്ടുന്നതും കേന്ദ്ര അവ ഗണനയോടുള്ള ബദൽ സൃഷ്ടിക്കുന്നതിന് അത്യാവശ്യമാണ്.

വാൽക്കഷണം

കേരളം ഒരു ബദൽ മാതൃകയാണെന്ന് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ പഠനങ്ങളുടെ വെളിച്ചത്തിൽ പ്രചാരം വരുന്നതിനും വളരെ മുൻപ് കേരളസർവകലാശാല വൈസ്ചാൻസിലർ ആയിരുന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. ജോൺ മത്തായിയാണ് കേരളം കേന്ദ്രീകൃതമായ ഒരു സാമ്പത്തികശാസ്ത്ര പഠന ഗവേഷണത്തിന് മുൻതൂക്കം നൽകണം എന്ന് ആവശ്യപ്പെട്ടത് എന്ന് പ്രഫസർ ഉമ്മൻ അഭിപ്രായപ്പെട്ടിട്ടുണ്ട് (https://youtu.be/RbuU7nqGARU). കേരളത്തിന്റെ വികസനമാതൃകയിൽ പരാമർശിക്കുന്ന "നിർണ്ണ യിക്കുന്ന പ്രതിശീർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതെതന്നെ മെച്ചപ്പെട്ട ആരോഗ്യ-വിദ്യാഭ്യാസ മാറ്റങ്ങൾ സാധ്യമാണ്" എന്ന വസ്തുത സാധ്യമാക്കിയത് ദശാബ്ദങ്ങൾ നീണ്ട സാമൂഹിക നവീകരണ പ്രക്രിയയുടെ ബാക്കിപത്രമാ യാണ്. അതൊരു ബദൽ അനുഭവമാണ്. ഈ അനുഭവം സാധ്യമാ ക്കിയത് വ്യത്യസ്തമായ ജാതി-സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളാണ്. താഴ്ന്ന ജാതിയായി കണക്കാക്കിയിരുന്ന വരെ അക്ഷരം പഠിപ്പിക്കുന്നതിനുള്ള പള്ളിക്കൂടം മുതൽ വാക സിനേഷൻ പോലുള്ള പ്രവർത്തനങ്ങൾ വരെ സാദ്ധ്യമാക്കിയ തിൽ ഈ സാമൂഹിക പ്രസ്ഥാനങ്ങളും വ്യവഹാരങ്ങളും നിസ്സീമ മായ പങ്കാണ് വഹിച്ചത്. തിരുവിതാംകൂറിൽ സ്കൂളിൽ പഠിക്കാൻ എല്ലാ ജനങ്ങൾക്കും അവകാശമുണ്ടെന്നുള്ള വിളംബരം നിലനിൽക്കുമ്പോൾ തന്നെ സ്കൂളിൽ പോകാനോ, നിരത്തിൽ ഇറങ്ങാനോ, സാധിക്കാത്ത തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും, കണ്ടുകൂടായ്മയും പോലുള്ള ഹീനമായ സാമൂഹികാചാരത്തെ നവീകരിക്കുന്നതിൽ നേരത്തെ സൂചിപ്പിച്ച ജാതി, മത, രാഷ്ട്രീയ, സാമൂഹിക പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. കൂട്ടുത്തരവാദിത്വത്തിന്റെയും ആസൂത്രണത്തിന്റെയും വിജയമായാണ് ഇതിനെ കാണാൻ കഴിയുന്നത്. കേവലം സമ്പത്തുകൊണ്ട് മറികടക്കാൻ സാധ്യമല്ല എന്നതിന്റെ

തെളിവാണ് കാറുണ്ടായിട്ടും വൈക്കം അമ്പലത്തിനു മുന്നിലൂടെ കാറുടമയ്ക്ക് സഞ്ചരിക്കാനാകാത്തത് എന്ന ചരിത്രത്തിലെ ഓർമ്മപ്പെടുത്തൽ. ഞങ്ങളുടെ സമുദായത്തിൽ നിന്നും കുറഞ്ഞത് പത്ത് ബിരുദധാരികൾ എങ്കിലും ഉണ്ടാകണം എന്ന് അയ്യങ്കാളി വാദിക്കുകയും പഞ്ചമിയുടെ സ്കൂൾ പ്രവേശനം മുടക്കിയതിനാൽ ഒന്നരവർഷം കൊയ്ത്ത് മുടക്കി സമരം നടത്തിയതുമായ അനുഭവം ഇവിടെ ഓർക്കേണ്ടതാണ്. വിദ്യ കൊണ്ട് സംഘടിക്കണം എന്ന നാരായണഗുരുവിന്റെ ആഹ്വാനവും, മുസ്ലിം വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിൽ വക്കം മൗലവിയുടെ പ്രവർത്തനങ്ങളും, പൊതുവിദ്യാഭ്യാസം എല്ലാവർക്കുമെത്തിക്കുന്നതിനുള്ള മിഷനറി പ്രവർത്തനങ്ങളും എല്ലാം വിദ്യാഭ്യാസത്തിന്റെ സാമൂഹിക നവീകരണ-നടത്തിപ്പിന്റെ സാക്ഷാത്കാരമാണ്. മനുഷ്യന്റെ ഒരുമയും, മാറ്റത്തിനുവേണ്ടി നിരന്തരം സംഘടിക്കപ്പെട്ടതിന്റെയും, മനുഷ്യൻ ഒന്നാണ് എന്ന യുക്തിചിന്തയുടെയും അതുനേടിയെടുക്കുന്നതിനുള്ള അശ്രാന്ത പരിശ്രമങ്ങളുടെയും ആകെത്തുകയാണ് കേരളത്തിലെ മെച്ചപ്പെട്ട സാമൂഹിക സ്ഥിതി. വ്യക്തവും സുശക്തവുമായ സംഘാടന രീതിയിൽ മാത്രമേ കേരളത്തിന്റെ ഭാവി ശോഭനമാകുകയുള്ളൂ.

ഇന്നത്തെ സാഹചര്യം പരിശോധിക്കുമ്പോഴും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ ഭരണ സംവിധാനങ്ങളും അതിന്റെ നിലവാരവുമാണ്, എപ്പോഴും മാറ്റങ്ങൾക്ക് ചരിത്രത്തിലേതു പോലെതന്നെ കാരണങ്ങളാകുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ സാമൂഹികമായി നാം ഉച്ചാടനം ചെയ്ത പല അയുക്തികളും ഇന്ന് തിരിച്ചുവരുന്നു എന്നത് ആശങ്കാജനകമാണ്. മുൻവിധികളും മതാന്ധതയും സമൂഹത്തിന്റെ മുന്നോട്ടുള്ള നടത്തിപ്പിന് വിഘാതമാണെന്ന ചരിത്രയാഥാർഥ്യത്തെ തമസ്കരിച്ചുകൊണ്ടാണ് പുതിയ ഭ്രാന്തുകൾ ശക്തി പ്രാപിക്കുന്നത്. സാമൂഹികമായ മുന്നോട്ടുപോക്ക് സാധ്യമാകുന്നത് യുക്തിയുക്തമായ ചോദ്യങ്ങളിലും വിചിന്തനങ്ങളിലും കൂടിയാകുമ്പോൾ അതിനെ പിന്നോട്ടടിക്കുന്ന ഒരു സമീപനവും പുരോഗമനപരമല്ല. ആധുനിക ഇന്ത്യയിലെ നവലിബറൽ നയങ്ങൾ കൂട്ടുപിടിച്ചിരിക്കുന്നത് യുക്തിശൂന്യരായ മത-ജാതി ഭ്രാന്തുകളെയാണ് എന്നതും ആശങ്കയുടെ ശക്തി വർദ്ധിപ്പിക്കുന്നു. ശാസ്ത്രീയതയുടെ അടിസ്ഥാനം തന്നെ "ചോദ്യം ചെയ്യലാകുമ്പോൾ" കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ കേരളത്തിന്റെ മാറ്റത്തിന് വ്യക്തമായ നേതൃത്വമാണ് നൽകിയിട്ടുള്ളത്. രാഷ്ട്രീയ നേതൃത്വം പലപ്പോഴും അതിന്റെ പ്രവർത്തകർക്കും ജന

ങ്ങൾക്കും യുക്തിയുക്തമായ കാഴ്ചപ്പാട് പ്രദാനം ചെയ്യുന്നില്ല എന്നത് ശബരിമല വിഷയത്തിലും മറ്റ് ജാതി മത രാഷ്ട്രീയ വിഷയങ്ങളിലും ഉണ്ടാകുന്നത് പലപ്പോഴും കേരളത്തിലെ സാമൂഹിക പ്രതിസന്ധിയുടെ ആക്കം വർദ്ധിപ്പിക്കുന്നു. യുക്തി യുക്തമായി പ്രശ്നങ്ങളെ സമീപിക്കുന്നതോടെ പല പ്രശ്ന ങ്ങൾക്കും നമുക്ക് ഉത്തരം കണ്ടെത്താനാകും. മാർക്സിസ്റ്റ്, സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകൾ യഥാർഥത്തിൽ ഇതിന് വഴികാ ട്ടിയാകും. എന്നാൽ അവിടെയും ബ്യൂറോക്രാറ്റിക് നിലപാടുകൾ പലപ്പോഴും മാറ്റത്തെ തളച്ചിടും. ഉദാഹരണത്തിന് സാമൂഹിക മാറ്റത്തിനു ചുക്കാൻ പിടിക്കേണ്ട അദ്ധ്യാപക സമൂഹത്തിന്റെ നിസ്സംഗതയും അന്വേഷണരാഹിത്യവും അങ്ങേയറ്റം അപകട കരമാണ് എന്ന് പ്രൊഫസർ എം.എ ഉമ്മൻ ഒരു അഭിമുഖ സംഭാഷണത്തിൽ പറയുകയുണ്ടായി.

നാണ്യവിളകളിൽ പ്രാമുഖ്യമുള്ള ഒരു കാർഷിക സമ്പദ് ഘടനയാണ് കേരളത്തിന്റെ ഭൂതകാലം. സമൃദ്ധമായ തണ്ണീർതട ങ്ങളും ഫലഭൂയിഷ്ഠമായ ഭൂപ്രകൃതിയും ജലലഭ്യതയും നദിക ളുടെ ശൃംഖലയുമെല്ലാം സമൃദ്ധമായ കാർഷികവ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതായിരുന്നു. എന്നാൽ ഈ മേഖലയിൽ എത്രത്തോളം മെച്ചപ്പെട്ട ഉത്പാദനക്ഷമതയുടെ സമീപനം സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞു എന്നത് പുനർചിന്തനം നടത്തേ ണ്ടതുണ്ട്. സാമൂഹിക ഉച്ചനീചത്വങ്ങളുടെയും അടിച്ചമർത്തലു കളുടെയും പ്രതീകമായി, ഒരുപക്ഷേ കാർഷിക വൃത്തിയെ കണ്ടത് ഇതിനെ ഉപേക്ഷിക്കുന്നതിനു കാരണമായിരുന്നി രിക്കാം. കേരളത്തിൽ വൻതോതിൽ വികസിച്ച അനുബന്ധ വ്യവ സായങ്ങളും ആധുനിക വ്യവസായങ്ങളും എത്രകണ്ട് മുന്നോട്ടു പോയി എന്നതും വർത്തമാനകാല കേരളത്തെ നോക്കിക്കാണേ ണ്ടതുണ്ട്. കേര, കയർ, കശുവണ്ടി, കൈത്തറി, കളിമൺ, മത്സ്യഎണ്ണ വ്യവസായങ്ങൾ മുതൽ ആധുനിക വ്യവസായങ്ങ ളായ കെമിക്കൽ ഉത്പാദനം മുതൽ, ധാതുക്കളുടെ വിഭജനം നടത്തുന്ന വ്യവസായശാലകൾവരെ കേരളം രൂപംകൊള്ളു മ്പോൾതന്നെ ഇവിടെയുണ്ട്. ഇതിന്റെ സാധ്യതകളെ മുന്നോട്ടു കൊണ്ടുപോകാൻ ദീർഘവീക്ഷണമുള്ള ഭരണ സംവിധാനങ്ങ ളുടെ അഭാവം കേരളത്തിന്റെ വ്യവസായ വളർച്ചയെ ഒരുപരിധി വരെ മന്ദീഭവിപ്പിച്ചു. ഇതിനെ സംബോധന ചെയ്യുന്നതാണ് ഇടതുപക്ഷ ബജറ്റുകൾ എന്ന് നാം കണ്ടു. എന്നാൽ മാറി മാറി വരുന്ന വലതുഭരണം ഒരടിമുന്നോട്ടു വയ്ക്കുന്ന വ്യവസായ മേഖലയെ രണ്ടടി പിന്നോട്ടാണ് നയിച്ചത്. ഇത് വ്യവസായ മുരടിപ്പിന് കേരളത്തിൽ കാരണമായി എന്നതും ചരിത്രമാണ്.

ഇതിൽ നിന്നുള്ള ഒളിച്ചോട്ടമാണ്, എല്ലാം ഇടതുതൊഴിലാളി സംഘടനകളാണ് കേരളത്തിലെ വികസന മുരടിപ്പിനു കാരണം എന്ന എളുപ്പ വായ്ത്താരിയിലൂടെ വലതുപക്ഷം മെനഞ്ഞെടുത്തത്. ഇതിനെ ഖണ്ഡിക്കുന്ന തരത്തിലുള്ളതാണ് എല്ലാ ഇടതുപക്ഷ ഭരണസമയത്തും പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലേക്ക് കുതിക്കുന്നതും, യുഡിഎഫ് അധികാരത്തിൽ വരുമ്പോൾ ഈ സ്ഥാപനങ്ങൾ കിതയ്ക്കുന്നതും. പതിനേഴ് പൊതുമേഖലാ സ്ഥാപനങ്ങളാണ് 2021 ആകുമ്പോഴേക്കും ലാഭത്തിലായതെന്നത് ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്.

ആഭ്യന്തരമായി കാർഷിക-വ്യവസായ മേഖല മുരടിക്കാൻ മറ്റൊരു കാരണം വിദേശത്തേക്കുള്ള കേരളീയരുടെ കുത്തൊഴുക്കാണ്. ഒട്ടും ശോഭനമല്ലാത്ത, ജാതി-മത വർത്തമാനകാലത്തെ അതിജീവിക്കാനായിരുന്നു അന്നത്തെ യുവത മാറുന്ന അന്തർ ദേശീയ സാഹചര്യങ്ങളും അതിലുണ്ടാകുന്ന പുത്തൻ അവസരങ്ങളും തേടിപ്പോയത്. കേരളീയരുടെ വിദേശ കുടിയേറ്റത്തെക്കുറിച്ചുള്ള പല പ്രബന്ധങ്ങളും ഇതു വ്യക്തമാക്കുന്നതാണ്. എന്നാൽ ഈ സാധ്യതയെ ആഭ്യന്തരമായി ഉപയോഗപ്രദമാക്കുന്ന നേതൃത്വപരമായ നിലപാടുകൾ സ്വീകരിക്കുന്നതിൽ കേരളത്തിലെ സർക്കാരുകൾ പരാജയപ്പെട്ടു. ഇപ്പോഴത്തെ പ്രതിസന്ധി ഒരുപരിധിവരെ തരണം ചെയ്യുന്നതിന് ഭാവനാപൂർണവും പ്രായോഗികവുമായ നിലപാടുകളാണ് സ്വീകരിക്കേണ്ടത്. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ് സർക്കാർ ഇതിൽ പ്രതിജ്ഞാബദ്ധമാണെന്നതാണ് സമീപകാല നയങ്ങൾ വ്യക്തമാക്കുന്നത്.

വിദ്യാഭ്യാസവും ആരോഗ്യവും ഒരു കച്ചവടചരക്കല്ല. പൊതുമേഖലയിലെ നിക്ഷേപം വേണ്ടത്ര ആവശ്യമായ രണ്ട് മേഖലകളാണിവ. ഈ മേഖലകളെ മെച്ചപ്പെടുത്തുന്നതു വഴി മെച്ചപ്പെട്ട പൗരരെ സൃഷ്ടിക്കാനും സംസ്ഥാനത്തിന്റെ പുത്തൻ വികസന സാധ്യതകൾ കണ്ടെത്താനും കഴിയും. അതിനായി വിദ്യാഭ്യാസമേഖലയിൽ മൂല്യവത്തായ അഴിച്ചുപണികൾ ആവശ്യമുണ്ട്. കേരളത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂണുകൾ പോലെ മുളച്ചുപൊന്തുന്നെങ്കിലും ഗുണനിലവാരം വളരെ താഴെയാണ് എന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. ഇതു വേണ്ടവിധം സംബോധന ചെയ്യപ്പെടേണ്ടതുണ്ട്. അതിനായി കരിക്കുലം മുതൽ പെഡഗോജി വരെ പരിഷ്കരിക്കേണ്ടതുണ്ട്. കമ്പോളത്തിന് വേണ്ടിയുള്ള ഉല്പന്നമല്ല വിദ്യാർത്ഥികൾ,

യുക്തിയുക്തമായും ഭാവനാപൂർണമായും ചിന്തിക്കുകയും സാമൂഹിക പരിവർത്തനത്തിന് ഉതകുന്നവരുമായിരിക്കണം അവർ എന്ന സങ്കല്പനം ഉണ്ടായി വരേണ്ടതുണ്ട്. ഇത്തരം സമൂലമായ പരിഷ്കാരങ്ങളാണ് കേരളത്തിന്റെ ഭാവിയെ നിർണയിക്കുന്നത്.

കേരളത്തിന്റെ വികസനാനുഭവം പരിപൂർണമായ ഒന്നല്ല എന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായി പിന്നാക്കം നിന്ന പട്ടികവർഗക്കാരെയും മത്സ്യബന്ധനം ഉപജീവനമാക്കിയ പരമ്പരാഗതക്കാരെയും പരിപൂർണമായും ഈ വികസന സങ്കല്പ്പനത്തിൽ ഉൾചേർക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല; അതുപോലെ തന്നെ പട്ടികജാതി വിഭാഗങ്ങളും. എന്നാൽ ഒന്നോ രണ്ടോ വ്യക്തികളുടെ ഉന്നമനം സമുദായത്തിന്റെ പൊതുഉന്നമനമായി ചിത്രീകരിക്കുന്നത് കുടിലതയാണ്. സാമൂഹിക വികസനം ഓരോ വ്യക്തിയുടെയും അവകാശമാണ്. എന്നാൽ സമൂഹത്തിൽ ഓരം ചേർന്ന് ജീവിക്കുന്നവർ ഒരു സാമൂഹിക മാറ്റത്തിന്റെ ചാലകശക്തിയല്ലാത്തതായി കരുതുന്നിടത്തോളം വികസനം ജാതീയമായും സാമ്പത്തികമായും വരേണ്യരായിട്ടുള്ളവർക്കാണ് എന്നതാണ് ചരിത്രം.ഇത് മാറേണ്ടതുണ്ട്. ഇത്തരം മാറ്റങ്ങളിലൂടെ മാത്രമേ കേരളത്തിനു പൂർണമായും ഒരു ആധുനിക വികസിത സ്വത്വമായി രൂപപ്പെടാൻ കഴിയൂ. അങ്ങനെ പരിണമിച്ചെങ്കിലേ കേരളം ലോകത്തിനുമുന്നിൽ തലയുയർത്തിനിൽക്കുന്ന വികസന ബദലാകുകയുള്ളൂ.

അനുബന്ധം

പട്ടിക - 1

പത്ത് ഗ്രാം തങ്കത്തിന്റെ വാർഷിക വില രൂപയിൽ (90 വർഷത്തേത്)

വർഷം	വില	വർഷം	വില	വർഷം	വില	വർഷം	വില
1925	18.75	1948	95.87	1971	193	1994	4598
1926	18.43	1949	94.17	1972	202	1995	4680
1927	18.37	1950	99.18	1973	278.5	1996	5160
1928	18.37	1951	98.05	1974	506	1997	4725
1929	18.43	1952	76.81	1975	540	1998	4045
1930	18.05	1953	73.06	1976	432	1999	4234
1931	18.18	1954	77.75	1977	486	2000	4400
1932	23.06	1955	79.18	1978	685	2001	4300
1933	24.05	1956	90.81	1979	937	2002	4990
1934	28.81	1957	90.62	1980	1330	2003	5600
1935	30.81	1958	95.38	1981	1800	2004	5850
1936	29.81	1959	102.56	1982	1645	2005	7000
1937	30.18	1960	111.87	1983	1800	2006	8400
1938	29.93	1961	119.35	1984	1970	2007	10800
1939	31.74	1962	119.75	1985	2130	2008	12500
1940	36.04	1963	97	1986	2140	2009	14500
1941	37.43	1964	63.25	1987	2570	2010	18500
1942	44.05	1965	71.75	1988	3130	2011	26400
1943	51.05	1966	83.75	1989	3140	2012	29000
1944	52.93	1967	102.5	1990	3200	2013	29600
1945	62	1968	162	1991	3466	2014	27600
1946	83.87	1969	176	1992	4334	2015	28900
1947	88.62	1970	184.5	1993	4140	2016	29800

ഉറവിടം: "http://www.pentagold.in/gold-prices-since-1925-till-2016/"/

അവലംബം

Abraham, Vinoj & SK Sasikumar. "Declining Wage Share in India's Organised Manufacturing Sector: Trends, Patterns and Determinants". ILO Asia Pacific Working Paper Series, 2017 http://www.oit.org/wcmsp5/groups/public/---asia/---ro-bangkok/---sro-new_delhi/documents/publication/wcms_614777.pdf

Abraham, Vinoj. "Stagnant Employment Growth: Last Three Years May Have Been The Worst". Economic and Political Weekly, 2017, Vol 52, No 38, pp 13-17

Ahmad, Aijaz. "India: Liberal Democracy and the Extreme Right". Verso Blog, 2017 March 24, https://www.versobooks.com/blogs/3144-india-liberal-democracy-and-the-extreme-right

Ahmed, Habib and Miller, Stephen M., "Crowding-Out and Crowding-In Effects of the Components ofGovernment Expenditure". University of Connecticut Department of Economics Working Papers. 199902. https://opencommons.uconn.edu/econ_wpapers/199902

Argimon, Isabel; Gonzailez-Paramo, Jose M. and Roldan, Jose M. "Does Public Invest- ment Crowd-Out Private Investment? Evidence From a Panel of 14 OECD Countries." Bank of Spain, Working No. 9523, 1995.

Arrow, Kenneth J 'Social Choice and Individual Values. New York: Wiley, 1951.

Arrow, Kenneth J. "The Organization of Economic Activity: Issues Pertinent to the Choice of Market Versus Non-Market Allocation", the analysis and evaluation of public expenditure: the PBB system, joint Economic Committee, 91st Congress, 1969, Session I Vol. I. Washington DC

Aschauer, David Alan. "Does Public Capital Crowd Out Private Capital?" Journal of Monetary Economics, 1989, 24(2), pp. 171

Babykutty. 'പൊതുമേഖലയെ തഴുകി. സ്വകാര്യ നിക്ഷേപങ്ങൾ തളച്ചിട്ടു'. Mathrubhumi, 2011, February, 10&12 (Two Parts).

Balakrishnan, Pulapre.'Economic Consequences of Rajiv Gandhi'. Economic and Political Weekly, 1990 Vol. 25, No. 6, pp. 301-304

Baran, Paul A. The Political Economy of Growth. 1st ed. New York: Monthly Review, 1957. Print.

Barro, Robert J. "Government Spending in a Simple Model of Endogenous Growth," Journal of Political Economy. 1990, 98,103-25.

Barro, Robert J. "Economic Growth in a Cross Section of Countries," Quarterly Journal of Economics, 1991. 106, 407-44.

Baru, Sanjay."The Accidental Prime Minister: The Making and Unmaking of Manmohan Singh" New Delhi: Penguin Books Limited, 2014.

Basu, Kaushik.'India and the Global Economy: Role of Culture, Norms and Beliefs'. Economic & Political Weekly,2001, Vol. 36, Issue No. 40

Basu, Kaushik.'India's Dilemmas: The Political Economy of Policymaking in a Globalised World'. Economic & Political Weekly, 2008Vol. 43, Issue No. 05

Becker, Gary S. "The Economics of Discrimination". Chicago: University of Chicago Press, 1971. Print

Berman, Sheri. The Primacy of Politics: Social Democracy and the Making of Europe's Twentieth Century. 1st ed. Cambridge: Cambridge UP, 2006. Print.

Bernstein, Eduard. Evolutionary Socialism (Die Voraussetzungen Des Sozialismus Und Die Aufgaben Der Sozialdemokratie). Trans. Edith C. Harvey. Stuttgart: n.p., 1899. Https://www.marxists.org/. Marxists' Internet Archive. Web. <https://www.marxists.org/reference/archive/bernstein/works/1899/evsoc/>.

Bernstein, Eduard. The Preconditions of Socialism. London: Cambridge UP, 1993. Print.

Britannica. "Social Democracy." Britannica Online Encyclopedia (n.d.): n. pag. Https://www.britannica.com/. Encyclopedia Britannica, 29 Jan. 2009. Web. 12 Dec. 2016. <https://www.britannica.com/topic/social-democracy>.

Bukharin, Nikolai, and Evgenii Preobrazhensky. The ABC of Communism. N.p.: Penguin, 1969. Print.

Bukharin, Nikolai. "Imperialism and the Accumulation of Capital." Imperialism and the Accumulation of Capital. Ed. Kenneth J. Tarbuck. Trans. Rudolf Wichmann. New York: Monthly Review, 1972. 153-270. Print.

Buono, Richard Alan Dello, and JosḤ Bell Lara, eds. Imperialism, Neoliberalism and Social Struggles in Latin America. Boston: Brill, 2007. Print.

Chathukulam, Jos and M. S. John. 'Five Years of Participatory Planning in Kerala: Rhetoric and Reality' Economic and Political Weekly, 2002, Vol. 37, No. 49, pp. 4917-4926

Cranston, Maurice. "Liberalism." The Encyclopedia of Philosophy. Ed. Paul Edwards. New York: Macmillan, 1967. 459. Print.

Dahl, Robert Alan, and ?Charles Edward Lindblom. Politics, Economy and Welfare: Planning and Politico-Economic Systems Resolved into Basic Social Processes. New York: Harper, 1953. Print.

Dahlman, Carl J. (1979) "The Problem of Externality", Journal of Law and Economics, 1979 vol. 22, No. 1, p. 141-62

Davies, Madlen, Ivan Ruiz, Jill Langlois, and Rosa Furneaux. ''Held to ransom':

Pfizer plays hardball in Covid-19 vaccine negotiations with Latin American countries'. 2021 February 23, https://www.statnews.com/2021/02/23/pfizer-plays-hardball-in-covid19-vaccine-negotiations-in-latin-america/?utm_campaign=rss

Denoon, David B. H. 'Cycles in Indian Economic Liberalization, 1966-1996'. Comparative Politics, 1998, Vol. 31, No. 1, pp. 43-60

Devarajan, Shantayanan, Vinaya Swaroop, and Heng-fu Zou. "The Composition of Public Expenditure and Economic Growth", Journal of Monetary Economics 1996. 37, 313-344

Dumlnil, Gerard and Dominique Llvy.'The Economics of US Imperialism at the Turn of the 21st Centrury' Review of International Political Economy, 2004.Vol. 11, No. 4 pp. 657-676.

Easterly, william and Rebelo, Sergio. "Fiscal Policy and Economic Growth: An Empirical Investigation." Journal of Monetary Econom- ics, 1993, 32(3), pp. 417-

Engels, Frederich. The Principles of Communism. Vol. 1. Moscow: Progress, 1847/1969. Selected Works. Marxists.org. Eduard Bernstein in the German Social Democratic Party's Vorwarts in 1914, Feb. 2005. Web. 5 Jan. 2017. <https://www.marxists.org/archive/marx/works/1847/11/prin-com.htm>.

Evans, Paul. "Do Large Deficits Produce High Interest Rates?" American Economic Review, 1985, 75(1), pp. 68-87

Franke, Richard W. and Barbara H. Chasin. 'Power to the Malayalee People'. Economic and Political Weekly, 1997, Vol. 32, No. 48, pp. 3061-3068

Freeden, Michael. Ideologies and Political Theory. Oxford: Clarendon, 1996. Print.

Freeden, Michael. Liberalism: A Very Short Introduction. New York: Oxford UP, 2015. Print.

Friedman, Milton. Capitalism and Freedom. Chicago: U of Chicago, 1962. Print.

Fukuyama, Francis. The End of History and the Last Man. New York: Free, 1992. Print.

Gaus, Gerald F. Contemporary Theories of Liberalism. 1st ed. London: Sage, 2003. Print.

George, Mary. 'Vishalamaaya Swapnangalude Budget (വിശാലമായ സ്വപ്നങ്ങളുടെ ബജറ്റ്'). Mathrubhumi, 2011, February, 11.

Girdner, Eddie J. 'Economic Liberalization in India: The New Electronics Policy'. Asian Survey, 1987, Vol. 27, No. 11, pp. 1188-1204

Habib, Irfan (ed.). "Religion in Indian History". New Delhi: Tulika Books, 2013. Print.

Habib, Irfan. " Medieval India: The Study of a Civilisation" New Delhi: National Book Trust, 2007. Print

Hartwich, Oliver. "Neoliberalism: The Genesis of a Political Swearword."

Http://www.ort.edu.uy/. The Centre for Independent Studies (CIS), 21 May 2009. Web. 22 June 2016. http://www.ort.edu.uy/facs/boletininternacionales/contenidos/68/neoliber....

Harvey, David. A Brief History of Neoliberalism. Oxford: Oxford UP, 2005. Print.

Harvey, David. A Brief History of Neoliberalism. Oxford: Oxford UP, 2005. Print.

Hayek, F A. Individualism and Economic Order. Chicago: U of Chicago, 1948. Print.

Hayek, F A. The Road to Serfdom. Chicago: U of Chicago, 1944. Print.

http://hdr.undp.org/en/data#

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=b8yj0qj0qa9zj0q

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=b8yj0qb8yb8ye5v

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=b8yg3th2si1rc7x

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=b8yd6we5vd6wc7x

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=b8ya9zb8yi1rb8y

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=b8yi1ra9zb8y

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=b8ya9za9zg3t

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=b8yb8yb8y

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=c7xg3te5vf4u

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=d6we5vc7x

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=i1rh2sf4ud6w

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=j0qf4u

http://www.finance.kerala.gov.in/includeWeb/fileViewer.jsp?dId=j0qh2s

http://www.pentagold.in/gold-prices-since-1925-till-2016/

https://data.worldbank.org/indicator/NY.GDP.MKTP.PP.KD?end=2019&start=1990

https://kerala.gov.in/documents/10180/5ee60e08-824b-46da-8c40-fe00ab7a980f

https://kerala.gov.in/documents/10180/ad430667-ade5-4c62-8cb8-a89d27d396f1

https://mofapp.nic.in/economicsurvey/economicsurvey/index.html

https://ourworldindata.org/economic-growth

https://spb.kerala.gov.in/images/er/er11/index.html
https://spb.kerala.gov.in/images/pdf/whats_new/ER_2019_Vol1_E.pdf
https://spb.kerala.gov.in/images/pdf/whats_new/Vol1_E.pdf
https://www.business-standard.com/article/beyond-business/it-wasn-t-the-brahmins-after-all-107100301054_1.html
https://www.indiabudget.gov.in/budget_archive/ub2008-09/bs/speecha.htm
https://www.indiabudget.gov.in/budget_archive/ub2009-10(I)/bs/speecha.htm
https://www.indiabudget.gov.in/budget_archive/ub2010-11/bs/speecha.htm
https://www.indiabudget.gov.in/budget2015-2016/budget.asphttps://www.indiabudget.gov.in/budget2015-2016/survey.asp
https://www.indiabudget.gov.in/budget2016-2017/budget.asp
https://www.indiabudget.gov.in/budget2016-2017/survey.asp
https://www.indiabudget.gov.in/budget2017-2018/budget.asp
https://www.indiabudget.gov.in/budget2017-2018/survey.asp
https://www.indiabudget.gov.in/budget2018-2019/budget.asp
https://www.indiabudget.gov.in/budget2019-20/doc/Budget_Speech.pdf
https://www.indiabudget.gov.in/budget2019-20/economicsurvey/doc/echapter.pdf
https://www.indiabudget.gov.in/doc/bspeech/bs.pdf
https://www.indiabudget.gov.in/doc/bspeech/bs198990.pdf
https://www.indiabudget.gov.in/doc/bspeech/bs199091.pdf
https://www.indiabudget.gov.in/doc/bspeech/bs199192.pdf
https://www.indiabudget.gov.in/doc/bspeech/bs201213.pdf
https://www.indiabudget.gov.in/doc/bspeech/bs201314.pdf
https://www.indiabudget.gov.in/doc/bspeech/bs201415.pdf
https://www.indiabudget.gov.in/doc/bspeech/bs201516.pdf
https://www.indiabudget.gov.in/doc/bspeech/bs202021.pdf
https://www.indiabudget.gov.in/doc/budget_speech.pdf
https://www.indiabudget.gov.in/economicsurvey/doc/echapter.pdf
https://www.kudumbashree.org/pages/178
https://youtu.be/RbuU7nqGARU

Hussain, Adnan; Muhammad, Sulaiman D; Akram, Kamran; and Lal, Irfan, "Effectiveness of Government Expenditure Crowding-In or Crowding-Out: Empirical Evidence in Case of Pakistan". European Journal of Economics, Finance and Administrative Sciences, No. 16, 2009, Available at SSRN: https://ssrn.com/abstract=1684576

Isaac, T. M. Thomas and K. N. Harilal. Planning for Empowerment: People's Campaign for Decentralized Planning in Kerala. Economic and Political Weekly 1997, Vol. 32, No. 1&2, pp53-58.

Isaac, T. M. Thomas and Richard W. Franke. 'Local Democracy and Develop-

ment: People's Campaign for Decentralized Planning in Kerala'. New Delhi: Leftword 2000.

Jameson, Fredric. Postmodernism, Or, The Cultural Logic of Late Capitalism. London: Verso, 1991. Print.

Joseph, Josy."The Feast of Vultures: The Hidden Business of Democracy in India". New Delhi: Harper Collins India, 2016.

Kautsky, Karl. Social Democracy versus Communism. N.p.: Rand School, 1946. Http://www.marxistsfr.org/. Ted Crawford for Marxists.org,, Sept. 2002.

Kazmin, Amy. "Economists Condemn Politicisation of Modi Government Data", Financial Times 15/03/2019 https://www.ft.com/content/38b9d94c-46d4-11e9-b168-96a37d002cd3

Keynes, John Maynard. 'The General Theory of Employment, Interest and Money'. London: Macmillan, 1936.

Kulkarni, Kishore G. and Erickson, Erick Lee. "Is Crowding out Hypothesis Evident in LDCS? A Case of India." Indian Economic Journal, 1995, 43(1), pp. 116-26

Lenin, Vladimir Ilyich. "Imperialism, the Highest Stage of Capitalism." Lenin's Selected Works. Vol. 1. Moscow: Progress, 1969. N. pag. Print.

Lenin, Vladimir Ilyich. "The Proletarian Revolution and the Renegade Kautsky." Lenin's Collected Works. Moscow: Progress House, 1974. 227-345. Print.

Lenin, Vladimir Ilyich. "What Is To Be Done?:." Lenin's Collected Works. Vol. 5. Moscow: Foreign Languages House, 1961. 347-530. Print.

Luxemburg, Rosa. "The Accumulation of Capital - An Anti-Critique." Imperialism and the Accumulation of Capital. Ed. Kenneth J. Tarbuck. Trans. Rudolf Wichmann. New York: Monthly Review, 1972. 47-150. Print.

Maddison, Angus. "Contours of the World Economy, 1-2030 AD Essays in Macro Economic History", New York: Oxford University Press, 2007.

Marshall, Wesley C. and Elizabeth Concha. 'Fannie Mae and Freddie Mac: A Bailout for the People?' Journal of Economic Issues 2012 Vol. 46, No. 2, pp. 557-564

Martinez, Elizabeth, and Arnoldo Garcia. "What Is Neoliberalism?" CorpWatch : What Is Neoliberalism? Intercontinental Encounter for Humanity and against Neoliberalism, Chiapas, July-Aug. 1996. Web. 12 Oct. 2016. http://www.corpwatch.org/article.php?id=376.

Marx, Karl, and Frederich Engels. Manifesto of the Communist Party. Vol. 1. Moscow: Progress, 1848/1969. Marx/Engels Selected Works. Marxists.org. Marx/Engels Internet Archive, 2000. Web. 5 Jan. 2017.

Marx, Karl. Capital. 1st ed. Vol. 1-3. New Delhi: Leftword, 2010. Print.

Mill, John Stuart. "On Liberty." On Liberty and Other Essays. Ed. John Grey. New York: Oxford UP, 1991. N. pag. Print.

Milton, John. Areopagitica: A Speech for the Liberty on Unlicensed Printing, to the Parliament of England in Areopagitica and Other Tracts. London: Dent,

1925. Print.

Mirowski, Philip, and Dieter Plehwe, eds. The Road from Mont PM̆lerin: The Making of the Neoliberal Thought Collective. Cambridge, Massachusetts: Harvard UP, 2009. Web.

Mitra, Pritha. "Has Government Investment Crowded out Private Investment in India?", American Economic Review , 2006, 96(2), pp. 337- 341

Mukundan, Mullikottu-Veettil and Mark Bray. 'The Decentralisation of Education in Kerala State, India: Rhetoric and Reality'. International Review of Education, 2004, Vol. 50, No. z, pp.223-243

Nawrat, Allie. 'Pfizer accused of 'bullying' Latin American countries during vaccine negotiations'. 2021 February 23 https://www.pharmaceutical-technology.com/news/company-news/pfizer-latin-american-vaccine/

NDTV "Not Enough Focus on Joblessness" Raghuram Rajan Tells NDTV on 26/03/2019 https://www.youtube.com/watch?v=SzCcVGbO9rw

NITI Aayog. 'Annual Report 2014-15'. Government of India, 2015 http://niti.gov.in/sites/default/files/2018-12/Niti_annual_report-2014-15.pdf

NITI Aayog. 'Annual Report 2020-21'. Government of India, 2021 http://niti.gov.in/sites/default/files/2021-02/Annual-Report2020-2021-English_0.pdf

Orwell, George. 1984. Harlow: Pearson Education, 2008. Print.

Pareto, V., Manual of Political Economy, trans. A.S. Schweir, London: Macmillan, 1971 (1896).

Patnaik, Prabhat. "The State under Neo-liberalism." Monthly Review Zine/Macroscan. Monthly Review Foundation/Macroscan, 31 Oct. 2006/2010. Web.

Patnaik, Prabhat. 'Finance and Growth under Neo-liberalism'. 2019, Vol. 54, Issue No. 19

Perkins, John "Confessions of an Economic Hitman: The Schocking Story of How America Really Took Over the World" San Francisco: BK Currents book 2006. Print

Polanyi, Karl. The Great Transformation. Boston: Beacon, 1957. Print.

Przeworski, Adam. Capitalism and Social Democracy. Cambridge: Cambridge UP, 1986. Print.

Rajakumar J Dennis. "Estimate of High GDP Growth for 2015-16: Not Entirely Convincing", Economic and Political Weekly, 2016. Vol. 51, Issue No. 26-27, 25 Jun https://epw.in/journal/2016/26-27/economic-notes/estimates-high-gdp-growth-2015-16.html

Rajakumar, J Dennis. "Measuring Manufacturing: Comparing NAS and ASI", Economic and Political Weekly, 2017. Vol. 52, Issue No. 20, 20 May https://epw.in/journal/2017/20/economic-notes/measuring-manufacturing.html

Rousseau, Jean-Jacques. The Social Contract. New York: Penguin, 2006. Print.

Rousseau, Jean-Jacques. The Social Contract. New York: Penguin, 2006. Print.

Santhakumar, V. "Navalibaralisathe Bhayakunnathenthinu" (Mal.), Kottayam:

DC Books, 2007. Print
Sen, Amartya K. 'Liberty, Unanimity and Rights'. Economica 1976. 43 (171): 217-45.
Sen, Amartya K. 'Rational Fools: A Critique of the Behavioral Foundations of Economic Theory'. Philosophy & Public Affairs 1977. 6 (4): 317-44.
Sen, Amartya K. 'The Impossibility of a Paretian Liberal'. Journal of Political Economy 1970(b). 78 (1): 152-7
Sen, Amartya K. Collective Choice and Social Welfare. San Francisco, CA: Holden-Day, 1970(a). Print.
Shanthakumar, V "Navalibaralisathe Bhayakunnathenthinu", Kottayam: DC Books, 2007
Simon, H. A. "A Behavioral Model of Rational Choice." Quarterly Journal of Economics 1955. 69, 99-118..
Smith, Adam. An Inquiry Into the Nature and Causes of the Wealth of Nations". Edwin Cannan (ed.). Chicago: University of Chicago Press,1776-2008. Print
Sombart, Werner. Der Moderne Kapitalismus. Munchen: Verlag Von Duncker & Humblot, 1928. Print.
Sweezy, Paul M. "Demand Under Conditions of Oligopoly". The Journal of Political Economy, 1939, Vol. 47, No. 4, pp 568-573
United Nations. "World Economic Situation and Prospects as of Mid 2020". New York: United Nations, 2020
Weber, Max "The Protestant Ethic and The Spirit of Capitalism" translated by Peter Baehr and Gordon C. Wells Penguin Books, 2002. Print
Welch, Levin. 'Neoliberalism, Economic Crisis, and the 2008 Financial Melt-down in the United States'. International Review of Modern Sociology, 2012, Vol. 38, No. 2, pp. 221-257
Williamson, Oliver E. "The Economic Institutions of Capitalism: Firms, Markets, Relational Contracting", the Free Press, New York, 1985
Yeatts, Guillermo M. "Plunder in Latin America", Walter E Block (E. trans.), Createspace Independent Pub, 2010. Ebook

സിദ്ധിക്ക് റാബിയത്ത്

നവഉദാരീകരണത്തിന്റെ പരിമിതികളും ബദൽ അന്വേഷണങ്ങളും

സിദ്ധിക്ക് റാബിയത്തിന്റെ "നവഉദാരീകരണത്തിന്റെ പരിമിതികളും ബദൽ അന്വേഷണങ്ങളും" എന്ന ലഘുഗ്രന്ഥം വളരെ സന്ദർഭോചിതമായി.

മൂന്നു കർത്തവ്യങ്ങളാണ് ഈ ഗ്രന്ഥത്തിൽ നിർവ്വഹിക്കുന്നത്. ഒന്ന്) നിയോലിബറൽ പ്രത്യയശാസ്ത്ര ചിന്താപദ്ധതിയെ നിരൂപണവിധേയമാക്കുന്നു. രണ്ട്) ഈ ചിന്താപദ്ധതി ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചത് എങ്ങനെയെന്നും അതിന്റെ പ്രത്യാഘാതങ്ങൾ എന്തെന്നും പരിശോധിക്കുന്നു. മൂന്ന്) നിയോലിബറലിസത്തിന് പ്രതിവിധി ഒന്നുമില്ലയെന്ന പൊതുധാരണയുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ വികസനാനുഭവത്തെ വിലയിരുത്തുന്നു. ഇന്ത്യയിലെ നിയോലിബറൽ ചട്ടക്കൂടിനു പുറത്തല്ല കേരളമെങ്കിലും അതിന്റെ ഉള്ളിൽ നിന്നുകൊണ്ട്, സാധ്യമായ പകരം നയങ്ങൾ ആവിഷ്കരിക്കുന്നതിനും ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും കഴിയുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ.

ഡോ. ടി.എം. തോമസ് ഐസക്
(അവതാരികയിൽനിന്ന്)

ISBN 978-93-91089-05-4
₹290 9 789391 089054

MYTHRI
മൈത്രി ബുക്സ്
തിരുവനന്തപുരം
വായനയിലെ വിപ്ലവം

Cover Painting: Tomas Bittner